# മിഴിയറിയാതെ

## [പ്രണയ കാവ്യം]

## Mizhiyariyathe Novel Pranayakavyam

Author : AKH | www.kambikuttan.net




ഹായ് ഞാൻ നിങ്ങളുടെ സ്വന്തം അഖിൽ .... കഴിഞ്ഞ വർഷം ഇതേ ദിവസം ആയിരുന്നു എന്റെ ആദ്യ കഥയായ കണ്ണീർപ്പൂക്കളിന്റെ ഉദയവും അഖിൽ എന്ന ഞാൻ ജീവിതത്തിൽ ആദ്യം ആയി കഥ എഴുതുന്നതും....
അതിന്റെ ഒരു ഓർമ്മക്ക് ആയി ഇന്ന് ഒരു കഥയുടെ ഫസ്റ്റ് പാർട്ട് ഞാൻ നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു.. . എന്റെ എല്ലാ കഥയും ഇരു കൈയും നീട്ടി സ്വീകരിച്ച നിങ്ങൾ ഇതും സന്തോഷപൂർവ്വം സ്വീകരിക്കും എന്നു കരുതുന്നു....

കഥയിലേക്ക് കടക്കാം...
"""ലേഡീസ് ആൻഡ് ജന്റിൽമാൻ......................."""

ഫ്ലൈറ്റ് ലാൻഡിംഗ് അനോൺസ്മെന്റ് കേട്ടപ്പോൾ അനിയുടെ മിഴികൾ പതിയെ തുറന്നു...

മിഴികളിൽ വെളിച്ചം കയറി ചുറ്റുപാടും ഒന്ന് വീഷിച്ചപ്പോൾ

വളരെ മാധുര്യം നിറഞ്ഞ സൗണ്ടിൽ ഒരു സുന്ദരി എയർ ഹോസ്റ്റസ് സീറ്റ് ബെൽറ്റ് ഇടാനുള്ള നിർദ്ദേശങ്ങൾ മൈക്ക് മുഖന്തരം അറിയിക്കുന്നു..

അനി സീറ്റ് ബെൽറ്റ് തപ്പി പിടിച്ചു ഇട്ടു...

വീണ്ടും അനി പതിയെ സീറ്റിൽ ചാരികിടന്നു അനിയുടെ മിഴികൾ പതിയെ അടഞ്ഞു... ഒപ്പം അനിയുടെ മനസ്സ് പഴയ കാര്യങ്ങളിലേക്ക് സഞ്ചരിക്കാനും...

ഇന്നലത്തെ പാർട്ടിയുടെ ക്ഷീണം ഇപ്പോഴും വിട്ടു മാറിയിട്ടില്ല.

സ്ഥിരം ആയി മദ്യമിക്കുന്ന ശീലം ഒന്നും തനിക്കു ഇല്ല വല്ലകാലത്തും കൂട്ടുകാർ കൂടുമ്പോൾ കൂടിപ്പോയാൽ രണ്ടു പെഗ് അത്ര മാത്രം .

ഇന്നലെ എല്ലാവരും നിർബന്ധിച്ചപ്പോൾ അവരുടെ കൂടെ അടിച്ചു അതു ഇത്തിരി കൂടി പോയി അതിന്റെ ഒരു ഹാങ്ങോവർ വിട്ടുമാറിയിട്ടില്ല ....

അല്ലെങ്കിലും തന്റെ കല്യാണത്തിന് കൂട്ടുകാർക്കു കൊടുക്കുന്ന ബാച്ചിലർ പാർട്ടി അല്ലെ അതിനു അവർ ക്ക് കമ്പനി കൊടുത്തില്ലെങ്കിൽ അതൊരു മോശം അല്ലെ അതുകൊണ്ടാ വെളുപ്പിന് ഫ്ലൈറ്റ് കയറി നാട്ടിലേക്കു വരേണ്ടതാണ് എന്നു പോലും ചിന്തിക്കാതെ അവരുടെ ഒപ്പം കൂടിയത്...

ഇരുപത്തിഒന്നാം വയസിൽ ഡിഗ്രി കംപ്ലീറ്റ് ആകിയതിനു ശേഷം കടൽ കടന്നതാ, ഇപ്പോ അനിക്ക് വയസ്സ് മുപ്പത്..

കൂലിപ്പണിക്കാരൻ ആയാ ദാമോദരനും ഭാര്യ ആനന്ദവല്ലി ക്കും ഉണ്ടായിരുന്ന മൂന്നുമക്കളിൽ രണ്ടാമത്തെ സന്തതി ആണു അനി .മൂത്തപെങ്ങൾ അനിതക്കും ഇളയപെങ്ങൾ ലക്ഷ്മി എന്ന ലെച്ചുവിനും ഉള്ള ഒരെ ഒരു ആങ്ങള ആണു അനിൽ എന്ന അനി..

അനിത യുടെ കല്യാണവും അച്ഛന്റെ കമ്പിക്കുട്ടൻ.നെറ്റ്അസുഖവും മൂലം ആ വീട് കടക്കെണിയിൽ പെട്ടു , നാട്ടിൽ നിന്നാൽ വീട് കരക്ക് എത്തിക്കാൻ പറ്റില്ല എന്നു മനസിലായപ്പോൾ അവൻറെ ഉറ്റ ചങ്ങാതി വഴി ദുബായിൽ ജോലി കിട്ടി. .. രണ്ടു വർഷം അവൻ അവിടെ ജോലി ചെയ്തു .. പിന്നിട് അവിടെ വെച്ചു കണ്ടു മുട്ടിയ അവന്റെ ഫ്രണ്ട് സെബിനും ആയി ചേർന്നു ഒരു കഫ്റ്റീരിയ ആരംഭിച്ചു . അവൻ രണ്ടു വർഷം സ്വരുക്കൂട്ടിയതും പലരിൽ നിന്നും കടം വാങ്ങിച്ചതും വെച്ചാണ് ആ കട തുടങ്ങിയത്.. സെബി ഇത്തിരി കാശ് ഉള്ള കുടുംബത്തിലെ ആയതിനാൽ അവനു പൈസക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല .. പിന്നെ ചെറുപ്പം മുതൽ ദുബായിൽ സെറ്റിൽ ആയാ അവനു അവിടെ ഒരുപാട് കണക്ഷൻസ് ഉണ്ടായിരുന്നു, അവരുടെ ബിസിനസിന് അതൊരു മുതൽ കൂട്ട് ആയിരുന്നു..

സ്നേഹിച്ചാൽ ചങ്ക് പറിച്ചു തരും എന്നു പറയണപോലെ , അദ്ധ്യാനിക്കുന്നവർക്ക് ആ നഗരം എന്നും പ്രിയപ്പെട്ടതാണ് അവർക്കു മുന്നിൽ ആ നഗരത്തിന്റെ നിധി കവാടം എപ്പോഴും തുറന്നു തന്നെ കിടക്കും..

അനിയുടെയും സെബിയുടെയും കഠിന പ്രയത്നം മൂലം ഈ ഏഴു വർഷത്തിനുള്ളിൽ ഒരു ഷോപ്പ് എന്നു ഉള്ളത് നാലെണ്ണം ആയി മാറിയിരുന്നു അതും സിറ്റിയുടെ ടോപ് സ്ഥലങ്ങളിൽ...

ഷോപ്പും എല്ലാം വളർന്നപ്പോൾ അനി യുടെ ജീവിതവും മെച്ചപ്പെട്ടു ..
വീട്ടിലെ കടങ്ങൾ ഒക്കെ വീട്ടാനും നാട്ടിൽ കുറച്ചു സ്ഥലം വാങ്ങാനും അതിൽ ഒരു രണ്ടു നില വീട് പണിയാനും അവനു സാധിച്ചു..
അവന്റെ കൈയിൽ കാശ് വന്നതോടെ അവന്റെ ജീവിതലക്ഷ്യങ്ങൾ ഒന്ന് അവൻ ആദ്യം നേടി , പണിയെടുത്തു കഷ്ടപ്പെടുന്ന അച്ഛനു ഒരു തണൽ ,, നാട്ടിൽ ചെറിയൊരു ഷോപ്പ് അച്ഛനു വേണ്ടി അവൻ വാങ്ങിച്ചു കൊടുത്തു,..

അങ്ങനെ അവന്റെ ലക്ഷ്യങ്ങൾ ഓരോന്നായി നിറവേറി കൊണ്ടിരിക്കുമ്പോൾ ആണു അമ്മ അവനോടു കല്യാണത്തെ പറ്റി സൂചിപ്പിച്ചത് .. ആദ്യം എല്ലാവരെയും പോലെ ഒഴിഞ്ഞു മാറി എങ്കിലും അവസാനം അവൻ അതിനു സമ്മതിച്ചു .

അമ്മയ്ക്കും അച്ഛനും ഇഷ്ട്ടപെടുന്ന ഒരാളെ കണ്ടുപിടിച്ചോളാനും അവൻ പറഞ്ഞു..

ഇപ്രാവശ്യത്തെ നാട്ടിലേക്ക് ഉള്ള പോക്ക് അതിന്റെ ഭാഗം ആയിട്ടാണ്..

-----------------------------------

ഫ്ലൈറ്റ് ലാൻഡ് ചെയ്ത ചെറു കുലുക്കത്തിൽ ആണു അനി വീണ്ടും കണ്ണു തുറക്കുന്നത്..

കുറച്ചു സമയത്തിനുളിൽ അനി എല്ലാ കടമ്പകളും കടന്നു ലഗേജും മറ്റും കളക്ട് ചെയ്തു എയർപോർട്ടിന്നു വെളിയിലേക്ക് നടന്നു നീങ്ങി ...

ട്രോളി പിടിച്ചു നടന്നു വരുന്ന അനിയെ കാത്ത് അവന്റെ നാട്ടിലെ ആത്മാർത്ഥ സുഹൃത്ത് അഭിയും അനിയുടെ പെങ്ങൾ ലെച്ചുവും നില്പുണ്ടായിരുന്നു..

അനി നടന്നു വരുന്നത് കണ്ടതോടെ അവർ അനി ക്കു ഹായ് കാണിച്ചു ..

അവരുടെ മുഖത്തെ ചിരി കണ്ടു അനിയും ചെറു പുഞ്ചിരി അവർക്കായി സമ്മാനിച്ചു..

"ചേട്ടാ ... "ന്നു വിളിച്ചു ഓടി വന്നു കെട്ടിപ്പിടിച്ച ലെച്ചുവിന് അവൻ ഒരു

മുത്തം നെറ്റിയിൽ സമ്മാനിച്ചു ..

" വന്നിട്ട് കുറെ നേരം ആയോ "

അവന്റെ ദേഹത്ത് നിന്നും വിട്ടകന്ന ലെച്ചുവിനോട് അവൻ ചോദിച്ചു..

"ഇല്ലെട്ടാ ഇപ്പോ വന്നുള്ളൂ "

"ഹായ് അനി , എങ്ങനെ ഉണ്ടായിരുന്നു യാത്ര ഒക്കെ "

അഭി അനിയുടെ അടുത്ത് എത്തിയപ്പോൾ ചോദിച്ചു..

"സുഖമായിരുന്നു ഡാ , നിങ്ങൾ രണ്ടുപേരും മാത്രം ഒള്ളു വേറെ ആരും വന്നില്ലേ ? "

"ഇല്ല അനി... നാളത്തേക്ക് ഉള്ള ഒരുക്കങ്ങൾ... പിന്നെ വീട്ടിൽ ബന്ധുക്കൾ ഒക്കെ വന്നിട്ടുണ്ടല്ലോ ആരെങ്കിലും വേണ്ടേ അവിടെ.. , അതുകൊണ്ട് അച്ഛനു വരാൻ പറ്റിയില്ല.. പക്ഷെ പുതുമണവാളനെ വരവേൽക്കാൻ ആണെന് പറഞ്ഞു ഒരാൾ വന്നിട്ടുണ്ട് "

ലെച്ചുവിനെ നോക്കി അഭി പറഞ്ഞു.

"ആണോടി എന്റെ ചക്കരേ ""

അനി ചിരിച്ചു കൊണ്ട് ലെച്ചുവിനോട് ചോദിച്ചു..

"പിന്നെ എന്റെ ചേട്ടനെ വരവേൽക്കാൻ ഞാൻ തന്നെ അല്ലെ വരേണ്ടത് "

"ഓഹ് അല്ലാതെ വീട്ടിലെ പണിയിൽ നിന്നും രക്ഷപെടാൻ അല്ലല്ലേ.. "

അഭി അവളെ കളിയാക്കുന്ന രീതിയിൽ പറഞ്ഞു..

"കണ്ടില്ലെ ചേട്ടാ അഭിച്ചേട്ടൻ പറയുന്നത് .. . "

അവൾ കൊഞ്ചി കൊണ്ട് പറഞ്ഞു..
അതോടൊപ്പം അനിയുടെ കൈയിൽ പിടിച്ചു തൂങ്ങി...

"പ്ലസ് ടു കഴിഞ്ഞു പെണ്ണ് ഇപ്പോഴും ചേട്ടന്റെ കൈയിൽ തൂങ്ങി നടക്കുന്നത് കണ്ടില്ലേ "

"ചേട്ടാ....കണ്ടില്ലേ ഇതു... "

എന്നർത്ഥത്തിൽ ലെച്ചു അനിയുടെ മുഖത്തു നോക്കി..

"അടി കിട്ടും നിനക്ക്.. മതി എന്റെ കൊച്ചിനെ കളിയാക്കിയത് ,.."

കപട ദേഷ്യത്തിൽ അഭിയോട് അനി പറഞ്ഞു..

അതു കേട്ടപ്പോൾ അഭി ചിരിച്ചു..,,,

"അതെ ചേട്ടന്റേം അനിയത്തിയുടെയും വിശേഷം പറച്ചിൽ കഴിഞ്ഞെങ്കിൽ നമുക്ക് അങ്ങോട്ട് ചലിക്കാംമായിരുന്നു "

അഭി അതു പറഞ്ഞപ്പോൾ അനിയും ലെച്ചുവും ട്രോളി തള്ളികൊണ്ട് അഭിയുടെ പുറകെ കാർ പാർക്കിങ് ന്റെ അടുത്തേക്ക് നടന്നു ...

"ഡാ ... എന്താ നീ ഇങ്ങനെ
സൂക്ഷിച്ചു നോക്കുന്നത്.. "

പാർക്കിങ്ങിൽ ന്യൂ രെജിസ്‌ട്രേഷൻ ബ്ലാക്ക് കളർ റെനോൾട്ട് ഡസ്റ്റർ കണ്ട അനി അതിലേക്കു നോക്കി നിൽക്കുന്നതു കണ്ടു അഭി ചോദിച്ചു..

"ഹേയ് ഇതു? "

അനി അഭിയോട് ചോദിച്ചു.

"ആ നിന്റെ വണ്ടി തന്നെ "

അഭി ചിരിച്ചു കൊണ്ട് പറഞ്ഞു..

"ഒരാഴ്ച കഴിഞ്ഞേ കിട്ടുള്ളു എന്നു പറഞ്ഞിട്ട്? "

"ഇന്നലെ ഷോറുമിൽ നിന്നും ഡെലിവറി ചെയ്തു ചേട്ടാ,,, ചേട്ടന് ഒരു സർപ്രൈസ് ആയിക്കോട്ടെ എന്നു കരുതി പറയാതിരുന്നതാ "

അനിയുടെ സൈഡിൽ നിന്ന ലെച്ചു അനിയോട് പറഞ്ഞു...

അനി അവരെ നോക്കി പുഞ്ചിരിച്ചു..

ഇത്രയും നാളും വീട്ടുകാർക്ക് എവിടെ പോകണം എങ്കിലും അഭിയുടെ കാർ ആയിരുന്നു യൂസ് ചെയ്തിരുന്നത്.. അഭിക്ക് നാട്ടിൽ ചെറിയൊരു റെന്റ് കാറിന്റെ ബിസിനസ് ഉണ്ട് .. പിന്നെ അവൻ തന്നെ ചില കസ്റ്റമർ ക്കു ഡ്രൈവർ ആയി പോകാറും ഉണ്ട്.. വീട്ടിലെ എന്താവിശ്യത്തിനും അഭി ഉണ്ടാകും മുൻപന്തിയിൽ ....

"കുറെ നാൾ ആയിട്ടൊള്ള ആഗ്രഹം ആയിരുന്നു കാർ വാങ്ങണം എന്നുള്ളത് ഈ തവണ അതു സാധിച്ചു... "

"ഡാ.. "

അഭിയുടെ വിളി ആണു അനിയെ ചിന്തകളിൽ നിന്നും ഉണർത്തിയത് .

അനി നോക്കിയപ്പോൾ തന്റെ നേരെ താക്കോൽ നീട്ടി കൊണ്ട് അഭി നിൽക്കുന്നു...

"എടുത്തോ "

അഭി തലകൊണ്ട് ആഗ്യം കാണിച്ചു..

"ഇപ്പോ വേണ്ടടാ ,, ശെരി ആകില്ല.ചെറിയൊരു തലവേദന ... "

അനിയുടെ മുഖം കണ്ടപ്പോൾ അഭിക്ക് കാര്യം മനസ്സിൽ ആയി..

അഭി വേഗം ട്രോളിയിൽ നിന്നും പെട്ടിയും മറ്റും ഡിക്കിയിൽ വേച്ചു .ഒരു ചെറിയ സൂകേസ് മാത്രം കാറിന്റെ ബാക്ക് സീറ്റിൽ വേച്ചു ..

അനിയും അഭിയും ലെച്ചുവും കൂടി കാറിൽ കയറി..

അനി മുന്നിലും ലെച്ചു പിറകിൽ നടുക്ക് ആയിട്ട് ആണു ഇരുന്നത് ..

അഭി കാർ ആ പാർക്കിങ്ങിൽ നിന്നും പതിയെ പുറത്തേക്കു എടുത്തു ...

ചെറിയ മൂളക്കത്തോടെ കാർ റോഡിലൂടെ പാഞ്ഞു...

അരമണിക്കൂർ യാത്ര ഉണ്ട് അനിയുടെ വീട്ടിലേക്ക്...

"ഇന്നലെ അടിച്ചത് കൂടി പോയല്ലേ ചേട്ടാ.. അതായിരിക്കുംതലവേദന ... "

ലെച്ചു വിന്റെ ശബ്ദം അനിയുടെ കാതിൽ അലയടിച്ചു...

"നിയങ്ങനെ?മനസ്സിൽ ആക്കി "

എന്നാ രൂപേണ അനി പുറകിലേക്ക് തിരിഞ്ഞു ലെച്ചു വിനെ നോക്കി ..

"ഇന്നലെ എന്തായിരുന്നു പെർഫോമൻസ്... "

"എന്തു "

"ഇന്നലെ ഞാൻ വിളിച്ചപ്പോൾ , കോഴകൊഴന്നു ആണു ചേട്ടൻ സംസാരിച്ചിരുന്നത് "

"ങ്ങേ.. . നീ ഇന്നലെ വിളിച്ചിരുന്നോ... "

"ഉം, "

"ശ്ശേ ,, എനിക്ക് ഒന്നും ഓർമയില്ല ,,, "

"എങ്ങനെ ഉണ്ടാകാനാ... "

ലെച്ചു ചെറു ചിരിയോടെ പറഞ്ഞു..

"ഇന്നലെ എല്ലാവരും നിർബന്ധിച്ചപ്പോൾ കഴിക്കേണ്ടി വന്നു... അതാ.. പറ്റിയത്..
രാത്രിയിൽ സെബി ആണു കുത്തി പൊക്കി ഫ്ലൈറ്റ് കയറ്റി വിട്ടത്.... "

അനി പറഞ്ഞു...

"ഉം,..നന്നായിട്ടുണ്ട് .. പിന്നെ ഒരു കാര്യം ,.... ഇന്നലെ ആ നേരത്ത് ഏടത്തി യെ എങ്ങാനും വിളിച്ചിരുന്നോ "

ലെച്ചു അനിയോട് ചോദിച്ചു...

"ഏടത്തിയോ?... "

അനി മനസ്സിൽ ആകാതെ ലെച്ചുനെ നോക്കി..

"ഉം .. പുതുമണവാട്ടിയെ വിളിച്ചോ എന്നു? "

ലെച്ചു പുഞ്ചിരിച്ചു കൊണ്ട് ചോദിച്ചു...

"ഓഹ് അതോ .. സാധ്യത ഇല്ല "

അനി അതും പറഞ്ഞു ഫോൺ എടുത്തു കാൾ ഹിസ്റ്ററി നോക്കി . "ഓഹ് ഭാഗ്യം നന്ദന യുടെ കാൾ ഇല്ല.. "

കാൾ ഹിസ്റ്ററിയിൽ നന്ദന യുടെ പേര് കാണാത്തതു കൊണ്ട് അനി മനസ്സിൽ പറഞ്ഞു...

"ഇല്ല ഇന്നലെ നീ മാത്രം വിളിച്ചൊള്ളു "

ഫോൺ നോക്കി കഴിഞ്ഞപ്പോൾ അനി ലെച്ചുവിനോട് പറഞ്ഞു.

"ഉം... നന്നായി . ആ നേരത്ത് ഏടത്തി യെ വിളിച്ചിരുന്നു എങ്കിൽ നാളത്തെ എൻഗേജ്മെന്റ് കൂടേണ്ടി വരില്ലയിരുന്നു... "

"അതെന്താടി..? "

"അതോ , ഏടത്തി ക്കു കുടിക്കുന്നവരെ ഇഷ്ടം അല്ല, "

"ഹോ , ഭാഗ്യം... നീ ഇതൊക്കെ എപ്പോ ചോദിച്ചു? ... "

"അതൊക്കെ ചോദിച്ചു.. ഏട്ടൻ ഇത്രയും നാൾ വിളിച്ചിട്ടും ഇതൊന്നും പറഞ്ഞില്ലേ? "

"ഇല്ല , അവൾ അധികം സംസാരിക്കാറില്ല.. "

"ഉം, ശെരിയാ , ഞാൻ അങ്ങോട്ടാ കൂടുതൽ സംസാരിച്ചേ "

"നീ പിന്നെ വായാടി അല്ലെ... "

അനി അതും പറഞ്ഞു അവളെ നോക്കി ചിരിച്ചു...

അവൾ ദഹിപ്പിക്കുന്ന രീതിയിൽ അനിയെ നോക്കി....

---------------------

നന്ദന അതായിരുന്നു അനി കല്യാണം കഴിക്കാൻ പോകുന്ന പെൺകുട്ടി...

കല്യാണത്തിനെ കുറിച്ച് ഒന്നും ആലോചിക്കാത്ത സമയത്തു ആണു അനിയോട് അമ്മ വിളിച്ചു കല്യാണത്തിനെ കുറിച്ച് ചോദിക്കുന്നത് .. ആദ്യം ഒന്ന് മടിച്ചെങ്കിലും പിന്നെ എല്ലാവരുടെയും നിർബന്ധം മൂലം അനി കല്യാണത്തിന് സമ്മതിച്ചു..

അനിയുടെ അമ്മയും അച്ഛനും കൂടി കുറെ അന്വേഷിച്ചിട്ട് ആണു ജാതകങ്ങൾ തമ്മിൽ നല്ല പൊരുത്തം ഉള്ള നന്ദന യെ കണ്ടുപിടിക്കുന്നത് ..

നന്ദന യുടെ വീട്ടുകാർ നല്ല സ്വത്ത് ഉള്ള കൂട്ടത്തിൽ ആയിരുന്നു .അനിയും ഇപ്പോ തരെകേടില്ലത്ത ബിസ്സിനെസ്സ് ഉള്ള സ്ഥിതിക്ക് രണ്ടു വീട്ടുകാരും തമ്മിൽ എല്ലാം ഉറപ്പിച്ചു..

നന്ദന എംകോം മിനു പഠിക്കുന്നു ലാസ്റ്റ് ഇയർ...

അനിയുടെയും നന്ദന യുടെയും പെണ്ണ് കാണൽ ചടങ്ങ് വീഡിയോ കാളിങ് ലൂടെ ആയിരുന്നു ... അനിക്ക് അധികം സങ്കൽപ്പങ്ങൾ ഇല്ലായിരുന്നത് കൊണ്ട് നന്ദനയിൽ അവൻ കുറവുകൾ ഒന്നും കണ്ടില്ല..

അവൻ ഇടക്ക് ഒക്കെ അവളെ വിളിക്കാറുണ്ടായിരുന്നു അധികം സംസാരം ഒന്നും ഉണ്ടായില്ല .. ഒന്ന് രണ്ടു മിനിറ്റ് നീണ്ടു നിൽക്കുന്ന സംഭാഷണങ്ങൾ ആയിരുന്നു പലതും ..

അവൾ അധികം സംസാരിക്കാത്ത ടൈപ്പ് ആണെന്ന് വരെ തോന്നിപോയിട്ടുണ്ട് അനിക്ക് . മിക്കപ്പോഴും അവൾ തന്നെ എന്തെങ്കിലും പറഞ്ഞു കാൾ വെക്കാൻ ശ്രമിച്ചിരുന്നു ... തിരക്ക് ആണെന്നും പഠിക്കാൻ ഉണ്ടെന്നും ഒക്കെ പറഞ്ഞു....

അങ്ങനെ ജാതകങ്ങൾ തമ്മിൽ നോക്കിയപ്പോൾ കല്യാണം എത്രയും പെട്ടന്ന് നടത്തണം അല്ലെങ്കിൽ എന്തോ ദോഷം ഒക്കെ ഉണ്ടാകും പിന്നിട് ഇതു നടക്കില്ല എന്നു ജ്യോൽസ്യൻ പറഞ്ഞു. അതു കേട്ട് രണ്ടു വീട്ടുകാരും കല്യാണം പെട്ടന്ന് ആക്കി...

അങ്ങനെ അനി നന്ദന യെ പരിചയ പെട്ട് ഒരാഴ്ച കഴിഞ്ഞപ്പോൾ എൻഗേജ്മെന്റ്, അതാണ് നാളെ നടക്കാൻ പോകുന്നത് അതുകഴിഞ്ഞു അടുത്ത ആഴ്ച കല്യാണം ... അങ്ങനെ ആണു വീട്ടുകാർ തമ്മിൽ തീരുമാനിച്ചിരുന്നത്...

-----------------------

"ലെച്ചു നീ ആ പെട്ടി തുറന്നെ "

പുറകിൽ ലെച്ചുവിന്റെ അടുത്തിരിക്കുന്ന പെട്ടി ചൂണ്ടി കാണിച്ചു കൊണ്ട് അനി പറഞ്ഞു..

"എന്താ അതിൽ "

എന്നരീതിയിൽ ലെച്ചു ആ പെട്ടി മടിയിൽ വെച്ചിട്ട് തുറന്നു..

"അതിൽ ആദ്യം ഇരിക്കുന്ന കവർ എടുത്തോളൂ അതു നിനക്ക് ഉള്ളതാ "

അവൾ സന്തോഷത്തോടെ ആ കവർ എടുത്തു .. അതു തുറന്നു നോക്കിയപ്പോൾ അവളുടെ മുഖം വിടർന്നു ..

"താങ്ക്സ് ചേട്ടാ "

അനിയുടെ കവിളിൽ തലോടി കൊണ്ട് ലെച്ചു പറഞ്ഞു..

"അതെ ഇതു ഉപോയോഗിക്കുന്നത് ഒക്കെ കൊള്ളാം . എക്സാമിനു മാർക്ക് എങ്ങാനും കുറഞ്ഞാൽ ഞാൻ ആ ഫോൺ എടുത്തു ചവിട്ടി പൊട്ടിക്കും ,"

അനിയുടെ വാക്കുകൾ കേട്ടപ്പോൾ ലെച്ചു അവനെ നോക്കി പുഞ്ചിരിച്ചു..

വീണ്ടും കാർ മുന്നോട്ട് സഞ്ചരിച്ചു കൊണ്ടിരുന്നു അവർ മൂന്നുപേരും വിശേഷങ്ങൾ പങ്കു വേച്ചു പോകുന്ന നേരത്ത് ആണു അനിയുടെ ഫോൺ ശബ്ദിക്കുന്നത്..

"ഏടത്തി ആയിരിക്കും.. "

പുറകിൽ നിന്നും ലെച്ചുന്റെ കമന്റ്..

അനി ചിരിച്ചു കൊണ്ട് ഫോൺ എടുത്തുനോക്കി ..

സെബി യുടെ നമ്പർ കണ്ടപ്പോൾ
അനി ഫോൺ അറ്റൻഡ് ചെയ്തു സംസാരിക്കാൻ തുടങ്ങി...

"സെബി ആയിരുന്നോ? "

അനിയുടെ ഫോൺ വിളി കഴിഞ്ഞപ്പോൾ അഭി അനിയോട് ചോദിച്ചു...

"ഉം, ആയിരുന്നു.. ഞാൻ ഫ്ലൈറ്റ് ഇറങ്ങിയിട്ട് വിളിക്കാം എന്നു പറഞ്ഞിരുന്നു.. മറന്നു പോയി,.. അതാ അവൻ വിളിച്ചേ... "

"ഉം.. കല്യാണത്തിന് കാണില്ലേ അവൻ "

"ഉം അവൻ കല്യാണത്തിന്റെ തലേന്ന് വന്നിട്ട് കല്യാണം കൂടി വൈകിട്ടു തിരിച്ചു പോകും...""

""അതെന്തു വരവാ?..."

""അവനു അവിടെന്നു അധികം ദിവസം മറി നില്കാൻപറ്റില്ല.. ഒന്നാമത് ഞാൻ അവിടെ ഇല്ലാത്ത സ്ഥിതിക്ക് , ബിസിനസിൽ നോട്ടം എത്തിയില്ലെങ്കിൽ ഇത്രയും നാൾ ഉണ്ടാക്കിയത് എല്ലാം ഒരു നിമിഷം കൊണ്ട് ഇല്ലാതെ ആകും അതാണ് അവിടത്തെ സ്ഥിതി... പിന്നെ അനുവിന്റെ ഡെലിവറി കഴിഞ്ഞു ഇരിക്കുനത് കൊണ്ട് അവൾ ക്ക് വരാൻ പറ്റില്ല . അതുകൊണ്ട് അവൻ ഒറ്റക്കെ വരുകയുള്ളു.. ,,"

"ഉം ,,, "

അങ്ങനെ അവർ ഓരോന്ന് സംസാരിച്ചു അനിയുടെ വീട്ടിൽ എത്തി...

അഭി അനിയുടെ വീടിന്റെ പോർച്ചിലേക്ക് കാർ കയറ്റി നിർത്തി..

അനിയും അഭിയും ലെച്ചുവും കാറിൽ നിന്നും ഇറങ്ങി..

"ദേ , മണവാളൻ എത്തിയട്ടോ.. "

വാസു മാമൻ അതു പറഞ്ഞപ്പോൾ അവിടെ നിന്നവരുടെ ശ്രദ്ധ മുഴുവൻ കാറിൽ നിന്നും ഇറങ്ങിയ അനിയിലേക്ക് ആയി....

അനിയുടെ അമ്മായി മാരും മാമൻ മാരും കൂടി ഒരു പട തന്നെ ഉണ്ടായിരുന്നു ആ വീട്ടിൽ..

അനി സിറ്റ് ഔട്ട് ലേക്ക് കയറിയ പാടെ എല്ലാവരും അനിയെ പൊതിഞ്ഞു വിശേഷങ്ങൾ ചോദിക്കൽ ആയി...

അതിനിടയിൽ പ്രിയമോൾ " മാമാ " എന്നു വിളിച്ചു കൊണ്ട് അനിയുടെ മെത്തേക്ക് പെടച്ചു കയറി..

"യാത്ര ഒക്കെ സുഖം ആയിരുന്നുവോ "

എന്നുള്ള അച്ഛന്റെ ചോദ്യത്തിനും എല്ലാവരുടെ വിശേഷങ്ങൾക്കും മറുപടി പറഞ്ഞു കൊണ്ട്
പ്രിയമോളേം എടുത്തു അനി വീടിനകത്തേക്ക് നടന്നു ..

ഹാളിൽ എത്തിയപ്പോൾ മുന്നിൽ അമ്മ നിൽക്കുന്നത് കണ്ട് അനിയുടെ മുഖം സന്തോഷം കൊണ്ട് തുടുത്തു..

അമ്മ അനിയുടെ അടുത്തു വന്നു അനിയെ മൊത്തം ആയി വീക്ഷിച്ചു.

ആ കണ്ണുകൾ ചെറുതായി നിറഞ്ഞിട്ടുണ്ടായിരുന്നു..
ഒരു വർഷത്തിനു ശേഷം തന്റെ മകനെ കണ്ട അമ്മയുടെ സന്തോഷം ആ കണ്ണുകളിൽ കാണാം ആയിരുന്നു..

അനി യും അമ്മയെ നോക്കി നിന്നു പ്രിയ മോള് അപ്പോഴേക്കും അനിയുടെ മേത്തു നിന്നും താഴേക്കു ഇറങ്ങി..

"എന്റെ മോൻ ആകെ കോലം കെട്ടലോ "

എന്ന അമ്മയുടെ പറച്ചിലിന് മറുപടി പറഞ്ഞത് ഷീബാന്റി ആയിരുന്നു .

"ചേച്ചിക്ക് മാത്രം അവൻ ഷീണിച്ചു പോയി, ഞങ്ങൾക്ക് ഒന്നും അങ്ങനെ തോന്നിയില്ലല്ലോ "

അതിനു വേറൊരു അമ്മായി മറുപടി കൊടുത്തു ..

"സ്വന്തം പിള്ളേർ എത്ര നന്നായാലും അമ്മമാർക്ക് അവർ ഇനിയും നന്നാവാനുണ്ട് എന്നെ തോന്നു"

അതിനു എല്ലാവരും ശെരി വേച്ചു കൊണ്ട് എല്ലാവരുടെയും മുഖത്തു മന്ദഹാസം വിടർന്നു..

"അതൊക്കെ അമ്മക്ക് തോന്നുന്നതാ ഞാൻ ഷീണിച്ചിട്ടൊന്നുമില്ല ""

അതും പറഞ്ഞു അനി അമ്മയുടെ കണ്ണുകളിൽ ഒഴുകി വന്ന ആനന്ദക്കണ്ണീർ കൈകൾ കൊണ്ട് തുടച്ചു മാറ്റി..

"ഓഹ് വന്നോ എന്റെ പുന്നാര ആങ്ങള "

അമ്മയുടെയും മോന്റെയും സ്നേഹപ്രകടനം കണ്ടോണ്ട് വന്ന അനിത പറഞ്ഞു...

അതു കേട്ടപ്പോൾ അനി അനിതയുടെ മുഖത്തു നോക്കി പുഞ്ചിരിച്ചു..

"എങ്ങനെ ഉണ്ടായിരുന്നു ഡാ യാത്ര ഒക്കെ "

അനിത അനിയുടെ അടുത്തു വന്നു കൊണ്ട് ചോദിച്ചു..

"സുഖമായിരുന്നു ചേച്ചി.. സജി ഏട്ടൻ വന്നില്ലേ? "

"ഇല്ലെടാ പോന്നിട്ടുണ്ട് ... നാലു മണി ആകുമ്പോൾ എത്തും എന്ന് പറഞ്ഞു.. "

"ഉം "

പിന്നെ എല്ലാവരോടും ഒന്ന് സംസാരിച്ചിട്ട് അനി ഒന്ന് ഫ്രഷ് ആവാൻ ആയി മുറിയിലേക്ക് പോയി...

കുറച്ചു കഴിഞ്ഞു അനി ഫ്രഷ് ആയി ഒരു കാവിമുണ്ടും ഒരു ഷർട്ടും എടുത്തു ധരിച്ചു കൊണ്ട് ഹാളിലേക്ക് വന്നു ...

അനി ഹാളിൽ എത്തിയപ്പോൾ എല്ലാവരും അനി കൊണ്ടുവന്ന പെട്ടി പൊളിക്കുന്ന തിരക്കിൽ ആയിരുന്നു...

കുളിച്ചു വന്ന അനിയെ കണ്ടപ്പോൾ വേഗം അവന്റെ അമ്മ അവനുള്ള ചോറും കറിയും ഡൈനിങ് ടേബിളിൽ നിരത്തി...

എല്ലാവരും ഭക്ഷണം കഴിച്ചു കഴിഞ്ഞതിനാൽ .. അനിക്ക് കൂട്ടായി അഭി മാത്രമേ ഭക്ഷണം കഴിക്കാൻ ഉണ്ടായിരുന്നുള്ളു...

അമ്മ വിളമ്പിയ സമൃദ്ധമായ സദ്യ രണ്ടാളും കഴിച്ചു ... അപ്പോഴേക്കും അവൻ കൊണ്ടുവന്ന പെട്ടി കാലി ആയിട്ടുണ്ടായിരുന്നു....

"നീ പോകുന്നുണ്ടോ? "

ഭക്ഷണം കഴിച്ചു കഴിഞ്ഞു അച്ഛനും വാസുമാമനും അനിയുടെ മറ്റു മാമൻ മാരും അഭിയും അനിയും കൂടി ഹാളിൽ ഇരുന്നു വിശേഷങ്ങൾ പങ്കു വെക്കുന്നിടയിൽ അനിയുടെ അച്ഛൻ ചോദിച്ചു..

"എവിടേക്ക് പോകുന്നുണ്ടോ ന്നു അച്ഛാ "

അനി മനസ്സിൽ ആവാതെ അച്ഛനോട് ചോദിച്ചു..

"ഓഹ് ഒന്നും അറിയാത്ത പോലെ , ഡാ ചെറുക്കാ നീ.. നന്ദനയെ കാണാൻ പോകുന്നുണ്ടോ എന്നാ ചോദിച്ചത്... "

വാസുമാമൻ അനിയോട് പറഞ്ഞു.

"ഓഹ് അതോ ... ഹേയ് ഇന്ന് പോണില്ല... നാളെ എന്തായാലും അങ്ങോട്ടേക്ക് പോകുന്നണ്ടല്ലോ.. "

അനി എല്ലാവരോടും ആയി പറഞ്ഞു...

അതിനു ഉത്തരം എന്ന നിലയിൽ എല്ലാവരും അനിക്ക് ഒരു ചിരി സമ്മാനിച്ചു..

"മാമാ ദേവു വന്നില്ലേ? "

അനി വാസു മാമനോട് ചോദിച്ചു.

"ഇല്ല അവൾക്കു തിങ്കളാഴ്ച എക്സാം ഉണ്ട് അതുകൊണ്ടു വരാൻ പറ്റില്ല .. "

"ഓഹ് അവൾ ഹോസ്റ്റലിൽ നിന്നാണല്ലേ പഠിക്കുന്നത് "

"ഉം ,. "

അങ്ങനെ അവർ അവിടെ കുറച്ചു നേരം സംസാരിച്ചു ഇരുന്നു...

ആ സമയത്തു അനിത ചേച്ചിയും പ്രിയമോളും സിറ്റ് ഔട്ടിലേക് വന്നത്

"അഭി നീ ഒന്ന് റയിൽവേ സ്റ്റേഷനിൽ നിന്നും സജി ഏട്ടനെ കൂട്ടിട്ട് വരോ? "

അനിത ചേച്ചി അഭിയോട് ചോദിച്ചു..

"ഉം , എത്താറായോ ചേച്ചി "

അഭി ചോദിച്ചു..

"ഉം , അരമണിക്കൂറിനുള്ളി ൽ എത്തും "

"ഉം ശെരി "

അനിത ചേച്ചി അതും പറഞ്ഞു അകത്തേക്ക് പോയി..

"ഡാ എന്നാ ഞാൻ ചേട്ടനെ പിക്ക് ചെയ്തിട്ട് വരാം... "

അഭി അനിയോട് പറഞ്ഞു.

"നിക്ക് ഞാനും വരാം ,"

അതും പറഞ്ഞു അനി "ഇപ്പോ വരാം എന്നു പറഞ്ഞു അകത്തേക്ക് പോയി എന്നിട്ട് ഒരു കവറും ആയി വന്നു .. പിന്നെ അഭിയുടെ കൂടെ ഇറങ്ങി...

"മാമാ..... ഞാനും വന്നോട്ടെ അച്ഛനെ കൊണ്ടുവരാൻ... "

അവർ കാറിന്റെ അടുത്തേക്ക് നടക്കുമ്പോൾ പ്രിയമോൾ ഓടിവന്നു അനിയോട് ചോദിച്ചു..

"അതിനെന്താ മോളും വാ "

എന്നു പറഞ്ഞു അനി പ്രിയമോളുടെ കൈയിൽ പിടിച്ചു..

"അച്ഛാ പ്രിയ മോള് ഞങ്ങളുടെ ഒപ്പം വരുന്നുണ്ട് ,, ചേച്ചിയോട് പറഞ്ഞേക്ക്.... ""

കാറിന്റെ അടുത്തു നിന്നും അനി സിറ്റ് ഔട്ടിൽ ഇരിക്കുന്ന അച്ഛനോട് പറഞ്ഞു...

"ഉം, പോയിട്ട് വാ "

എന്നരീതിയിൽ അച്ഛൻ തല കാണിച്ചു...

അഭിയും പ്രിയമോളും വണ്ടിയിൽ കയറി അനി വണ്ട് സ്റ്റാർട്ട് ചെയ്തു പുറത്തേക്കു എടുത്തു...

അരമണിക്കൂറിൽ കൂടുതൽ യത്ര ഉണ്ടായിരുന്നു സ്റ്റേഷനിലേക്ക്...

"ഡാ ആ കാണുന്ന സ്ഥലത്തു വണ്ടി ഒന്ന് ഒതുക്കിയെ "

പോകുന്ന വഴിക്ക് സ്റ്റേഷനു അടുത്ത് എത്താറായപ്പോൾ ഒരു സ്ഥലത്തു വെച്ചു അഭി അനി യോട് വണ്ടി നിർത്താൻ ആവിശ്യപ്പെട്ടു..

"ഉം , എന്താ ഡാ "

കാർ റോഡ് സൈഡിൽ ഒതുക്കിയ അനി അഭിയോട് ചോദിച്ചു..

"ദേ അപ്പുറത്തേക്ക് നോക്ക് "

അതു പറഞ്ഞു അഭി റോഡിന്റെ മറുവശത്ത് ഉള്ള വലിയ ഗേറ്റിലേക്ക് കൈ ചൂണ്ടി..

അനി അങ്ങോട്ട് നോക്കിയപ്പോൾ ഒരു കൊട്ടാരം പോലെ തോന്നിക്കുന്ന അതിമനോഹരം ആയാ വീട് ..

വീടിനു മുന്നിൽ ആൾക്കാർ പന്തൽ കെട്ടുന്നു ... അരങ്ങു തോരണങ്ങൾ എല്ലാം ചാർത്തുന്നു...

"നന്ദന യുടെ വീട്.. "

അനിയുടെ വായിൽ നിന്നും വാക്കുകൾ പുറത്തേക്കു വന്നു ..

"അല്ല.... കുറച്ചു നാൾ കഴിഞ്ഞാൽ നിന്റെ വീട് .... "

അഭി പറഞ്ഞു..

അതു കേട്ടപ്പോൾ അനി പുഞ്ചിരിച്ചു..

"ഒന്ന് കയറിയാലോ ഡാ? "

"അയ്യേ ഈ വേഷത്തിലോ? "

കാവി മുണ്ടും സാധാരണ ഒരു ഷർട്ടും ധരിച്ചു ഇരിക്കുന്ന അനി അഭിയോട് ചോദിച്ചു....

"അതിനെന്താ നിന്റെ വീടല്ലേ "

അഭി പറഞ്ഞു..

"ഒന്ന് പോടാപ്പാ .... ഇന്ന് ഇനി കയറേണ്ട... നമുക്ക് സ്റ്റേഷനിൽ പോകാം,, സജി ഏട്ടൻ എത്തിയിട്ട് ഉണ്ടാകും .. "

അനി അതും പറഞ്ഞു കാർ എടുത്തു ...

"നന്ദന യെ കാണണം എന്നുണ്ടായിരുന്നു അനിക്ക് , എന്തോ ഒരു ചമ്മലും ... പിന്നെ വേഷം അതായത് കൊണ്ടും മാത്രം കയറിയില്ല...

കാർ റോഡിലേക്ക് കയറി മൂവ് ചെയ്തെങ്കിലും അനിയുടെ കണ്ണുകൾ കാറിന്റെ സൈഡ് മിററിൽ പതിയുന്ന നനന്ദ യുടെ വീട്ടിലേക്ക് ആയിരുന്നു...

കുറച്ചു സമയത്തിനുള്ളിൽ അവർ റയിൽവേ സ്റ്റേഷനിൽ എത്തി...

അവർ അവിടെ കാർ പാർക്കു ചെയ്തു .....

സ്റ്റേഷന്റെ അകത്തേക്ക് നടന്നു..

അവിടെ ട്രെയിൻ എത്തിയിട്ട് ഇല്ല എന്നറിഞ്ഞപ്പോൾ അനി സജി ഏട്ടനെ ഫോണിൽ വിളിച്ചു...

ഇരുപത് മിനിറ്റ് കൂടി എടുക്കും ട്രെയിൻ എത്താൻ എന്നു സജി ഏട്ടൻ പറഞ്ഞപ്പോൾ ... അവർ അടുത്തുള്ള ഒരു ഐസ്ക്രീം പാർലറിൽ കയറി....

എന്തായാലും ട്രെയിൻ വരാൻ ടൈം എടുക്കും.... അതുവരെ അവിടെ ഇരിക്കാം...

അവർ മൂന്ന് പേരും ഐസ്ക്രീം ഷെയ്ക്ക് ഒക്കെ അകത്താക്കി ഇരിക്കുമ്പോൾ ആണ് ട്രെയിൻ വരുന്നതിന്റെ അനോൻസ്മെന്റ് കേൾക്കുന്നത്...

അനി അവിടത്തെ ബില്ല് ഒക്കെ സെറ്റിൽ ചെയ്തു അഭിയെം പ്രിയമോളേം കൂട്ടി ഫ്ലാറ്റ്ഫോമിൽ എത്തിയപ്പോഴേക്കും ട്രെയിൻ വന്നു നിന്നു കഴിഞ്ഞിരുന്നു...

ട്രെയിനിൽ നിന്നും പുറത്തേക്കു ഇറങ്ങിയ സജി ഏട്ടനെ കണ്ടപ്പോൾ പ്രിയമോൾ " അച്ഛാ " ന്നു വിളിച്ചു സജി ഏട്ടന്റെ അടുത്തേക്ക് ഓടി ..

പ്രിയ മോളെ പൊക്കി എടുത്തു കൊണ്ട് സജിയേട്ടൻ അനിയുടെ അടുത്തേക്ക് നടന്നു വന്നു..

അനി സജിയേട്ടനെ കണ്ടപ്പോൾ ചെറു പുഞ്ചിരി സമ്മാനിച്ചു.. സജി അനിക്കു തിരിച്ചും പുഞ്ചിരി സമ്മാനിച്ചു ....

"നിങ്ങൾ വന്നിട്ട് കുറച്ചു നേരം ആയല്ലേ? ട്രെയിൻ ലേറ്റ് ആയി അതാ... "

സജി വന്നപാടെ ചോദിച്ചു..

"ഉം .. കുറച്ചു നേരം ആയി... യാത്ര ഒക്കെ സുഖം ആയിരുന്നോ അളിയാ.... "

"ഉം സുഖം ആയിരുന്നു..പിന്നെ നീ ഫ്ലൈറ്റിൽ വന്ന അത്ര സുഖം ഇതിൽ കിട്ടില്ല ...."

സജി ചെറു ചിരിയോടെ പറഞ്ഞു..

അതു കേട്ടപ്പോൾ എല്ലാവരും ഒന്ന് ചിരിച്ചു...

"ഓഹ് കല്യാണം ആയപ്പോഴേക്കും നീ ഒന്ന് തടിച്ചോടാ ചെറുക്കാ... "

"ഹേയ് ഇല്ല ഏട്ടാ .... "

"ഉം... കഴിഞ്ഞ തവണ കണ്ടേക്കാളും ഒന്ന് നന്നായിട്ടുണ്ട്... "

സജി പറഞ്ഞു....

അതു കേട്ടപ്പോൾ അനിയുടെ മുഖത്തു ചെറു ചിരി പ്രത്യക്ഷപ്പെട്ടു..

"ഡാ അഭി എന്തൊക്കെ ഉണ്ട്... "

"ഓഹ് എന്തു പറയാനാ ഏട്ടാ നമ്മൾ ഇങ്ങനെ ഒക്കെ ഉന്തി തള്ളി പോകുന്നു... "

"ഉം... "

"എന്നാ വാ പോകാം .... ബാക്കി ഒക്കെ വീട്ടിൽ ചെന്നു സംസാരിക്കാം... "

അനി സജി ഏട്ടനോട് ആയി പറഞ്ഞു....

"എന്നാ വാ പോകാം "

അതും പറഞ്ഞു എല്ലാവരും കാർ പാർക്കിങ്ങിലേക്ക് നടന്നു ...

"ആ വണ്ടി കിട്ടിയല്ലേ? "

കാറിനു അടുത്തു എത്തിയപ്പോൾ സജി ചോദിച്ചു..

"ഇന്നലെ കിട്ടി... "

"ഉം ""

അവർ കാറിൽ കയറി ... അഭി ആണ് കാർ എടുത്തത്. അനി ഫ്രണ്ടിലും സജിയും പ്രിയമോളും ബാക്കിൽ ആയിട്ടും കയറി...

കാർ റയിൽവേ സ്റ്റേഷനിൽ നിന്നും പുറത്തേക്കു ചലിച്ചു ഹൈവേ യിൽ എത്തി...

"ഡാ .. അനി ... എങ്ങനെ ഉണ്ട് ..."

സജി പുറകിൽ ഇരുന്നു കൊണ്ട് അനിയോട് ചോദിച്ചു...

"എന്ത്... എങ്ങനെ... ഉണ്ടെന്നു .. "

അനി മനസ്സിൽ ആകാതെ ചോദിച്ചു..

"ഡാ നന്ദന യെ കണ്ടിട്ട് എങ്ങനെ ഉണ്ടെന്നു ,,, ഇഷ്ടായോ നിനക്ക്?.. "

"ഓഹ് .. അതോ "

""എന്റെ സജി ഏട്ടാ അവൻ ഇതുവരെയും അവളെ കാണാൻ പോയില്ല..."

അഭി പറഞ്ഞു...

"ങ്ങേ ,.. അതെന്താടാ അനി... നീ അവളെ കാണാൻ പോകാതിരുന്നത്... "

"ഒന്നുല്യാ ഏട്ടാ .. എന്തായാലും നാളെ അങ്ങോട്ട് പോകുനുണ്ടല്ലോ.. "

"അതു ശെരി അല്ലല്ലോ... നിനക്ക് ഒന്ന് പോകാം ആയിരുന്നു.. ഒന്നാമത് അവിടെ ഉള്ളവർ ആരും നിന്നെ കണ്ടിട്ടില്ല... ഡാ അഭി ...നമ്മൾ പോകുന്ന വഴിക്ക് അല്ലേ അവരുടെ വീട്... "

"അതെ സജിച്ചേട്ടാ... ഞങ്ങൾ വരുമ്പോൾ കാർ അവിടെ നിർത്തി ഇവനെ കാണിച്ചു കൊടുത്തതാ .. വീട്.. "

അഭി അനിയുടെ മുഖത്തു നോക്കി കൊണ്ട് പറഞ്ഞു...

"ഓഹോ ... എന്നിട്ട് നിങ്ങൾ കയറില്ല.. "

"അതു സജിച്ചേട്ടാ മണവാളന് നാണം ... ഡ്രസ്സ് ഒകെ പഴയത് ആണെന്ന് പറഞ്ഞു കയറിയില്ല... "

അഭി പറഞ്ഞപ്പോൾ അനി അഭിയെ നിനക്ക് വെച്ചിട്ടുണ്ടെടാ എന്ന മട്ടിൽ നോക്കി...

"ആഹാ ,, അതാണോ ... എന്നാ ഇവന്റെ നാണം മാറ്റിയിട്ടു തന്നെ കാര്യം ... അഭി നീ കാർ അവിടേക്ക് വിട് ... '

ദൃഢമായ സൗണ്ടിൽ സജി പറഞ്ഞു..

"അയ്യോ ചേട്ടാ.. വേണ്ടാ നാളെ പോകാം ,,, ഇന്നു ശെരി ആകില്ല "

അനി സജിയോട് പറഞ്ഞു..

"വേണ്ടാ ഇപ്പോ പോകാം ,, ഇതൊന്നും നാളത്തേക്ക് മാറ്റി വെക്കരുത്.. "

അനി അവിടേക്ക് പോകാതെയിരിക്കാൻ സജിയോടും അഭിയോടും കുറെ പറഞ്ഞു നോക്കി പക്ഷെ ഒരു കാര്യവും ഉണ്ടായില്ല...

അവസാനം അവരുടെ കാർ നന്ദന യുടെ വീടിന്റെ ഗേറ്റ് കടന്നു വീടിനു മുന്നിൽ ആയി നിന്നു..

അവിടെ പന്തലിന്റെ പണി നടന്നു കൊണ്ടിരിക്കുകയായിരുന്നു..

കാർ വന്നു നിൽക്കുന്നത് കണ്ടു നന്ദന യുടെ പപ്പ ആ കാറിനടുത്തേക്ക് വന്നു....

"ആ നിങ്ങൾ ആയിരുന്നുവോ വരണം.. വരണം... "

കാറിൽ നിന്നും ഇറങ്ങിയ അഭിയെം അളിയനെയും കണ്ടപ്പോൾ നന്ദന യുടെ പപ്പ പറഞ്ഞു...

"ഡാ തെണ്ടി നിനക്ക് ഒരു പണി വെച്ചിട്ടുണ്ട് "

എന്നരീതിയിൽ അഭിയെ നോക്കി കൊണ്ട് അനി കാറിന്റെ ഡോർ തുറന്നു ഇറങ്ങി...

"ആ മോനും ഉണ്ടായിരുന്നു വോ "

അനിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു .

അതിനു മറുപടി എന്നോണം അനി മുഖത്തു ചിരി വരുത്തി....

നന്ദന യുടെ പപ്പ അനിയുടെ വേഷം ശ്രദ്ധിക്കണത് കണ്ടപ്പോൾ സജി വേഗം .. തന്നെ റയിൽവേ സ്റ്റേഷനിൽ നിന്നും കൂട്ടാൻ ഇവർ വന്നതാണെന്നും. ഇതിലെ പോയപ്പോൾ ഞാനാ ഇവരോട് പറഞ്ഞത് ഒന്നു കേറിയിട്ടു പോകാം എന്നുപറഞ്ഞു അനിയെ രക്ഷപെടുത്തി..

"വാ അകത്തേക്ക് ഇരിക്കാം "

നന്ദന യുടെ പപ്പ അതു പറഞ്ഞപ്പോൾ ..അവർ പപ്പ യുടെ ഒപ്പം വീടിനകത്തേക്ക് കയറി..

കല്യാണചെറുക്കൻ വന്നെന്നു അറിഞ്ഞപ്പോൾ അവിടെ ഉണ്ടായിരുന്ന സകല ആളുകളും ഹാളിന്റെ പലഭാഗത് ആയി എത്തി ചേർന്നു...

അനി ആദ്യം ആയി വരുന്നത് കൊണ്ട് പപ്പ എല്ലാവരെയും പരിചയപ്പെടുത്തി കൊടുത്തു ..

അനിയും അഭിയും സജിയും അവരോടു വർത്തമാനം പറഞ്ഞു അവിടത്തെ സോഫയിൽ ഇരുന്നു...
അനിയുടെ മടിയിൽ പ്രിയമോളും കയറി ഇരുന്നു ...

അവിടെ ഉള്ളവരുടെ ഭൂരിഭാഗം പേരുടെയും നോട്ടം അനിയുടെ മേൽ ആയിരുന്നു...

ഒരുരുത്തർ ആയി അനിയെ പരിചയ പെടുകയും അനിയുടെ ബിസിനെസ്സ് നേ പറ്റി ചോദിക്കുകയും ചെയ്തു കൊണ്ടിരിന്നു..

വർത്തമാനം പറയുന്നിടയിൽ അനിയുടെ കണ്ണുകൾ ആ ആൾക്കൂട്ടത്തിൽ ഒരാളെ തിരയുക ആയിരുന്നു... പക്ഷെ അനിക്ക് ആ ആളെ മാത്രം കണ്ടെത്താൻ സാധിച്ചില്ല....

അനിയുടെ മുഖത്തു നിരാശ പടരുന്നത് കണ്ടപ്പോൾ ...

"ഉം കണ്ടില്ലല്ലേ.... "

എന്നു അഭി അനിയുടെ ചെവിട്ടിൽ പറഞ്ഞു...

"ഉം.. "

"പേടിക്കണ്ട ട്ടോ ഇപ്പ വരും "

അഭി അനിയെ ആകുന്ന രീതിയിൽ പറഞ്ഞു...

അതിനു മറുപടി എന്നോണം അനി മുഖത്തു ചിരി വരുത്തി...

അങ്ങനെ സംസാരിക്കുനിടയിൽ ...

ഒരു ആന്റി എല്ലാവർക്കും ഉള്ള വെൽക്കം ഡ്രിങ്കും ആയി വന്നു അതിനു പുറകിൽ ആയി
കുറച്ചു പലഹാര പത്രങ്ങളും ആയി കുറച്ചു ആന്റിമാർ വന്നു ...
അവർ ആ പത്രം ടീപ്പോയിൽ കൊണ്ടുവെച്ചിട്ട് അനിയെ നോക്കി ഒരു മന്ദസ്മിതം തൂകി കൊണ്ട് അകത്തേക്ക് പോയി ..

അനി ക്കും എല്ലാവർക്കും വെൽക്കം ഡ്രിങ്ക് സെർവ് ചെയ്തത് നന്ദനയുടെ അമ്മ ആയിരുന്നു ... അനിയുടെ ഭാവി അമ്മായിഅമ്മ..

അനി ആ അമ്മയും ആയി പരിചയ പെട്ടു...

കുറച്ചു നേരം സംസാരിച്ചിട്ട് അവർ അകത്തേക്ക് പോയി....

ഇത്രയും നേരം ആയിട്ടും നന്ദന യെ കാണാത്തതു അനിയുടെ മനസ്സിൽ ചെറു വിഷമം സൃഷ്ടിച്ചു...

നന്ദന യുടെ പപ്പയോടു സംസാരിക്കുമ്പോൾ ...

"നന്ദനയെ കണ്ടില്ലല്ലോ "

എന്നു സജി ഏട്ടൻ ചോദിച്ചു...

പപ്പ അതിനു ഉത്തരം പറയാൻ വന്നപ്പോഴേക്കും..

"ഒന്നിങ്ങോട്ട് വന്നേ "

വാതിലിന്റെ അടുത്തു നിന്നും നന്ദന യുടെ അമ്മ പപ്പയെ വിളിച്ചു...

"ഒരു മിനിറ്റ് ഇപ്പ വരാട്ടോ "

എന്നു പറഞ്ഞു പപ്പ അമ്മയുടെ അടുത്തേക്ക് പോയി..

അവർ അവിടെ നിന്നു എന്തൊക്കെ സംസാരിച്ചിട്ട് നേരെ ഇവരുടെ അടുത്തു വന്നു ...

"അതെ നിങ്ങൾക്ക് പോകാൻ ധൃതി ഉണ്ടോ?... ഒരു രണ്ടു മണിക്കൂർ വെയ്റ്റ് ചെയ്യാൻ സാധിക്കുമോ? "

പപ്പ അവരോടു ആയി ചോദിച്ചു ...

"എന്തുപറ്റി അങ്കിൾ . "

സജി ഏട്ടൻ ചോദിച്ചു..

"അതെ മോള് കൂട്ടുകാരികളും ഒന്നിച്ചു പുറത്തു പോയേക്കുവാ.. ബ്യൂട്ടിപാർലറിലും ഷോപ്പിങ്ങിനും മറ്റും ആയി... അവർ വരാൻ കുറച്ചു ലേറ്റ് ആകും ... അതാ... നിങ്ങൾക്ക് ധൃതി ഉണ്ടെങ്കിൽ അവളെ വിളിച്ചു വരുത്താം ... മോനും അവളും തമ്മിൽ നേരിൽ കണ്ടിട്ടില്ലല്ലോ .... "

പപ്പ പറഞ്ഞു നിർത്തി...

"ഓഹ് അതാണോ .. അത് സാരമില്ല അങ്കിൾ..... ഓ ... സോറി ... പപ്പ..... അവർ സ്വസ്ഥം ആയി ഷോപ്പിംഗ് ഒക്കെ ചെയ്യട്ടെ , പിന്നെ ഞങ്ങൾക്ക് പോയിട്ട് കുറച്ചു ധൃതിയും ഉണ്ട് ... നാളത്തേക്ക് ഉള്ള കാര്യങ്ങൾ സെറ്റ് ആക്കാൻ ഉണ്ട്...... പിന്നെ എന്തായാലും നാളെ ഇങ്ങോട്ടേക്കു വരുന്നുണ്ടല്ലോ... "

അനി പറഞ്ഞു...

"എന്നാലും മോന് ഇതുവരെ വന്നിട്ട് അവളെ കാണാതെ പോയൽ.... അല്ലെങ്കിൽ വേണ്ട ഞാൻ അവളെ വിളിക്കട്ടെ..... "

"വേണ്ട പപ്പ ... നാളെ കാണാം അല്ലോ ... ഇത് ഈ വഴിക്ക് പോയപ്പോൾ ജസ്റ്റ് ഒന്നു കയറി എന്ന് കരുതിയാൽ മതി... "

"എന്നാ മോന്റെ ഇഷ്ടം .... "

അങ്ങനെ കുറച്ചു നേരം കൂടി അവർ അവിടെ സംസാരിച്ചു ഇരുന്നിട്ട് ....പപ്പയോടും എല്ലാവരോടും യാത്ര പറഞ്ഞു ഇറങ്ങി....

വീട്ടിലേക്ക് ഉള്ള യാത്രയിൽ അനി ആണ് കാർ എടുത്തത്...

"എടാ എന്നെ ഇവിടെ ഇറക്കിയാൽ മതി..... "

അനിയുടെ വീടിനടുത്തുള്ള ജംഗ്ഷനിൽ എത്തിയപ്പോൾ അഭി അനിയോട് പറഞ്ഞു...

"അതെന്താ...? "

"നിങ്ങൾ നേരെ പൊക്കൊളു... എന്റെ വീട്ടിലേക്ക് ഇവിടന്നു കുറച്ചു നടക്കാനല്ലേ ഉള്ളു ... "

"അങ്ങനെ ഇപ്പോ നീ നടക്കേണ്ട... നിന്റെ വീട്ടിലേക്ക് ഞാനും വരുന്നുണ്ട്.... "

അനി അതു പറഞ്ഞപോൾ.. അഭി "എന്നാ ശെരി " എന്നു പറഞ്ഞു...

അങ്ങനെ അവരുടെ കാർ അഭിയുടെ വീട്ടിലേക്ക് ഉള്ള വഴിയിലേക്ക് തിരിഞ്ഞു...

കുറച്ചു സമയത്തെ ഡ്രൈവിനൊടുവിൽ അവർ അഭിയുടെ വീട്ടിൽ എത്തിച്ചേർന്നു...

ഒരു പഴയ ഓടിട്ട വീട് ആയിരുന്നു അവന്റേത് ... മുറ്റത്ത് പലവിധ വൃക്ഷങ്ങളും മറ്റും നിറഞ്ഞു നിൽക്കുന്നു..
ആ പറമ്പിനു ചുറ്റും ഷീറ്റ് കൊണ്ടുള്ള വേലിക്കെട്ടും...

"ആ ഇതാരാ പുതുമണവാളൻ നോ?.... "

കാറിൽ നിന്നും ഇറങ്ങിയ പാടെ അനിയുടെ കാതുകളിൽ സ്വപ്ന യുടെ ശബ്ദം അലയടിച്ചു...

അനി ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി. വീടിനു ഉമ്മറത്ത് സ്വപ്ന നില്കുന്നു കൂടെ അഭിയുടെ മോൻ ആദിയും...

അഭിയുടെ ഭാര്യ ആയിരുന്നു സ്വപ്ന... അനിയുടെ സുഹൃത്തും ...

"ആ വന്നു .. വന്നു... "

അനി ആക്കിയ ചിരി ചിരിച്ചു കൊണ്ട് അവർക്ക് ആയി കൊണ്ടുവന്ന കവറും എടുത്തുകൊണ്ട് ആ ഉമ്മറത്തേക്ക് നടന്നു...

അപ്പോഴേക്കും സജി ഏട്ടനും അഭിയും പ്രിയമോളും കാറിൽ നിന്നും ഇറങ്ങിയിരുന്നു...

അനി ആ കവർ ആദിയെ ഏല്പിച്ചു..

അനിയെ കണ്ടപ്പോൾ സ്വപ്ന സുഖവിവരങ്ങൾ അന്വേഷിച്ചു..

അങ്ങനെ അവർ എല്ലാവരും ഉമ്മറത്ത് കസേരയിൽ ഇരുന്നു വർത്താനം പറയുന്നിടക്ക്..

"എടാ .. ഞാൻ ഇപ്പോ വരാം... "

സജി ഏട്ടൻ പറഞ്ഞു..

"ഉം... എന്താ "

അനി സജിയുടെ മുഖത്തേക്ക് നോക്കി...

"വയറിനു സുഖം തോന്നുന്നില്ല .. ട്രെയിനിൽ വെച്ച് തുടങ്ങിയതാ.. ട്രെയിനിൽ ടോയ് ലെറ്റിൽ വെള്ളം ഇല്ലാത്തോണ്ട് സഹിച്ചു പിടിച്ചു ... നന്ദന യുടെ വീട്ടിലെ സൽക്കാരം കൂടി ആയപ്പോൾ തൃപ്തി ആയി..."

"ഇവിടെ നാറ്റിക്കാതെ വേഗം വിട്ടോ അകത്തേക്ക് "

അഭി ചിരിച്ചു കൊണ്ട് പറഞ്ഞു ..

അതുകേട്ടപ്പോൾ എല്ലാവരും ചിരിച്ചു..

സജി ഏട്ടൻ അപ്പോഴേക്കും അകത്തേക്ക് പോയി...

കുറച്ചു കഴിഞ്ഞു "ചായ എടുക്കട്ടെ " എന്നു പറഞ്ഞു സ്വപ്ന അകത്തേക്ക് പോകാൻ തുനിഞ്ഞു. ...

"എന്നാ പിന്നെ ഞാൻ ഈ ഡ്രസ്സ് മാറിയിട്ട് വരാം.... "

അതും പറഞ്ഞു അഭിയും സ്വപ്നയുടെ പുറകെ അകത്തേക്ക് പോയി...

പ്രിയമോളും ആദിയും കൂടി ഉമ്മറത്തു തിണ്ണയിൽ ബുക്കിൽ ഉള്ള പടങ്ങൾക്ക് കളർ കൊടുക്കുന്ന തിരക്കിൽ ...

അനി പതിയെ മുറ്റത്തേക്ക് ഇറങ്ങി ...

വീടിന്റെ സൈഡിൽ ഉള്ള മാവിൽ കെട്ടിയിരിക്കുന്ന ഊഞ്ഞാലിലേക്ക് അനിയുടെ ശ്രദ്ധ പോയി ..
അനി ആ ഉഞ്ഞാലിന്റെ അടുത്തേക്ക് നടന്നു ....

വർഷങ്ങൾക്കു മുൻപും ഈ ഇടത്ത് ഇതുപോലെ ഒരു ഊഞ്ഞാൽ ഉണ്ടായിരുന്നു.... അനിയുടെയും അഭിയുടെയും കുട്ടികാലത്ത്...

ഇതിപ്പോ അഭി ആദിമോന് വേണ്ടി കെട്ടിയത് ആണെന്ന് അനി ക്ക് മനസ്സിൽ ആയി...

അനി ആ ഊഞ്ഞാലിൽ ഇരുന്നു പതിയെ ആടാൻ തുടങ്ങി...
ഒപ്പം അനിയുടെ മിഴികൾ അടയാനും ..

അനിയുടെ മനസ്സ് കുറെ വർഷങ്ങൾക്കു പിറകിലേക്ക് സഞ്ചരിച്ചു ...

അനി പത്താം ക്ലാസ്സ് പരിക്ഷ എഴുതി ഇരിക്കുന്ന കാലം....

വെക്കേഷൻ ആയതു കൊണ്ട് അനി കാലത്തു വീട് വിട്ടു ഇറങ്ങിയാൽ രാത്രിയിലെ തിരിച്ചു വീട്ടിൽ കയറുക ഒള്ളു.. അത്രയും നേരം ക്രിക്കറ്റും, കൂട്ടുകാരും ഒന്നിച്ചു മീൻ പിടിക്കലും .. കടവിലെ തോണിയിൽ കയറി പുഴയുടെ ഭംഗി ആസ്വദിക്കലും, മാങ്ങാ പറിക്കലും.. അങ്ങനെ കുറെ കാര്യങ്ങൾ ചെയ്തു പോയിരുന്നു.... അന്നും അനിക്കു കൂട്ട് അഭി ആയിരുന്നു ... ഉച്ചക്കാലത്തെ ഭക്ഷണവും അഭിയുടെ വീട്ടിൽ നിന്നും ആയിരുന്നു...

അങ്ങനെ ഒരു ദിവസം ... കളി ഒക്കെ കഴിഞ്ഞു വൈകുന്നേരം അനിയും അഭിയും കൂടി അഭിയുടെ വീട്ടിലേക്ക് ചെന്നു...

കളി കഴിഞ്ഞ ഷീണത്തിൽ അനി ആ ഊഞ്ഞാലിൽ കയറി അടികൊണ്ടിരുന്നു....

അന്ന് കല്ലെറിഞ്ഞു കിട്ടിയ മൂവാണ്ടൻ മാങ്ങയും ചെറിയ പത്രത്തിൽ കുറച്ചു ഉപ്പും മുളക്കുപൊടിയും ആയി അഭി അവന്റെ അടുത്ത് ഒരു കല്ലിൽ വന്നിരുന്നു... എന്നിട്ട് ഒരു മാങ്ങാ അനിക്കും കൊടുത്തു...

"ഡാ നിയറിഞ്ഞോ? "

മാങ്ങാ തിന്നുനനിടയിൽ അഭി പറഞ്ഞു..

"എന്ത്? "

അനി മാങ്ങാ ആ പൊടിയിൽ മുക്കി ഒരു കടി കടിച്ചോണ്ട് ചോദിച്ചു...

"ദേ അപ്പുറത്തെ ബംഗ്ലാവിൽ താമസക്കാർ വന്നു , നാളെ ആണ് അവിടത്തെ വീട് പാർപ്പ്.."

അഭിയുടെ വീടിനു സൈഡിൽ ആയിട്ടുള്ള പണി കഴിഞ്ഞു കിടക്കുന്നു പടുകൂറ്റൻ ബംഗ്ലാവിലേക്ക് കൈ ചൂണ്ടി അഭി പറഞ്ഞു...

അതു കേട്ടപ്പോൾ അനിയുടെ മിഴികൾ ആ ബംഗ്ലാവിലേക്ക് പോയി....

"ങേ... ഇതിന്റെ പണി ഒക്കെ കഴിഞ്ഞോ "

ഇളം റോസ് കളറിൽ നല്ല മിന്നി തിളങ്ങുന്ന ആ വീടിന്റെ ഭംഗി ആസ്വദിച്ചു കൊണ്ട് അനി ചോദിച്ചു..

"പിന്നെ.... പണിയും കഴിഞ്ഞു ഇന്നലെ താമസക്കാരും എത്തി... അവിടത്തെ പാർപ്പും ക്ഷണിച്ചു... "

അഭി ഊണത്തിൽ പറഞ്ഞു...

"ആണോ , ഞാൻ അറിഞ്ഞില്ല"

"ഉം.. നീ വരുന്നില്ലേ ... നാളെ?? "

"ഹേയ് ഞാനൊന്നില്ല.. "

"വാടാ , നീയും കൂടി വന്നാൽ എനിക്ക് ഒരു കൂട്ടവും.. പിന്നെ.. അവിടെ നാളെ ബിരിയാണി ആണ് ,, "

അഭി കള്ളച്ചിരിയോടെ പറഞ്ഞു...

അനിയുടെ കുടുംബവും അഭിയുടെ കുടുംബവും വളരെ താഴെ തട്ടിൽ ആയതു കൊണ്ടും അവരുടെ അച്ഛമാർക്ക് കൂലി പണി എടുത്തു കിട്ടുന്ന പൈസ ഒന്നിനും

തികയാത്തത് കൊണ്ടും ബിരിയാണി എന്നൊക്കെ പറയുനത് സ്വപ്നം കാണാൻ മാത്രം പറ്റുന്ന വിഭവം ആയതു കൊണ്ടും അനി കള്ളച്ചിരിയോടെ അഭിയ്‌ക്കൊപ്പം വരാം എന്നു പറഞ്ഞു....

"ബിരിയാണി എന്നു കേട്ടപ്പോൾ മയങ്ങി അല്ലേടാ.... "

അഭി പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞപോൾ അനി അഭിക്ക് ചെറു പുഞ്ചിരി സമ്മാനിച്ചു....

വീണ്ടും അവർ അവിടെ ഇരുന്നു മാങ്ങാ കഴിക്കൽ തുടർന്ന്...

അനി പതിയെ മാങ്ങയും കടിച്ചു ... നാളത്തെ ബിരിയാണിയും സ്വപ്നം കണ്ടുകൊണ്ട് ഊഞ്ഞാലിൽ കയറി നിന്നു കൊണ്ട് ആടുമ്പോൾ ആണ് അനിയുടെ മിഴികൾ നേരെ കാണുന്ന ആ ബംഗ്ലാവിന്റെ ബാൽക്കണി യിലേക്ക് ഒന്നു ചലിച്ചത്..

അവിടത്തെ കാഴ്ച കണ്ടു അനിയുടെ ശരീരം ഒന്ന് നിശ്ചലം ആയി അവന്റെ കൈയിലെ മാങ്ങാ ഊർന്നു മണ്ണിലേക്ക് പതിച്ചു....

ഒരു ഓറഞ്ച് കളർ ബനിയനും ഇട്ടു ഒരു സുന്ദരി അവിടെ റോഡിലെ കാഴ്ചകളും കണ്ടു ബാൽക്കണിയിൽ നിൽക്കുന്നു...

അവൾ റോഡിലേക്ക് കണ്ണും നട്ടു നിൽക്കുന്നത് കൊണ്ട് അവളുടെ സൈഡ് വ്യൂ മാത്രമേ അനി ക്ക് കാണാൻ പറ്റുന്നുണ്ടായുള്ളു....

അനി ആ കുട്ടിയെ തന്നെ നോക്കി നിന്നു പോയി ....

പെട്ടന്ന് ആണ് ചെറിയൊരു കാറ്റ് ആ പാറിപ്പറന്നു കിടക്കുന്ന അവളുടെ ചെമ്പൻ മുടിയിഴകളിൽ തഴുകി തലോടി കടന്നു പോയത് .... ആ കുളിർകാറ്റിൽ അവളുടെ പാറിപ്പറന്ന മുടിയിഴകൾ അവളുടെ സ്വർണ്ണരോമങ്ങളാൽ തിളങ്ങുന്ന കൈകൊണ്ടു അവൾ പതിയെ വകഞ്ഞു മാറ്റി കൊണ്ടു അവളുടെ ചെവിയുടെ മുകളിലേക്ക് വെച്ചു....

അനിയുടെ മിഴികൾ അവളുടെ നനുത്ത രോമങ്ങളാൽ ഭംഗിയാർന്ന കഴുത്തിൽ പതിച്ചു ...

പെട്ടന്ന് എന്തോ ഉൾപ്രേരണയിൽ അവൾ അനിയുടെ ഭാഗത്തേക്ക് തിരിഞ്ഞു....

ഇംഗ്ലീഷ് സിനിമയിൽ ഓക്കേ കാണുന്ന നല്ല ഭംഗിയുള്ള പെൺകുട്ടികളുടേത് പോലുള്ള വെളുത്തു തുടുത്ത വട്ടമുഖം,ആ മുഖത്തിൽ
ബാർബി ഗേൾ ന്റെ തുപോലുള്ള നീല മിഴികളുംഅതിന്റെ ഭംഗി കൂട്ടുന്ന തരത്തിൽ ഉള്ള പുരികവും ചെറിയനെറ്റിത്തടവും ,,,ഭംഗിയാർന്ന ചെറു മൂക്കും, റോസ് നിറത്തിൽ ഉള്ള തുടുത്ത കവിളുകളും .. പാൽപുഞ്ചിരി വിടരുന്ന
ചെഞ്ചുണ്ടുകളും..ഇടതൂർന്നു കിടക്കുന്ന ചെമ്പൻ മുടിയും എല്ലാം അനിയുടെ മിഴികളിൽ തെളിഞ്ഞു നിന്നു....

അവളുടെ മിഴികളും അനിയുടെ മിഴികളും നേർക്കുനേർ കോർത്തപ്പോൾ അവളുടെ ചുണ്ടുകളിൽ ഒരു മന്ദസ്മിതം വിരിഞ്ഞു..... ഒപ്പം അനിയുടെ ചുണ്ടുകളിലും.....

അനിയുടെ കണ്ണുകളെ വിസ്മയിക്കുന്ന തരത്തിലുള്ള അവളുടെ രൂപ ഭംഗി കണ്ടു അനിയുടെ നെഞ്ചിൽ കിസ്മത്തിന്റെ ഒരു മിന്നൽ പ്രഹരം കടന്നു കൂടി...

അവളുടെ ചിരിയിൽ മയങ്ങി
അവളെ നോക്കി ഊഞ്ഞാൽ നിന്നുകൊണ്ട് അനി ആട്ടം തുടർന്നപ്പോൾ .... അനിയുടെ കാലുകൾ ചെറുതായി ബാലൻസ് തെറ്റി ഊഞ്ഞാലിൽ നിന്നും അനി മണ്ണിലേക്ക് വീണു..അനിയുടെ മുഖം താഴത്ത് കിടന്ന കല്ലിൽ ഇടിച്ചു...

അതുകണ്ടു അവൾ പേടിച്ചു കൈകൾ കൊണ്ട് മുഖം പൊത്തി തലചെരിച്ചു ....

"ഡാ .... "
എന്നു വിളിച്ചു കൊണ്ട്
അഭി മണ്ണിൽ വീണു കിടക്കുന്ന അനിയെ പിടിച്ചു എഴുനേൽപ്പിച്ചപ്പോൾ അവന്റെ വായിൽ നിന്നും രക്തം ഒലിക്കുന്നുണ്ടായിരുന്നു....

"അയ്യോ ... ചോര... "

എന്നു പറഞ്ഞുകൊണ്ട് അഭി അനിയെ പിടിച്ചു താങ്ങി നിർത്തി..

മുഖം ഇടിച്ചത്തിന്റെ വേദനയിലീടയിലും അനിയുടെ കണ്ണുകൾ പാഞ്ഞത് മുഖം പൊത്തി നിൽക്കുന്ന ആ സുന്ദരിയിലേക്ക് ആയിരുന്നു...

പതിയെ മുഖത്തു നിന്നും കൈകൾ മാറ്റി അവൾ അവനെ നോക്കിയപ്പോൾ ചോര ഒലിക്കുന്ന മുഖവും ആയി തനെ തന്നെ നോക്കി നിക്കുന്ന അവനെ ആയിരുന്നു... ആ ദൃശ്യം അവളുടെ മുഖത്തു വീണ്ടും ആ പാൽപുഞ്ചിരി വിടർത്തി ... ആ പുഞ്ചിരിക്ക് പകരം ആയി അവനും അവൾക്കു ഒരു ചെറു ചിരി സമ്മാനിച്ചപ്പോൾ അവളുടെ മുഖം സുന്ദരം ആയി വിടർന്നു ഒരു ഇളം റോസ് കളർ റോസാപ്പൂ വിരിയുന്നത് പോലെ.....

ആ പുഞ്ചിരിക്ക് ഒരുപാട് അർഥങ്ങൾ ഉണ്ടായിരുന്നു....

ആ ചെറുപുഞ്ചിരിയിലൂടെ
അവരുടെ രണ്ടുപേരുടെയും ഹൃദയത്തിൽ ആദ്യം ആയി വിരിഞ്ഞ ചെമ്പനീർ പൂവിന്റെ ഗന്ധം അവിടേം ആകെ പടർന്നു ..........

"ഹേയ് ... ഇതെന്താ..... പ്രണയനായകൻ ഇവിടെ ഇരിക്കുന്നത്.. പഴയ കാമുകിയെ നോക്കിയാണോ... "

ചിരിച്ചുകൊണ്ടുള്ള സ്വപ്ന യുടെ കിളിമൊഴി അനിയുടെ കാതുകളിൽ അലയടിച്ചപ്പോൾ

അനി പതിയെ മിഴി തുറന്നു...

അനിയുടെ മിഴികൾ തെളിഞ്ഞു നിന്നിരുന്ന ആ സുന്ദരിയുടെ മുഖവും ഭംഗിയാർന്ന ആ ബാൽക്കണിയും , ഭംഗിയാർന്ന ആ വീടും എല്ലാം ഒരു നിമിഷം കൊണ്ട് മാഞ്ഞു പോയി .... പകരം നിറം മങ്ങിയ ആ ബംഗ്ലാവും വള്ളികൾ പടർന്നു കയറിയ നിലയിൽ ഉള്ള അവിടത്തെ ബാൽക്കണിയും,,..

അനിയുടെ മിഴിയറിയാതെ നിറഞ്ഞു.......

"ഹഹ ഇവിടെ ഇരുന്നു കരയുക ആണോ .... "

സ്വപ്ന അനിയുടെ മുന്നിൽ വന്നു അനിയുടെ കണ്ണിൽ വെള്ളം തളം കെട്ടി കിടക്കുന്നത് കണ്ടു സ്വപ്ന ചോദിച്ചു ...

"ഹേയ് .... ഒരു കരട് പോയതാ "

അനി കണ്ണുകൾ തിരുമി കൊണ്ട് ആ ഊഞ്ഞാലിൽ നിന്നും എഴുനേറ്റു...

"നിന്റെ കണ്ണിൽ അല്ല ചെക്കാ കരട് .... മറിച്ചു നിന്റെ മനസ്സിൽ ആണ് ..... ഒരിക്കലും മാറാത്ത കരട്... ""താര" "" എന്ന സുന്ദരി യുടെ കരട്.... "

അതു കേട്ടപ്പോൾ അനി കണ്ണീരിൽ കുതിർന്ന ചെറു ചിരി സമ്മാനിച്ചു സ്വപ്നക്ക്......

"ഡാ ചെക്കാ..... നീ അതൊന്നും മറന്നിട്ടില്ലേ ഇത്രയും നാൾ ആയിട്ടും.... "

"അങ്ങനെ പെട്ടന്ന് മറക്കാൻ പറ്റുന്ന ഒന്നല്ല ആദ്യമായി മനസ്സിൽ കയറി കൂടിയ പെണ്ണിന്റെ മുഖം .... എത്രയൊക്കെ മറക്കാൻ ശ്രമിച്ചാലും ചെറു നോവായി ഓർമ്മയിൽ തെളിഞ്ഞു വരും ആ മുഖം.... "

"ഉം..... കഴിഞ്ഞത് കഴിഞ്ഞു ഇനി നീ നിനക്ക് വേണ്ടി കതിർമണ്ഡപത്തിലേക്ക് ഒരുങ്ങി അടുക്കുന്ന നന്ദനയെ കുറിച്ച് മാത്രം ഓർക്കുക അപ്പൊ പഴയത് ഓക്കേ ഒരു പൂവിതളായി മനസ്സിൽ നിന്നും കൊഴിഞ്ഞു പൊയ്ക്കൊള്ളും... "

സ്വപ്ന യുടെ വാക്കുകൾ അനിയുടെ മനസ്സിൽ പതിഞ്ഞു....

"ഉം..ശരി.... എന്റെ ചങ്കത്തി പറഞ്ഞതല്ലേ അനുസരിക്കാം ... ""

സ്വപ്നയോട് അനി പറഞ്ഞു...

"ശരി പ്രണയനായകാ ....."

അനിയെ കളിയാക്കി കൊണ്ട് സ്വപ്ന പറഞ്ഞു...

"ഡി.... "

എന്നു വിളിച്ചു അനി സ്വപ്നയെ തല്ലാൻ ഓങ്ങിയപ്പോൾ... സ്വപ്ന അനിയെ വെട്ടിച്ചു മുന്നോട്ട് കുതിച്ചു ... വീടിന്റെ വരാന്തയിലേക്ക് കയറി....

"ഡാ ചെക്കാ വന്ന കാര്യം പറയാൻ മറന്നു .... ചായ എടുത്തു വെച്ചിട്ടുണ്ട് വന്നു കുടിക്കു..."

സ്വപ്ന അതു പറഞ്ഞപോൾ അനി "ആ ദേ വരുന്നു " എന്നു പറഞ്ഞു ഒരുവട്ടം കൂടി ആ ബാൽക്കണിയിലേക്ക് തിരിഞ്ഞു നോക്കി കൊണ്ട് സ്വപ്നയുടെ പുറകെ ആ വീടിനുള്ളിലേക്ക് കടന്നു....

അവിടത്തെ സൽക്കാരം കഴിഞ്ഞപ്പോൾ അനിയും സജിയും പ്രിയമോളും അവരോടു യാത്ര പറഞ്ഞു അവിടെന്നു ഇറങ്ങി....

""ഡാ നിയിത് എവിടെയാ... ഞങ്ങൾ കുറെ നേരം ആയി കാത്തിരിക്കുന്നു..... ഇവിടെ എല്ലാം സെറ്റ് ആണ്.. ""

രാത്രി എട്ടുമണി നേരത്ത് അഭിയുടെ ശബ്ദം അനി ഫോണിലൂടെ കേട്ടു...

"ഡാ ഇപ്പോ വരാം,,സജി ഏട്ടൻ ഫ്രീ ആയാൽ അപ്പോ തന്നെ ഇറങ്ങാം.. "

അനി അഭിയോട് ഫോണിലൂടെ തിരിച്ചു പറഞ്ഞു...

"ഉം ശരി,, അധികം വൈകതെ നോക്കിക്കോ ,, വൈകിയാൽ ചിലപ്പോൾ നിങ്ങൾ വരുമ്പോൾ ഒന്നും ബാക്കി കാണില്ല ഞങ്ങൾ അടിച്ചു തീർത്തിട്ടുണ്ടാകും ഹിഹി .. "

"ഇപ്പ തന്നെ ഇറങ്ങാം... "

അനി അതും പറഞ്ഞു ഫോൺ വെച്ച്...

"ഈ സജിയേട്ടൻ എവിടെ പോയി കിടക്കുക ആണ്... "

അനി പിറുപിറത്തു കൊണ്ടു മുകളിലത്തെ അനിയുടെ റൂമിൽ നിന്നും താഴേക്കു ഇറങ്ങി... അവിടെ എല്ലാവരും നാളെത്തേക്ക് ഉള്ള പരിപാടി കളിൽ ആയിരുന്നു ..എല്ലാവരും ഒത്തു ചേർന്നപ്പോൾ ഉള്ള അടുക്കള സംസാരം.. അങ്ങനെ എല്ലാവരും ഓരോരോ കാര്യങ്ങളിൽ പെട്ടിരിക്കുന്നു..

"ലെച്ചു ... ഈ സജി ഏട്ടൻ എവിടെ പോയിരിക്കുക? "

ഹാളിൽ വെച്ച് ലെച്ചുവിനെ കണ്ടപ്പോൾ അനി അവളോട് ചോദിച്ചു...

"ആ അറിയില്ല ഏട്ടാ.. ചേച്ചിയോട് ചോദിച്ചു നോക്ക് "

അതു കേട്ടപ്പോൾ അനി അനിത യെ അന്വേഷിച്ചു റൂമിലേക്ക് നടക്കാൻ തുടങ്ങവേ സജി പുറത്തു നിന്നും ഹാളിലേക്ക് വന്നു ....

"ഇതു എവിടെ പോയി കിടക്കുക ആയിരുന്നു സജിയേട്ടാ... "

"ഞാൻ ഒന്ന് ടൌൺ വരെ പോയതാ ,, നാളത്തേക്ക് വേണ്ട ചില സാധനങ്ങൾ വാങ്ങാൻ... "

"ഉം... അതെ അഭി യും അവരും അവിടെ കാത്തിരിക്കാൻ തുടങ്ങിയിട്ട് കുറച്ചു നേരം ആയി... "

"എല്ലാം സെറ്റ് ആണോ "

"അതൊക്കെ സെറ്റ് ആണ് , വാ. പോകാം "

"ഡാ ഒരു മിനിറ്റ് ഞാൻ ഈ ഡ്രസ്സ് മാറിയിട്ട് വരാം "

സജി അതും പറഞ്ഞു റൂമിലേക്ക് പോയി..

"ഡാ.. ചേട്ടന് അധികം കൊടുക്കേണ്ടട്ടോ.. , "

അവരുടെ സംസാരം കേട്ടു നിന്ന ചേച്ചി പറഞ്ഞു..

"ഇല്ല ചേച്ചി, ഇതു ചെറിയൊരു സൽക്കാരം അല്ലെ.. "

"ഉം ശെരി "

അതും പറഞ്ഞു അനിത അടുക്കളയിലേക്ക് പോയി..

"ലെച്ചു..... "

ഹാളിലുടെ പോകുക ആയിരുന്ന ലെച്ചുവിനെ അനി വിളിച്ചു...

"എന്താ ഏട്ടാ... "

"ഡി ഇതു അച്ഛനു കൊടുത്തേക്ക് ,, പിന്നെ മാമന്മാർക് വേണ്ടത് ടെറസിൽ സെറ്റ് ചെയ്തിട്ടുണ്ട് എന്നു പറഞ്ഞേക്ക്... "

അനി ഒരു കവർ ലെച്ചുവിനെ ഏല്പിച്ചു കൊണ്ട് പറഞ്ഞു...

"ശരി ഏട്ടാ... അപ്പോ ഇന്നു എല്ലാവരും വള്ളം കളി ആണല്ലേ... "

ലെച്ചു ചിരിച്ചുകൊണ്ട് അതു പറഞ്ഞപോൾ അനി ലെച്ചുവിന് ചെറു ചിരി സമ്മാനിച്ചു...

""ഡാ .. പോകാം. "

കുറച്ചു കഴിഞ്ഞപ്പോൾ സജി റെഡി ആയി വന്നു അനിയോട് പറഞ്ഞു...

അവർ രണ്ടുപേരും വീട്ടിൽ നിന്നും കാർ എടുത്ത് ഇറങ്ങി....

കുറച്ചു സമയത്തിനുള്ളിൽ അഭി പറഞ്ഞ സ്ഥലത്തു അവർ എത്തി ചേർന്നു...

ഒരു വലിയ മതില്കെട്ടും അതിനുള്ളിൽ ഒരു പണി തീരാത്ത വീടും. ആ വീടിനു സൈഡിൽ ആയി പുഴയോരത്തത്തോട് ചേർന്ന് അഭിയും ഫ്രണ്ട്സും വിറകു കൂട്ടി കത്തിച്ച തീ ക്കു ചുറ്റും ഇരിയ്ക്കുന്നു...

അനി അവരുടെ കുറച്ചു അടുത്തായി കാർ കൊണ്ട് നിർത്തി...

അനി യും സജിയും കാറിൽ നിന്നും ഇറങ്ങി അവരുടെ അടുത്തേക്ക് ചെന്ന് ...

"ഡാ തുടങ്ങിയല്ലേ... "

"പിന്നെ ഇതു മുന്നിൽ വെച്ച് കൊണ്ടു എത്ര നേരം കാത്തിരിക്കും ഞങ്ങൾ . "

അഭി കുപ്പി പൊക്കി കാണിച്ചു കൊണ്ടു പറഞ്ഞു....

"ഉം ശെരി.... "

പിന്നിട് അനി അവിടെയുള്ള എല്ലാവരും ആയി സംസാരിച്ചു അവരുടെ കൂടെ ഇരുന്നു..

"അനി ... ഇതു നീ വന്നതിന്റെ ചിലവ് മാത്രം ആയുള്ളൂ.. കാർ എടുത്തതിന്റെയും കല്യാണത്തിന്റെയും വേറെ വേണം ... "

അതിലൊരു ഫ്രണ്ട് പറഞ്ഞപ്പോൾ

"അതൊക്കെ നമുക്ക് ശെരി ആക്കാം ഡാ... "

എന്നു അനി പറഞ്ഞു...

"ഡാ നീ അടിക്കുന്നില്ലേ... "

വെറുതെ മിച്ചറും കോറിച്ചു കൊണ്ടിരിക്കുന്ന അനിയെ കണ്ടപ്പോൾ ഒരു കൂട്ടുകാരൻ ചോദിച്ചു...

"ഹേയ് ഇല്ല ... നിങ്ങൾ അടിച്ചോ.. "

അനി പറഞ്ഞു..

"അതെന്താ നീ അടി നിർത്തിയോ.. "

ആ കൂട്ടുകാരൻ തിരിച്ചു ചോദിച്ചപോൾ

"ഹഹ ... എടാ അവന്റെ പെണ്ണുപിള്ളക്ക് കുടിക്കുന്നത് ഇഷ്ടം അല്ല എന്നു...അതുകൊണ്ട് അവൻ നിർത്തി... "

അഭി അനിയെ കളിയാക്കുന്ന രീതിയിൽ പറഞ്ഞു...

"ഹിഹി.. കല്യാണത്തിന് മുൻപേ പെൺകോന്തൻ ആയോടാ.. "

അതിലൊരുത്തൻ പറഞ്ഞു..

"ഹേയ് ഇല്ലെടാ .. ഇന്നലെ കുറച്ചു ഓവർ ആയി അതുകൊണ്ട് ഇന്നെന്തോ മടുപ്പ്... "

അനി പറഞ്ഞു..

""""ഉവ്വേ ഉവ്വേ.. ""

അവർ എല്ലാവരും അനിയെ കളിയാക്കി ...

അങ്ങനെ അവരുടെ മദ്യസൽക്കാരം നടക്കുനതിനിടയിൽ അനിയുടെ മൊബൈൽ ശബ്ദിച്ചു...

അനി എടുത്തു നോക്കിയപ്പോൾ നന്ദന യുടെ വാട്സാപ്പ് മെസ്സേജ്...

അവൻ അതു തുറന്നു നോക്കി, അവൻ കാലത്തു നാട്ടിൽ എത്തി എന്നു പറഞ്ഞു അയച്ച മെസ്സേജിനെ മെൻഷൻ ചെയ്തു റിപ്ലൈ വന്നത് ഇപ്പൊ ആയിരുന്നു അതും പുഞ്ചിരിക്കുന്ന സ്മൈലി...

അവളെ ഒന്ന് വിളിച്ചാലോ... അനി ആലോചിച്ചു.... നാട്ടിൽ വന്നിട്ട് വിളിച്ചില്ലല്ലോ ഒന്ന് വിളിച്ചു നോക്കാം...

"ഞാൻ ഇപ്പോ വരാട്ടോ "

അനി അതും പറഞ്ഞു ഫോണും എടുത്ത് കാറിന്റെ അടുത്തേക്ക് നടക്കാൻ തുടങ്ങി..

"ഓഹ് ആശാന്റെ പ്രിയതമേ വിളിക്കാൻ നേരം ആയി കാണും അല്ലേടാ അഭിയെ.... "

അതിലൊരുത്തൻ ചിരിച്ചു കൊണ്ട് അങ്ങനെ പറഞ്ഞപോൾ എല്ലാവരും അനിയെ നോക്കി ചിരിച്ചു...

അനി ഒരു ചെറു ചിരി അവർക്ക് സമ്മാനിച്ചിട്ട് ...

കാറിന്റെ അടുത്തേക്ക് നടന്നു...

കാറിന്റെ ഡോർ മലർക്കെ തുറന്നു ഇട്ടിട്ടു അനി ഡ്രൈവിംഗ് സീറ്റിൽ കയറി ചാരി കിടന്നു... എന്നിട്ട് ഫോൺ എടുത്ത് നന്ദന യുടെ നമ്പർ ഡയൽ ചെയ്തു....

".ഹലോ ...നന്ദന... ഞാനാ.. "

"ഉം... "

"തിരക്കിൽ ആണോ ഇപ്പൊ "

"ഉം ... കുറച്ചു... ചേട്ടൻ പറഞ്ഞോ.. "

"ഞാൻ ആ മെസ്സേജ് കണ്ടപ്പോൾ തന്നെ ഒന്ന് വിളിക്കണം എന്നു തോന്നി അതാ വിളിച്ചത് ..പിന്നെ എങ്ങനെ നാളത്തെക്കുള്ള ഒരുക്കങ്ങൾ ഒക്കെ പൂർത്തിയായോ? "

""ഉം... കുറച്ചേ കഴിഞ്ഞു വരുന്നു... "

"ഇന്ന് ഞാൻ വന്നിരുന്നു... അവിടെ.. "

"ഉം ... അച്ഛൻ പറഞ്ഞു.. "

"ഉം...തന്റെ വീട്ടുകാരെ ഓക്കേ പരിചയപെട്ടു... എനിക്ക് ഇഷ്ടായിട്ടോ ... "

"ചേട്ടാ ഒരു മിനിറ്റ് ഇപ്പോ വരാം .. അമ്മ വിളിക്കുനുണ്ട് .... "

"ഓക്കേ... എന്നാ പിന്നെ നാളെ കാണാം.... "

അനി അതും പറഞ്ഞു കാൾ കട്ട് ചെയ്തു....

""അവൾക്കു തന്നോട് സംസാരിക്കാൻ ഇഷ്ടം അല്ലെ എപ്പോ വിളിച്ചാലും ഇതുപോലെ വേഗം വെച്ചിട്ട് പോവുമല്ലോ... """
അനി സീറ്റിൽ ചാരിയിരിക്കുമ്പോൾ അനിയുടെ മനസ്സിൽ ചിന്തകൾ ഉടലെടുത്തു....

""ഹേയ് ഒഴിവാക്കുന്നത് ഒന്നും അല്ലായിരിക്കും തിരിക്കിൽ ആയിരിക്കും പാവം.... """

അനിയുടെ മനസ്സ് മന്ത്രിച്ചു...

""ഓഹ് .. പ്രിയതമയും ആയിട്ടുള്ള സൊള്ളൽ ഇത്ര വേഗം കഴിഞ്ഞോ... """

കാറിന്റെ ഇടതു ഭാഗത്തെ ഡോർ തുറന്നു അകത്തേക്ക് കയറിയ അഭി അനിയോട് ചോദിച്ചു...

""ഓഹ് അതൊക്കെ എപ്പോഴേ കഴിഞ്ഞു.... "

"ഉം... "

അനി വണ്ടിയുടെ മ്യൂസിക് സിസ്റ്റം ഓൺ ചെയ്തു സ്ലോ മോഡൽ പഴയ നല്ല പ്രണയഗാനങ്ങൾ പ്ലേ ചെയ്തു...

അതു കേട്ടു രണ്ടുപേരും പതിയെ സീറ്റിലേക്ക് ചാരി കിടന്നു...

"അനി. ഡാ... ഈ പാട്ടുകൾ കേൾക്കുമ്പോൾ എനിക്ക് നമ്മുടെ പഴയ കുട്ടികാലം ഓർമ വരുമെടാ... എന്തോ ആ കാലത്തിലേക്ക് പോകാനായി തോന്നും... എന്ത് രസം ആയിരുന്നല്ലേ....അന്നൊക്കെ.. "

"ഉം... ശെരിയാ... നമ്മുടെ സ്കൂൾ കോളേജ് ജീവിതം മറക്കാൻ പറ്റാത്ത ഒരുപാട് നൊമ്പരങ്ങൾ സമ്മാനിച്ചിട്ടുണ്ട്.... "

"ഉം ശെരിയാ... എല്ലാം ഇന്നലെ കഴിഞ്ഞ പോലെ.... തോനുന്നു..."

"ഉം... "

"അനി ..."

"ഉം പറ... "

"ഡാ ... നീ അവളെ ഇപ്പോ ഓർക്കാറുണ്ടോ.?...""

"ആരെ?? "

"താര യെ... "

അഭി അതു പറഞ്ഞപ്പോൾ എന്തോ അനിയുടെ മനസ്സിൽ ഒരു നോവ് കടന്നു വന്നു .... ആ പേര് കേൾക്കുമ്പോൾ ഒക്കെ അനി ക്ക് ഉണ്ടാകുന്ന നൊമ്പരത്തിന്റെ നോവ്...

"അങ്ങനെ ചോദിച്ചാൽ.... ഇടക്ക് ഒക്കെ മനസ്സിൽ വരും നമ്മൾ അറിയാതെ .... പെട്ടന്ന് ഒന്നും എന്റെ മനസ്സിൽ നിന്നും മാഞ്ഞു പോകുന്നത് അല്ലല്ലോ അവളുടെ പേരും രൂപവും ഒക്കെ.... "

"ഉം... നിയറിഞ്ഞോ എന്നു അറിയില്ല ... നിന്നോട് ഞാൻ പറഞ്ഞിട്ടില്ല ... രണ്ടു മാസം മുൻപ് താര വന്നിരുന്നു ഇവിടെ.... "

"ഹേ ... എന്നിട്ട്... "

അനി ആകാംഷ യോടെ ചോദിച്ചു....

"അവൾ വന്നത് എന്തിനാണെന്ന് വെച്ചാൽ ... ഇവിടുത്തെ അവളുടെ വീടില്ലേ അതു കച്ചോടം ആക്കാൻ ... '

"എന്നിട്ട്... "

"അവൾ അതിന്റെ പേപ്പർ വർക്കിനായി ആണ് വന്നത്... അവളുടെ പേരിൽ

ആയിരുന്നല്ലോ വീട്... "

"ഉം.. "

"പിന്നെ അവൾ എന്നെ കാണാൻ വന്നിരുന്നു... "

അതു കേട്ടപ്പോൾ അനി അഭിയുടെ മുഖത്തേക്ക് നോക്കി ഇരുന്നു അവന്റെ അടുത്ത വാക്കുകൾ കേൾക്കാൻ ആയി..

"ഒന്നുല്യാ .. പഴയ പരിചയം പുതുക്കാൻ വന്നതാ... ഇവിടത്തെ എല്ലാം വിറ്റ് അമേരിക്കയിൽ തന്നെ സെറ്റിൽ ആവുക ആണെന്ന് പറഞ്ഞു.... പിന്നെ ഇനി ഇങ്ങോട്ടേക്കു ഇല്ലന്നും.... "

"ഉം... "

അനിയുടെ മനസ് ഡെസ്പ് ആയതു ആ മൂളലിൽ നിന്നും അഭിക്ക് മനസ്സിൽ ആയി...

"ഡാ പിന്നെ ഒരു കാര്യം കൂടി അവൾ അന്വേഷിച്ചു... "

"എന്താ "

""അവൾ നിന്നെ കുറിച്ച് തിരക്കി.. "

"ഉം,, എന്നിട്ട്... '

""ഞാൻ നിന്റെ കാര്യങ്ങൾ ഓക്കേ പറഞ്ഞു... ബിസിനസ് ഉം മറ്റും നിന്റെ ഇപ്പോഴത്തെ നിലയെ കുറിച്ച് ഒക്കെ ... "

"ഉം... "

""നീ കല്യാണം കഴിച്ചിട്ടില്ല എന്നറിഞ്ഞപ്പോൾ അവളുടെ മുഖത്തു എന്തോ വിഷമം പോലെ എനിക്ക് തോന്നി.... അതു കണ്ടപ്പോൾ ഞാൻ അവളോട് പറഞ്ഞു.. അടുത്ത വരവിനു അവന്റെ വിവാഹം ഉണ്ടാകും എന്നു... അതു കേട്ടപ്പോൾ അവൾക്കു സന്തോഷം ആയി....""""അനി പാവം മാ ആരെയും ദ്രോഹിക്കാത്ത മനസ്സാ അവന്റെ.. അവന്റെ ആ മനസിനു ഇണങ്ങിയ നല്ലൊരു സുന്ദരി യെ അവനു

കൂട്ടായി ലഭിക്കും ... എന്റെ പാർത്ഥന അവനോടൊപ്പം എന്നും ഉണ്ടാകും...""". അവസാനം പോകാൻ നേരം അവൾ പറഞ്ഞു ... """

അഭി പറഞ്ഞു നിർത്തി....

""ഹഹ.... ആരെയും ദ്രോഹിക്കാത്ത മനസ്സ് അല്ലെ എന്റെ... അവളുടെ കണ്ടുപിടുത്തം കൊള്ളാം... ..... ജീവനുതുല്യം സ്നേഹിച്ചവളെ വഞ്ചിച്ചു വേദനിപ്പിച്ച എന്റെ മനസ്സ് നല്ലതാണോ??? ..... അവളെ ഞാൻ വഞ്ചിച്ചിട്ടും അവൾ പറയുന്നത് കേട്ടില്ലേ അനി പാവം ആണെന്ന്....എന്തിനാ ദൈവമേ എന്നെ കൊണ്ടു അന്ന് അങ്ങനെ ചെയിപ്പിച്ചേ.... ""അനിയുടെ വാക്കുകൾ ഇടറി അവന്റെ മിഴികൾ നിറഞ്ഞു ...

"""ഡാ... നീ വിഷമിക്കാതെ ഇരിക്കു...എല്ലാം കഴിഞ്ഞു പോയില്ലേ അല്ലെങ്കിലും നിന്റെ തെറ്റ് ഒന്നും അല്ലല്ലോ നീ അറിഞ്ഞോണ്ട് ആല്ല അന്നത്തെ സാഹചര്യത്തിൽ നിനക്ക് നിന്റെ വീട്ടുകാരോടൊപ്പം നില്ക്കേണ്ടി വന്നു ..."""

"ഉം .. എന്തൊക്കെ തടസ്സങ്ങൾ ഉണ്ടായാലും അവളെ പൊന്നുപോലെ നോക്കും എന്നു പറഞ്ഞ ഞാൻ അവളോട് ആ ചെയ്തത് വലിയ തെറ്റ് അല്ലെർന്നോ.... "

"ഡാ അതൊക്കെ പോട്ടെ എല്ലാം വിട് ... നാളെ നല്ലൊരു മംഗള കർമ്മം നടക്കാൻ പോവുകയാ നിന്നെ കാത്ത് ഒരു കൊച്ചു ഇരിക്കുന്നുണ്ട് ഇനിയുള്ള ജീവിതം അവൾക്കു വേണ്ടി ജീവിക്കു... പിന്നെ പഴയ കാര്യങ്ങൾ ഓക്കേ വിട്ടു കളാ... "

അഭി അനിയുടെ തോളിൽ കൈ വെച്ച് അവനെ ആശ്വസിപ്പിക്കുന്ന രീതിയിൽ പറഞ്ഞു...

"ഉം.... "

പിന്നിട് കുറച്ചു നേരം കൂടി അഭി അവിടെ ഇരുന്നു... കുറച്ചു കഴിഞ്ഞപ്പോൾ സജി ഏട്ടൻ വിളിച്ചപ്പോൾ അഭി എഴുന്നേറ്റു മദ്യസൽക്കാരത്തിന്റെ അടുത്തേക്ക് പോയി.... അനി സീറ്റ് നല്ലോണം ചെരിച്ചു അതിൽ ചാരി കിടന്നു...

അനിയുടെ മിഴികൾ പതിയെ അടഞ്ഞു.... വണ്ടിയിൽ മുഴുങ്ങി കേട്ട ഗാനം അനിയുടെ മനസ്സിനെ പഴയ കാലത്തിലേക്ക് കൂട്ടി കൊണ്ടു പോയി..........

"""അങ്ങനെ കുറച്ചേറെ വർഷങ്ങൾക്ക് മുൻപ്.... ""

""ഡാ നീ ഇതു വരെ എഴുന്നേറ്റില്ലേ "

മൂടി പുതച്ചു കിടക്കുന്ന അഭിയുടെ പുതപ്പ് മാറ്റി കൊണ്ടു അനി ചോദിച്ചു...

"എന്താടാ ഇത്ര രാവിലെ.. "

അഭി കണ്ണുകൾ തിരുമി കൊണ്ട് ചോദിച്ചു...

""രാവിലെയോ . ഒൻപതു മണി ആയെടാ... ""

""അത്രേ അല്ലെ ആയിട്ടൊള്ളു.. എനിക്ക് കുറച്ചു കൂടി ഉറങ്ങണം... "

അതും പറഞ്ഞു അഭി വീണ്ടും മൂടി പുതച്ചു കിടന്നു...

"ഡാ അപ്പോ നീ ഇന്ന് അപ്പുറത്തെ വീട്ടിലെ ഫങ്ക്ഷന് പോകുന്നില്ലേ... "

അനി കട്ടിലിൽ അവന്റെ സൈഡിൽ ഇരുന്നു കൊണ്ട് ചോദിച്ചു...

""ഓഹോ .. അതാണോ.. അനിമോൻ കാലത്തെ എഴുന്നുള്ളിയത്... "

മുഖത്തു നിന്നും കുറച്ചു പുതപ്പ് മാറ്റി കൊണ്ട് അഭി ചോദിച്ചു...

"ആ .. അതിനും പോകണം ,, നിന്നേം കാണാം എന്നു കരുതി... "

"എന്നെ കാണണോ???.. അതോ ഇന്നലെ കണ്ട കൊച്ചിനെ കാണാനോ??? "

"ഏത് കൊച്ച്???"

അനി അറിയാത്ത ഭാവത്തിൽ ചോദിച്ചു..

"ഓഹ് .. ഒന്നും അറിയാത്ത പാവം ... ഇന്നല്ലേ ആ കൊച്ചിനെ നോക്കിയിട്ട് അല്ലേടാ നീ ആ ഊഞ്ഞാലിൽ നിന്നും വീണത്... ""

അതു കേട്ടപ്പോൾ അനി ഒന്ന് ഞെട്ടി...

"അതു പിന്നെ..... നീ കണ്ടാർന്നുലെ... "

ചമ്മിയ മുഖത്തോടെ അനി ചോദിച്ചു...

"പിന്നെ കാണണ്ട് ... ഞാൻ കണ്ണുപൊട്ടൻ ഒന്നും അല്ലല്ലോ കാണാതെ ഇരിക്കാൻ "

"ഉം... "

അനി ഒന്ന് മൂളിയിട്ട് ജനലിൽ കൂടി പുറത്തേക്ക് നോക്കി ഇരുന്നു...

"ഡാ ,, കൊള്ളാട്ടോ കൊച്ച്,,"

അഭി അനിയോട് പറഞ്ഞു...

"ഉം... "

"അവിടത്തെ സാറിന്റെ മോള് ആണെന് തോനുന്നു.. ""

"ആയിരിക്കും... "

""ആ എന്തായാലും അങ്ങോട്ടേക്ക് പോകുനുണ്ടല്ലോ അപ്പോ കണ്ടുപിടിക്കാം... "

"ഉം... "

"നിന്റെ മുഖത്തെ തടിപ്പ് ഒക്കെ മാറിയോ... "

""ഇന്നലെ രാത്രിയിൽ ഉണ്ടായിരുന്നു .. ഭാഗ്യത്തിന് കാലത്തു എഴുന്നേറ്റപ്പോൾ ഇല്ല.. പക്ഷെ വായുടെ ഉള്ളിൽ കവിളിൽ തൊലി പോയിട്ടുണ്ട് അവിടെ ഒടുക്കത്തെ നീറ്റൽ ... "

"ഉം .. ശെരി... "

കുറച്ചു നേരം കഴിഞ്ഞു അഭി റെഡി ആയി വന്നു ... അഭിയും അനിയും കൂടി

നേരെ അപ്പുറത്തെ ഫങ്ക്ഷൻ നടക്കുന്ന വീട്ടിലേക്ക് വച്ചുപിടിച്ചു... അഭിയുടെ അച്ഛനും അമ്മയും നേരത്തെ അവിടേക്ക് പോയിരുന്നു...

അനിയും അഭിയും കൂടി ആ വീടിന്റെ ഗേറ്റ് കടന്നു ഉള്ളിലേക്ക് കയറി വിശാലമായ ഒരു പന്തൽ ആ വീടിനു മുൻപിൽ ആയി ഉണ്ടായിരുന്നു...

കുറെ ആൾക്കാർ അവിടെ ഇവിടെ ആയി സംസാരിച്ചു നിൽക്കുന്നുണ്ടായിരുന്നു ..

അവർ അവിടെ എത്തിയപോഴേക്കും ഗൃഹപ്രവേശന ചടങ്ങുകൾ അവസാനിച്ചിരുന്നു....

വീടിനു മുൻപിലും അകത്തും നിറച്ചും ആൾക്കാർ നിൽക്കുന്നത് കണ്ടപ്പോൾ അനിയും അഭിയും കൂടി പന്തലിന്റെ ഒരു സൈഡിൽ ആയി നില ഉറപ്പിച്ചു ...

അനി പന്തലിന്റെ ഒരു തൂണിൽ ചാരി നിന്നു .... ഇന്നലെ കണ്ട മാലാഖ യെ തേടി അവന്റെ മിഴികൾ അവിടെആകമാനം ഓടി നടന്നു....

അവിടെ ഒന്നും ആ മാലാഖ യെ അവന്റെ മിഴികൾക്ക് കണ്ടെത്താൻ സാധിച്ചില്ല....

വീടിനു അകത്തു കാണാൻ സാധ്യത ഉണ്ട് അകത്ത് പോയല്ലോ... അവിടെ ഒന്നും അവളെ കാണാതെ ആയപ്പോൾ അനി ഓർത്തു...

"അഭി നമുക്ക് വീടിന്റെ അകം ഒന്ന് കണ്ടിട്ട് വരാം... "

"ഹേയ് ഇപ്പോഴാ .... അവിടെ ഭയങ്കര തിരക്ക് ... നമുക്ക് കുറച്ചു കഴിഞ്ഞിട്ട് പോകാഡാ... "

ആ പ്രതീഷയും അസ്തമിച്ചപ്പോൾ അനി ഓരോന്നു ആലോചിച്ചു അവിടെ നിന്നു....

കുറച്ചു കഴിഞ്ഞപ്പോൾ രണ്ടു ഗ്ലാസ് വെൽക്കം ഡ്രിങ്ക് ആയി അഭി വന്നു ഒരു ഗ്ലാസ് അനിക്കും കൊടുത്തു...

അവർ രണ്ടുപേരും ഓരോന്ന് സംസാരിച്ചു അതും കുടിച്ചു നിൽക്കുമ്പോൾ ആണ് ... അനിയുടെ പുറകിൽ നിന്നും മധുരമായ ശബ്ദത്തിൽ ""എസ്ക്യൂസ് മീ ""എന്നു കേൾക്കുന്നത്....

അതുകേട്ടു തിരിഞ്ഞു നോക്കിയ അനി ഒരു നിമിഷം നിചലം ആയി പോയി....

അവന്റെ മിഴികൾ നേരത്തെ തേടി അലഞ്ഞ മാലാഖ ഒരു കരിം നീല കളർ പട്ടു പാവാട യും ബ്ലൗസും അണിഞ്ഞു കൈയിൽ ഒരു വലിയ ബെയ്സൻ നിറച്ചും അവിലും മലരും ആയി അവരുടെ മുൻപിൽ...

അനിയുടെ കണ്ണുകൾ അവളുടെ കണ്ണും ആയി ഉടക്കി .... അനിയെ കണ്ടപ്പോൾ അവളുടെ മുഖം വിടർന്നു ... ഒപ്പം ചെറു പുഞ്ചിരിയും.... അനിയും അവളും എത്ര നേരം അങ്ങനെ മുഖത്തോട് മുഖം നോക്കി നിന്നു എന്നു അറിയില്ല.... അഭിയുടെ കൈകൾ അനിയുടെ കൈയിൽ സ്പർശിച്ചപ്പോൾ ആണ് അനി ആ മായാലോകത്ത് നിന്നും പുറത്തു കടന്നത്..... അനി പെട്ടന്ന് അഭിയെ നോക്കിയപ്പോൾ അഭി ആ അവലും മലരും എടുക്കാൻ ആയി ആംഗ്യം കാണിച്ചു.... അഭി നേരത്തെ തന്നെ അതിൽ നിന്നും കുറച്ചു എടുത്ത് കൈയിൽ പിടിച്ചിരുന്നു....

അനിയുടെ നോട്ടം പിൻവലിഞ്ഞതോടെ അവൾ നാണിച്ചു തലതാഴ്ത്തി.... ഒപ്പം അനി ബെയ്സണിലേക്ക് കൈ നീട്ടുന്നത് കണ്ടപ്പോൾ അവൾ അനിയുടെ അടുത്തേക്ക് ബെയ്സൻ നീട്ടി .... അനി അതിൽ നിന്നും ഒരു പിടി എടുത്തിട്ട് അവൾക്കു ഒരു താങ്ക്സും പറഞ്ഞു....

അതു കേട്ട അവൾ മുത്തുകൾ പൊഴിയും പോലുള്ള ചിരി അനിക്ക് സമ്മാനിച്ചിട്ട് അവിടെ നിന്നും നടന്നു നീങ്ങി.... അനിയുടെ മിഴികളിൽ നിന്നും അവൾ മായുന്നത് വരെ അവൻ അവളെ നോക്കി കൊണ്ടിരുന്നു...

"ഡാ ... മതി നോക്കിത്... അവൾ പോയി... "

അഭിയുടെ ശബ്ദം അനിയെ വീണ്ടും മായാലോകത്ത് നിന്നും പുറത്തു എത്തിച്ചു....

കുറച്ചു നേരം കൂടി അവർ അവിടെ നിന്നിട്ട് തിരക്ക് കുറഞ്ഞു എന്നു കണ്ടപ്പോൾ ആ വീടിന്റെ ഉൾഭാഗം കാണാൻ ആയി ആ വീടിന്റെ അകത്തേക്ക് നടന്നു....

മനോഹരം ആയാ വലിയൊരു ബംഗ്ലാവ് ആയിരുന്നു അതു ..

അവർ രണ്ടുപേരും അവിടത്തെ സൊകെയ്സ് ഒക്കെ നോക്കി കാണുക ആയിരുന്നു അപ്പോഴാണ് അനിയുടെ കണ്ണിൽ ആ വീട്ടു ഉടമസ്ഥന്റെ ഫാമിലി ഫോട്ടോ കാണുന്നത് ... അതിൽ ഉടമസ്ഥനും ഭാര്യയുടെയും കൂടെ ആ മാലാഖയും ..... അപ്പോ അനി ഉറപ്പിച്ചു അവരുടെ മോള് ആണ് ആ പെൺകുട്ടി എന്നു..... പിന്നിട് അവിടെ കണ്ട ട്രോഫി കളിലും മെഡലുകളിലും അനിയുടെ മിഴികൾ ഓടി നടന്നു അതിൽ എല്ലാം ഒരു പേര് ആണ് ഉണ്ടായിരുന്നത്..
""""താര ജയകുമാർ """

അവർ രണ്ടു പേരും എല്ലാം നോക്കി കണ്ടിട്ട് പതിയെ മുകളിലേക്ക് കയറി.... കുറെ ആൾകാർ ഉണ്ടായിരുന്നു എങ്കിലും അനിയുടെ കണ്ണുകൾ തിരയുന്ന ആളെ മാത്രം കണ്ടില്ല....

അഭി അനിയെം കൂട്ടി ആ വീടിന്റെ ബാൽക്കണിയിലേക്ക് കയറി...

അവിടെ ആരും ഉണ്ടായിരുന്നില്ല ... അവർ രണ്ടുപേരും അവിടെ ഓക്കേ നോക്കി പുറത്തെ കാഴ്ച്ചകൾ കണ്ടു നിന്നു...

""നിങ്ങൾ,,,???? "

അനിയും അഭിയും അവിടെ നിൽക്കുന്നത് കണ്ട് ഒരു മദ്ധ്യവയസ്കൻ അവരുടെ അടുത്തേക്ക് വന്നു ചോദിച്ചു...

"ഞാൻ ദേ ആ വീട്ടിലെയാ... "

അഭി ആണ് അതിനു ഉത്തരം നൽകിയത് ....

"ഓഹ് ,,,, വേലായുധൻ ചേട്ടന്റെ മോൻ ആയിരുന്നല്ലേ..എന്നെ മനസ്സിൽ ആയോ ഞാൻ ജയകുമാർ ഞാൻ മോന്റെ വീട്ടിൽ വന്നിട്ടുണ്ടായിരുന്നു. ... "

"ഉം... അമ്മ പറഞ്ഞു സർ വന്നിരുന്നു എന്നു... "

"അയ്യോ... എന്നെ മോൻ അങ്കിൾ എന്നു വിളിച്ചാൽ മതി.... "

ഓക്കേ അങ്കിൾ... അങ്ങനെ അവർ തമ്മിൽ പരിചയപെട്ടു ....

"ആ ഇതാര...??? "

അവരുടെ സംസാരം നോക്കി നിൽക്കുന്ന അനിയെ നോക്കി ജയകുമാർ ചോദിച്ചു...

"ഇതെന്റെ കൂട്ടുകാരൻ ആണ് അങ്കിൾ... "

അഭി പറഞ്ഞു...

""ഓഹ്... എന്താ മോന്റെ പേര്.. "

""അനിൽ എന്നാണ് അങ്കിൾ... "

"മോൻ എന്ത് ചെയുന്നു...?? "

""പത്താം ക്ലാസ്സ് പരിക്ഷ എഴുതി ഇരിക്കുന്നു അങ്കിൾ... "

"ഓഹ് പത്താം ക്ളാസിൽ ആണോ .. ഞാൻ കരുതി പ്ലസ് ടു ഒകെ കഴിഞ്ഞു ഇരിക്കുക ആണെന്ന് കണ്ടാൽ പറയില്ലാട്ടോ.... ""

""അങ്കിൾ അവനു ആ പൊക്കം ഒക്കെ ഉണ്ടെന്നു ഒള്ളു പ്രായം എന്റെ സെയിം ആണ്.... "

അഭി പറഞ്ഞു...

അതു കേട്ടപ്പോൾ അനി ഒന്ന് മുഖത്തു ചിരി വരുത്തി...

പിന്നിട് ജയകുമാർ അനിയുടെ എല്ലാ കാര്യവും തിരക്കി... അച്ഛനു കൂലി പണി ആണ് തെങ്ങിന് തടം ഇടക്കും എന്നൊക്കെ പറഞ്ഞപ്പോൾ ഇവിടേം കുറച്ചു തെങ്ങിന് തടം എടുക്കാനും പിന്നെ കുറച്ചു വാഴ നടാനും ഉണ്ട് അച്ഛനു ഒഴിവുണ്ടെങ്കിൽ രണ്ടു ദിവസം കഴിഞ്ഞു വരാൻ പറയ് ....

അനിയോട് ജയകുമാർ പറഞ്ഞു..

അനി ഓക്കേ പറഞ്ഞു...

"""എന്നാ നിങ്ങൾ പോയി ഫുഡ് ഒക്കെ കഴിച്ചോളു .... ടെറസിനു മുകളിലും പിന്നെ താഴത്തും ഉണ്ട് പന്തൽ... "

ജയകുമാർ അതും പറഞ്ഞു അവിടെ നിന്നും പോകാൻ ഒരുങ്ങി....

"ശരി അങ്കിൾ.. "

പിന്നിട് അവർ കുറച്ചു ടൈം കൂടി അവിടെ ചിലവഴിച്ചിട്ടു .... ടെറസിനു മുകളിൽ ഉള്ള പന്തലിൽ പോയി ഫുഡ് കഴിച്ചു....

"അടിപൊളി ഫുഡ് ആല്ലേ ഡാ ""

ഫുഡ് ഒക്കെ കഴിച്ചു കൈകഴുകാൻ നിന്നപ്പോൾ അഭി അനിയോട് പറഞ്ഞു...

"ഉം .. അതെ "

അനി മറുപടി കൊടുത്തു ... അതു കഴിഞ്ഞു അവർ ഫുഡിന്റെ മഹിമ യെ കുറിച്ച് സംസാരിച്ചു കൊണ്ടു താഴേക്കു ഇറങ്ങുക ആയിരുന്നു ...അനി മുന്നിലും അഭി പുറകിലും ആയി സ്റ്റെപ് ഇറങ്ങുക ആയിരുന്നു... അപ്പോഴാണ് മുന്നിൽ പടികൾ കയറി വരുന്ന ആ മാലാഖ കുട്ടിയെ വീണ്ടും അനി കണ്ടു മുട്ടുന്നത് .... അവളെ കണ്ടപ്പോൾ അനി സഡൻ ബ്രേക്ക് ഇട്ട പോലെ അവിടെ നിന്നു...

പട്ടു പാവാട നിലത്തു ഉരയാതിരിക്കാൻ കൈകൾ കൊണ്ടു പാവാട കുറച്ചു പൊക്കി പിടിച്ചിട്ടു ആണ് അവൾ പടികൾ കയറി വന്നിരുന്നത്....സ്വർണ രോമംങ്ങളാൽ

നിറഞ്ഞ അവളുടെ കാലുകളിലെ സ്വർണ്ണപാദസരം അനിയുടെ കണ്ണുകളിൽ പതിഞ്ഞു... അനിയുടെ അടുത്ത് എത്തിയപ്പോൾ അവൾ മുഖം ഉയർത്തി നോക്കി പെട്ടന് അനിയെ മുൻപിൽ കണ്ടപ്പോൾ അവളുടെ മുഖം പൂർണചന്ദ്രൻ ഉദിക്കണ പോലെ വിടർന്നു .. ഒരു ചെറു ചിരിയും അവളുടെ മുഖത്തു
മിനി മറഞ്ഞു.....

അവൾ ആ ചിരിയോടെ അനിയുടെ മുഖത്തു നോക്കി കൊണ്ട് പടികൾ കയറി..... അനിയെ കവർ ചെയ്തു മുകളിലെ സ്റ്റെപ്പിൽ കാൽ എടുത്തു വെച്ചതും....

""താര എന്നാണല്ലേ പേര്.... "

അനിയുടെ ശബ്ദം അവളുടെ കാതുകളിൽ പതിഞ്ഞു...

അവൾ ഒന്ന് തിരിഞ്ഞു അനിയുടെ മുഖത്തേക്ക് നോക്കി...

""മം..... "

അവൾ ചെറുതായി മൂളി....

അതു കേട്ടപ്പോൾ അനി ചെറു ചിരി അവൾക്കായി സമ്മാനിച്ചു....

"പേര് എങ്ങനെ മനസ്സിൽ ആയി ""

എന്നവൾ ആംഗ്യം കാണിച്ചു ചോദിച്ചപ്പോൾ അനി പറഞ്ഞു ആ ട്രോഫികളിൽ തന്റെ പേര് കണ്ടു എന്നും പിന്നെ ഫാമിലി ഫോട്ടോയും കണ്ടു എന്നു ....

അവളുടെ മുഖത്തും ചെറു ചിരി പ്രത്യക്ഷപെട്ടു...

"""അവൾ കവിളിൽ കൈവെച്ചു എങ്ങനെ ഉണ്ട് ഇപ്പോൾ എന്നു ചോദിച്ചപ്പോൾ എന്താ കാര്യം എന്നു മനസ്സിൽ ആയില്ല എന്ന് അനി തിരിച്ചു ആംഗ്യം കാണിച്ചു...

"ഇന്നലെ... അവിടെ വെച്ച്..ചേട്ടായി... """

അവളുടെ കിളിമൊഴി അനിയുടെ കാതുകളിൽ പതിച്ചു...

"ഓഹ് അതോ... അതു കൊഴപ്പം ഇല്ല ,,, കവിളിൽ ചെറിയൊരു മുറിവ് അത്രേം ഒള്ളു.... "

അനി പറഞ്ഞപ്പോൾ അവൾ ചിരിച്ചു കൊണ്ടു തല ആട്ടി...

"താര... "

എന്നു ഉറക്കെ ഉള്ള വിളി കേട്ടപ്പോൾ """അമ്മ വിളിക്കുന്നു ഞാൻ പോട്ടെ "" എന്നു പറഞ്ഞവൾ അനിക്കു ഒരു പാൽപുഞ്ചിരി സമ്മാനിച്ചിട്ട് വേഗം മുകളിലേക്ക് കയറി പോയി.....

ആ ചിരി അനിയുടെ നെഞ്ചിൽ ആണ് പതിച്ചത് .... അനി ആ മായാലോകത്ത് പെട്ടു പോയി....

അന്ന് അവിടെന്നു പോന്നു വീട്ടിൽ വന്നിട്ടും അനി ക്ക് ആ ചിരി മറക്കാൻ പറ്റിയില്ല.... കണ്ണടക്കുമ്പോൾ അവളുടെ ചിരിച്ചുകൊണ്ടുള്ള മുഖം അനിയെ ശല്യപ്പെടുത്തി കൊണ്ടിരുന്നു....ഉറക്കം അനിയെ വിട്ടു എങ്ങോ പോയി...

അങ്ങനെ പിറ്റേ ദിവസം വൈകിട്ടു വേഗം ക്രിക്കറ്റ് ഒക്കെ നിർത്തി അനി അഭിയുടെ വീട്ടിൽ ൽ ഉള്ള ഊഞ്ഞാലിൽ വന്നിരുന്നു... താര യെ കാണുക എന്നുള്ള ഒറ്റ ലക്ഷ്യം ഉണ്ടായിരുന്നോള്ളൂ അവനു...

അവന്റെ ആഗ്രഹം സാധിച്ചു അവൾ ആ ബാൽക്കണിയിൽ വന്നു കുറച്ചു നേരം അവനെ നോക്കിയിട്ട് പുഞ്ചിരി സമ്മാനിച്ചു കൊണ്ട് അവൾ അകത്തേക്ക് പോയി ....

രണ്ടുമൂന്നു ദിവസം ഇതു തുടർന്നു ...

നാലം ദിവസം പത്താം ക്ലാസ്സ് റിസൾട്ട് വന്നു അനിക്ക് ഡിസ്റ്റിങ്ഷൻ ഉണ്ടായിരുന്നു.. അഭിക്ക് ഫസ്റ്റ് ക്ലാസും.... അന്നത്തെ ദിവസം അവർ സന്തോഷത്തിൽ ആയിരുന്നു.... വൈകിട്ടു ഈ കാര്യം അവളെ അറിയിക്കണം എന്നു വിചാരിച്ചു പക്ഷെ അന്ന് വൈകിട്ടു അവൾ ബാൽക്കണിയിൽ വന്നില്ല...

പിറ്റേന്ന് അച്ഛന്റെ കൂടെ അവളുടെ വീട്ടിലെ പണിക്കു പോകാൻ ഉള്ളത് കൊണ്ടു.. അവിടെ വെച്ച് കാണുമ്പോൾ പറയാം എന്നു വിചാരിച്ചു അനി അതുകൊണ്ട് അവളെ കാണാത്തതിൽവലിയ വിഷമം ഒന്നും തോന്നിയില്ല....പക്ഷെ എന്നാലും ചെറുതായി അവനു ഫീൽ ചെയ്തു അവളുടെ പുഞ്ചിരി കാണാത്തതിൽ.....

അങ്ങനെ പിറ്റേ ദിവസം ആകാൻ വേണ്ടി അനി എങ്ങനെ ഒക്കെ തിരിഞ്ഞു മറിഞ്ഞും കിടന്നു നേരം വെളുപ്പിച്ചു....

പിറ്റേന്ന് രാവിലെ തന്നെ അച്ഛന്റെ കൂടെ അവനും പോയി ജയകുമാർ അങ്കിളിന്റെ വീട്ടിലേക്ക്....

അങ്കിൾ അവരെ രണ്ടാളെയും വരവേറ്റു ... പിന്നെ പറമ്പിൽ ഉള്ള പണികൾ ഒക്കെ കുറിച്ച് എന്തൊക്കെ ചെയ്യണം എന്നു കാണിച്ചു കൊടുത്തു....

അനിയുടെ അച്ഛൻ അവിടെ കിളക്കലും തടമെടുക്കലും ഒക്കെ ആയി ചെയ്തു കൊണ്ടിരുന്നു അനി അച്ഛനെ ഓരോ ന്നു സഹായിച്ചും..... അവിടെ വന്നിട്ട് കുറച്ചു നേരം ആയിട്ടും താര യെ കണ്ടില്ല അതിൽ അനി ക്ക് ചെറിയൊരു വിഷമം

തോന്നി.... അവൾ പുറത്തോട്ടു എങ്ങാനും പോയോ..... അങ്കിളിനോട് ചോദിച്ചാലോ എന്നു വരെ ചിന്തിച്ചു അവൻ.....

കുറച്ചു കഴിഞ്ഞപ്പോൾ ജയകുമാർ വന്നു അവരുടെ പണി ഒക്കെ നോക്കി കണ്ടു....

""അനി .... നീ പത്താം ക്ലാസ്സ് ആയിരുന്നില്ലേ റിസൾട്ട് വന്നില്ലേ ""

ജയകുമാർ ചോദിച്ചു....

"ഉം... വന്നു അങ്കിൾ.... ""

"ഡിസ്റ്റിങ്ഷൻ ഉണ്ട് സാറെ... "

അനിയുടെ അച്ഛൻ പറഞ്ഞു...

"ഗുഡ് ബോയ് ... ഇങ്ങനെ വേണം കുട്ടികൾ ആയാൽ ... "

അതും പറഞ്ഞു അനിക്കു ഒരു ഷേക്ക് ഹാൻഡ് കൊടുത്തു ജയകുമാർ....

അങ്ങനെ നേരം സന്ധ്യ ആയപ്പോൾ അന്നത്തെ പണി ഒക്കെ ഒരുവിധം തീർത്തിട്ട് കയ്യും കാലും കഴുകി അനിയും അച്ഛനും ആ വീടിന്റെ ഉമ്മറത്തേക്ക് വന്നു....

ഉമ്മറത്തു ആരേം കാണാൻ ഇല്ലാത്തോണ്ട് അവർ ബെൽ അടിച്ചു....

""ഉച്ചവരെ കണ്ടതാണല്ലോ സാറിനെ..."' അനിയുടെ അച്ഛൻ പറഞ്ഞു....

""കാർ കാണുന്നില്ല അച്ഛാ ... അവർ പുറത്തേക്കു പോയി കാണും... "

അനി അച്ഛനോട് പറഞ്ഞു...

""എന്നാ നമുക്ക് പോകാം "" എന്നു പറഞ്ഞു കൊണ്ടു അനിയെ കൂട്ടി അച്ഛൻ അവിടെ നിന്നും ഇറങ്ങാൻ തുടങ്ങി....

അപ്പോഴാണ് ആ വീടിന്റെ ഗേറ്റ് ജയകുമാറിന്റെ കാർ വന്നത് ...

അതു കണ്ടപ്പോൾ അവർ അവിടെ നിന്നു....

""അയ്യോ നിങ്ങൾ പോകാറായോ... സോറി ട്ടോ ... ഞാൻ ഒന്ന് പുറത്തു പോയതാ..മോള് ഏട്ടന്റെ വീട്ടിൽ ആയിരുന്നു അവളെ കൊണ്ടുവരാൻ പോയതാ... ""

ജയകുമാർ കാറിൽ നിന്നും ഇറങ്ങി കൊണ്ടു അവരോടു പറഞ്ഞു...

ഒപ്പം കാറിൽ നിന്നും ജയകുമാറിന്റെ ഭാര്യയും... പിന്നെ അനിയുടെ മാലാഖ കുട്ടി താര യും....

അനിയെ കണ്ടപ്പോൾ അവളുടെ മുഖം തുടുത്തു ഒപ്പം ചെറു പുഞ്ചിരിയും ....

അനി തിരിച്ചും പുഞ്ചിരിച്ചു....

""എന്നാ ഞങ്ങൾ ഇറങ്ങട്ടെ സാറെ... "

"ഹേയ് നിക്ക് ഒരു മിനിറ്റ്.. """

അതും പറഞ്ഞു ജയകുമാർ അകത്തേക്ക് പോയി കൂടെ ഭാര്യയും... താര അനിയെ തിരിഞ്ഞു തിരിഞ്ഞു നോക്കി കൊണ്ടു വീടിനകത്തേക്ക് കയറി...

അനി യും അച്ഛനും കൂടി ആ വീടിന്റെ വരാന്തയുടെ അടുത്ത് ആയി നിന്ന്....

അനി യുടെ മനസ്സ് സന്തോഷം കൊണ്ടു തുളി ചാടുക ആയിരുന്നു....

കുറച്ചു നേരത്തെ കാത്തിരിപ്പിന് ഒടുവിൽ ജയകുമാർ പുറത്തേക്കു വന്നു.... എന്നിട്ട് പേഴ്സിൽ നിന്നും കുറച്ചു പണം എടുത്തു അച്ഛന്റെ കൈകളിൽ കൊടുത്തു....

"അയ്യോ ഇത്രയും വേണ്ടാ സാറെ ... പണി കഴിഞ്ഞിട്ടില്ല നാളെ കൂടി ഉണ്ട്... "

പൈസ കൂടുതൽ ഉണ്ടെന്നു അറിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു...

""ഇതു ദാമോദരൻ ചേട്ടൻ വെച്ചോളു.. അനിയുടെ പഠിപ്പിന് ഉപകരിക്കട്ടെ ""

കൂടുതൽ ഉണ്ടായിരുന്നപൈസ അച്ഛൻ ജയകുമാറിന് നേരെ നീട്ടിയപ്പോൾ ജയകുമാർ പറഞ്ഞു ...

അതുകേട്ടപ്പോൾ അച്ഛൻ അവരുടെ മുൻപിൽ കൈകൾ കൂപ്പി സന്തോഷം കൊണ്ടു....

അനിക്കും സന്തോഷം ആയി...

""എന്നാ ഞങ്ങൾ ഇറങ്ങട്ടെ.. നാളെ നേരെത്തെ വരാം സാറെ... ""

അതും പറഞ്ഞു അവർ തിരിഞ്ഞു പുറത്തേക്കു നടക്കാൻ തുടങ്ങി...

""അനി ഒന്ന് നിൽക്കുമോ... "

ജയകുമാറിന്റെ ശബ്ദം അനിയുടെ കാതുകളിൽ പതിച്ചപ്പോൾ... അനി അവിടെ നിന്നു...ജയകുറിനെ നോക്കി....

""താര..... മോളെ ... ഒന്നിങ്ങു വന്നേ... ""

ജയകുമാർ അകത്തേക്ക് വിളിച്ചു പറഞ്ഞപ്പോൾ ""എന്താ അച്ഛാ ""എന്നു ചോദിച്ചുകൊണ്ട് താര ഉമ്മറത്തേക്ക് വന്നു.....

അനി എന്താ സംഭവം എന്നു അറിയതെ പകച്ചു നിന്നു....ഇനി അങ്കിൾ എങ്ങാനും കണ്ടുവോ താൻ അവളെ നോക്കിയത്.... പെട്ടോ ദൈവമേ....

""മോൾ പോയി അകത്തു ടേബിളിൽ ഇരിക്കുന്ന കവർ എടുത്തോണ്ട് വാ... "

അതുകേട്ടപ്പോൾ അവൾ അകത്തേക്ക് പോയി വേഗം തന്നെ ഒരു ചെറിയ പൊതി യും ആയി വന്നു....

"അതു അനി ക്ക് കൊടുത്തേക്ക് മോളു.. "

അതു കേട്ടപ്പോൾ താര നിറപുഞ്ചിരിയോടെ ആ പൊതി അനി ക്ക് നേരെ നീട്ടി ....

"""വാങ്ങിച്ചോള്ളൂ """

അനി അനങ്ങാതെ നിൽക്കുന്നത് കണ്ടപ്പോൾ ജയകുമാർ പറഞ്ഞു...

അനി അവളുടെ കൈയ്യിൽ നിന്നും നിറഞ്ഞ പുഞ്ചരിയോടെ അതു വാങ്ങി....

""ഡിസ്റ്റിങ്ഷനോടെ ടെൻത് പാസ്സ് ആയതല്ലേ ഞങ്ങളുടെ വക ചെറുയൊരു മധുരം.... "

ജയകുമാർ പറഞ്ഞു....

അതു കേട്ടപ്പോൾ അനി പുഞ്ചിരിച്ചു...

പെട്ടന്ന് ആണ് ആകെ സ്തംഭിച്ചു നില്കുന്ന താരയെ അനി ശ്രദ്ധിക്കുന്നത്.... ഇവൾക്ക് എന്തുപറ്റി .... ഞാൻ പത്താം ക്ളാസിൽ ആണെന്ന് അറിഞ്ഞിട്ടു ആണോ ഞെട്ടിയത്.... അനി മനസ്സിൽ മന്ത്രിച്ചു....

""പിന്നെ ചെറിയൊരു സന്തോഷവാർത്ത കൂടി ഉണ്ട് ... എന്റെ മോളും ടെൻത്ത് ആയിരുന്നു അവൾക്കു എ ഗ്രേഡ് ഉണ്ട്.. ..""

ജയകുമാർ പറഞ്ഞപ്പോൾ അനി യും ഞെട്ടി.... താര ഒൻപത്തിലോ മറ്റൊ ആണെന്ന് കരുതിയത് ആണ് ഇപ്പോ തന്റെ സെയിം പ്രായം ആണെന്ന് അറിഞ്ഞപ്പോൾ...... അനി ഒന്ന് ഞെട്ടി...

രണ്ടു പേരുടെയും കണക്കുക്കൂട്ടലുകൾ തെറ്റിയപ്പോൾ രണ്ടു പേർക്കും മുഖത്തു ചെറു ചിരി വിടർന്നു....

""കൺഗ്രാജുലേഷൻ... "

അനി താരക്ക് നേരെ കൈ നീട്ടി കൊണ്ട് പറഞ്ഞു....

"""താങ്ക്സ് """

അവൾ ആ ഷേക്ക്ഹാൻഡ് സ്വികരിച്ചു കൊണ്ടു പറഞ്ഞു..

രണ്ടു പേരുടെയും കൈകൾ കോർത്തപ്പോൾ എന്തോ ഒരു വൈദ്യുത പ്രവാഹം രണ്ടു പേരുടെ ഉള്ളിൽ കൂടി കടന്നു പോയി ...

പിന്നിട് അവർ അവിടെ നിന്നും ഇറങ്ങി ഗേറ്റ് പിന്നിടുന്നത് വരെയും അനിയുടെ യും താരയുടെയും കണ്ണുകൾ തമ്മിൽ കോർത്തുകൊണ്ടിരുന്നു......

പിറ്റേന്നും അവനും അച്ഛനും കൂടി അവിടെ പണിക്കു പോയി ....

അന്ന് അനിയെ കാണാൻ ഉള്ള അവസരങ്ങൾ ഒന്നും താര പാഴാക്കിയില്ല അനിക്കു വെള്ളം കൊണ്ട് കൊടുത്തും അടുക്കള ഭാഗത്തു ഇറങ്ങി നിന്നും ഒകെ അനിയെ അവൾ വീഷിച്ചു കൊണ്ടിരുന്നു... തിരിച്ചു അനി യും....

അങ്ങനെ രണ്ടുമൂന്നു ദിവസം കഴിഞ്ഞു പോയി അവിടത്തെ പണി ഓക്കേ കഴിഞ്ഞു വീണ്ടും അനി ക്രിക്കറ്റും മറ്റും ആയി നടന്നു.. പക്ഷെ വൈകുന്നേരം ആകുമ്പോൾ താര ബാൽക്കണി യിൽ എത്തുമ്പോൾ അനി ആ ഊഞ്ഞാലിൽ ഹാജർ ആയിരിക്കും...

അനി ഉഞ്ഞാലിലും അഭി അതിന്റെ അടുത്ത് ഇരുന്നു വർത്താനം പറഞ്ഞു ഇരിക്കുക ആയിരുന്നു...

""മണ്ടൂസുകളെ.... ഞാൻ എത്തിട്ടോ """

അഭിയും അനി യും അതു കേട്ടപ്പോൾ തിരിഞ്ഞു നോക്കി....

""ആ.... മഹാറാണി... എഴുന്നെള്ളിയോ .... ""

ഒരു ഷർട്ടും പാവാടയും ഇട്ടു അവരുടെ മുന്നിൽ നില്കുന്ന സ്വപ്നയെ കണ്ടപ്പോൾ അഭി പറഞ്ഞു...

""ഉം .... പോടാ ചെക്കാ... """

അതും പറഞ്ഞു സ്വപ്ന അഭിയുടെ അടുത്ത് കല്ലിൽ വന്നിരുന്നു....

""ഡി നീ പോയിട്ട് കുറെ നാൾ ആയല്ലോ എന്താ ഞങ്ങളെ ഒന്നും വേണ്ടേ .... "

അഭി ചോദിച്ചു...

"""ഓഹ് ... ഞാൻ പോയിട്ട് ഒരാഴ്ച അല്ലെ ആയുള്ളൂ... നിന്നോടും കൂടി വരാൻ പറഞ്ഞതല്ലേ ഞാൻ മാമന്റെ വീട്ടിലേക്ക്..... ""

""ഓഹ് എനിക്ക് ഒന്നും വയ്യ... ""

അഭി പറഞ്ഞു...

"""ഡാ അനി നിനക്ക് ഡിസ്റ്റിങ്ഷൻ ഉണ്ടല്ലേ .... കൈകൊടുക്കെടാ .. ""

സ്വപ്ന അതും പറഞ്ഞു അനി ക്ക് കൈ കൊടുത്തു...

""ആ... ഇപ്പോ കോളം തികഞ്ഞല്ലോ""

അഭിയുടെ അമ്മ അവരെ മൂന്നുപേരെയും കണ്ടപ്പോൾ പറഞ്ഞു...

""അമ്മായി... """

എന്നു വിളിച്ചോണ്ട് സ്വപ്ന അഭിയുടെ അമ്മയുടെ അടുത്തേക്ക് ഓടി..

സ്വപ്ന അഭിയുടെ മുറപ്പെണ്ണ് ആണ്.. അനിയും സ്വപ്നയും അഭിയും അവർ മൂന്ന് പേരും ആയിരുന്നു കൂട്ട് അതുമാത്രം അല്ല മൂന്നു പേരും ഒരു ക്ലാസ്സിൽ തന്നെ ആയിരുന്നു ചെറുപ്പം മുതല്ലേ...

കുറച്ചു നേരം കഴിഞ്ഞപ്പോൾ ഒരു പൊതിയും ആയി സ്വപ്ന അവരുടെ അടുത്തേക്ക് വന്നു....

""""ഡാ കൈയിട്ടു വാരല്ലേ തരാം... """

പൊതിയില്ലേ ഉണ്ണിയപ്പം കയ്യിട്ടു എടുത്ത അഭിയോട് അവൾ പറഞ്ഞു...

സ്വപ്ന അനിക്ക് ഉണ്ണിയപ്പം കൊടുത്തു അവൾ രണ്ടെണ്ണം അതിൽ നിന്നും എടുത്തിട്ട് ബാക്കി ഉള്ള പൊതി """ഇന്നാടാ കൊതിയാ... """എന്നു പറഞ്ഞുകൊണ്ട് അഭിയുടെ കൈയിൽ ഏല്പിച്ചു....

അഭി ഒരു കൂസലും ഇല്ലാതെ അതിൽ നിന്നും എടുത്തു കഴിക്കാൻ തുടങ്ങി.... അഭിയുടെ അടുത്തതായി സ്വപ്നയും ഇരുന്നു ..

"ഡി... നിയറിഞ്ഞോ ....??? "

ഉണ്ണിയപ്പം ഓരോന്ന് അകത്തു ആക്കുന്നതിനിടയിൽ അഭി ചോദിച്ചു....

"എന്ത്?? "

"ഇവിടെ ഒരാൾക്ക് പുതിയ കൂട്ടൊക്കെ കിട്ടി.... "

""ആർക്കു.... "

അഭി "ദേ """എന്നു മുന്നിൽ ഊഞ്ഞാലിൽ ഇരിക്കുന്ന അനിയെ കണ്ണുകൾ കൊണ്ടു കാണിച്ചു....

""ഡാ ... അനി... ഞാൻ ഈ കേട്ടത് സത്യം ആണോടാ... "

""ഹേയ് അവനു വട്ടാ... വെറുതെ ഓരോന്ന് ഇരുന്നു പറയുന്നതാ .. """

അനി പറഞ്ഞത് കേട്ടപ്പോൾ

""ഓഹ് നമ്മള് പാവം.... വട്ടു കേസ്.....അല്ലെങ്കിലും സത്യം പറയുന്നവർ എല്ലാവരും വട്ടന്മാർ ആണല്ലോ.... "" അഭി പറഞ്ഞു...

""നിങ്ങൾ ഇതൊക്കെ എന്താ പറയുന്നത്.... എനിക്ക് ഒന്നും മനസ്സിൽ ആകുന്നില്ല തെളിച്ചു പറ.... ""സ്വപ്ന അവരോടായി പറഞ്ഞു....

അതുകേട്ടപ്പോൾ
""അതെ ഞാൻ പറയാം... "എന്നു അഭി പറഞ്ഞു

""ആ ആരായാലും പറ..വെറുതെ മനുഷ്യനെ വട്ടകത്തെ... """

രണ്ടു മൂന്നു ദിവസങ്ങളായി നടക്കുന്ന കാര്യങ്ങൾ എല്ലാം അഭി സ്വപ്ന യോട് പറഞ്ഞു.....

അതൊക്കെ കേട്ടു കഴിഞ്ഞപ്പോൾ... ""ഡാ കള്ള കാമുക""" എന്നു അനിയെ സ്വപ്ന വിളിച്ചു...

അതു കേട്ടപ്പോൾ അനി ചമ്മിയ ചിരി അവൾക്കു സമ്മാനിച്ചു....

""എനിക്ക് ഒന്ന് കാണണം അല്ലോ അവളെ "" എന്നു സ്വപ്ന ചോദിച്ചപ്പോൾ "" കുറച്ചു നേരം വെയ്റ്റ് ചെയ്യാൻ പറഞ്ഞു അഭി...

അങ്ങനെ ഉണ്ണിയപ്പം വെട്ടിവിഴുങ്ങി കൊണ്ടിരിക്കുമ്പോൾ,സാധാരണ താര ബാൽക്കണിയിൽ വരാറുള്ള പോലെ അവൾ അനിയെ കാണാൻ ആയി എത്തി .... താര അനി ക്ക് പുഞ്ചിരി സമ്മാനിച്ചപ്പോൾ തിരിച്ചു അനിയും സമ്മാനിച്ചു പുഞ്ചിരി....

""ഹായ്.... ""

സ്വപ്ന താരയെ കൈ കാണിച്ചു...

താര തിരിച്ചും....

സ്വപ്ന വേഗം അവരുടെ മതിൽ കെട്ടിന് അടുത്തേക്ക് ഓടിച്ചെന്നു ....

സ്വപ്നയും താരയും സംസാരിക്കുന്നത് അഭിയും അനി യും അവിടെ ഇരുന്നു കൊണ്ടു നോക്കി കണ്ടു....

കുറച്ചു കഴിഞ്ഞപ്പോൾ താര വേഗം അകത്തേക്കും പോകുന്നതും സ്വപ്ന തിരിഞ്ഞു അവരുടെ അടുത്തേക്കും വന്നു...

""എന്താ അവൾ പോയത്... ""

സ്വപ്നയോട് അനി ചോദിച്ചു....

""കൊള്ളാല്ലോ അനി .... ഇതുപോലൊരു അപ്സരസിനെ ഞാൻ ഇതു വരെ കണ്ടിട്ടില്ല...""

അതു കേട്ടപ്പോൾ അനിയുടെ മുഖത്തു സന്തോഷം നിഴലിച്ചു...

""അല്ല ഡി.. അവൾ എന്ത് കണ്ടിട്ടാ ഇവനെ നോക്കുന്നെ.... """

അഭിയുടെ വാക്കുകൾ കേട്ടപ്പോൾ അനി ഒന്ന് ഞെട്ടി ""ങേ... ""

"" ങേ നീയെന്താ ഇങ്ങനെ പറയുന്നേ.... ഇവന് എന്താ കുറവ്.. ഇവിടുത്തെ ഏറ്റവും കാണാൻ കൊള്ളാവുന്ന ഒരു ചെറുക്കൻ ഇവൻ അല്ലെ ....""

""അതൊക്കെ ശെരിയാ... ""

അഭി പറഞ്ഞു...

""അല്ല സ്വപ്ന അവൾ അവസാനം എന്തുവാ പറഞ്ഞെ... ""

അനി ചോദിച്ചു....

"""അതോ.... ഒരു മിനിറ്റ്... ""

എന്നു പറഞ്ഞവൾ വെയ്റ്റ് ചെയ്യാൻ പറഞ്ഞു ...

കുറച്ചു കഴിഞ്ഞു വീട്ടുപടിക്കലേക്ക് നോക്കി കൊണ്ടു ""ദേ നോക്കിയേ.... ""എന്നു സ്വപ്ന പറഞ്ഞപ്പോൾ അവർ രണ്ടുപേരും അങ്ങോട്ടേക്ക് നോക്കി....

ഒരു ഗ്രെ കളർ ട്രാക്ക് സൂട്ടും... ഒരു ലൈറ്റ് യെല്ലോ കളർ ഹാഫ് കൈ ബനിയനും ഇട്ടു താര അവരുടെ അടുത്തേക്ക് നടന്നു വരുന്നു....

അവളെ കണ്ടപ്പോൾ അവർ അവളെക്ക് ചെറു ചിരി സമ്മാനിച്ചു...

"""ഞാൻ സ്വപ്ന... ഇതു അഭി.. ഇതു ... ""സ്വപ്ന പറഞ്ഞു മുഴുവൻ ആക്കുന്നതിനു മുന്നേ

""അനി ചേട്ടായി... ""

എന്നു താരയുടെ വായിൽ നിന്നും പെട്ടന് പുറത്തു വന്നു...

അതു കേട്ടപ്പോൾ എല്ലാവരും ഒന്ന് ചിരിച്ചു....

പിന്നിട് അവർ എല്ലാവരും കൂടി ഇരുന്നു സംസാരിച്ചു.... താരക്ക് ഇവിടെ ഫ്രണ്ട് സ് ഒന്നും ഇല്ലാത്തോണ്ട് അവളെ അവരുടെ ഗാങ്ങിൽ ചേർക്കുമോ?? എന്നുള്ള അവളുടെ ചോദ്യത്തിനു മറുപടി ആയി അനി അവൾക്കു ഉണ്ണിയപ്പത്തിന്റെ പൊതിയിൽ നിന്നും ഒരു ഉണ്ണിയപ്പം എടുത്തു അവളുടെ നേരെ നീട്ടി...... അതവൾ സന്തോഷത്തോടെ ഇരു കൈയും നീട്ടി സ്വീകരിച്ചു..... ""അപ്പോ ഇനിമുതൽ നമ്മൾ നാലു പേരും ഒറ്റ കെട്ടാണ്.... "" അഭിയുടെ തീരുമാനം അവർ കൈയടിച്ചു അംഗീകരിച്ചു...

അങ്ങനെ അന്ന് മുതൽ അവരിൽ ഒരാളായി താരയും മാറി.... അവരുടെ കൂടെ പുഴയോരത്ത് കറങ്ങാനും മറ്റും അവൾ കൂട്ട് ചേർന്ന്... സ്വപ്ന ഉള്ളതോണ്ട് താര ആ കൂട്ടുകെട്ടിൽ പെട്ടിരിക്കുന്നതിൽ ജയകുമാറിന് ഒരു വിരോധവും ഉണ്ടായില്ല..

അങ്ങനെ മാസങ്ങളും വർഷങ്ങളും കടന്നു അവരുടെ സൗഹൃദവും വളർന്നു.... കൂടെ അനിയുടെ ഉള്ളിൽ താരയോടുള്ള ഇഷ്ടവും.....

പ്ലസ്ടു പാസായ അവർ നാലു പേരും ഡിഗ്രി ക്കു ഒരു കോഴ്സ് തന്നെ തിരഞ്ഞിട്ടത്തു... ഒരെ കോളേജിൽ ഒരെ ക്ലാസ്സിൽ... അവർ നാലു പേരും.....അങ്ങനെ ഫസ്റ്റ് ഇയർ പഠിച്ചുകൊണ്ടു ഇരിക്കുമ്പോൾ ഉള്ള ആദ്യ വാലന്റൈൻ ദിനം..... അതിന്റെ തലേ ന്നു.. അഭിയും അനി യും സ്വപ്ന യും കൂടി വാകമര ചോട്ടിൽ വിശ്രമിക്കുക ആയിരുന്നു..
അന്ന് താര അവളുടെ മമ്മിക്ക് പനി ആയതുകൊണ്ട് കോളേജിൽ വന്നിട്ടുണ്ടായില്ല.... അതുകൊണ്ട് അവർ മൂന്നുപേർ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു....

"'ഡാ എത്ര നാൾ ആയി ഇങ്ങനെ?? ""

അഭിയുടെ ചോദ്യം കേട്ടപ്പോൾ ""എന്ത് """എന്നു അനി ചോദിച്ചു....

""ഒന്നും അറിയാത്ത ഒരു കാമുകൻ,,. എത്ര വർഷം ആയി ഇങ്ങനെ നിന്റെ ഇഷ്ടം അവളോട് നീ തുറന്നു പറയാതെ നടക്കുനത് ""

""ഓഹ് അതോ.... """

അനി താല്പര്യം ഇല്ലാത്ത മട്ടിൽ പറഞ്ഞു....

""ഡാ... നിനക്ക് എന്താ അവളോട് അതു തുറന്നു പറഞ്ഞാൽ.... "" എന്നു സ്വപ്ന അനിയോട് ചോദിച്ചപ്പോൾ... ""അതൊന്നും ശെരി ആവില്ലെടി... "" എന്നു അനി പറഞ്ഞു....

""എന്ത് ശെരി ആകില്ല എന്നു.... നിങ്ങള്ക്ക് രണ്ടുപേർക്കും തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും ഇഷ്ടമാ എന്നിട്ടു രണ്ടാളും തുറന്നു പറയാതെ നടക്കുന്നു....ഞാനൊക്കെ ആയിരിക്കണം എപ്പോ പറഞ്ഞു എന്നു ചോദിച്ചാൽ മതി.... ""

സ്വപ്ന പറഞ്ഞു...

"""എടി ഞാൻ പറയാൻ പലവട്ടം ശ്രമിച്ചതാ .. പക്ഷെ എനിക്ക് പറ്റുന്നില്ല.... ""

""അവൾ നോ പറയും എന്നാണോ പേടി ... ""

""നോ പറഞ്ഞാൽ പോട്ടെന്നു വെക്കും ... പക്ഷെ അവൾ ഇതിന്റെ പേരിൽ ഗ്രൂപ്പിൽ നിന്നും പോയല്ലോ .... നമ്മളുടെ ഗ്രൂപ്പിൽ അവൾ ഇല്ലായിരുന്നു എങ്കിൽ ഞാൻ ഇതിനു മുന്നേ അവളുടെ മുന്നിൽ അവതരിപ്പിച്ചാനെ എന്റെ ഇഷ്ടം .... പക്ഷെ ഇപ്പോ പേടിയാ അവളുടെ സൗഹൃദം എന്റെ ആ പറച്ചിലിൽ ഇല്ലാതെ ആകുമോ എന്നുള്ള പേടി..... പിന്നെ അവളുടെ നിലക്ക് ചേർന്ന ഒരു ആൾ അല്ല ഞാൻ...""

അനി പറഞ്ഞു നിർത്തി....

""എന്തിനാ ഇപ്പോ അതൊക്കെ ചിന്തിക്കുന്നേ .... നീ നിന്റെ ഇഷ്ടം അവളോട് ധൈര്യം ആയി തുറന്നു പറ.... ഞങ്ങൾ ഇല്ലേ നിന്റെ കൂടെ... ""സ്വപ്ന അതു പറഞ്ഞപ്പോൾ അഭിയും അതിനെ ശെരി വെച്ചു...

""ഡാ ഞാൻ ഒരു കാര്യം പറയട്ടെ.. ""

""ഉം . പറ.. അഭി... "

""അതെ നാളെ വാലെന്റൈൻ ഡേ അല്ലേ... ""

"ഉം അതെ ""സ്വപ്ന പറഞ്ഞു...

""അതിനു??.. "അനി ചോദിച്ചു ...

""നാളെ നീ അവളെ പ്രൊപ്പോസ് ചെയ്യ്... ""

"'ആ അതൊരു നല്ലകാര്യമാ... '"

സ്വപ്ന അഭിപറഞ്ഞതിനോട് യോജിച്ചു...

""അതു വേണോടാ... ""

""വേണം.... പിന്നെ ഞങ്ങൾ രണ്ടു പേരും ഒന്നായാൽ നീ ഒറ്റക്ക് ആവുംട്ടോ അപ്പൊ നിനക്ക് ഒരു കൂട്ട് വേണ്ടേ... """

സ്വപ്ന പറഞ്ഞു...

ഒപ്പം അഭിയും അവനെ കുറെ നിർബന്ധിച്ചു ....

അങ്ങനെ അവസാനം അവർ പറഞ്ഞത് അനി സമ്മതിച്ചു... നാളെ താര യോട് ഇഷ്ടം തുറന്നു പറയാം എന്നു.....

അങ്ങനെ വാലന്റൈൻ ദിനം ആയി.... സാധാരണ പോലെ അനിയും അഭിയും സ്വപ്ന യും കൂടി കോളേജിലേക്ക് പോകാൻ ഉള്ള ബസ് കാത്തു ബസ് സ്റ്റോപ്പിൽ നിൽക്കുക ആയിരുന്നു.... അനി ഒരു ബ്ലൂ ജീൻസും ലൈറ്റ് നീല ഫുൾ സ്ലീവ് ഷർട്ടും ആയിരുന്നു വേഷം....

"'ഇവൾ എന്താ വരത്തെ... ഇന്നും അവൾ ലീവ് ആണോടാ?? ""

ബസ് വരണ്ട ടൈം അടുക്കാറായപ്പോൾ സ്വപ്ന അവരോടു ചോദിച്ചു....

""ഹേയ് ഇന്നലെ വൈകിട്ട് കണ്ടപ്പോൾ അവൾ പറഞ്ഞത് വരാം എന്നാണല്ലോ .... അമ്മയുടെ പനി ഒക്കെ കുറഞ്ഞു എന്നും ... """

അനി പറഞ്ഞു...

""ഇന്ന് നീ പറയൂലെ അവളോട്? ""

""ഉം .... പറയാഡാ ...എടാ.. പിന്നെ ഒരു കാര്യം... ""

"""ഉം എന്താ.."""

""അതെ ഞാൻ അടുത്ത ബസിൽ വരാം... നിങ്ങൾ രണ്ടു പേരും അവളേം കൂട്ടി പൊക്കൊളു... ""

അനി അവരോടായി പറഞ്ഞു..

""നിനക്ക് മുങ്ങാൻ ആണല്ലേ """

""അല്ലടാ... അവൾക്കു ഒരു സർപ്രൈസ് കൊടുക്കാൻ ആണ്... ""

""ഉം .. എന്താ നിന്റെ പ്ലാൻ... ""

""അവൾ വരുമ്പോൾ എന്തായാലും എന്നെ അന്വേഷിക്കും... അപ്പോ നിങ്ങൾ എന്നെ കണ്ടില്ല എന്നുപറഞ്ഞാൽ മതി...എന്നിട്ട് നിങ്ങൾ അവളേം കൂട്ടി കോളജിൽ പൊക്കോളു ... ഞാൻ ഫസ്റ്റ് പിരീഡിന് മുൻപ് എത്താം... ""

""ഉം..ശരി... ""

""ഡാ ... ദേ.. താര വരുന്നുണ്ട് ""

അകലെ നിന്നും നടന്നു വരുന്ന താരയെ കണ്ടപ്പോൾ സ്വപ്ന പറഞ്ഞു....

""എന്നാ ശെരി... എല്ലാം പറഞ്ഞപോലെ... ""

അതും പറഞ്ഞു അനി അവിടെ നിന്നും മാറി ... താര കാണാത്ത വിധത്തിൽ അടുത്ത കടയുടെ മറവിൽ ചെന്ന് നിന്നു...

അപ്പോഴേക്കും താര നടന്നു അഭിയുടെയും സ്വപ്ന യുടെയും അടുത്ത് എത്തിയിരുന്നു....

""ആ .. വന്നല്ലോ കോളേജ് ബ്യൂട്ടി... ""

കണ്ണം ചിപ്പിക്കുന്ന റോസ് കളർ അനാർക്കലിയിൽ താര യെ കണ്ടപ്പോൾ സ്വപ്ന പറഞ്ഞു...

""ഒന്ന് പോ കളിയാക്കാതെ..""

താര കള്ളചിരിയൽ പറഞ്ഞു...

""ഇല്ലെടി ഞാൻ കാര്യം പറഞ്ഞതാ.... ഇന്ന് നിന്നെ കാണാൻ പ്രത്യേക ചേല്...ഈ

കോലത്തിൽ കോളേജിലേക്ക് പോയാൽ നിനക്ക് ഇന്ന് കുറെ റോസാപ്പൂ ക്കൾ കിട്ടും ... """

അതിനൊരു ചിരി സമ്മാനിച്ചു കൊണ്ടു താര അവരുടെ അടുത്തേക്ക് കയറി നിന്നു...

""അല്ല ചേട്ടായി വന്നില്ലേ?? ""

അനിയെ അവരുടെ കൂട്ടത്തിൽ കാണാതെ ആയപ്പോൾ താര ചോദിച്ചു...

അതിനു മറുപടി എന്നോണം അഭിയും സ്വപ്ന യും കൈമലർത്തി കാണിച്ചുകൊണ്ടു ... ""അവനെ ഇന്ന് കണ്ടില്ല എന്നു പറഞ്ഞു""... അവർ

അതു കേട്ടപ്പോൾ താര യുടെ മുഖം വാടി....

""അല്ല ചേട്ടായി ഇന്ന് ലീവ് ആണോ?? ""

വാടിയ മുഖത്തോടെ താര ചോദിച്ചു...

""അറിയില്ല ... വരുമായിരിക്കും... ""

അഭി പറഞ്ഞു...

അപ്പോഴേക്കും ബസ് വന്നു... അഭിയും സ്വപ്നയും ബസിൽ കയറി.... താര കയറാതെ നിൽക്കുന്നത് കണ്ടപ്പോൾ...

""നീ വരുന്നില്ലേ ""എന്നു സ്വപ്ന ചോദിച്ചു...

അതു കേട്ടപ്പോൾ താര
""ഉം... "" മൂളി കൊണ്ടു മനസില്ല മനസോടെ ബസിൽ കയറി....

അവർ ബസ് കയറി പോയത് കണ്ടപ്പോൾ അനിൽ മറഞ്ഞു നിന്ന സ്ഥലത്തു നിന്നും പുറത്തു വന്നു...

പിന്നിട് അനി അടുത്തു വന്ന ബസിൽ കയറി .....

കോളേജ് എത്തുന്നതിനു മുൻപേ ബസ് ടൗണിൽ എത്തിയപ്പോൾ അനി ആ ബസിൽ നിന്നും ഇറങ്ങി...

വഴിയോരത്തെ ഫൂട്ട്പാത്തിൽ ഒരു കോട്ട നിറയെ റോസാപ്പൂ ആയി നിൽക്കുന്ന

ചേട്ടന്റെ കൈയിൽ നിന്നും ഇളം റോസ് കളറിൽ വിടർന്നു നല്ല ഭംഗിയുള്ള ഒരു റോസാപ്പൂ അനി വാങ്ങിച്ചു.... താരക്ക് ഇഷ്ടപ്പെട്ട കളർ ആണ് ഇളം റോസ് ... അതുകൊണ്ട് ആണ് അവൻ ആ കളറിൽ ഉള്ള റോസാപ്പു തന്നെ സെലക്ട് ചെയ്തത്....

ഇനി ഒരു കിലോമീറ്റർ കൂടി ഒള്ളു കോളേജിലേക്ക് അതുകൊണ്ട് ബസിനു പോകാതെ നടന്നു പോകാം എന്നു തീരുമാനിച്ചു അവൻ....

അങ്ങനെ വഴിയോരത്തിലൂടെ അവൻ കോളേജിലേക്ക് നടന്നു... ഇന്ന് നടക്കാൻ പോകുന്ന അസുലഭ നിമിഷം ആയിരുന്നു അനിയുടെ മനസ്സ് നിറയെ .... കുറെ വർഷം ആയി മനസ്സിൽ കൊണ്ടു നടക്കുന്ന കാര്യത്തിന് ഇന്ന് തീരുമാനം ആകും....അനി മനസ്സിൽ മന്ത്രിച്ചു കൊണ്ട് നടന്നു...

കോളേജിലേക്ക് അടുക്കാറായപ്പോൾ.... പെട്ടന്ന് ആണ് മഴ പെയ്തത് ..... നല്ല വെയിലത്തു കോരി ചൊരിയുന്ന മഴ.... അനി വേഗം അടുത്തു കണ്ട കടയിൽ കയറി നിന്നു....പെട്ടന്ന് ഉള്ള മഴ ആയതിനാൽ അനി യുടെ ഡ്രസ്സ് ചെറുതായി നനഞ്ഞു....കുറച്ചു ടൈം വെയ്റ്റ് ചെയ്തിട്ട് മഴ നില്ക്കുന്നില്ല എന്നു കണ്ടപ്പോൾ അനി കടലാസ്സിൽ പൊതിഞ്ഞു പിടിച്ചിരിരുന്ന റോസാപ്പൂ ഇൻസെർട്ട് ചെയ്ത തന്റെ ഷർട്ടിനുള്ളിൽ വെച്ചിട്ട്.... ആ ചാറ്റൽ മഴയിലൂടെ ഇറങ്ങി ഓടി കോളജിലേക്ക്.... തന്റെ ബുക്സ് ഒക്കെ അഭിയുടെ ബാഗിൽ ആയിരുന്നത് കൊണ്ടു രക്ഷപെട്ടു ഇല്ലെങ്കിൽ ഈ മഴയത്തു അതൊക്കെ നനഞ്ഞനെ.... അനി മനസ്സിൽ ഓർത്തു...

അങ്ങനെ അവൻ നനഞ്ഞു കൊണ്ടു അവന്റെ കോളേജിൽ എത്തി.... തലയിൽ നിന്നും മുഖത്തിലൂടെ ഒലിക്കുന്ന ജലകണകളും ആയി അവൻ അവന്റെ ക്ലാസ്സ് മുറിയുടെ അടുത്തേക്ക് വരാന്തയിലൂടെ നടന്നു നീങ്ങി.... വരാന്തയിൽ അവിടെ ഇവിടെ ആയി നിൽക്കുന്ന സുഹൃത്തുക്കൾക്ക് അവൻ ചെറു ചിരി സമ്മാനിച്ചു കൊണ്ടു നടന്നകന്നു ... മിക്കയിടത്തും പ്രണയ ജോടികൾ പൂക്കൾ കൈമാറുന്നത് അവൻ കണ്ടു ..... അതൊക്കെ കണ്ടപ്പോൾ അവന്റെ മനസ്സിൽ കുളിർമഴ പെയ്തു.... എല്ലാവരും ഇന്ന് നല്ല സുന്ദരൻ മാരും സുന്ദരികളും ആയിട്ടാ വന്നേക്കുന്നത് എന്നു അവനു തോന്നി....അവന്റെ മനസ്സിൽ തന്റെ പ്രണയിനിയുടെ മുഖം തെളിഞ്ഞു വന്നപ്പോൾ അവൻ അവൾക്കായി കൊണ്ടുവന്ന റോസാപ്പൂ ഷർട്ടിന് ഉള്ളിൽ നിന്നും പുറത്തു എടുത്തു കൈയിൽ പിടിച്ചു.... ക്ലാസ്സ് മുറിയുടെ അടുത്ത് എത്താറായപ്പോഴേക്കും ചെറിയ കരഘോഷങ്ങൾ അവന്റെ ക്ലാസ്സ് മുറിയിൽ നിന്നും കേട്ടു തുടങ്ങി....

അവൻ നടന്നു ക്ലാസ്സ് മുറിയുടെ മുൻപിൽ എത്തിച്ചേർന്നു .....പിള്ളേരുടെ ഉച്ചത്തിൽ ഉള്ള ആർപ്പു വിളികൾ അവൻ ക്ലാസ്സ് മുറിയിൽ നിന്നും കേട്ടു കൂടെ കൈടിക്കലിന്റെ ശബ്ദവും...... വാതിൽക്കൽ ആളുകൾ കൂടി നിൽക്കുന്നത് കണ്ട അവൻ അവരുടെ ഇടയിലൂടെ നുഴഞ്ഞു അകത്തേക്ക് കയറി ... ക്ലാസ്സിൽ എല്ലാവരും വട്ടം കൂടി നിൽക്കുന്നു ..... ചുറ്റിനും ആൾക്കാർ
അവന്റെ കണ്ണുകൾ അഭിയെം സ്വപ്നയെം താരയെയും തിരഞ്ഞു പക്ഷെ ആ കൂട്ടത്തിൽ അവരെ കണ്ടെത്താൻ അവന്റെ കണ്ണുകൾക്ക് സാധിച്ചില്ല....

അവിടെ നടക്കുന്നത് എന്താണന്നു
അവനു മനസ്സിൽ ആയില്ല....എല്ലാവരും നല്ല സന്തോഷത്തോടെ കൈ അടിക്കുന്നു""അപ്പ് അപ്പ് താര ""എന്നൊക്കെ പറയുന്നു എന്തിനാ അവളുടെ പേര്

ഇവർ വിളിച്ചുകൂവുന്നത്??? .....

ആ കൂട്ടത്തിന്റെ നടുക്ക് എന്താ നടക്കുന്നത്??? .. അതൊക്കെ അറിയാൻ ആയി അവൻ അവിടെ ഉള്ള ഒരു ഡെസ്ക്കിൽ കയറി നിന്നു നോക്കി....... അവിടത്തെ കാഴ്ച കണ്ടു അവന്റെ മിഴികൾ അറിയാതെ നിറഞ്ഞു.... ആ കാഴ്ച അധിക നേരം അവനു കണ്ടു നിൽക്കാൻ സാധിക്കാത്തത് കൊണ്ട് അവൻ വേഗം ആ ഡെസ്കിൽ നിന്നും ഇറങ്ങി.....

അവന്റെ കൈയിലെ ആ പനിനീർപ്പൂവ് അലക്ഷ്യമായി വലിച്ചെറിഞ്ഞു കൊണ്ട് അവൻ ആ വരാന്തയിലൂടെ നടന്നു നീങ്ങി........

""ഡാ.. അനി...""

സജി ഏട്ടന്റെ ശബ്ദം അനിയുടെ കാതുകളിൽ അലയടിച്ചപ്പോൾ അനി യുടെ മിഴികൾ പതിയെ തുറന്നു.... ഒപ്പം പഴയ ഓർമ്മകൾ ഒരു വെള്ളത്തുള്ളിയായി അവന്റെ മിഴികളിൽ നിന്നും അടർന്നു വീണു....

""ഡാ... പോകാം """

അനി കണ്ണുകൾ തുറന്നത് കണ്ടപ്പോൾ സജി പറഞ്ഞു..

""ആ പോകാം സജിയേട്ടാ... എത്ര മണിയായി... എല്ലാം കഴിഞ്ഞോ... ""

കണ്ണുകൾ തുടച്ചു മൂരി നിവർന്നു കൊണ്ട് അനി ചോദിച്ചു..

"""സമയം പന്ത്രണ്ടു കഴിഞ്ഞു.... ഓരോരുത്തർ ആയി വീട് പറ്റി... അഭി അവിടെ ഉള്ള സാധനങ്ങൾ ഒതുക്കുന്നു നമ്മളോട് പൊക്കോളാൻ പറഞ്ഞു... """

""ഉം ശെരി എന്നാ കയറിക്കോ... ""

അപ്പോഴേക്കും സജി കാറിൽ കയറി ... അനി കാർ അവിടെ നിന്നും എടുത്തു .... അധികം സമയം വൈകാതെ അവർ വീട്ടിൽ എത്തി...

നല്ല ഉറക്കക്ഷീണം ഉണ്ടായത് കൊണ്ടു റൂമിലെ ബെഡിൽ കിടന്നതേ അനിക്ക് ഓർമ ഒള്ളു.... പിറ്റേന്ന് അമ്മ വന്നു വിളിക്കുമ്പോൾ ആണ് അനി കണ്ണ് തുറക്കുന്നത്.. ..

വേഗം തന്നെ കുളിച്ചു റെഡി ആയി... അമ്മ എടുത്തു വെച്ചിരുന്ന കസവു മുണ്ടും ക്രീം കളർ ഷർട്ടും എടുത്തു ധരിച്ചു ... എൻഗേജ്മെന്റ്നു മോതിരം മാറൽ ചടങ്ങ് ഉണ്ടയിരുന്നു അതാ അനി ആ വേഷം ധരിച്ചത്...

അനി റെഡി ആയി ദുബായിൽ നിന്നും നന്ദനക്ക് ആയി വാങ്ങിച്ച സാധനങ്ങളുടെ കവർ അവൻ അവന്റെ അലമാരയിൽ നിന്നും എടുത്തു ... എന്നിട്ട് റൂമിൽ നിന്നും ഇറങ്ങി ഹാളിലേക്ക് ചെന്നു...

അവിടെ എല്ലാവരും ഒരുക്കങ്ങൾ ഒക്കെ കഴിഞ്ഞിട്ടുണ്ടായിരുന്നു ... അമ്മായി മാരും മാമ്മൻ മാരും ബന്ധുക്കളും അടങ്ങുന്ന ഒരു പട തന്നെ അവിടെ ഉണ്ടായിരുന്നു... എല്ലാവരും നല്ല സന്തോഷത്തിൽ ആയിരുന്നു....

ഹാളിൽ പുതിയ ഡ്രെസ്സിൽ മിന്നിത്തിളങ്ങി ലെച്ചു നിൽക്കുന്നത് കണ്ടപ്പോൾ അനി നന്ദന ക്കായി മാറ്റിവെച്ച കവർ അവളെ ഏല്പിച്ചു.....

എല്ലാവരുടെയും കാപ്പി കുടി ഓക്കേ കഴിഞ്ഞപ്പോൾ നന്ദന യുടെ വീട്ടിലേക്ക് പോകാൻ ആയി അവർ ഇറങ്ങി...

സജി ആണ് അനിയുടെ കാർ എടുത്തത് .. സജിയുടെ കൂടെ കാറിൽ മുന്നിൽ അനി യും പുറകിൽ അമ്മയും അച്ഛനും ചേച്ചിയും ലെച്ചുവും കൂടി കയറി ... പ്രിയമോൾ അനിയുടെ മടിയിലും കയറി ഇരുന്നു....

അഭിയും സ്വപ്നയും അവരുടെ കുടുംബവും , അനിയുടെ രണ്ടുമൂന്നു ഫ്രണ്ട്സ് ഉം അഭിയുടെ ഇന്നോവയിലും....

ബാക്കി ഉള്ള ബന്ധുക്കൾ മുഴുവൻ രണ്ടു ട്രാവലേറിൽ ആയി കയറി...

അവർ എല്ലാവരും നന്ദനയുടെ വീട്ടിലേക്ക് പുറപ്പെട്ടു....

അരമണിക്കൂർ യാത്ര ഉണ്ടായിരുന്നു അവിടേക്ക് .... കാറിൽ പാട്ടൊക്കെ വെച്ച് എല്ലാവരും നല്ല സന്തോഷത്തോടെ സംസാരിച്ചു കൊണ്ടു പോകുമ്പോൾ ആണ് അനിയുടെ കണ്ണുകൾ വഴിയോരത്തെ പൂക്കടയിൽ പതിക്കുന്നത് ..... വിവിധ ഭംഗിയാർന്ന പൂക്കൾ അവിടെ ഇരിക്കുനത് കണ്ടു അതിൽ ഒരു റോസാപ്പൂ കണ്ടപ്പോൾ അനിയുടെ മനസ്സ് ഇന്നലെ മുഴുവിക്കാതെ പോയ നൊമ്പരത്തിന്റെ ഓർമകളുടെ ആഴങ്ങളിലേക്ക് സഞ്ചരിച്ചു......

""അനിയുടെ മിഴികളിൽ വീണ്ടും പ്രണയ വസന്തം പായിച്ചു കൊണ്ടു ആ വാലെന്റിൻ ദിനം വന്നെത്തി..... """

അനി ഒരിക്കലും കാണാൻ ആഗ്രഹിക്കാത്ത കാര്യം അന്ന് ആ ക്ലാസ്സ്‌ മുറിയിൽ വെച്ച് കണ്ടപ്പോൾ അനിയുടെ മനസ്സ് ആകെ ആടിയുലഞ്ഞു പോയിരുന്നു.... മനസ്സ് കൈവിട്ട അനിയുടെ നടത്തം ചെന്ന് അവസാനിച്ചത് ആ കോളേജിൽ അനി ഇഷ്ടപെടുന്ന ഒരു സ്ഥലത്തു ആയിരുന്നു .....

നിശബ്ദത മാത്രം തളം കെട്ടി കിടക്കുന്ന ആ കോളേജ് ലൈബ്രറി യുടെ മൂലക്ക് ഉള്ള ബഞ്ചിൽ പോയി അവൻ ഇരുന്നു.. ആ ഡെസ്കിൽ തലചായ്ച്ചു അവൻ കിടന്നു .. അവന്റെ നീളം ഉള്ള മുടിയിഴകളിൽ നിന്നും മഴവെള്ളത്തിന്റെ ജലാംശങ്ങൾ ഊർന്നു ഡെസ്കിൽ പതിക്കുന്നുണ്ടായിരുന്നു ..... ഒപ്പം അവന്റെ മിഴിയറിയാതെ ഒഴുകി എത്തിയ മിഴിനീർതുള്ളികളും ആ ഡെസ്കിൽ തളം കെട്ടി കിടന്നു....

സ്നേഹിക്കുന്ന പെണ്ണ് മറ്റൊരുത്തന്റെ കൈയിൽ നിന്നും പ്രണയപുഷ്പം വാങ്ങുന്നതും അവന്റെ പ്രണയം സ്വീകരിക്കുന്നതും കണ്ടപ്പോൾ ഉണ്ടായ ഷോക്കിൽ നിന്നും അനിക്ക് പെട്ടന്ന് മുക്തനാവാൻ സാധിച്ചില്ല....

പുഷ്പം വാങ്ങിച്ചതിൽ അനിക്ക് തെറ്റൊന്നും തോന്നിയില്ല അതൊക്കെ കോളേജിൽ പതിവ് അല്ലെ പിന്നെ താര ആണെങ്കിൽ കോളേജ് ബ്യൂട്ടിയും..... പക്ഷെ അവന്റെ മനസ്സിനെ ഉലച്ചത് അവൾ അവന്റെ ഇഷ്ടം അവളോട് തുറന്നു പറഞ്ഞപ്പോൾ അവൾ അവന്റെ നീട്ടി പിടിച്ച കൈവിരലുകളിൽ മുത്തം ഇട്ടു കൊണ്ടു അവന്റെ പ്രണയം സ്വീകരിച്ചത് ആയിരുന്നു...

ഇത്രയും നാൾ മനസ്സിൽ കൊണ്ടു നടന്നു അവളറിയാതെ അവളെ സ്നേഹിച്ച അനി ക്ക് അതു സഹിക്കാവുന്നതിലും അപ്പുറം ആയിരുന്നു....

അവന്റെ മനസിന്റെ ദുഃഖം മിഴികളിൽ കൂടി ഒഴുകി ....

പെട്ടന്ന് ആണ് അവന്റെ നനഞ്ഞ തല മുടിയിഴകളിൽ കൂടി മൃദുലമായ കൈവിരലുകൾ ഊളിയിട്ടത്....

ആ സ്പർശനത്താൽ അവൻ ഡെസ്ക്കിൽ നിന്നും തല ഉയർത്തി .... തന്റെ കൂടെ ബെഞ്ചിൽ നിറഞ്ഞ പുഞ്ചിരിയോടെ ഇരിക്കുന്ന താരയെ അവൻ കണ്ടു... അവളുടെ വലതു കൈ പത്തി ആയിരുന്നു തന്റെ മുടിയിഴകളെ തലോടിയത് എന്നു അവനു മനസ്സിൽ ആയി...

അവളുടെ മുഖത്തെ ചിരി കണ്ടിട്ടും എന്തോ അനിയുടെ മുഖം വിടർന്നില്ല അവൻ പതിയെ മുഖം തിരിച്ചു അവളെ നോക്കാതെ ഇരുന്നു..... അവളോട് ദേഷ്യം ഒന്നും അവനു ഉണ്ടായിരുന്നില്ല ... അവൾക്കു അറിയില്ലല്ലോ താൻ അവളെ പ്രണയിക്കുന്നത്... പക്ഷെ എന്തോക്കെ മനസ്സിൽ കിടന്നു നീറുന്നുണ്ടായിരുന്നു....

""""ചേട്ടായി.... """

അവളുടെ മൃദുലമായ സൗണ്ട് അവന്റെ കാതുകളിൽ പതിച്ചിട്ടും അവൻ അനങ്ങി ഇല്ല...

""എന്നോട് പിണക്കം ആണോ. ""

അവന്റെ മുടിയിഴകളിൽ തഴുകിയ കൈ എടുത്തു അവന്റെ തോളിൽ കൂടി ഇട്ടിട്ടു അവൾ അവന്റെ മുഖത്തിനു നേരെ അവളുടെ മുഖം കൊണ്ടുവന്നിട്ട് ചോദിച്ചു ....

അവളുടെ മുഖത്തെ ദൈനിയ ഭാവം അവനു കണ്ടപ്പോൾ സഹിച്ചില്ല...

""പിണക്കം മോ...??? ആരോട്.... "

അവൻ അവളുടെ മുഖത്തു നിന്നും കണ്ണുകൾ മാറ്റി അവളുടെ നേരെ നോക്കാതെ

പറഞ്ഞു....

""മം.... എന്നോട് എന്തിനാ ചേട്ടായി കള്ളം പറയുന്നേ???.... ചേട്ടായിയുടെ കണ്ണുകൾ എന്നോട് സത്യം പറയുന്നുണ്ട്... എത്ര നാൾ ആയിട്ടു കാണുന്നതാ ഈ ചേട്ടായിയെ ഞാൻ.... ഈ ചേട്ടായിയുടെ കണ്ണ് ഒന്ന് നിറഞ്ഞാൽ ഈ വാവ അറിയും.... എന്നിട്ടാ ..... """

താര അവന്റെ മുഖം പിടിച്ചു നേരെ ആക്കി കൊണ്ടു അവന്റെ കണ്ണുകളിൽ നോക്കി കൊണ്ടു പറഞ്ഞു.....

അവളുടെ കണ്ണുകളിലെ തിളക്കം അവളുടെ വാക്കുകൾ ഒക്കെ ഒന്നും നേരിടാൻ ആക്കാതെ അവൻ തല കുമ്പിട്ടു.......

"""ചേട്ടായി.... """

അവൾ അവനെ തോളിൽ പിടിച്ചു കുലുക്കി കൊണ്ടു വിളിച്ചു...

"""ഉം """

"""ഈ പിണക്കം എന്തിന്റെ ആണെന്ന് .... ഈ വാവക്ക് മനസ്സിൽ ആയിട്ടോ.... """

അവനോട് ചേർന്ന് ഇരുന്നു അവന്റെ പുറത്തു കൂടി അവളുടെ വലതു കൈ അവന്റെ തോളിൽ ഇട്ടു. തല കുമ്പിട്ടു ഇരിക്കുന്ന അവന്റെ കാതിൽ ചെറു ചിരിയോടെ അവൾ പറഞ്ഞു..

അതു കേട്ടപ്പോൾ അവൻ തല ഒന്ന് ഉയർത്തി.... പക്ഷെ ഒന്നും മിണ്ടിയില്ല...

""എന്നോട് പിണങ്ങാൻ മാത്രംഉള്ള തെറ്റ് ആയിരുന്നുവോ ഞാൻ ചെയ്തത്..... ചേട്ടായി.... """

അതു കേട്ടപ്പോൾ അവൻ

""എന്ത് തെറ്റ്.... """എന്നു ചോദിച്ചു...

""""നേരെത്തെ ക്ലാസിൽ വെച്ച് .... ഞാൻ ആ കോഴി വിജീഷിന്റെ കൈയിൽ മുത്തം ഇട്ടത്......... അതു കണ്ടപ്പോൾ അല്ലെ ചേട്ടായി ക്ലാസ്സിൽ നിന്നും ഇറങ്ങി പോന്നത്...എന്നിട്ടല്ലേ ഇവിടെ വന്നിരുന്നു ........... ""

അത്രേം പറഞ്ഞവൾ നിർത്തി അവന്റെ മുഖത്തേക്ക് നോക്കി...

അവൾ പറഞ്ഞത് ഒക്കെ ശെരി ആയിരുന്നു എന്നാൽ അതൊക്കെ നിഷേധിക്കുന്ന രീതിയിൽ """എന്തൊക്കെ യാ നീ പറയുന്നത് വാവേ ... ഞാൻ എപ്പോ ക്ലാസിൽ വന്നൂന്നാ??... ഞാൻ നേരെ ഇവിടേക്ക് അല്ലെ വന്നത്.... """"എന്നു അവൻ പറഞ്ഞു....

""ഈ ചേട്ടായി ഇതുവരെ ആയിട്ടും നുണ പറയാൻ പഠിച്ചിട്ടില്ല.... """"

അവൾ ചിരിച്ചു കൊണ്ടു പറഞ്ഞു...

""ഞാൻ നുണ ഒന്നും പറഞ്ഞില്ല ... നിനക്ക് തോന്നിയതാ.... ""

""ആണോ.... അപ്പൊ ഇതൊ....""""

അവൾ അതും പറഞ്ഞു ഒരു കടലാസ് പൊതി ഡസ്ക്കിൽ വെച്ചു......

ഡെസ്കിൽ ഇരുന്ന കടലാസ് പൊതി രണ്ടു ഭാഗത്തേക്കായി വിടർന്നപ്പോൾ അതിന്റെ നടുക്കായി അനി അവൾക്കായി കൊണ്ടുവന്ന പ്രണയപുഷ്പം ഒരു പോറൽ പോലുമേൽകാതെ ഇരിക്കുന്നത് കണ്ടപ്പോൾ അനി ഒന്ന് ഞെട്ടി...

""ചേട്ടായി എന്താ കരുതിയത് ഈ വാവ വെറും പൊട്ടി ആണെന്നോ??......ഈ മനസ്സിൽ എന്താ ഉള്ളത് എന്നു ഈ വാവക്ക് അറിയാം ..... """

അവന്റെ നെഞ്ചിൽ അവളുടെ കരം പതിപ്പിച്ചു കൊണ്ടു പറഞ്ഞു.....

""""വാവേ.... ഞാൻ ..... """

അനിയെ പറഞ്ഞു മുഴുവിക്കാൻ അവൾ സമ്മതിച്ചില്ല അതിനു മുൻപേ അവന്റെ നെഞ്ചിൽ പതിപ്പിച്ച അവളുടെ കൈ വിരൽ എടുത്തു അവന്റെ ചുണ്ടിൽ അമർത്തികൊണ്ടു """ചേട്ടായി എന്താ പറയാൻ പോണേന്നു അറിയാം .... എന്നോട് ക്ഷമ ചോദിക്കാൻ അല്ലെ.... """" എന്നു അവൾ പറഞ്ഞു.....

"""ഉം... ""

അവളുടെ വിരൽ അവന്റെ ചുണ്ടിൽ നിന്നും അകന്നപ്പോൾ അവൻ ഒന്നു മൂളി....

""ചേട്ടായി..."""

"മം ... ""

""ചേട്ടായി കരുതുന്നുണ്ടോ ഞാൻ ആ വിജീഷ് ആയി പ്രണയത്തിൽ ആണെന്ന്....""'

അതുകേട്ടപ്പോൾ അവൻ ഇല്ല എന്ന രീതിയിൽ തല ആട്ടി...

"" അവന്റെ സ്വഭാവം ചേട്ടായിക്ക് അറിയാവുന്നത് അല്ലെ .... കാണുന്ന പെൺപിള്ളേരോട് ഒക്കെ അവൻ ഇഷ്ടം ആണെന്ന് പറയും എന്നിട്ട് അക്സെപ്റ് ചെയുമ്പോൾ പിന്നെ ആ വഴി തിരിഞ്ഞു നോക്കില്ല.... നമ്മുടെ സ്വപ്നക്കൂടിലെ കുഞ്ഞുഞ്ഞു അച്ചായൻ നേ പോലെ ...... കുറെ നാൾ ആയി അവൻ പുറകെ നടക്കാൻ തുടങ്ങിയിട്ട്.... ഇന്ന് അവൻ വന്നു പറഞ്ഞപ്പോൾ ശല്യം തീരട്ടെ എന്നു കരുതി അക്സെപ്റ് ചെയ്തതാ അല്ലാതെ ചേട്ടായി കരുതുന്ന പോലെ ഒന്നും അല്ല.....""'

അവൾ പറഞ്ഞു നിർത്തി....

അതു കേട്ടപ്പോൾ അനി ക്ക് വിഷമം ആയി .... അവളെ തെറ്റ്ധരിച്ചല്ലോ എന്നോർത്ത്....

"""വാവേ ഞാൻ ..... സോറിഡി ..... പെട്ടന്ന് അവിടെ അങ്ങനെ കണ്ടപ്പോൾ ..... """

""എനിക്ക് മനസ്സിൽ ആകും എന്റെ ചേട്ടായിനെ... പിന്നെ ഈ മനസ്സിൽ എന്താണെന്നും..... """"

അവന്റെ കണ്ണുകളിൽ നോക്കി അവൾ കള്ളച്ചിരിയോടെ അതു പറഞ്ഞപ്പോൾ..... അവന്റെ ഉള്ളിൽ പ്രണയത്തിന്റെ കൊടുങ്കാറ്റു ആഞ്ഞു വീശി.....

""ഇനിയും എന്തിനാ എന്റെ മുന്നിൽ ഈ മൗനം ...... വർഷങ്ങൾ ആയി ആ മനസ്സിൽ കൊണ്ടുനടക്കുന്ന ആ സ്വപ്നം എനിക്കായി പങ്കുവെച്ചുകൂടെ.... അതിന്റെ മാധുര്യം നുണയാൻ എന്നെ അനുവദിച്ചുകൂടെ.... എത്ര കാലമായി ഞാൻ അതു ആഗ്രഹിക്കുന്നു..... """"

അവളത് പറയുമ്പോൾ അവളുടെ നീല മിഴികളിൽ വിരിഞ്ഞ പ്രണയ തേജസ് അവന്റെ കണ്ണുകൾക്ക് താങ്ങാവുന്നതിലും അപ്പുറം ആയിരുന്നു.... അവളുടെ ചോദ്യങ്ങൾക്ക് ഒന്നും അവനു മറുപടി പറയാൻ പറ്റിയില്ല....
അവൻ അവളോട് വർഷങ്ങൾ ആയി പറയാൻ കൊതിച്ച കാര്യം .. അവൾ കേൾക്കാൻ കൊതിക്കുന്നു എന്നറിഞ്ഞപ്പോൾ അവന്റെ സന്തോഷം ഇരട്ടിച്ചു.....

അവർ അറിയാതെ അവരുടെ മിഴികൾ തമ്മിൽ അലിഞ്ഞു ചേർന്നു.... പതിയെ അവനും അവളും ആ ഇരുപ്പിൽ തന്നെ ഒന്ന് ചേർന്നു... അവരുടെ കരങ്ങൾ അവരെ തമ്മിൽ ബന്ധിപ്പിച്ചു ... അവളുടെ മാറ് അവന്റെ മാറോടു ചേർന്നു അവളുടെ ശിരസ്സ് അവന്റെ തോളിലും അവന്റെ ശിരസ്സ് അവളുടെ തോളിലും ആയി വിശ്രമിച്ചു.....

കുറച്ച് നേരം അവർ തമ്മിൽ അറിയാതെ ഇഴുകി ചേർന്നു..... അവൻ അറിയാതെ അവന്റെ മിഴികളിൽ നനവ് പടർന്നു....

""""ചേട്ടായി.... """

അവളുടെ മധുരമായ നാദം അവന്റെ കാതുകളിൽ പതിഞ്ഞു....

പെട്ടന്ന് തന്നെ അവളെ വീട്ടു അവൻ അകന്നു ....

അവർ തമ്മിൽ അകന്നു മാറി...

നേരിയ ഒരു ചമ്മൽ രണ്ടു പേരുടെയും മുഖത്തു ഉണ്ടായിരുന്നു.....

"""എന്താ ചേട്ടായി ഇതു... ""

അവന്റെ മിഴികളിൽ നിറഞ്ഞ ജലകണങ്ങൾ തുടച്ചു കൊണ്ടു അവൾ ചോദിച്ചു.....

""""ഹേയ്... അതൊന്നും ഇല്ല വാവേ .... ചേട്ടായിക്ക് ഒരു നീല മിഴികളുള്ള രാജകുമാരിയെ സ്വന്തം ആയതിലുള്ള സന്തോഷം മിഴികൾ അറിയിച്ചതാ...... """

അവളുടെ മുഖം അവന്റെ കൈകളാൽ കോരി എടുത്തു കൊണ്ടു അവൻ പറഞ്ഞു...

അതു കേട്ടപ്പോൾ അവളുടെ മുഖം വിടർന്നു .....

""""അപ്പൊ ചേട്ടായിക്ക് ആ നീല മിഴികളുള്ള രാജകുമാരിയെ ഒരുപാട് ഇഷ്ടം ആണോ.... """

"ഉം.... ആണ്.... """

""""എത്രേം.... ഇഷ്ടം... """

""ദേ ഇത്രേം ...... """

അവൻ അതു പറഞ്ഞു കൊണ്ടു,, അവന്റെ കൈകളിൽ ഇരിക്കുന്ന അവളുടെ മുഖം അവന്റെ മുഖത്തിന് നേരെ അടുപ്പിച്ചു കൊണ്ടു റോസ് കളറിൽ ഉള്ള അവളുടെ തുടുത്ത കവിളിൽ അവന്റെ ചുണ്ടുകൾ സ്പർശിച്ചു....

ആ മുത്തത്തിലൂടെ അവരുടെ സ്നേഹം അവർ തമ്മിൽ പങ്കു വെച്ചു ......

"""ഓഹ് കാമുകനും കാമുകിയും കൂടി .... ഇതാണല്ലേ പരിപാടി.... """

പെട്ടന്ന് ഉള്ള സ്വപ്ന യുടെ വാക്കുകൾ കേട്ടപ്പോൾ അവർ ഞെട്ടി അകന്നു....

അവർ രണ്ടു പേരും തിരിഞ്ഞു നോക്കിയപ്പോൾ അഭിയും സ്വപ്നയും നിറ പുഞ്ചരിയോടെ അവരെ നോക്കി അവരുടെ അടുത്ത് നിൽക്കുന്നു....

തങ്ങളുടെ കലാവിരുത് അവർ കണ്ടു എന്നു അറിഞ്ഞപ്പോൾ താര യുടെ മുഖം നാണത്താൽ കുളിച്ചു...

"""ഉം പ്രണയിനികൾ ഒന്ന് എഴുന്നേറ്റേ.... """

സ്വപ്ന അതു പറഞ്ഞപ്പോൾ അനി യും താരയും ബഞ്ചിൽ നിന്നും എഴുന്നേറ്റു പുറത്തേക്കു ഇറങ്ങി നിന്നു....

""ഉം... രണ്ടു പേരും ഒന്ന് ചേർന്നു നിന്നെ.. """

സ്വപ്ന പറഞ്ഞത് കേട്ടപ്പോൾ അനിയും താരയും എന്താ സംഭവം എന്ന രീതിയിൽ സ്വപ്നയെ നോക്കിയിട്ട് അവർ ചേർന്നു നിന്നു അഭിക്കും സ്വപ്നക്കും അഭിമുഖം ആയി..

""ഡാ കൊള്ളാല്ലേ... നല്ല ചേർച്ച ഉണ്ട്.... ""

അവരുടെ നിൽപ്പ് കണ്ടു സ്വപ്ന അഭിയോട് പറഞ്ഞു....

""ഉം സൂപ്പർ ജോഡി... ""

അഭി പറഞ്ഞു...

"""ഡാ നിനക്ക് ഇവളെ ഇഷ്ടം ആണോ???.. """

സ്വപ്ന അനിയോട് ചോദിച്ചു...

"ആണ് ""

""നിനോക്കോടി ""

""മം .. """

താര താഴേക്കു നോക്കി നാണത്താൽ മൂളി....

""മുഖത്തു നോക്കി പറയു പെണ്ണേ.... ""

അവളുടെ നാണം കണ്ടപ്പോൾ സ്വപ്ന പറഞ്ഞു...

""എനിക്ക് ഇഷ്ടമാണ്... """

താര സ്വപ്നയോട് പറഞ്ഞു...

"""ഉം ശെരി... ""

""വാവ യുടെ ചേട്ടായി ഒന്നിങ്ങു വന്നേ... ""

സ്വപ്ന അനി യെ അടുത്തേക്ക് വിളിച്ചു...

അനി ""എന്താ "" എന്നാ ഭാവത്തിൽ സ്വപ്നയെ നോക്കി കൊണ്ടു സ്വപ്ന യുടെ അടുത്തേക്ക് ചെന്നു...

""""അഭി ... ""

സ്വപ്ന അഭിയെ വിളിച്ചിട്ട് ഡെസ്ക്കിലേക്ക് നോക്കി കൊണ്ടു കണ്ണ് കാണിച്ചു....

സ്വപ്ന ഉദ്ദേശിച്ചത് അഭിക്ക് മനസ്സിൽ ആയപ്പോൾ.. അഭി വേഗം ആ ഡെസ്കിൽ ഇരിക്കുന്ന റോസാപ്പൂ എടുത്തു... എന്നിട്ട് അതു അനിയുടെ കൈകളിൽ ഏല്പിച്ചു....

""ഡാ നീ അവളെ ഒന്ന് പ്രൊപ്പോസ് ചെയ്യ് .... ഞങ്ങൾ ഒന്നു കാണട്ടെ.... ""

സ്വപ്ന ചിരിച്ചു കൊണ്ടു പറഞ്ഞു...

അതു കേട്ടപ്പോൾ അനി വേഗം തന്റെ മുന്നിൽ നില്കുന്ന താര യെ നോക്കി നിലത്തു മുട്ട് കുത്തി...

""വിൽ യു  മാരി മി..... ""

റോസാപ്പൂ  അവളുടെ  നേരെ നീട്ടി  കൊണ്ടു  അവൻ  പറഞ്ഞു..

അതുകേട്ടപ്പോൾ  അവളുടെ  മുഖം  പ്രകാശപൂരിതം  ആയി ..... അവൾ സന്തോഷത്തോടെ  അവന്റെ  കൈകളിൽ നിന്നും  ആ പ്രണയപുഷ്പം  സ്വീകരിച്ചു....

എന്നിട്ട്  അവനു  എഴുനേൽക്കാൻ ആയി  അവളുടെ  വലതു കൈ  അവനു  നേരെ നീട്ടി ... ആ  മൃദുലമായ  കൈയിൽ ചെറു  ചുംബനം  നൽകി കൊണ്ട്  അനി  അവിടെ നിന്നും  എഴുനേറ്റു....

അതുകണ്ട  സ്വപ്നയും  അഭിയും അവർക്ക്  നല്ലൊരു  ചിരി  സമ്മാനിച്ചു....

""അപ്പോ  ഈ  സന്തോഷം  നമുക്ക്  ഒന്നു ആഘോഷിക്കണ്ടേ.... ""

അഭിയുടെ  വാക്കുകൾ  കേട്ടപ്പോൾ  """പിന്നല്ലാതെ """എന്ന് സ്വപ്ന പറഞ്ഞു....

""ആഘോഷമോ???  """

അനി  ചോദിച്ചു..

""ഉം.. ആഘോഷം... നിങ്ങൾ  രണ്ടാളും  ഞങ്ങൾക്ക്  ട്രീറ്റ്  ചെയ്യണം.... ""

അഭി  പറഞ്ഞു..

""അതൊക്കെ  ചെയ്യാം...അല്ലെ വാവേ...  ""

അനി അതു  പറഞ്ഞുകൊണ്ട്  താര യെ  നോക്കി...

അവൾ ""ഉം  ചെയ്യാം"""  എന്ന രീതിയിൽ  തല  ആട്ടി...

""ഡാ.. അഭി... ""

സ്വപ്ന അഭിയെ  വിളിച്ചോണ്ട്  എന്തോ  കണ്ണ്കാണിച്ചു...

അഭി ""ആ  ശെരി  മനസ്സിൽ  ആയ്യി  ""എന്ന രീതിയിൽ  തല ആട്ടി...

അവരുടെ  ആഗ്യം  എന്തിനാണെന്ന്  മനസ്സിൽ  ആകാതെ  അനിയും  താരയും  അവരെ നോക്കി  നിന്നു..

"അഭി  എന്താടാ  സംഭവം ... """

എന്ന് അനി ചോദിച്ചപ്പോൾ അഭി ""ഉം... പറയാം... നിങ്ങൾ വാ ""എന്ന് പറഞ്ഞു അവരെ ആ മുറിയിൽ നിന്നും പുറത്തേക്കു വിളിച്ചു....

പുറത്തു എത്തിയപ്പോൾ...

""ദേ ഇതാണ് കാര്യം.... ""

പുറത്തു ഇരിക്കുന്ന ഒരു ബ്ലാക്ക് കളർ ആർ എക്സ് ഹൻഡ്രെഡ് ബൈക്ക് കാണിച്ചു കൊണ്ട് അഭി പറഞ്ഞു.. ഒപ്പം താക്കോൽ അവന്റെ നേരെ നീട്ടി...

""ഇതു ദീപക്ക് ചേട്ടന്റെ അല്ലെ """

അനി ബൈക്ക് കണ്ടപ്പോൾ അഭിയോട് ചോദിച്ചു...

"""ഉം .. അതെ... ഇന്നത്തെ ഒരു ദിവസത്തേക്ക് നിങ്ങൾക്ക് വേണ്ടി ഞാൻ വാങ്ങിച്ചതാ.... രണ്ടാളും കൂടി ഒരു ഡ്രൈവ് നു പോയിട്ട് വാ.... ""

""ഡാ അപ്പോ ക്ലാസ്സ്... ""

"""ഓഹ്... ഒരു ദിവസം ക്ലാസിൽ കയറി ഇല്ല എന്ന് വെച്ച് ഒരു കുഴപ്പവും ഇല്ല ..... ഈ ദിവസം എൻജോയ് ചെയ്തില്ലെങ്കിൽ പിന്നെ എങ്ങനാ ..... """"

അഭി പറഞ്ഞത് കേട്ടപ്പോൾ താരക്ക് മുഖത്തു സന്തോഷം നിഴലിച്ചു....

""ചേട്ടായിയും ഒത്തു ഒരു യാത്ര അവൾ ആഗ്രഹിച്ചിരുന്നു.... ""

""എന്നാ ശെരി... നീ പറഞ്ഞത് അല്ലെ ഒന്നു പോയേച്ചും വരാം... ""

അനി താല്പര്യം ഇല്ലാത്ത മട്ടിൽ പറഞ്ഞു....

""ഓഹ് എന്റെ ഇഷ്ടത്തിന് പോകേണ്ട... വേണെങ്കിൽ പോയ മതി.... """

അഭി പറഞ്ഞു...

""ശ്ശേ ... അഭി യോട് അങ്ങനെ പറയണ്ടായിരുന്നു....ഇനി എങ്ങനെ പോകും... """

അനി മനസിൽ ചിന്തിച്ചു...

""ഡാ  അധികം ജാട  കാണിക്കാതെ ഇവളേം  കൊണ്ടു  പോയേച്ചും  വാടാ.... """

സ്വപ്ന അതും  പറഞ്ഞു താരയെ  അനിയുടെ  മേത്തക്ക്  പിടിച്ചു  തള്ളി ഇട്ടു...

താര  കൊച്ച്  കുട്ടിയെ  പോലെ  അനിയുടെ  ദേഹത്തു ഒട്ടിച്ചേർന്നു...

""പോകാൻ  താല്പര്യം  ഉണ്ടായിട്ടും  നിന്നു കിണക്കുന്നു... """

സ്വപ്ന പറഞ്ഞു...

ഇനിയും  അവിടെ  നിന്നാൽ  ശെരി  ആകില്ല എന്ന്  മനസ്സിൽ  ആയപ്പോൾ  അനി ബൈക്കിൽ  കയറി.... കൂടെ  താരയും .... ബൈക്കിൽ  ഉണ്ടായിരുന്ന കറുത്ത  റൈഡർ ജാക്കറ്റ്  അനി  താര  യുടെ കൈയിൽ  ഏല്പിച്ചു.... താര ഒരു  സൈഡിലേക്ക്  രണ്ടു കാലുകളും  വെച്ചാണ്  ഇരുന്നത്  വലത്തേ  കൈ  അനിയുടെ  തോളത്തും  വെച്ച് ഇടതു  കൈയിൽ  റൈഡർ  ജാക്കറ്റ്  മടക്കി  പിടിച്ചു....

"""ഡാ... വണ്ടിയിൽ  ഫുൾ  ടാങ്ക്  പെട്രോൾ  ഉണ്ട്  നിങ്ങൾക്ക്  എവിടെ  ആണെന്ന് വെച്ചാൽ  പോയിട്ടു  വാ ... പിന്നെ  എവിടെ  പോയാലും അഞ്ചുമണിക്  മുൻപ് തിരിച്ചു എത്തണം.... പിന്നെ  ഇതു  കൂടി  പിടിച്ചോ.... """"

എന്ന്  പറഞ്ഞു  അഭി  അനിയുടെ  പോക്കറ്റിൽ  ഒരു അഞ്ഞൂറ് ന്റെ  നോട്ടും  വെച്ച് കൊടുത്തു...

""എന്നാ  ശെരി  പോയേച്ചും  വരാം """

എന്ന്  പറഞ്ഞു  അനി  ബൈക്ക്  സ്റ്റാർട്ട്  ചെയ്തു...

താര  നല്ല  സന്തോഷത്തിൽ  ഇരിക്കുനത്  കണ്ടപ്പോൾ ..

അഭിയും  സ്വപ്നയും  അവരെ  ചിരിച്ചു  കൊണ്ടു  യാത്ര  അയച്ചു....

ക്യാമ്പസിൽ  കൂടി  സഞ്ചരിക്കുമ്പോൾ  അവിടെ  ഉണ്ടായിരുന്ന എല്ലാവരുടെയും  ശ്രദ്ധ അവരിൽ  ആയിരുന്നു...

ബൈക്ക്  കുർ  കുർ  ശബ്ദം  ഉണ്ടാക്കി  കൊണ്ടു  ആ  കോളേജ്  ക്യാമ്പസിൽ  നിന്നും പുറത്തേക്കു  കടന്നു....

"""വാവേ .... എവിടെക്കാ  പോകാ...."""

""ചേട്ടായുടെ ഇഷ്ടം..... ചേട്ടായി കൂടെ ഉണ്ടെങ്കിൽ എവിടെ പോകാനും ഈ വാവ ഒരുക്കം ആ...""

""എന്നാ നമുക്ക് മഞ്ചാടികുന്നിൽ പോയാലോ....നീ കുറെ നാൾ ആയില്ലേ പറയുന്നു അവിടെ പോകണം എന്ന്... """

""ഉം.... അതു മതി .. """

പിന്നെ ബൈക്ക് മഞ്ചാടി കുന്നു ലക്ഷ്യം ആക്കി സഞ്ചരിച്ചു....

കോളേജിൽ നിന്നും അരമണിക്കൂർ യാത്രയെ അവിടേക്ക് ഉണ്ടായിരുന്നൊള്ളു ...

ആ കുന്നിൻ ചെരിവിലൂടെ ബൈക്കിൽ യാത്ര ചെയുമ്പോൾ ചെറിയൊരു തണുപ്പ് അവർക്ക് അനുഭവ പെട്ടു.... കുറച്ചുഏറെ ഹെയർ പിൻ ഒക്കെ താണ്ടി അവരുടെ ബൈക്ക് ആ മലമുകളിൽ എത്തി ചേർന്നു ....

ഇട ദിവസവും പിന്നെ ആ സമയവും ആയതു കൊണ്ട് അവിടെ ആരും ഉണ്ടായിരുന്നില്ല....

ഒരു മരത്തിന്റെ കീഴിൽ ബൈക്ക് വെച്ചിട്ട് അവർ രണ്ടാളും ഇറങ്ങി....

കുന്നിന്റെ ടോപ്പിൽ എത്താൻ പത്ത്മിനിറ്റ് കൂടി നടക്കാൻ ഉണ്ട് ബൈക്ക് അവിടെ ക്ക് കയറില്ല അതുകൊണ്ട് ആണ് അനി അവിടെ ബൈക്ക് നിർത്തിയത്....

""വാവേ ഇതു ഞാൻ പിടിക്കാം .. ""

അനി അതു പറഞ്ഞു അവളുടെ കൈയിൽ നിന്നും റൈഡർ ജാക്കറ്റ് വാങ്ങിച്ചു കൈയിൽ പിടിച്ചു...
എന്നിട്ട് അവളേം കൂട്ടി ആ കുന്നിന്റെ മുകളിലേക്ക് നടന്നു കയറി ....
രണ്ടടി പൊക്കം ഉള്ള പുല്ലുകൾക്ക് ഇടയിലൂടെ ആ ഇടുങ്ങിയ വഴിയിൽ താര അനിയുടെ കൈയിൽ കൈ കോർത്തു കൊണ്ടു നടന്നു കയറി...

അവസാനം ആ നടത്തം ചെന്ന് അവസാനിച്ചത് ഒരു കുന്നിന്റെ മുകളിൽ ഉള്ള വാച്ച് ടവർ ന്റെ അടുത്തത്താണ് .... മൂന്ന് നിലയിൽ ഉയരത്തിൽ നില്കുന്ന ആ ടവറിനു മുകളിലേക്ക് അവർ നടന്നു കയറി....

""വാവേ എങ്ങനെ ഉണ്ട് സ്ഥലം..... ""

ടവറിന്റെ ഏറ്റവും ടോപ്പിൽ ഉള്ള നിലയിൽ അരികത്തു ആയി പൈപ്പ് കൊണ്ടു മറച്ച തടയണയിൽ ചാരി

താഴെയുള്ള സ്ഥലങ്ങളും കാഴ്ചകളും കണ്ടുകൊണ്ട് നിൽകുമ്പോൾ അനി വാവ യോട് ചോദിച്ചു....

"""ഒരുപാട് ഇഷ്ട്ടായി .... ചേട്ടായി...നല്ല കാറ്റ്.... """

അവൾ അതു പറയുമ്പോൾ അവളുടെ മുടിയിഴകൾ കാറ്റത്തു പറന്നു കളിക്കുന്നുണ്ടായിരുന്നു... അവളുടെ സന്തോഷത്തോടെ ഉള്ള മുഖം കണ്ടപ്പോൾ അവൻ അവളെ അവനോട് ചേർത്ത് നിർത്തി....

"""ഈ സ്ഥലത്തിന് വേറെ ഒരു പ്രതേകത കൂടി ഉണ്ട് .... അറിയോ??.... വാവക്ക്.... """

അവൾ അറിയില്ല എന്ന രീതിയിൽ തല കാണിച്ചു...

""ഇപ്പോ കാണിച്ചു തരാം ""

എന്ന രീതിയിൽ തിരിച്ചു അവനും കാണിച്ചു....

എന്നിട്ട് അനി രണ്ടു കൈകൊണ്ടും വായ്ക്ക് ഇരു വശത്തു ആയി പിടിച്ചിട്ടു നല്ല ഉച്ചത്തിൽ """ഐ.... ലവ് ... യു """"ഓളിയിട്ടു .....

ആ ശബ്ദം ഒരു തിരമാല പോലെ അവരുടെ അടുത്ത് നിന്നും ഒഴുകി ഒഴുകി അകന്നു .... അതിന്റെ എക്കോ സൗണ്ടിന്റെ ഒഴുക്ക് താരക്ക് ഇഷ്ട്ടായി...

അവൻ ഉറക്കെ ഓളിയിട്ടു കഴിഞ്ഞപ്പോൾ അവളും അതുപോലെ ഉറക്കെ ഓളിയിട്ടു ....

അവസാനം അവർ രണ്ടു പേരും ഒരുമിച്ചു ഉച്ചത്തിൽ ഓളിയിട്ടു അവരുടെ ശബ്ദതരംഗങ്ങൾ കാറ്റിലൂടെ ഒഴുകി ലയിച്ചു ചേർന്നു....

""വാവേ നമുക്ക് കുറച്ചു നേരം അവിടെ ഇരുന്നാലോ... """

ടവറിനു മുകളിൽ അവരുടെ ഓപ്പോസിറ്റ് സൈഡിൽ ഇരിപ്പിടം കണ്ടപ്പോൾ അനി താരയോട് പറഞ്ഞു...

""ഉം ... """

അവൾ മൂളിയിട്ട് അനിയോടൊപ്പം അവിടെ ചെന്ന് ഇരുന്നു....

""വാവേ ... ""

വിദൂരതയിലേക്ക് നോക്കി കൊണ്ടിരിക്കുന്ന താരയെ അനി ചെറു ശബ്ദത്തിൽ വിളിച്ചു...

""ഉം... ""എന്ന് മൂളികൊണ്ട് """എന്താ ചേട്ടായി ""എന്നർത്ഥത്തിൽ അനിയുടെ മുഖത്തേക്ക് നോക്കി..

""വാവക്ക് എന്ന് മുതലാ ഈ ഇഷ്ടം തോന്നി തുടങ്ങിയത്.... ""

അവളുടെ വലതു കരത്തിൽ അവന്റെ ഇടതു കരം ചേർത്തു കൊണ്ടു അവൻ ചോദിച്ചു....

""അതു..... ""

അവൾ ഒന്നു മടിച്ചു പറയാൻ....

""പറ വാവേ..... വെറുതെ ഒന്നു അറിയാനാ... """

""നമ്മൾ തമ്മിൽ ആദ്യം കണ്ടുമുട്ടിയത് ചേട്ടായിക്ക് ഓർമ ഉണ്ടോ.... ""

""ഉം... പിന്നെ അതു മറക്കാൻ പറ്റുമോ.... ഊഞ്ഞാലിൽ നിന്ന് വീണത് അല്ലെ.... """

""ഉം... അതെ .... അന്ന് ചേട്ടായിയുടെ മിഴികളിൽ എന്റെ മിഴികൾ കോർത്തപ്പോൾ എന്റെ ഉള്ളിൽ ഈ ചേട്ടായി എന്റെ ആരൊക്കെ ആണെന് തോന്നൽ ഉടലെടുത്തിരുന്നു അതു അട്രാക്ഷൻ ആണോ ലവ് ആണോ എന്നൊന്നും മനസ്സിൽ ആയില്ല.... ചേട്ടായിയുടെ മിഴികളിലേക്ക് നൊക്കുമോമ്പോൾ എന്തോ കാന്തിക ശക്തി എന്നെ കൊത്തിവലിക്കുമായിരുന്നു.... അതു കഴിഞ്ഞു ഓരോ തവണ കാണുമ്പോഴും പിനേം പിനേം കാണണം എന്ന് തോന്നി പോകും.....അങ്ങനെ എപ്പോഴോ ചേട്ടായി ഈ മനസ്സിൽ കയറി പറ്റി ... പലവട്ടം ഞാൻ ചേട്ടായിയോട് പറയണം എന്ന് കരുതി യത് ആണ് പക്ഷെ എന്തോ എന്നെ പുറകോട്ടു വലിച്ചു......എനിക്കു അറിയായിരുന്നു ചേട്ടായിക്ക് എന്നെ ഇഷ്ടം ആണെന്ന് ചേട്ടായിയുടെ നോട്ടത്തിലും പെരുമാറ്റത്തിലും അതു ഉണ്ടായിരുന്നു...... ചേട്ടായി എന്നോട് മനസ്സ് തുറക്കും എന്ന് കരുതി ഞാൻ കാത്തിരുന്നു....പക്ഷെ നാളുകൾ കഴിഞ്ഞിട്ടും ചേട്ടായിയുടെ ഭാഗത്തു നിന്നും അതു കാണാതെ ആയപ്പോൾ എനിക്ക് ശെരിക്കും വിഷമം ആയി ...... """"

അവൾ പറഞ്ഞു നിർത്തി...

""വാവേ.... ഞാൻ ... നിന്റെ മുന്നിൽ മനസ്സ് തുറക്കണം എന്ന് എനിക്ക് ഉണ്ടായിരുന്നു .... പക്ഷെ നീ പറഞ്ഞപോലെ എന്തോ എന്നെയും പിൻ വലിച്ചു ...""

""""ഉം.... ഇന്ന് സത്യത്തിൽ ചേട്ടായി എന്നെ പ്രൊപോസ് ചെയ്യും എന്ന് വിചാരിച്ചിരുന്നില്ല...... ""

""""ഉം... """

""""ചേട്ടായിക്ക് അറിയോ.... ഞാൻ ഇന്ന് കോളേജിൽ വന്നത് ചേട്ടായിനോട് എന്റെ ഇഷ്ടം തുറന്നു പറയണം എന്ന് ആഗ്രഹിച്ചു ആണ്....പക്ഷെ... """

അവൾ പറഞ്ഞു....

""... പക്ഷെ??? ""

അനി ചോദിച്ചു...

""""പക്ഷെ ഞാൻ ബസ് സ്റ്റോപ്പിൽ എത്തിയപ്പോൾ ചേട്ടായിനെ കണ്ടില്ല ... അപ്പോ ഞാൻ ആകെ വിഷമിച്ചു..... പിന്നിട് ഞാൻ വിജീഷ് നു മുത്തം ഇട്ടു കഴിഞ്ഞു തല ഉയർത്തി നോക്കിയപ്പോൾ കണ്ടത് വിഷമത്തോടെ നിൽക്കുന്ന ചേട്ടായിയെ ആണ് .... ചേട്ടായി ആ ഡെസ്കിൽ നിന്നും ഇറങ്ങി ആ പ്രണയപുഷ്പം അലക്ഷ്യമായി വലിച്ചെറിഞ്ഞു നടന്നു പോകുമ്പോൾ ഞാൻ ചേട്ടായിയുടെ പുറകെ വന്നിരുന്നു...... പിന്നെ ലൈബ്രറി ഇരുന്നു കരയുന്ന ചേട്ടായിനെ കണ്ടപ്പോൾ എന്റെ നെഞ്ച് തകർന്നു പോയിരുന്നു..... ഞാൻ കാരണം ചേട്ടായിയുടെ മനസ്സ് വേദനിച്ചല്ലോ എന്നോർത്ത്.... """

അവൾ പറഞ്ഞു...

""""അതൊക്കെ കഴിഞ്ഞില്ലേ വാവേ....""""

""ഉം... കഴിഞ്ഞു.... എന്നാലും ആ വിജീഷ് ന്റെ അടുത്ത് ഞാൻ .... ശ്ശേ അതു വേണ്ടായിരുന്നു .... ഈ മനസ്സ് എന്തോരം വേദനിച്ചു കാണും..... """

താര ചെറു വിഷമത്തിൽ പറഞ്ഞു...

""അതൊക്കെ വിട്ടു കള വാവേ... ഇനി മുതൽ നമ്മൾ ഒന്നല്ലേ... ""

അവളുടെ കൈ മുറുകെ പിടിച്ചു കൊണ്ട് അവൻ പറഞ്ഞു...

അതു കേട്ടപ്പോൾ അവളുടെ മുഖം വിടർന്നു ഒപ്പം അവന്റെ നെഞ്ചിലേക്ക് അവൾ തല ചായ്ച്ചു... അവന്റെ നെഞ്ചിലെ ചൂട് പറ്റി അവൾ അങ്ങനെ ഇരുന്നു

....

സമയം അങ്ങനെ കടന്നു പോയിക്കൊണ്ടിരുന്നു....

അങ്ങനെ കുറച്ചു കഴിഞ്ഞപ്പോൾ ചെറുതായി മഴ പൊടിയാൻ തുടങ്ങി......

മഴ കൂടിയാൽ വഴിയിൽ ചെളിആകും അപ്പോ പിന്നിട് ബൈക്കിനടുത്തേക്ക് പോകാൻ വളരെ ബുദ്ധിമുട്ട് ആകും എന്ന് അറിയാമായിരുന്ന അനി അവളേം കൂട്ടി അവിടെ നിന്നും ഇറങ്ങി...

അനിയുടെ കൈയിൽ ഉണ്ടായിരുന്ന ജാക്കറ്റ് എടുത്തു താരയെ ധരിപ്പിച്ചു.....ചെറിയ ചാറ്റൽ മഴ ആയതുകൊണ്ട് അവർ ബൈക്ക് എടുത്തു ആ കുന്നു ഇറങ്ങി ....

പിന്നിട് ടൗണിലും പാർക്കിലും മറ്റും ആയി കറങ്ങി അഞ്ചു മണിയോടെ കോളേജിൽ തിരിച്ചു എത്തിയ അവരുടെ മുഖത്തു സന്തോഷം മാത്രം ഉണ്ടായിരുന്നോളു .....

അങ്ങനെ അന്ന് തുടങ്ങിയ അവരുടെ പ്രണയം വളർന്നു പന്തലിച്ചു ..... ആർക്കും അസൂയ തോന്നും വിധത്തിൽ ഉള്ള പ്രണയ ജോടികൾ ആയിരുന്നു അവർ.....

വൃക്ഷങ്ങളും ചുമരുകൾക്കും ഒക്കെ സംസാരിക്കാൻ പറ്റുമായിരുന്നു എങ്കിൽ അവരുടെ പ്രണയത്തെ കുറിച്ച് പറയാനേ നേരം ഉണ്ടാവുക ഒള്ളു ..... വാകമരങ്ങളും ലൈബ്രറി യും ഒക്കെ അവരുടെ പ്രണയത്തിനു സാക്ഷി ആയി.....

പക്ഷെ അധികം നാൾ നീണ്ടു നിന്നില്ല അവരുടെ ആ സന്തോഷം.....

കോളേജ് ജീവിതം കഴിഞ്ഞതോടെ താര ഹയർ സ്റ്റഡീസ് നു പോകാൻ ആയി തീരുമാനിച്ചു.... അഭി ക്ലാസ്സ് കഴിഞ്ഞതോടെ ഒരു ഓട്ടോ എടുത്തു സവാരി തുടങ്ങി....
അനി ആണെങ്കിൽ ഇനിയും പഠിപ്പിക്കാൻ വീട്ടുകാർക്ക് പ്രാപ്തി ഇല്ലാത്തത് കൊണ്ട് പഠിത്തം എന്ന കടമ്പ നിർത്തി ജോലി അനേഷിച്ചു തുടങ്ങി.... പല ടെസ്റ്റുകളും അവൻ എഴുതി പക്ഷെ മിക്കയിടത്തും കയറാൻ പൈസ വേണം എന്ന സ്ഥിതി ആയപ്പോൾ അവൻ ആകെ വിഷമിച്ചു.... അനിത ചേച്ചിയുടെ കല്യാണം കഴിഞ്ഞു അധികം ആയിട്ടുണ്ടായില്ല അതിന്റെ കടം ഉണ്ട് ... പിന്നെ ഉള്ള അഞ്ചു സെന്റ് ന്റെ ആധാരം ആണെങ്കിൽ പലിശ ഗോപി യുടെ കൈയിലും.... അനിക്കു എന്താ ചെയ്യണ്ടത് എന്ന് അറിയാതെ നിൽക്കുമ്പോൾ ആണ് എല്ലാം തകിടം മറിച്ചുകൊണ്ടു ആ ദിനം വന്നെത്തി യത്.....

സാധാരണപോലെ ഉച്ചയൂണ് കഴിഞ്ഞു വീടിനടുത്തുള്ള പാടത്തിനു കുറുകെ ഉള്ള ഇടറോഡിൽ കലിങ്കിനു മുകളിൽ ഇരിക്കുക ആയിരുന്നു അനി .... പെട്ടന്ന് ആണ് അഭിയുടെ ഓട്ടോ അനിയുടെ അടുത്തേക്ക് പാഞ്ഞടുത്തത്....

""ഡാ നിയിത് എവിടെക്കാ ഇത്ര വേഗത്തിൽ .... """

അനിയുടെ മുന്നിൽ ഓട്ടോ ചവിട്ടി നിർത്തിയപ്പോൾ അഭിയോട് അനി ചോദിച്ചു...

""ഡാ നീ ഇങ്ങോട്ട് കയറിയെ... ""

അഭി പരിഭ്രമം കലർന്ന സ്വരത്തിൽ അനിയോട് പറഞ്ഞു...

""ഡാ എന്താ പ്രശ്നം """

അഭിയുടെ ടെൻഷൻ നിറഞ്ഞ മുഖം കണ്ടപ്പോൾ അനി ചോദിച്ചു...

"""സംസാരിച്ചോണ്ട് നിൽക്കാൻ സമയം ഇല്ല നീ കയറു വേഗം """

അഭി പറഞ്ഞത് കേട്ടപ്പോൾ അനി വേഗം ഓട്ടോയിൽ കയറി...

അനി കയറിയ പാടെ അഭി ഓട്ടോ എടുത്തു ....

""ഡാ എന്താ കാര്യം എന്ന് പറ... """

ഓട്ടോയിൽ ഇരിക്കുമ്പോൾ അനി ചോദിച്ചു...

"" രാമൻ നായരുടെ പറമ്പിൽ പണി ചെയ്തോണ്ട് ഇരിക്കുമ്പോൾ നിന്റെ അച്ഛനു ചെറിയൊരു വയ്യായ്ക തോന്നി.... ""

""അയ്യോ """

""ഡാ നീ പേടിക്കാൻ ഒന്നും ഇല്ല ... വയ്യായ്ക തോന്നിയപ്പോൾ തന്നെ അവർ ഹോസ്പിറ്റലിൽ കൊണ്ടോയി....."""

""ഉം.... ""

അവൻ തന്നെ സമാധാനിക്കാൻ പറഞ്ഞെങ്കിലും അനിക്ക് പേടി ഉണ്ടായിരുന്നു അച്ഛനു എന്തെങ്കിലും സംഭവിച്ചു കാണുമോ എന്ന്....

ഹോസ്പിറ്റലിൽ പോകുന്ന വഴിക്ക് വീട്ടിൽ നിന്നും അനിയുടെ അമ്മയേം അഭിയുടെ ഓട്ടോ യിൽ കയറ്റി....അഭി കാര്യം ഒന്നും തെളിച്ചു പറഞ്ഞില്ല ഹോസ്പിറ്റലിൽ ആണെന്ന് മാത്രം പറഞ്ഞു... അതു കേട്ടപ്പോൾ തന്നെ അനിയുടെ അമ്മ ആകെ

തളർന്ന മട്ടിൽ ആയി...അനി ഒരു വിധം സമാധാനിപ്പിച്ചു ആണ് ആ ഓട്ടോയിൽ അമ്മയെ കൂടെ ഇരുത്തി യത്....

കുറച്ചു നേരത്തെ യാത്രക്ക് ഒടുവിൽ അവർ ആ ഹോസ്പിറ്റലിൽ എത്തിച്ചേർന്നു...

റിസപ്ഷൻ നിന്നും അനി ക്ക് അറിയാൻ കഴിഞ്ഞു അച്ഛൻ ഐ സി യു വിൽ ആണെന്ന്...

അനി വേഗം അമ്മയെ കൂട്ടി ഐ സി യു വിന്റെ വാതിൽക്കലിലേക്ക് നടന്നു...

ഐ സി യു വിന്റെ ഗ്ലാസിന് ഉള്ളിലൂടെ അകത്തു ബെഡിൽ അച്ഛൻ കിടക്കുന്നത് കണ്ടപ്പോൾ അനി സംഭരിച്ചു വെച്ചിരുന്ന ശക്തി ഒക്കെ ചോർന്നു പോയി ..... അച്ഛനു എന്താ പറ്റിയത് എന്ന് അറിയാതെ അനി വിഷമിച്ചു.... അനിയുടെ അമ്മക്കും ആ കാഴ്ച അധികം കണ്ടു നിൽക്കാൻ സാധിച്ചില്ല .... അമ്മ കരയുന്നത് കണ്ടപ്പോൾ അനി വേഗം അമ്മയെ പിടിച്ചു അടുത്ത് കണ്ട കസേരയിൽ ഇരുത്തി.... അപ്പോഴേക്കും അഭി അവരുടെ അടുത്ത് എത്തി...

അഭി വന്നപ്പോൾ... അഭിയും അനി യും കൂടി നേഴ്സ് നോട് ചോദിച്ചിട്ട് ഡോക്ടർ റേ കാണാൻ ഡോക്ടറുടെ റൂമിലേക്ക് പോയി...

ഡോക്ടറുടെ അടുത്ത് നിന്നും അനി ക്ക് അറിയാൻ കഴിഞ്ഞു അച്ഛനു അറ്റാക്ക് ആണെന്ന്... ഇരുപത്തി നാല് മണിക്കൂർ കഴിയാതെ ഒന്നും പറയാൻ പറ്റില്ല എന്നും ഡോക്ടർ പറഞ്ഞു....

ഡോക്ടർ റുടെ അടുത്ത് നിന്നും ഇറങ്ങി അവർ രണ്ടു പേരും ഐ സി യു വിന്റെ മുന്നിൽ എത്തിയപ്പോൾ അനിയുടെ അമ്മയുടെ കൂടെ സ്വപ്ന ഇരിക്കുന്നു.... പിന്നെ ഭിത്തിയിൽ ചാരി താരയും അവളുടെ അടുത്ത് തന്നെ ലെച്ചു വും നിൽക്കുന്നു....

അഭിയെ യും അനി യെം കണ്ടപ്പോൾ താര അനിയുടെ അടുത്തേക്ക് നടന്നു വന്നു താരയുടെ കൈയിൽ തൂങ്ങി ലെച്ചുവും .... സ്വപ്ന യുടെ ദേഹത്തു ചാരി അനിയുടെ അമ്മ ഇരിക്കുനത് കൊണ്ടു അവൾ എഴുന്നേറ്റില്ല...

""ചേട്ടായി.... എന്താ അച്ഛന്.... ഡോക്ടർ എന്തു പറഞ്ഞു.... """

അനിയുടെ അടുത്ത് വന്നപ്പോൾ താര ചോദിച്ചു...

അനി ഡോക്ടർ പറഞ്ഞത് എല്ലാം അവളോട് പറഞ്ഞു....

അഭി പോയി സ്വപ്ന യുടെ അടുത്ത് ഇരുന്നു...

അനി യും താരയും കൂടി അടുത്ത് കണ്ട ബഞ്ചിൽ ഇരുന്നു .... ലെച്ചുവിനെ അവൻ കൂടെ ഇരുത്തി... ലെച്ചു അന്ന് മൂന്നിൽ പഠിക്കുന്നോളു അതുകൊണ്ട് അവൾക്കു അച്ഛന് എന്താ പറ്റിയത് എന്നൊന്നും അറിയില്ലായിരുന്നു അവൾ അനിയുടെ കൂടെ ആ ബെഞ്ചിൽ ഇരുന്നു....

""ഹേയ് എന്താ ചേട്ടായി ഇതു.... ചേട്ടായി തളർന്നാൽ ഇവർ എല്ലാവരും തളരും.... ചേട്ടായി ഒന്നു ഉഷാർ ആയിക്കെ.... """

താര യുടെ ചുമലിൽ അനി സങ്കടത്തോടെ ചാരി ഇരുന്നപ്പോൾ അവൾ അനിയോട് പറഞ്ഞു...

""ഹേയ് ഇല്ല വാവേ... എനിക്ക് കൊഴപ്പം ഒന്നും ഇല്ല...."""

അനി മിഴികളിൽ നിറഞ്ഞ നീർ മുത്തുകൾ വിരലുകൊണ്ട് തുടച്ചിട്ട് താര യോട് പറഞ്ഞു...

""ഉം... ""

അവൾ ഒന്നു മൂളി....

കുറച്ചു സമയം കഴിഞ്ഞപ്പോൾ അഭി അനിയെ വിളിച്ചു കുറച്ചു അപ്പുറത്തേക്ക് മാറി നിന്നു...

"""എടാ നിന്റെൽ പൈസ വല്ലതും ഇരുപ്പുണ്ടോ.... """

അഭി അനിയോട് ചോദിച്ചു... ഒപ്പം അച്ഛന്റെ മരുന്നിന്റെ യും ഇൻജെക്ഷൻ ന്റെയും ബില്ല് കാണിച്ചു """അവന്റകൈയിൽ അതിനു കൊടുക്കാൻ തികയില്ല എന്നും.... കുറച്ചു കൂടി പൈസ വേണമെന്നും "" അഭി പറഞ്ഞു.....

""ഞാൻ അമ്മയോട് ചോദിക്കട്ടെ """ എന്ന് പറഞ്ഞു അനി അമ്മയുടെ അടുത്തേക്ക് പോയി....

അമ്മയുടെ കൈയിൽ കിടന്ന ആകെ ഉണ്ടായിരുന്ന രണ്ടു വളകൾ അനി യുടെ കൈയിൽ അമ്മ ഊരി കൊടുത്തു..

അതും കൊണ്ടു അനി അഭിയുടെ അടുത്തേക്ക് ചെന്നു .... അപ്പൊ അഭിയുടെ അടുത്ത് താര നിൽക്കുന്നുണ്ടായിരുന്നു .....

""ഡാ ഇതു കണ്ടോ.... """

അനി അടുത്ത് ചെന്നപ്പോൾ അഭി ചെറിയ മാല അനിയെ കാണിച്ചു...

ആ മാല കണ്ടപ്പോൾ അനി ക്ക് മനസ്സിൽ ആയി അതു താര യുടെ ആണെന് ...

അനി അഭിയുടെ കൈയ്യിൽ നിന്നും ആ മാല വാങ്ങിച്ചു...

""എന്താ വാവേ... ഇതു.... ദെ ഇതു പിടിച്ചേ....."""

അനി ആ മാല അവളുടെ നേരെ നീട്ടി കൊണ്ടു പറഞ്ഞു...

""""വേണ്ടാ ചേട്ടായി .... ചേട്ടായി വെച്ചോ ആവിശ്യം വരും ..... """

""ഇല്ലെഡി.... പൈസ ഒക്കെ ഉണ്ട്.... ""

""ചേട്ടായി പിടിച്ചോ .... ചേട്ടായിടെ വാവ അല്ലെ തരുന്നത്..... പൈസക്ക് ഇനിയും ആവിശ്യം വരും..... """

അനി യോട് താര പറഞ്ഞു....

""എന്നാലും വാവേ... നിന്റെ വീട്ടിൽ അറിഞ്ഞാൽ??..... ""

""അതൊക്കെ ഞാൻ നോക്കി കൊള്ളാം ... ഇപ്പോ ചേട്ടായി വേഗം പോയി ബില്ലിന്റെ കാര്യം ശെരി ആക്കു.... """"

അവൾ ചെറു പുഞ്ചിരിയോടെ പറഞ്ഞു...

അവളുടെ സ്നേഹത്തിനു മുൻപിൽ അനിയുടെ മിഴികൾ നിറഞ്ഞു....

പിന്നിട് എല്ലാം പെട്ടന്ന് ആയിരുന്നു... അനിയുടെ അച്ഛനു ഹാർട്ടിലേക് ഉള്ള രക്തകുഴലിൽ ബ്ലോക്ക് ഉണ്ടെന്നും അതു ബൈപാസ്സ് സർജറി ചെയ്താൽ മാത്രമേ ശെരി ആകു എന്ന് ഡോക്ടർ മാർ വിധിച്ചു.... അതിനു ലക്ഷങ്ങൾ വേണ്ടി വരും എന്നും കേട്ടപ്പോൾ അനി ആകെ തകർന്നു പോയി ......

അങ്ങനെ അച്ഛന്റെ ഹോസ്പിറ്റൽ ചെലവിനായി അനിക്ക് സ്വന്തം കിടപ്പാടം പലിശ ഗോപി ക്കു എഴുതി കൊടുത്തു വിൽക്കേണ്ടി വന്നു....വീട് പോയതോടെ അനി അമ്മയെയും ലെച്ചുവിനെയും അഭിയുടെ വീട്ടിൽ നിർത്തി .... അച്ഛന്റെ കാര്യങ്ങൾ നോക്കി അനി ഹോസ്പിറ്റലിലും നിന്നു......

പൈസ ഒക്കെ കെട്ടിയത് കൊണ്ട് ഓപ്പറേഷൻ ഒക്കെ ഭംഗിയായി നടന്നു ..... അനി തളരാതിരിക്കാൻ എല്ലാദിവസവും താര ഹോസ്പിറ്റലിൽ അവനെ കാണാൻ വരുമായിരിന്നു ..... അവളുടെ സാമിപ്യം കുറച്ചു ഒക്കെ അവനെ വിഷമങ്ങളിൽ നിന്നും കരകയറ്റാൻ സഹായിച്ചിരുന്നു.....

അങ്ങനെ അനിയുടെ അച്ഛനെ റൂമിലേക്ക് കൊണ്ടുവന്നിട്ട് രണ്ടാമത്തെ ദിവസം

രാവിലെ ....

അച്ഛനു കഴിക്കാൻ ആയി കാന്റീനിൽ നിന്നും ഒരു പിടി പത്രത്തിൽ കുറച്ചു ചായയും പിന്നെ ഒരു പൊതിയിൽ ഇഡലിയും സാമ്പാറും വാങ്ങിച്ചോണ്ട് വരുന്ന വഴിക്ക് ആണ് അഭിയുടെ ഓട്ടോറിക്ഷ ഹോസ്പിറ്റൽ കോമ്പോണ്ടിലേക്ക് കയറുന്നത് അനിയുടെ ശ്രദ്ധയിൽ പെട്ടത്....

അനി അതു കണ്ടപ്പോൾ ആ ഓട്ടോറിക്ഷ യുടെ അടുത്തേക്ക് നടന്നടുത്തു...

""നീയെന്താ രാവിലെ തന്നെ... """

ഓട്ടോറിക്ഷയിൽ നിന്നും അഭി ഇറങ്ങിയപ്പോൾ അനി അഭിയോട് ചോദിച്ചു...

അഭി അതിനു ഉത്തരം പറഞ്ഞില്ല...

പക്ഷെ അഭിയുടെ മുഖത്ത് നിന്നും എന്തോ വലിയ പ്രശ്നം ഉണ്ടെന്നു അനി ക്ക് മനസ്സിൽ ആയി...

"""ഡാ... """

അനി വീണ്ടും അഭിയോട് ചോദിക്കാൻ തുടങ്ങവേ ഓട്ടോയിൽ നിന്നും സ്വപ്ന ഇറങ്ങുന്നത് അവൻ കണ്ടു ....

സ്വപ്നയുടെ മുഖവും നല്ല ഗൗരവത്തിൽ .... പെട്ടന്ന് ആണ് അനിയുടെ മിഴികൾ ഓട്ടോ യുടെ ഉള്ളിലേക്ക് സഞ്ചരിച്ചത്...

""വാവ... ""

അനി അതു പറഞ്ഞുകൊണ്ട് കൈയിൽ ഉണ്ടായിരുന്ന പാത്രവും പൊതിയും അവിടെ കണ്ട അരമതിലിൽ വെച്ചിട്ട് അവളുടെ അടുത്തേക്ക് ചെന്നു ...

കരഞ്ഞു തളർന്നിരിക്കുന്ന താരയുടെ രൂപം കണ്ടപ്പോൾ അനി വേഗം ഓട്ടോ യുടെ ഉള്ളിലേക്ക് കയറി....

""വാവേ.... എന്തു ...... """

അവൻ ചോദിച്ചു മുഴുവൻ ആകുന്നതിനു മുൻപേ """ചേട്ടായി '''എന്ന് വിളിച്ചു കൊണ്ടു അനിയുടെ നെഞ്ചിലേക്ക് ചാഞ്ഞു വിതുമ്പാൻ തുടങ്ങി അവൾ...

അനി ക്ക് ഒന്നും മനസ്സിൽ ആയില്ല....

""മോളെ വാവാച്ചി ....ഇങ്ങനെ കരയാതെ ..... എന്ത് പറ്റി എന്ന് ഈ ചേട്ടായിയോട് പറ... """

അവളുടെ മുടിയിഴകളിൽ തലോടി കൊണ്ടു അവൻ ചോദിച്ചു....

എന്നിട്ടും അവൾ ഒന്നും പറഞ്ഞില്ല...

""എടാ നിങ്ങൾ എങ്കിലും പറ എന്താ സംഭവം എന്ന്.... """

ഓട്ടോയുടെ അടുത്ത് നിൽക്കുന്ന അഭിയോടും സ്വപ്നയോടും ആയി അനി ചോദിച്ചു...

""എടാ ചെറിയൊരു പ്രശ്നം ഉണ്ട്... ""

അഭി പറഞ്ഞു...

""ഡാ പ്രശ്നം ഉണ്ടെന്നു എനിക്ക് മനസിൽ ആയി .... നീ മുഖവര പറഞ്ഞു ടെൻഷൻ അടിപ്പിക്കാതെ കാര്യത്തിലേക്ക് കടക്കു....""

അനി അഭിയോട് ആയി പറഞ്ഞു...

""എടാ അതു.... """

അഭി പറയാൻ മടിച്ചപ്പോൾ ""ഞാൻ പറയാം. ""എന്ന് സ്വപ്ന പറഞ്ഞു...

""""ആരെങ്കിലും ഒന്നു വേഗം പറഞ്ഞു തുലക്ക്.... """

അനി ദേഷ്യത്തിൽ പറഞ്ഞു...

"""ഡാ ... നീയും അവളും തമ്മിൽ ഇഷ്ടത്തിൽ ആണെന്ന് അവളുടെ വീട്ടിൽ അറിഞ്ഞു.... ജയകുമാർ അങ്കിൾ അവളെ കുറെ തല്ലി ... ആകെ മൊത്തം പ്രശ്നം ആണ് ... ഇവളെ അമേരിക്കയിലേക്ക് അയക്കാൻ പോവുക ആണ് അവിടെ ഉള്ള ഇവളുടെ മുറച്ചെറുക്കനും ആയി ഇവളുടെ വിവാഹം നടത്താൻ ആണ് അവരുടെ പ്ലാൻ...... ""

സ്വപ്ന പറഞ്ഞു നിർത്തി...

അതു കേട്ടതോടെ അനി ആകെ ഞെട്ടി എന്താ ചെയേണ്ടത് എന്ന് അറിയാതെ കുഴഞ്ഞു....

""ഡാ കാലത്തു ഇവൾ എന്റെ അടുത്ത് വന്നു നിന്നെ കാണണം എന്ന് പറഞ്ഞു.... അവളുടെ അവസ്ഥ കണ്ടപ്പോൾ എനിക്ക് ഇങ്ങോട്ട് കൂട്ടാതിരിക്കാനും തോന്നിയില്ല.... നിന്റെ അവസ്ഥ അറിയാഞ്ഞിട്ടല്ല...... ""

അഭി പറഞ്ഞു നിർത്തി...

""ഉം... ""

അനി ഒന്നു മൂളി... എന്നിട്ട് ""വാവേ """
എന്ന് അവന്റെ നെഞ്ചിൽ ചാഞ്ഞു ഇരിക്കുന്ന താരയെ പതിയെ വിളിച്ചു...

അവൾ അവന്റെ നെഞ്ചിൽ നിന്നും അടർന്നു മാറി ....

അവളുടെ മിഴികളിൽ ഒഴുകി വരുന്നുണ്ടായിരുന്ന ജല കണങ്ങൾ അവൻ തുടച്ചു മാറ്റി.....

""വാവേ ..... """

""ഉം... ""

""നിനക്ക് കുറച്ചു നാൾ കാത്തിരിക്കാൻ പറ്റുമോ.... ""

അനി അവളോട് ചോദിച്ചു...

""എനിക്ക് അറിയില്ല ചേട്ടായി... അച്ഛൻ ഏതാണ്ടെക്കെ ഉറപ്പിച്ച മട്ട.... """

"'ഉം..."""

അനി എന്ത് ചെയ്യണം എന്ന് അറിയതെ കുഴഞ്ഞു....

""സ്വന്തം ആയി താമസിക്കാൻ ഒരു വീടില്ല അച്ഛൻ ആണെങ്കിൽ ഹോസ്പിറ്റലിൽ.... അമ്മയും അനിയത്തിയും അഭിയുടെ ഔദാര്യത്തിൽ അവന്റെ വീട്ടിൽ കഴിയുന്നു,... തനിക്കു ആണെങ്കിൽ ഒരു ജോലി പോലുമില്ല... എന്ത് ചെയ്യണം എന്ന് അറിയാതെ അനി ചിന്തയിൽ ആണ്ടു... """"

കുറച്ചു നേരം ആരും ഒന്നും മിണ്ടിയില്ല....

പെട്ടന്ന് ആണ് അവരുടെ ഓട്ടോ യുടെ മുന്നിൽ ഒരു കാർ വന്നു നിന്നത്....

അനി യും അഭിയും ഒക്കെ പ്രതീഷിച്ചവർ തന്നെ ആയിരുന്നു അതിൽ നിന്നും ഇറങ്ങിയത്.....

ജയകുമാറും പിന്നെ താരയുടെ അമ്മാവൻ മാരും ചെറിയച്ഛൻ മാരും അടങ്ങുന്ന ഒരു പട തന്നെ ഉണ്ടായിരുന്നു ആ കാറിൽ...

അവർ എല്ലാവരും കാറിൽ നിന്നും ഇറങ്ങി ആ ഓട്ടോയുടെ അടുത്തേക്ക് നടന്നടുത്തു..

""അങ്കിൾ...  "

ജയകുമാറിനെ കണ്ടപ്പോൾ അഭി വിളിച്ചു... പക്ഷെ അഭിയെ തട്ടി മാറ്റി കൊണ്ടു """എവിടെടാ എന്റെ മോള്... ""എന്ന് ജയകുമാർ ചോദിച്ചു....

""അങ്കിൾ....അതു...      """

അഭി പറയാൻ വന്നപ്പോഴേക്കും ജയകുമാറിന്റെ കണ്ണിൽ ഓട്ടോയിൽ ഇരിക്കുന്ന അനിയും താരയും പെട്ടു..

""ഡാ ""എന്ന് അലറി കൊണ്ട് ജയകുമാർ ആദ്യം തന്നെ അനിയെ ഓട്ടോയിൽ നിന്നും വലിച്ചു ഇറക്കി.... എന്നിട്ട് """ഇവിടെ വാടി """എന്ന് പറഞ്ഞു കൊണ്ടു താരയെ ആ ഓട്ടോയിൽ നിന്നും പിടിച്ചു ഇറക്കി...

""എന്നെ വിട് അച്ഛാ ... ""

എന്നൊക്കെ താര പറഞ്ഞെങ്കിലും അതൊന്നും ജയകുമാർ ചെവികൊണ്ടില്ല......

""അവളെ കൺമുന്നിൽ കൂടി വലിച്ചിഴച്ചു കൊണ്ടു പോകുന്നത് കണ്ടിട്ട് നോക്കി നിൽക്കാൻ അനി ക്ക് കഴിഞ്ഞില്ല....."""

""അങ്കിൾ പ്ലീസ് """

എന്ന് പറഞ്ഞു അനി ചെന്ന് ജയകുമാറിന്റെ മുന്നിൽ നിന്നു ...

"""എന്നെ തടയാൻ മാത്രം നീ വളർന്നോടാ... "

എന്ന് ചോദിച്ചു ജയകുമാർ അനിയുടെ നെഞ്ചും കൂടും നോക്കി ആഞ്ഞു ചവിട്ടി....

അനി പെട്ടന്ന് പ്രതിഷിക്കാത്തതിനാൽ പുറകോട്ടു മലനടിച്ചു വീണു...

അനിയുടെ വീഴ്ച കണ്ടു അഭിയും സ്വപ്നയും അവരുടെ അടുത്തേക്ക് ഓടി അടുത്തു...

വേദനകൊണ്ട് അനി ഒന്നു പുളഞ്ഞു ... പിന്നെ അവിടെ നിന്നും എഴുന്നേറ്റു.... അപ്പോഴേക്കും അമ്മാവൻ മാർ അനിയെ കൈകാര്യം ചെയ്യാനായി അനിയുടെ നേരെ അടുത്തു.... അനി ക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുന്നതിനു മുൻപേ അവരുടെ കൈകൾ അനിയുടെ ദേഹത്തു പതിച്ചു .... അനിയെ അവർ പൊതിരെ തല്ലി .... രക്ഷിക്കാൻ ശ്രമിച്ച അഭിയെയും അവർ കണക്കിന് തല്ലി.... താര നിലവിളിച്ചു കൊണ്ടിരുന്നു ..... സ്വപ്നക്ക് എന്താ ചെയേണ്ടത് എന്ന് അറിയാതെ പകച്ചു നിന്നു....

ആളുകൾ ചുറ്റിനും കൂടി ആരും പക്ഷെ അവരെ രക്ഷിക്കാൻ ആയി മുൻപോട്ടു വന്നില്ല.....

""പ്ലീസ് അച്ഛാ ...ചേട്ടായിനെ തല്ലല്ലേ എന്ന് പറ അച്ഛാ.... പ്ലീസ്...... ""

താര ജയകുമാറിനോട് അപേക്ഷിച്ചു കൊണ്ടിരുന്നു....

അതോന്നും വകവെക്കാതെ ജയകുമാർ അവനെ തല്ലുന്നത് നോക്കി നിന്നു....

"""അച്ഛാ... പ്ലീസ് ചേട്ടായി നേ ഉപദ്രവിക്കല്ലേ...... ഞാൻ അച്ഛൻ പറയുന്നത് എന്തും അനുസരിക്കാം... ചേട്ടായിനെ വിടാൻ പറ..... """

അവസാനം സഹികെട്ടപ്പോൾ
ജയകുമാറിന്റെ കൈകളിൽ പിടിച്ചു കൊണ്ട് താര പറഞ്ഞു....

അതു കേട്ടപ്പോൾ...... """മതി ഡാ നിർത്ത്.... """എന്ന് ജയകുമാർ അവരോടു പറഞ്ഞു....

അപ്പോഴേക്കും അനി അടികൊണ്ട് ആകെ ആവശ്യനായിരുന്നു.....

മുഖത്തു നിന്നും വായിൽ നിന്നും ചോര ഒലിക്കുന്ന മുഖവും ആയി അവൻ എഴുന്നേറ്റു നിന്നു...

താര അച്ഛന്റെ കൈ വിടുവിച്ചു ഓടി ചെന്ന് അനിയെ കെട്ടിപിടിച്ചു...

"""ചേട്ടായി... """

അവൾ കരഞ്ഞു.....

അപ്പോഴേക്കും ജയകുമാർ വന്നു അവളെ അവനിൽ നിന്നും അടർത്തി മാറ്റാൻ ശ്രമിച്ചു പക്ഷെ അവൾ അവനെ വരിഞ്ഞു മുറുകി യിരുന്നു..... ജയകുമാറിന് അവരെ തമ്മിൽ വേർ പെടുത്താൻ സാധിച്ചില്ല...

""ഇവന് കൊണ്ടത്തൊനും പോരാ ""

എന്ന് പറഞ്ഞോണ്ട് ജയകുമാർ അടുത്ത് നിൽക്കുന്ന അമ്മാവൻ മാരെ നോക്കി...

അവർ അതു കേൾക്കാൻ കൊതിച്ച പോലെ വീണ്ടും അവനെ തല്ലാൻ ആയി അടുത്തു...

""നിൽക്കവിടെ.... '"

അവരെ കണ്ടപ്പോൾ താര ഉച്ചത്തിൽ പറഞ്ഞു....

അവളുടെ ഭാവമാറ്റം എല്ലാവരിലും ഭീതി ഉണർത്തി.....

""അച്ഛാ....ഞാൻ അച്ഛനു വാക്കു തന്നതാ അച്ഛൻ പറയുന്നത് എന്തും അനുസരിക്കാം എന്ന് .... ഇനി എന്റെ ചേട്ടായിടെ ദേഹത്തു എങ്ങാനും തൊട്ടാൽ..... ""

താരയുടെ സ്വരം അവിടെ മുഴങ്ങി കേട്ടു.....

""ചേട്ടായി.... ""

"'ഉം ""

അവൻ പതിയെ മൂളി...

""ഇനിയും എനിക്ക് വേണ്ടി ചേട്ടായി തല്ലു കൊള്ളേണ്ട,,,, ഈ വാവയെ മറന്നേക്കു ചേട്ടായി..... """

അവൾ കരഞ്ഞു കൊണ്ടു പറഞ്ഞു.....

""ഇല്ല വാവേ നിന്നെ ഞാൻ ആർക്കും വിട്ടു കൊടുക്കില്ല ..... ""

അനി അവളെ മുറുക്കെ പിടിച്ചുകൊണ്ടു പറഞ്ഞു....

""വേണ്ടാ ചേട്ടായി.... """"

അതും പറഞ്ഞു അവന്റെ കൈ വിടുവിച്ചു കൊണ്ടു അവൾ അച്ഛന്റെ അടുത്തേക്ക് ചെന്നു....

""വാ ... പോകാം """

എന്നവൾ ജയകുമാറിനോട് പറഞ്ഞു....

"""വാവേ """എന്ന് അവൻ വിളിച്ചെങ്കിലും അവൾ അതു കേട്ടതായി ഭാവിച്ചില്ല....

ജയകുമാർ താരയെ കൂട്ടി കാറിനടുത്തേക്ക് നടന്നു....

അഭിയും സ്വപ്നയും വന്നു അനിയെ താങ്ങി .... എല്ലാം നഷ്ടപെട്ട അവൻ ആകെ തളർന്നു പോയിരുന്നു.....

കാറിനടുത്തേക്ക് നടന്നടുത്ത ജയകുമാർ പെട്ടന്ന് നിന്നു.....

താര മനസ്സിൽ എന്താണെന്നു മനസ്സിൽ ആകാതെ നിറഞ്ഞൊഴുകുന്ന മിഴികളാൽ ജയകുമാറിനെ നോക്കി....

ജയകുമാർ അവളേം പിടിച്ചു നേരെ അനിയുടെ അടുത്തേക്ക് തിരിച്ചു നടന്നു ....
ഒന്നും മനസ്സിൽ ആകാതെ ആ കാഴ്ച കണ്ടു എല്ലാവരും ഒന്നു പകച്ചു പോയി....

""""മോളുടെ ആഗ്രഹങ്ങൾ എല്ലാം ഈ അച്ഛൻ സാധിച്ചു തന്നിട്ടില്ലേ... ഇതായിട്ട് അച്ഛൻ വേണ്ടാന്ന് വെക്കുന്നില്ല .. ഭാവിയിൽ മോൾ അച്ഛനെ കുറ്റം പറയരുത് അല്ലോ അതുകൊണ്ട് ഞാൻ ഒരു കാര്യം പറയാം.... ""

ജയകുമാർ അനിയുടെ അടുത്ത് വന്നിട്ട് താരയോട് ആയി പറഞ്ഞു...

""ഉം.. പറ അച്ഛാ.... ""എന്ന രീതിയിൽ താര അച്ഛന്റെ മുഖത്തേക്ക് നോക്കി...

എല്ലാവരും എന്താണെന്നു അറിയാൻ ആയി ജയകുമാറിനെ നോക്കി....

""""നിങ്ങളുടെ വിവാഹം ഞാൻ നടത്തി തരാം..... പക്ഷെ? """"

ജയകുമാർ പറഞ്ഞത് കേട്ട് എല്ലാവരും ഞെട്ടി....

""പക്ഷെ.... ""

അഭി ചോദിച്ചു..

""പക്ഷെ... ഒരു കണ്ടിഷൻ... ""

അതെന്താണെന്നു അറിയാൻ എല്ലാവരും ജയകുമാറിനെ നോക്കി...

"""ആ കണ്ടീഷൻ ഇവൻ അംഗീകരിച്ചാൽ ഞാൻ ഇവരുടെ കല്യാണത്തിന് സമ്മതിക്കാം... ""

താരയുടെ മുഖത്ത് സന്തോഷം തിരികെ എത്തി എന്നാൽ അനിയുടെയും അഭിയുടെയും മുഖത്തു അതു ഉണ്ടായില്ല ... ജയകുമാർ എന്താ പറയാൻ പോകുന്നത് എന്നുള്ള ചിന്തയിൽ ആയിരുന്നു...

""എന്താ അനി നീ സമ്മതിക്കുമോ... ""

"""കാര്യം എന്താണെന്നു പറയ്.... എന്നിട്ട് പറയാം സമ്മതം ആണോ അല്ലയോ എന്ന് """"

അഭി ആണ് അതു പറഞ്ഞത്...

""ഇവളും ആയി കെട്ട് കഴിഞ്ഞാൽ ഇവൻ ഞങ്ങളുടെ കൂടെ അമേരിക്കയിലേക്ക് വരണം..പിന്നെ ഇവന് ഇവിടെ ആരും ആയി ഒരു ബന്ധവും ഉണ്ടാവാൻ പാടില്ല ... ""

അതു കേട്ടപ്പോൾ എല്ലാവരും ഞെട്ടി....

""അപ്പൊ അനിയുടെ അച്ഛൻ അമ്മ ഒക്കെ ... """

അഭി ചോദിച്ചു..

""അതാ പറഞ്ഞത് അനിയെ മാത്രം മതി ഞങ്ങൾക്ക് ... അവന്റെ കുടുംബത്തിന്റെ ഭാരം ഞങ്ങൾക്ക് ചുമക്കെണ്ടതില്ല ....."""

ജയകുമാർ പറഞ്ഞു..

"'അതെങ്ങനെ ശെരി ആകും... '"

അഭി ചോദിച്ചു...

""എന്തെ ശെരി ആയാല് ... പെൺ മക്കൾ ഇറങ്ങി പോകുമ്പോൾ അവരുടെ തന്ത മാർ വേദനിക്കാർ ഇല്ലേ .... അതുപോലെ ആൺ മക്കൾ നഷ്ടപെടുമ്പോൾ ഉള്ള വേദന അവരുടെ അച്ഛന്മാർ കൂടി അറിയട്ടെ.... ""

ജയകുമാർ പറഞ്ഞു നിർത്തി...

ആർക്കും അതിനൊരു ഉത്തരവും ഉണ്ടായിരുന്നില്ല ...

"'എന്താ അനി മിണ്ടാതെ നിക്കുന്നത് ... അനിയുടെ തീരുമാനം ആണ് ഇനി അറിയേണ്ടത്... ""

ജയകുമാർ പറഞ്ഞു....

ഇനി ഉത്തരം പറയേണ്ടത് അനി ആണ് അതിനാൽ എല്ലാവരുടെയും ശ്രദ്ധ അനി യുടെ പക്കൽ ആയി....

"അനി ചിന്തയിൽ ആയിരുന്നു... ഒരു ഭാഗത്തു തന്നെ മാത്രം ആശ്രയിച്ചു കഴിയുന്ന കുടുംബം മറുഭാഗത്ത് തന്നെ ജീവനുതുല്യം സ്നേഹിക്കുന്ന പെണ്ണ് .... തീരുമാനം എന്തായാലും തനിക്കു ഒരു ഭാഗം നഷ്ടം ആകും ...... ""

കുറച്ചു നേരത്തെ ചിന്തയിൽ ഒടുവിൽ അനി ഒരു തീരുമാനം എടുത്തു.....

അനി തന്നെ താങ്ങി പിടിച്ചിരിക്കുന്ന അഭിയുടെ കൈകൾ തന്റെ ദേഹത്തു നിന്നും അടർത്തി മാറ്റി എന്നിട്ട് നേരെ വെച്ച് വെച്ച് താരയുടെ അടുത്തേക്ക് ചെന്ന്....

തന്റെ അടുത്തേക്ക് നടന്നു അടുക്കുന്ന അനിയെ കണ്ടപ്പോൾ താര വേഗം അവന്റെ കൈകൾ പിടിച്ചു താങ്ങി...

അനി ഒരുവിധത്തിൽ താരയുടെ മുന്നിൽ നിന്നു....

""വാവേ... """

""പറ ചേട്ടായി.... """

"" എന്തൊക്കെ സംഭവിച്ചാലും നിന്റെ കൂടെ എന്നും ഞാൻ ഉണ്ടാകും എന്നും ഒരിക്കലും ഞാൻ നിന്നെ വിട്ട് പിരിയില്ല എന്നും ഒക്കെ മുൻപ് ഞാൻ നിന്നോട് പറഞ്ഞതിൽ ഇപ്പോ ഞാൻ നിന്നോട് ക്ഷമ ചോദിക്കുന്നു..... എനിക്ക് പറ്റില്ല വാവേ എന്നെ ആശ്രയിച്ചു കഴിയുന്നവരെ നിലംമില്ല കയത്തിലേക്ക് എറിഞ്ഞു കൊടുക്കാൻ ..... സോറി വാവേ ഈ ചേട്ടായിയോട് ക്ഷമിക്കണം.......എന്റെ വാവ ക്ഷമിക്കില്ലേ...... """""""

അതും പറഞ്ഞു അവൻ അവളെ കെട്ടിപിടിച്ചു അവന്റെ മിഴികൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു ....

കുറച്ചു നേരം അവർ അങ്ങനെ നിന്നു...

""ചേട്ടായി..... ചേട്ടായിയുടെ അവസ്ഥ ഈ വാവക്ക് മനസ്സിൽ ആകും ....ഈ മനസ്സ് എത്രത്തോളം നീറുന്നുണ്ട് എന്ന് എനിക്ക് അറിയാം.... ഞാൻ ഒരിക്കലും ചേട്ടായിനെ ബുദ്ധിമുട്ടിക്കില്ല..... ചേട്ടായിയുടെ തീരുമാനം ആണ് ശെരി....."""

അവൾ അതും പറഞ്ഞു അവനെ വിട്ടു അകന്നു...

"""അവസാന ശ്വാസം വരെ മറക്കില്ല ഈ ചേട്ടായിയെ.... """

അവൾ അതുംപറഞ്ഞു അടക്കി പിടിച്ച കരച്ചിലും ആയി കാറിലേക്ക് ഓടി ....

കാർ അവന്റെ മുന്നിലൂടെ പുറത്തേക്കു പായുമ്പോൾ അവസാനം ആയി അവരുടെ മിഴികൾ തമ്മിൽ കോർത്തു....അധികം നേരം നീണ്ടു നില്കാതെ കാറും അവളും അവന്റെ മിഴികളിൽ നിന്നും മാഞ്ഞു പോയി.....

അങ്ങനെ അനിയുടെ ജീവിതത്തിൽ നിന്നും താര എന്ന ഏട് അപ്രതീക്ഷിതമായി.....

പിന്നിട് താരയെ അനി ഒരിക്കലും കണ്ടിട്ടില്ല ... അവൾ അന്ന് പണയം വെക്കാൻ കൊടുത്ത അവളുടെ മാല ഇന്നും അനിയുടെ പേഴ്സിൽ ഭദ്രം ആയി ഇരിക്കുന്നു ... അവളുടെ ഓർമ്മകൾ അനിയെ തലോടുമ്പോൾ അവൻ അതെടുത്തു താലോലിക്കാറുണ്ട് അവന്റെ മിഴിനീർ ഒരുപാട് അതിൽ പതിഞ്ഞിട്ടും ഉണ്ട്........

അവളും ആയി വേർപിരിഞ്ഞതിനു ശേഷം അഭിയുടെ സഹായത്തോടെ താൻ ഗൾഫിൽ പോയതും എല്ലാം ഇന്നലെ കഴിഞ്ഞത് പോലെ തോന്നിച്ചു അനിക്ക്.......

"'മാമ.... ""

എന്നുള്ള പ്രിയമോളുടെ വിളി ആണ് അനിയെ പഴയ കാലങ്ങളിൽ നിന്നും പുറത്തു എത്തിച്ചത്.....

അനി കണ്ണ് തുറന്നു മുന്പിലേക് നോക്കിയപ്പോൾ കാർ നന്ദനയുട വീടിന്റെ ഗേറ്റ് കടന്നു അകത്തേക്ക് കയറി നിൽക്കുന്നത് ആണ് .....

എല്ലാവരും കാറിൽ നിന്നും ഇറങ്ങി....

അനി മിററിൽ നോക്കി ടവൽ കൊണ്ടു മിഴിയിൽ പടർന്നിരിക്കുന്ന നനവ് തുടച്ചു മാറ്റി....

""""താരയെ അത്ര പെട്ടന്ന് മറക്കാൻ പറ്റില്ല എങ്കിലും മറന്നേ മതിയാകു....ഇനിയുള്ള ജീവിതം താൻ താലി കെട്ടുന്ന പെണ്ണിനോട് ഒപ്പം ആയിരിക്കും അവൾ മാത്രമേ ഇനി മുതൽ തന്റെ മനസ്സിൽ ഉണ്ടാകാൻ പാടൊള്ളു...... """ അനിയുടെ മനസ്സ് മന്ത്രിച്ചു .....

ഡോർ തുറന്ന വഴിക്ക് പ്രിയമോൾ ചാടി ഇറങ്ങി..... അനി ഡ്രസ്സ് ഒക്കെ നേരെ ആക്കി കാറിൽ നിന്നും ഇറങ്ങി....

അവരെ വരവേൽക്കാൻ ആയി നന്ദനയുടെ വീട്ടുകാർ ആ മനോഹരം ആയാ പന്തലിനു മുന്നിൽ തന്നെ ഉണ്ടായിരുന്നു...

അനിയെം വീട്ടുകാരെയും അവർ ആ പന്തലിലേക്ക് ക്ഷണിച്ചു ....

എല്ലാവരും പന്തലിന്റെ അകത്തേക്ക് കയറി ഇരുന്നപ്പോൾ ആകെ ഒരു ബഹളമയം ആയിരുന്നു ... ചെറിയ കുട്ടികൾ ഒക്കെ അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കുന്നു...

അനി യെ എല്ലാവരും കൂടി പന്തലിന്റെ മുൻ നിരയിൽ ഉള്ള കസേരയിൽ കൊണ്ടു ഇരുത്തി .... അവിടെ ഉള്ളവരുടെ എല്ലാവരുടെയും നോട്ടം അനിയുടെ മേലെ ആയിരുന്നു...

അനിയുടെ മിഴികൾ ആ ആൾക്കൂട്ടത്തിൽ നന്ദനയെ തിരഞ്ഞു...

അപ്പോ ആ വീടിന്റെ സിറ്റ് ഔട്ടിൽ നിന്നും ലെച്ചു ഇറങ്ങി വരുന്നുണ്ടായിരുന്നു.....

ലെച്ചു വന്നു അനിയുടെ അടുത്തുള്ള കസേരയിൽ ഇരുന്നു...

""എന്താ ഏട്ടാ കണ്ണ് കൊണ്ടു ഒരു സെർച്ചിങ്...... ഭാവി വധുവിനെ തിരയുക ആയിരുന്നു വോ... """

ലെച്ചു അനി യോട് ചോദിച്ചു....

അതിനു മറുപടി എന്നോണം അനി അവൾക്കൊരു ചിരി സമ്മാനിച്ചു...

""പേടിക്കണ്ട ട്ടോ... ആൾ ഇപ്പോ വരും... ഡ്രസ്സ് മാറുക ആണ് ... """

""നീ ഇതൊക്കെ എപ്പോ... """

""ഞാൻ വന്ന ഉടനെ ചേച്ചിയെ കാണാൻ ആണ് അകത്തേക്ക് പോയത്.... """

ലെച്ചു പറഞ്ഞു....

""ഉം.. """

അവിടെ ഇവിടെ ആയി ആൾക്കാർ സംസാരിച്ചു കൊണ്ട് നിൽക്കുന്നു ......

സമയം ഇഴഞ്ഞു നീങ്ങുന്ന പോലെ തോന്നിച്ചു അനി ക്ക്....

അതിന്റെ ഇടക്ക് ചായ സൽക്കാരവും നടന്നു .....

പിന്നിട് കാരണവന്മാർ എല്ലാവരും കൂടി ജാതകം മാറലും മറ്റും ഉള്ള ചടങ്ങുകളിൽ ആയിരുന്നു....

കുറച്ചു കഴിഞ്ഞപ്പോൾ അനിയെ മോതിരം മാറുന്ന ചടങ്ങിനായി വിളിച്ചു.....

അനി എഴുനേറ്റു അവിടേക്ക് ചെന്നു....

മോതിരം മാറുന്ന ചടങ്ങ് എന്ന് കേട്ടപ്പോൾ എല്ലാവരും അനിക്ക് ചുറ്റും കൂടി....

"""മോതിരം മാറാൻ സമയം ആയി .....നന്ദന റെഡി ആയെങ്കിൽ വിളിച്ചോ """എന്ന് അവിടെ നിൽക്കുന്ന ഒരു

കാരണവർ പറഞ്ഞു .....

കുറച്ചു കഴിഞ്ഞപ്പോൾ ആ തിരക്കിനിടയിൽ കൂടി നൂണ്ട് നന്ദന യുടെ അമ്മ ആ ചടങ്ങ് നടക്കുന്ന സ്ഥലത്തേക്ക് എത്തിച്ചേർന്നു ..... അമ്മയുടെ പുറകിൽ ആയി സെറ്റ് സാരി ഉടുത്തു ഉടുത്തു കൊണ്ട് നന്ദന അനിയുടെ മുൻപിലേക്ക് എത്തി...

അനിയുടെ മിഴികൾ നന്ദനയിൽ പതിഞ്ഞു.... സെറ്റ് സാരിയും അതിനു മാച്ച് ആയാ ബ്ലൗസ് ഉം ധരിച്ചു ഒരു അപ്സരസ്സ് ആയിരുന്നു അവൾ .... അവളുടെ മുഖം അധികം നീളത്തിൽ അല്ലാത്ത എന്നാൽ അധികം വട്ടവും അല്ലാത്ത ടൈപ്പ് ആയിരുന്നു .... നേർത്ത പുരികങ്ങളും അതിനു താഴെ ആയി അധികം നീളത്തിൽ അല്ലാത്ത മിഴികളും.... മുഖത്തിനു ഭംഗി കൂട്ടുന്ന ചെറു മൂക്കും ചെറുതായി തുടുത്തു നിൽക്കുന്ന കവിൾ തടം .... ചെറു പുഞ്ചിരി വിരിയുന്ന ചുണ്ടുകൾ ....ചെറു കാതുകളിൽ ചെറു ഞാലി പോലത്തെ കമ്മലുകൾ.... കഴുത്തിൽ ചെറിയൊരു മാല കഴുത്തിനോട് ചേർന്നു കിടക്കുന്നു പിന്നെ ഒരു സാരി മാലയും.... കൈയിൽ രണ്ടുമൂന്നു വളകളും ഒരു ഭംഗിയാർന്ന ഒരു കൈചെയിനും... അധികം നീളം ഇല്ലാത്ത എന്നാൽ നല്ല ഉള്ളോട് കൂടി ഉള്ള മുടിയിഴകൾ തോളിനു താഴെ ആയി വിടർന്നു കിടക്കുന്നു.... ഇരുനിറത്തിൽ നിന്നും അല്പം കൂടി വെളുത്ത നിറം .... അധികം വണ്ണം ഇല്ലാത്ത എന്നാൽ അധികം മെലിഞ്ഞതും അല്ലാത്ത ശരീര പ്രകൃതി.... എല്ലാകൊണ്ടും കാണാൻ നല്ല ഐശ്വര്യം....

അനി അവളെ ശ്രദ്ധിച്ചു എങ്കിലും അവൾ മുഖം കുനിച്ചു നിൽക്കുക ആയിരുന്നു ... മോതിരം മാറേണ്ട സമയം ആയപ്പോൾ അവളെ അവളുടെ അമ്മ അനി യുടെ അടുത്തേക്ക് ആനയിച്ചു... അപ്പോഴാണ് അവൾ മുഖം ഉയർത്തി അനിയെ നോക്കിയത് ...തന്നെ അവൾ നോക്കുന്നു എന്ന് കണ്ടപ്പോൾ അനി ചെറു പുഞ്ചിരി അവൾക്കായി സമ്മാനിച്ചു.... അതുകണ്ടപ്പോൾ അവളും മുഖത്തു ചെറു പുഞ്ചിരി വിടർത്തി.....

മോതിരം മാറൽ ചടങ്ങിൽ അവളുടെ മൃദുലമായ വിരലിൽ അനി മോതിരം അണിയിച്ചപ്പോൾ കൂടെ നിന്നവരെലാം ആർത്തു കുരവ വിളിച്ചു....

അവൾ അനിക്കും തിരിച്ചു മോതിരം കൈയിൽ അണിയിച്ചപ്പോൾ ആണ് അനി അവളുടെ മിഴികൾ ചെറുതായി കലങ്ങി ഇരിക്കുനത് ശ്രദ്ധിച്ചത്.... ഒപ്പം മിഴികളിൽ ചെറിയ നനവും പടർന്നിടുണ്ടായിരുന്നു..... അതു ചിലപ്പോൾ ഐ ലൈനർ വല്ലതും കണ്ണിൽ പടർന്നു കാണും എന്ന് കരുതി അനി ആ മാറ്റർ വിട്ടു കളഞ്ഞു.....

മോതിരം മാറൽ ചടങ്ങും .... അനി അവൾക്കു ആയി കൊണ്ടുവന്ന മൊബൈലും ഗിഫ്റ്റുകളും കൈമാറി കഴിഞ്ഞപ്പോൾ എല്ലാ ചടങ്ങുകളും അവസാനിച്ചിരുന്നു....

അവർക്കു തമ്മിൽ അധികം സംസാരിക്കാൻ ഒന്നും പറ്റിയില്ല ... എല്ലാവരുടെയും ശ്രദ്ധ അവരിൽ ആയിരുന്നു ... എന്നാലും അനി അവളുടെ പഠിപ്പിനെയും പിന്നെ അല്ലറചില്ലറ കാര്യങ്ങളേയും പറ്റി അവളോട് സംസാരിച്ചിരുന്നു.....

പിന്നിട് ചെറിയ ഫോട്ടോ എടുപ്പ് ഒക്കെ കഴിഞ്ഞു ചെറിയ സദ്യ യും കഴിച്ചു ..... അവർ അവിടെ നിന്നും മടങ്ങി.... അങ്ങനെ എൻഗേജ്മെന്റ് നല്ല രീതിയിൽ

അവസാനിച്ചു .... അനിയുടെ വീട്ടുകാർക്ക് നനന്ദനെയും നന്ദനയുടെ വീട്ടുകാർക്ക് അനിയെം ബോധിച്ചു....

ഇനി ഒരാഴ്ച കൂടി ഒള്ളു കല്യാണത്തിന് ..... അതിനായിട്ടുള്ള ഒരുക്കങ്ങളിൽ ആയിരുന്നു എല്ലാവരും....

എൻഗേജ്മെന്റ് കഴിഞ്ഞു രണ്ടു ദിവസം കഴിഞ്ഞപ്പോൾ കല്യാണപെണ്ണിന് ഉള്ള ഡ്രെസ്സും എല്ലാവർക്കും ഉള്ള ഡ്രസ്സ് എടുക്കാൻ ആയി അനിയുടെ വീട്ടുകാർ ഷോപ്പിംഗിനു ഇറങ്ങി ... നന്ദനയും വന്നിരുന്നു ഡ്രസ്സ് എടുക്കുന്നതിനു കുറച്ചു ഡ്രസ്സ് ഒക്കെ എടുത്തു കഴിഞ്ഞപ്പോൾ കമ്പിക്കുട്ടൻ.നെറ്റ് തലവേദന എടുക്കുന്നു എന്ന് പറഞ്ഞു അവൾ വീട്ടിലേക്ക് തിരിച്ചു പോയി..... അവർ തമ്മിൽ നേരിട്ട് കണ്ടിട്ടും ഫോൺ വിളിയിൽ മാറ്റം ഒന്നും ഉണ്ടായില്ല നന്ദന ഓപ്പൺ മൈൻഡ് അല്ലാത്ത പോലെ ആയിരുന്നു സംസാരം ... എന്നാൽ അനി നന്ദന യോട് തന്റെ ജീവിതത്തിൽ നടന്ന എല്ലാകാര്യങ്ങളും തുറന്നു സംസാരിച്ചു ...

അങ്ങനെ പോകുമ്പോൾ കല്യാണത്തിന് രണ്ടു ദിവസം മുൻപ് ... അനി വീട്ടിനു മുൻപിൽ ഉള്ള വലിയ പറമ്പിൽ പന്തല് ഇടാൻ വന്നവർക്കു ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കൊണ്ടിരിക്കുക ആയിരുന്നു....

അപ്പോഴാണ് അവന്റെ മൊബൈലിൽ നന്ദന യുടെ കാൾ വരുന്നത്....

""ആ പറയു നന്ദന.. ""

അവൻ ഫോൺ എടുത്തുകൊണ്ടു പറഞ്ഞു...

""അനി ചേട്ടൻ തിരക്കിൽ ആണോ?? """

നന്ദന ചോദിച്ചു...

""""ഇപ്പോ കുറച്ചു തിരക്കിൽ ആണ്....എന്നാലും കുഴപ്പം ഇല്ല നന്ദന പറഞ്ഞോളു.... """"

""വൈകുന്നേരം ഫ്രീ ആണെങ്കിൽ ഒന്നു കാണാൻ പറ്റുമോ???...."""

""പിന്നെന്താ....കാണാലോ.... """

""എന്നാ ഒരു നാലു മണിക്ക് ടൗണിൽ ഉള്ള പാരഡൈസ് കോഫി ഷോപ്പിൽ വരുമോ?.... """

""ഉം... വരാം... """

"എന്ന ശെരി അനി ചേട്ടാ ""

അതും പറഞ്ഞു നന്ദന ഫോൺ കട്ട് ചെയ്തു....

"""എന്തിനാണാവോ അവൾ നേരിട്ട് കാണണം എന്ന് പറഞ്ഞത്... എന്തെങ്കിലും പറയാൻ കാണും ഭാവിയെ കുറിച്ച്.... """

ഫോൺ വെച്ച് കഴിഞ്ഞപ്പോൾ അനി മനസ്സിൽ പറഞ്ഞു...

അങ്ങനെ അനി വൈകുന്നേരം ആയപ്പോൾ കാറും എടുത്തു നന്ദന പറഞ്ഞ കോഫി ഷോപ്പിലേക്ക് വിട്ടു...

അധികം വൈകാതെ അവൻ അവിടെ എത്തി...

സമയം നാലുമണിയോട് അടുക്കുന്നു ണ്ടായൊള്ളു അതിനാൽ നന്ദന അവിടെ എത്തിയിട്ട് ഉണ്ടായില്ല....

അനി ആ കോഫി ഷോപ്പിന്റെ അകത്തേക്ക് കയറി....

അവിടെ അധികം തിരക്ക് ഒന്നും ഉണ്ടായിരുന്നില്ല ... അവിടെ ഇവിടെയായ് കുറച്ചു പേര് ഇരിക്കുന്നു... അനി കുറച്ചു ഉള്ളിലേക്ക് കയറി ഒഴിഞ്ഞ മൂലയിൽ ഉള്ള ഒരു ടേബിളിൽ പോയി ഇരുന്നു....

""അവൾ എന്തിനായിരിക്കും വരാൻ പറഞ്ഞത്..... """

അനിയുടെ മനസ്സിൽ കൂടി ഒരുപാട് ചിന്തകൾ കടന്നു പോയി.......

നിങ്ങളെ ഒക്കെ കുറെ ഏറെ കാത്തിരിപ്പിച്ചതിൽ ഒരായിരം വട്ടം ക്ഷമ ചോദിക്കുന്നു...

എഴുത്ത് എന്തുകൊണ്ടോ ഇപ്പോഴും എന്നിൽ നിന്നും അകലെയാണ് ....

അതുകൊണ്ട് ആണു ഇത്രയും അധികം ലൈറ്റ് ആയതു .... ഈ ഭാഗത്തിലും എനിക്ക് ക്ലൈമാക്സിലേക്ക് എത്തിക്കാൻ സാധിച്ചില്ല.... എന്റെ സുഹൃത്തുക്കളുടെ ക്ഷമയെ ഇനിയും പരീക്ഷിക്കേണ്ട എന്ന് കരുതി ഞാൻ എഴുതിയടുത്തോളം ഞാൻ പോസ്റ്റുന്നു.... പിന്നെ ഇതിൽ ലാഗ് ഒക്കെ ഉണ്ടാകാം എഴുതാൻ പറ്റാതെ ഇടക്ക് വല്ലപ്പോഴും ഓരോ പാരഗ്രാഫ് ഒക്കെ ആയി എഴുതിയത് ആണു .... ഒന്നിച്ചുള്ള എഴുത്ത് അല്ലാത്തത് കൊണ്ടു കുറെ ഏറെ ലാഗ് കാണും .... എന്നതായാലും കഥയിലേക്ക് കടക്കാം.........

അനിയുടെ മനസ്സ് കുറച്ചു സമയം ചിന്തകളിൽ കൂടി ഒഴുകി നടന്നു....

അങ്ങനെ കുറച്ചു നേരത്തെ കാത്തിരിപ്പിനോടുവിൽ

ഒരു ബ്ലാക്ക് കളർ ലോങ്ങ് സ്കേർട്ടും അതിനു അനുസരിച്ചുള്ള വൈറ്റിൽ ബ്ലാക്ക് കലർന്ന ഒരു ടോപ്പും ധരിച്ചു കൊണ്ടു ഒരു സുന്ദരി കുട്ടിയായി നന്ദന ആ കോഫി ഷോപ്പിലേക്ക് ഡോർ തുറന്നു അകത്തേക്ക് കയറി വരുന്നത് അനി കണ്ടു..

ഡോറിന്റെ ഭാഗത്തുനിന്നു അനിയെ കണ്ണുകൾ കൊണ്ടു തിരയുന്ന നന്ദനയെ കണ്ടപ്പോൾ അനി കൈയുർത്തി കാണിച്ചു...

അനിയെ കണ്ടപ്പോൾ നന്ദന അനിക്ക് ചെറുചിരി സമ്മാനിച്ചിട്ടു അനിയുടെ അടുത്തേക്കായി നടന്നു.... അനി നോക്കിയപ്പോൾ നന്ദന ഒറ്റക്ക് ആയിരുന്നില്ല കൂടെ ഒരു പയ്യൻ ഉണ്ടായിരുന്നു....

" ചേട്ടൻ വന്നിട്ട് ഒരുപാട് നേരം ആയോ... ""

നന്ദന അനിയുടെ അടുത്ത് എത്തിയപാടെ ചോദിച്ചു....

""ഹേയ് ഞാൻ ഇപ്പൊ വന്നു കയറിയൊള്ളു... ""

അനി കസേരയിൽ നിന്നും എഴുന്നേറ്റുകൊണ്ടു പറഞ്ഞു...

""ഉം... ""

""ഇരിക്കു നന്ദന... ""

അനി പറഞ്ഞത് കേട്ടപ്പോൾ നന്ദനയും ആ പയ്യനും കൂടി അനിയുടെ ഓപ്പോസിറ്റ് ആയി ഇരുന്നു...

""ഇത് """

കൂടെ ഉള്ള പയ്യനെ നോക്കി കൊണ്ട് അനി നന്ദനയോട് ചോദിച്ചു...

"" ചേട്ടാ ... ഇതെന്റെ ഫ്രണ്ട് സത്യാ ""

""ഹായ് സത്യാ... ""

അനി ഷെയ്ക്ക് ഹാൻഡ് കാണിച്ചുകൊണ്ട് പറഞ്ഞു...

അനിയുടെ ഷെയ്ക്ക് ഹാൻഡ് സത്യാ സ്വീകരിച്ചു.....

""സത്യാ എന്തു ചെയുന്നു.??.. """

അനി ചോദിച്ചു..

""ഞാൻ ചെന്നൈയിലെ ഒരു പ്രമുഖ കമ്പനിയിൽ സെയിൽസ് എക്സികൂട്ടിവ് ആണ്.... ചേട്ടനെ കുറിച്ച് നന്ദന പറഞ്ഞിട്ടുണ്ട്... """

""ഉം... ""

അനി മൂളികൊണ്ട് ചെറു പുഞ്ചിരി സമ്മാനിച്ചു....

""അല്ല ... എന്താ പറയേണ്ടത് ടീ ഓർ കോഫി.... """

അനി ചോദിച്ചു...

""ഇപ്പൊ ഒന്നും വേണ്ടാ ചേട്ടാ... ""

നന്ദന പറഞ്ഞു..

""ഉം.. അല്ല എന്താ നന്ദന കാണണം എന്ന് പറഞ്ഞത്.... """

അനിയുടെ ചോദ്യം കേട്ടപ്പോൾ നന്ദന ഒന്നു പരുങ്ങി...

""ഞാൻ പറയാം ചേട്ടാ... """

അവളുടെ പരുങ്ങൽ കണ്ടപ്പോൾ സത്യാ പറഞ്ഞു..

അതുകേട്ടപ്പോൾ എന്താണെന്നറിയാനായി അനി സത്യായുടെ നേരെ നോക്കി...

""ചേട്ടാ അധികം വളച്ചു കേട്ട് ഇല്ലാതെ ഞാൻ നേരെ കാര്യത്തിലേക്ക് കടക്കാം ... """

സത്യാ അതു പറഞ്ഞപ്പോൾ ""ശരി പറഞ്ഞോളു "" എന്നർത്ഥത്തിൽ അനി സത്യയെ നോക്കി...

""ഞാൻ ഇവളുടെ വെറും ഒരു ഫ്രണ്ട് മാത്രമല്ല ...ഞങ്ങൾ തമ്മിൽ ഇഷ്ടത്തിലാണ്.... """

സത്യയുടെ വാക്കുകൾ അനിയുടെ നെഞ്ചിലാണ് പതിച്ചത് ... അതൊട്ടും പ്രതീഷിക്കാത്ത കാര്യമായതിനാൽ അനിക്ക് അതോരു വലിയ ഷോക്ക് തന്നെയായിരുന്നു ....

കുറച്ച് സമയം എടുത്തു അനിയുടെ മനസ്സോന്നു നോർമലാവാൻ...

""ഹേയ് എന്താ പറഞ്ഞത്... """

അനി വിശ്വസിക്കാനാവാതെ വീണ്ടും ചോദിച്ചു...

""അതെ ചേട്ടാ ഞങ്ങൾ തമ്മിൽ ഇഷ്ടത്തിലാണ് ... ഞാൻ പ്ലസ്ടുന്നു പഠിക്കുമ്പോൾ തൊട്ടുള്ളതാണ് ഈ ബന്ധം.... അന്നേ ഞങ്ങൾ തീരുമാനിച്ചതാണ് മരിക്കുന്നതു വരെ ഒന്നായിരിക്കും എന്ന്...""""

നന്ദന പറഞ്ഞതു കേട്ടപ്പോൾ അനി ആദ്യം ഒന്നു ഷോക്കായെങ്കിലും അവൻ മനസിനെ നോർമൽ സ്റ്റേജിലേക്ക് കൊണ്ടുവന്നു....

""വെറുതെ അല്ല ഇവൾക്ക് ഈ കല്യാണത്തിന് അത്ര താല്പര്യം ഇല്ലാത്തപോലെ പെരുമാറിയിരുന്നത് മനസ്സിലിതായിരുന്നുല്ലേ .... ""

അനിയുടെ മനസ്സിൽ തെളിഞ്ഞു ...

""ചേട്ടാ ഞങ്ങൾക്ക് ഒരിക്കലും പിരിയാൻ സാധിക്കില്ല അതുകൊണ്ട് ഞങ്ങൾ ഒരു തീരുമാനം എടുത്തു..നാളെ ഞങ്ങൾ വിവാഹിതരവുകയാണ് ""

അനിയുടെ മൗനം കണ്ടപ്പോൾ സത്യാ പറഞ്ഞു

""നന്ദന ... നാളെ കഴിഞ്ഞു നമ്മൾ തമ്മിൽ ഉള്ള കല്യാണം ആണ് ഈ സമയത്തു ഇങ്ങനൊക്കെ പറഞ്ഞാൽ... """

അനി നന്ദനയോട് ചോദിച്ചു....

"'ചേട്ടാ .... എനിക്ക് ഇവനെ അല്ലാതെ വേറെ ആരെയും ഭർത്താവായി കാണാൻ സാധിക്കില്ല... എന്നോട് ക്ഷമിക്കു... ""

"""അപ്പോ നിങ്ങൾ തമ്മിൽ നേരത്തെ ഇത്തരത്തിൽ ഒരു ഇഷ്ടം ഉണ്ടായിരുന്നിട്ട് എന്തെ എന്നോട് മുൻപ് തുറന്നു പറയാഞ്ഞേ??.... ഇത്രത്തോളം നീട്ടേണ്ട കാര്യം ഉണ്ടായിരുന്നുവോ?... """

അനി ചോദിച്ചു ...

""തെറ്റ് ഞങ്ങളുടെ ഭാഗത്തു ആണ് സമ്മതിച്ചു... ചേട്ടനോട് നേരത്തെ പറയണം എന്ന് ഉണ്ടായിരുന്നു ... പക്ഷെ പറ്റിയില്ല.... ചേട്ടനോട് പറഞ്ഞാൽ എന്റെ അച്ഛൻ അറിയുമോ എന്നുള്ള പേടി അതായിരുന്നു പറയാൻ മടിച്ചത്.... ""

നന്ദന പറഞ്ഞു...

""""നിങ്ങളുടെ ഒരു പേടി.... നിങ്ങൾക്ക് നിങ്ങളുടെ ഇഷ്ടം നിങ്ങളുടെ വീട്ടുകാരോട് പറഞ്ഞു അതു നടത്തി കൂടർന്നോ..... അല്ലാതെ എന്നേം കൂടി എന്തിനാ ഇതിന്റെ ഇടയിലേക്ക് വലിച്ച് ഏഴച്ചത്??...."""""

അനിയുടെ ചോദ്യങ്ങൾ ക്കു അവർക്കു മറുപടി ഉണ്ടായിരുന്നില്ല അവർ മൗനം പാലിച്ചു.....

""""അല്ല ഇപ്പോ ഞാൻ എന്താ ചെയ്യേണ്ടേ ... നിങ്ങൾ ഒന്നു പറഞ്ഞു താ .."""

അവരുടെ മൗനം കണ്ടപ്പോൾ അനി ചോദിച്ചു...

"""എനിക്ക് മനസിലാകും ചേട്ടന്റെ അവസ്ഥ ..... പക്ഷെ ചേട്ടാ ഞങ്ങൾക്ക് ഇതു നടത്തിയേ പറ്റു അല്ലാതെ വേറെ ഒരാളെ മനസ്സിൽ പ്രതിഷ്ഠിച്ചിട്ട് ചേട്ടന്റെ ഒപ്പം ചേട്ടനെ വഞ്ചിച്ചോണ്ട് കഴിയാൻ എനിക്കാവില്ല..... """

നന്ദന പറഞ്ഞു...

"""നന്ദന പറയുന്നത് ഒക്കെ ശെരിയായിരിക്കാം ... പക്ഷെ ഈ അവസാന നിമിഷം ... വീട്ടുകാർ ഒക്കെ നമ്മുടെ കല്യാണത്തിന്റെ സന്തോഷത്തിൽ നിൽക്കുന്ന ഈ വേളയിൽ??........ """അനി ഒന്ന് പറഞ്ഞു നിർത്തിയിട്ടു വീണ്ടും തുടർന്നു... """"നിങ്ങൾക്ക് ഇതു എൻഗേജ്മെന്റ് നു മുൻപ് എങ്കിലും എന്നോട് പറയാമായിരുന്നു..... """"""

"""ചേട്ടാ എല്ലാത്തിനും കാരണം ഇവളുടെ വീട്ടുകാർ ആണ് ... ഇല്ലെങ്കിൽ ഞങ്ങൾക്ക് ഇങ്ങനെ ചേട്ടന്റെ മുന്നിൽ വന്നു ഇരിക്കേണ്ടി വരില്ലയിരുന്നു... ചേട്ടന് ഈ അവസ്ഥയും വരില്ലായിരുന്നു.... """"""

സത്യാ പറഞ്ഞുതു കേട്ടപ്പോൾ """ഇവളുടെ വീട്ടുകാർ എന്തു ചെയ്തു.... """""" എന്ന് അനി ചോദിച്ചു...

"""ഞങ്ങൾ തമ്മിൽ ഉള്ള ഇഷ്ടം ഇവളുടെ വീട്ടുകാർക്ക് അറിയാമായിരുന്നു.... ഞാൻ ചെന്നു പെണ്ണ് ചോദിച്ചതുമായിരിനു അന്ന് ഇവളുടെ അച്ഛൻ പറഞ്ഞത് നിനക്ക് ഒരു ജോലിയായാൽ നോക്കാം എന്നായിരുന്നു....പക്ഷെ ശെരിക്കും ഇവളുടെ അച്ഛനു താഴ്ന്ന നിലയിൽ ജീവിക്കുന്ന എന്നെ ഇഷ്ടം അലർന്നു എന്നെ ഒഴിവാക്കാൻ വേണ്ടി പറഞ്ഞതായിരുന്നു ആ കാര്യം എന്ന് പിന്നിട് ഞങ്ങൾക്ക് മനസിലായി..... ഞങ്ങളെ തമ്മിൽ പിരിക്കാൻ പലതവണ ശ്രമിച്ചു .... ഒന്നും നടക്കാതെ വന്നപ്പോൾ ഞാൻ

ചെന്നൈക്കു ജോലിക്ക് വേണ്ടി പോയ ടൈമിൽ തന്നെ ചേട്ടനുമായി ഇവളുടെ കല്യാണം അവർ ഉറപ്പിച്ചു ..... ജാതകത്തിന്റെ പേരും പറഞ്ഞു കല്യാണം പെട്ടന്ന് തന്നെ ആക്കുകയും ചെയ്തു..... അച്ഛന്റെ ഭീക്ഷണിക്കു മുന്നിൽ ഇവൾ ചേട്ടനുമായുള്ള വിവാഹത്തിന് സമ്മതിക്കുകയും ചെയ്തു.....പിന്നെ ഇതൊക്കെ എന്നെ വിളിച്ചു അറിയിക്കാൻ ഇവൾക്ക് സാധിച്ചില്ല....
ചെന്നൈയിൽ ജോലിക്ക് കയറിയ ടൈം ആയതോണ്ട് എനിക്ക് ഇവളെ ഇങ്ങോട്ട് വിളിക്കാനും സാധിച്ചില്ല ... അല്ല .. ഞാൻ വിളിച്ചാലും കിട്ടില്ലയിരുന്നു ഇവളുടെ ഫോൺ അച്ഛന്റെ കസ്റ്റഡിയിൽ ആയിരുന്നു... ചേട്ടന്റെ കോളും പിന്നെ ചില ഫ്രണ്ട്സ്ന്റെ കോളും വന്നാൽ മാത്രമേ ഇവൾക്ക് കൊടുക്കുകയൊള്ളു .... ഒരു കൂട്ടിലടച്ച കിളിയായിരുന്നു ഇവൾ ഇത്രയും ദിവസം.... എന്നെ എങ്ങനെ എങ്കിലും ഇതൊക്കെ അറിയിക്കണം എന്ന് കരുതി ഇരിക്കുമ്പോൾ ആണ് ചേട്ടൻ ഇവൾക്ക് എൻഗേജ്മെന്റ്നു ഒരു മൊബൈൽ സമ്മാനിക്കുന്നത് ... അതു ഇവളുടെ അച്ഛന്റെ കണ്ണിൽ പെട്ടിരുന്നില്ല അതിൽ നിന്നും ആണ് ഇവൾ എന്നെ വിളിച്ചത് .... അങ്ങനെ ആണ് ഞാൻ എല്ലാം അറിഞ്ഞത് .... പിന്നിട് വേഗത്തിൽ ഇങ്ങോട്ട് പോരുകയും ചെയ്തു..... """

സത്യാ പറഞ്ഞു നിർത്തി...

മറ്റുള്ളവരുടെ വിഷമങ്ങൾ തന്റെ വിഷമായി കരുതുന്ന അവരുടെ ദുഃഖങ്ങളിൽ പങ്കുചേരുന്ന അനിയുടെ മനസിനെ വല്ലാതെ സ്വാധിനിച്ചു സത്യയുടെ വാക്കുകൾ ......

കുറെ കൊല്ലം മുൻപ് താരയും താനും അനുഭവിച്ച അതെ സിറ്റുവേഷനിൽ കൂടി ആണ് ഇവരും കടന്നു പോകുന്നത് എന്ന് അനിക്ക് മനസിലായി..... """അന്ന് തന്റെ ജീവിതത്തിൽ സംഭവിച്ചത് ഇനി ഇവരുടെ ജീവിതത്തിൽ ആവർത്തിക്കാൻ പാടില്ല .... ഇഷ്ടപ്പെടുന്നവർ തമ്മിൽ ഒന്നാകണം..... """

അനിയുടെ മനസ്സ് മന്ത്രിച്ചു....

""എന്തോ ഇതൊക്കെ ചേട്ടനോട് പറയണം എന്ന് തോന്നി ..... നാളെ ഞങ്ങളുടെ കല്യാണം കഴിഞ്ഞാൽ പിന്നിട് ഞങ്ങൾക്ക് തോന്നരുതല്ലോ ചേട്ടനെ ഞങ്ങൾ വഞ്ചിച്ചു എന്ന് ....അതുകൊണ്ടാ ഞങ്ങൾ ഇതൊക്കെ ചേട്ടനെ അറിയിച്ചത്.... """

നന്ദന പറഞ്ഞു.....

"""ഉം ശരി.... നിങ്ങളുടെ തീരുമാനത്തോട് ഞാൻ യോജിക്കുന്നു.... പക്ഷെ ഞാനൊരു കാര്യം ചോദിക്കട്ടെ.... """

അവർ രണ്ടാളും പറഞ്ഞു കഴിഞ്ഞപ്പോൾ അനി ചോദിച്ചു...

""ഉം... ചോദിച്ചോള്ളൂ """എന്നർത്ഥത്തിൽ അവർ അനിയുടെ മുഖത്തു നോക്കി...

"""നിങ്ങളുടെ നാളത്തെ കല്യാണകാര്യം ഞാൻ ഇന്ന് ഇവളുടെ വീട്ടിൽ അറിയിച്ചാൽ???...... """"""

അനി ചെറു ചിരിയോടെ പറഞ്ഞപ്പോൾ സത്യാ ഒന്നു ഞെട്ടി.... പക്ഷെ നന്ദനക്കു ഒരു ഭാവമാറ്റവുണ്ടായില്ല....

""എന്താ നന്ദന.... ഞാൻ അങ്ങനെ ചെയ്താൽ.... നിങ്ങൾ എന്തു ചെയ്യും.... """

അനി ചെറു ചിരിയോടെ പറഞ്ഞപ്പോൾ നന്ദന അനിയുടെ മുഖത്തു നോക്കി പുഞ്ചിരിച്ചു...

""ചേട്ടനെ ഞാൻ പരിചയ പെട്ടിട്ടു രണ്ടാഴ്ച ആയിട്ടൊള്ളു എങ്കിലും എനിക്ക് അറിയാം ചേട്ടന്റെ മനസ്സ്,,ഇഷ്ടപ്പെടുന്നവരെ വേദനിപ്പിക്കാത്ത മനസ്സ്..... മറ്റുള്ളവർക്ക് വേണ്ടി സ്വന്തം ജീവിതം, ആഗ്രഹങ്ങൾ വരെ ത്യജിക്കുന്ന ആളെ എനിക്ക് വിശ്വാസം ആണ് അതു കൊണ്ടു തന്നെയാ ഞങ്ങൾ ചേട്ടനെ കാണാൻ വന്നത്..... """

നന്ദന പറഞ്ഞത് കേട്ടപ്പോൾ അനി ഒരു ചെറു പുഞ്ചിരി അവൾക്കായി സമ്മാനിച്ചു....

""ചേട്ടാ.... നന്ദന പലവട്ടം ഇതു ഫോണിലൂടെ ചേട്ടനോട് പറയാനായി ശ്രമിച്ചതാ പക്ഷെ അവൾക്കതു സാധിച്ചില്ല...... ഒന്നാലോചിച്ചപ്പോൾ അതു നന്നായി എന്ന് എനിക്ക് ഇപ്പൊ തോന്നുന്നു ...അവൾ ഫോണിലൂടെ ഇതൊക്കെ പറഞ്ഞിരുന്നുവെങ്കിൽ ചേട്ടന് ഇത്രത്തോളം ഞങ്ങളെ മനസിലാക്കാൻ സാധിക്കുമായിരുന്നില്ല ...""""

അനിയുടെ പുഞ്ചിരിച്ചമുഖം കണ്ടപ്പോൾ സത്യ പറഞ്ഞു....

""ഓക്കേ സത്യ അതേതായാലും നന്നായി..... നേരിട്ട് പറയുന്നതും ഫോണിലൂടെ പറയുന്നതും തമ്മിൽ ഒരുപാട് അന്തരമുണ്ട്.... എന്തായാലും നിങ്ങളെല്ലാം തുറന്നു പറഞ്ഞല്ലോ അതുമതി..."""

അനിയുടെ വാക്കുകൾ കേട്ടപ്പോൾ അവർ രണ്ടുപേരും അനിക്കായി ചെറുപുഞ്ചിരി സമ്മാനിച്ചിട്ട് അനിയുടെ മുഖത്തേക്ക് നോക്കി...

"""അപ്പോ എങ്ങനെയാ നിങ്ങളുടെ ഭാവി പരിപാടികൾ... എന്റെ ഹെല്പ് വല്ലതും വേണോ??..... ""

അനി അവരോടു ചോദിച്ചു...

""ഹേയ് വേണ്ടാ ചേട്ടാ... ചേട്ടൻ ഇതിനു സമ്മതിച്ചല്ലോ അതു തന്നെ വലിയൊരു കാര്യംമാണ് ഞങ്ങൾക്ക്.... ""

സത്യ പറഞ്ഞു...

""എന്നാ പിന്നെ നമുക്ക് ഒരു കോഫി കുടിച്ചിട്ട് പിരിയാം ... അല്ലെ... "

അനി പറഞ്ഞപ്പോൾ അവർ രണ്ടുപേരും അതിനു സമ്മതം അറിയിച്ചു....

അങ്ങനെ അവർ മൂന്നാളും കോഫി കുടിച്ചു നാളത്തെ കല്യാണത്തിന്റെ ഡീറ്റെയിൽസ് ഓക്കേ ഷെയർ ചെയ്തു സന്തോഷത്തോടെ പിരിഞ്ഞു.....

പോകുന്നതിനു മുൻപ് നന്ദന ഒരു കാര്യം അനിയോട് ആവിശ്യപെട്ടിരുന്നു.....

"""അനിചേട്ടനെ കാണാൻ എന്ന വ്യജേന ആയിരിക്കും താൻ വീട്ടിൽ നിന്നും ഇറങ്ങുക എന്നും... അച്ഛൻ എങ്ങാനും വിളിച്ചാൽ ചേട്ടൻ വിളിച്ചിട്ടാ ഞാൻ അമ്പലത്തിലേക്ക് പോകുന്നത്.. എന്ന് അച്ഛനോട് പറയണം ""എന്ന് നന്ദന അനിയോട് പറഞ്ഞു....

പിന്നെ നന്ദന ഒരു കാര്യം കൂടി അനിയെ ഏല്പ്പിച്ചു അനി അവളുടെ വിരലിൽ അണിയിച്ച മോതിരം.... ആദ്യം അനി അതു നിരസിച്ചു എങ്കിലും നന്ദനയുടെ നിർബന്ധം മൂലം അനിക്കതു സ്വികരിക്കേണ്ടി വന്നു....

പിന്നിട് അനിയോട് യാത്ര പറഞ്ഞു നന്ദന സത്യയുടെ ഒപ്പം ബൈക്കിൽ കയറി പോയി... കുറച്ചു നേരം ആ കാഴ്ച്ച അനിയുടെ മിഴികളിൽ നിലനിന്നു പതിയെ പതിയെ അവരുടെ വാഹനം അനിയുടെ മിഴികളിൽ നിന്നും അകലെ അകലെ മായാൻ തുടങ്ങിയപ്പോൾ
അനി കാർ എടുത്തു നേരെ വീട്ടിലേക്ക് വിട്ടു... ...

അനി അവരുടെ കല്യാണത്തിന് സമ്മതം മൂളി എങ്കിലും അനിക്ക് അറിയില്ല ഇതെങ്ങനെ വീട്ടിൽ അറിയിക്കുമെന്ന്.....തന്റെ അച്ഛനും അമ്മയും ഒരുപാട് ആഗ്രഹിച്ചതാ ഈ കല്യാണം അതിനി നടക്കില്ല എന്ന് അറിയുമ്പോൾ അവരുടെ റിയാക്ഷൻ എന്തായിരിക്കും??... അവരുടെ സന്തോഷങ്ങൾ എല്ലാം ഇതു കേൾക്കുമ്പോൾ ഇല്ലാതാവും എന്നോർത്തപ്പോൾ അനിയുടെ ഉള്ള് നീറി....

കാർ ഡ്രൈവ് ചെയ്യുമ്പോഴും അനിയുടെ ചിന്ത അതായിരുന്നു...
അധികം താമസിക്കാതെ അവൻ വീട്ടിൽ എത്തി... വീടിന്റെ പാർക്കിങ്ങിലേക് കാർ കയറ്റി നിർത്തി .....

"""ഇന്ന് എന്തായാലും ആരോടോന്നും പറയണ്ട, നാളെ അവരുടെ വിവാഹം കഴിഞ്ഞിട്ട് എല്ലാവരെയും എല്ലാം അറിയിക്കാം എന്ന് അവൻ തീരുമാനിച്ചു....
അതിനുശേഷം അവൻ കാറിൽ നിന്നും ഇറങ്ങി.....

വീട്ടിൽ ചെന്നു കയറിയപ്പോൾ കണ്ടത് എല്ലാവരുടെയും സന്തോഷം നിറഞ്ഞ മുഖങ്ങൾ ആയിരുന്നു .....പിള്ളേർ ഒക്കെ സന്തോഷത്തോടെ ഓരോരോ കളികളിൽ ഏർപ്പെട്ടിരിക്കുന്നു.... മിക്കവരും വർത്തമാനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു .....

""നീ എവിടെ ആയിരുന്നു?? """എവിടെക്കാ പോയെ?? """കല്യാണത്തിന് ഉള്ള വണ്ടിയുടെ കാര്യം എന്തായി???.... """

എന്നൊക്കെ ഉള്ള അനേകം ആയിരം ചോദ്യങ്ങൾ അവനു വീട്ടിലേക്ക് കയറുന്ന വഴിക്ക് കേൾക്കേണ്ടി വന്നു ......
ചോദ്യങ്ങൾക്ക് എല്ലാം അവർക്ക് തൃപ്തി ആവുന്ന തരത്തിൽ ഉള്ള മറുപടി നൽകി കൊണ്ട് അവൻ അവന്റെ റൂമിലേക്ക് നടന്നു....

""ഈശ്വര ..... നാളെ ഈ സന്തോഷങ്ങൾ എല്ലാം ഇല്ലാതെ ആവുമല്ലോ ..... """

അവൻ ബെഡിൽ കിടന്നു കൊണ്ട് ആലോചിച്ചു ........

പിറ്റേന്ന് രാവിലെ തന്നെ അനി എഴുനേറ്റു..... വേഗം തന്നെ കുളിച്ചു റെഡി ആയി മുറിക്ക് പുറത്തേക്കു ഇറങ്ങി...

ഹാളിൽ എത്തിയപ്പോൾ...

""ചേട്ടൻ ഇതു എവിടെക്കാ... """

ലെച്ചുവിന്റെ ചോദ്യം അനിയെ തേടി എത്തി....

""ക്ഷേത്രത്തിൽ ഒന്നു പോകണം ""

""ഓഹ് ... കല്യാണം അടുത്തപ്പോൾ ഈശ്വരവിചാരങ്ങൾ ഒക്കെ ഉണ്ടായോ??....
"""എന്നു കളിയാക്കി കൊണ്ടുള്ള ലെച്ചുന്റെ ചോദ്യത്തിന് ചെറിയൊരു പുഞ്ചിരി സമ്മാനിച്ചു കൊണ്ടു അനി കാറിന്റെ താക്കോൽ എടുത്തു കൊണ്ട് പുറത്തേക്കു ഇറങ്ങി....

അനി നേരെ കാറും എടുത്തു അഭിയുടെ വീട്ടിലേക്ക് വിട്ടു ....

ഇന്നലെ രാത്രി തന്നെ അഭിയെ കണ്ടു നടന്നത് എല്ലാം അനി പറഞ്ഞിരുന്നു .... പിന്നെ അവന്റെ ഉറ്റ ചങ്ങാതി ആയാ സെബിനോടു ഫോൺ ചെയ്തും ഈ കാര്യം പറഞ്ഞു ....

എല്ലാം കേട്ട് കഴിഞ്ഞപ്പോൾ അവർ രണ്ടാളും..

"""നിനക്ക് മനസ്സിൽ എന്താ ശെരി എന്ന് തോന്നുന്നത് അതു ചെയുക... നിന്റെ തീരുമാനം എന്തായാലും ഞങ്ങൾ നിന്റെ കൂടെ ഉണ്ടാകും..... ""എന്ന് അനിയോട് പറഞ്ഞു . ....

കുറച്ച് നേരത്തെ ഡ്രൈവിങ്ങിനൊടുവിൽ
അനിയുടെ കാർ അഭിയുടെ വീടിനു മുന്നിൽ ആയി എത്തിപ്പെട്ടു ....

ഇന്നലെ അനി അഭിയോട് പറഞ്ഞത് അനുസരിച്ചു അഭി റെഡി നിൽക്കുന്നുണ്ടായിരുന്നു ...
അനിയുടെ കാർ വീടിനു മുന്നിൽ എത്തിയപ്പോൾ തന്നെ അഭി വേഗം തന്നെ ഇറങ്ങി ചെന്നു അനിയുടെ കാറിൽ കയറി...

""ഡാ നീ വീട്ടിൽ അവതരിപ്പിച്ചുവോ?? """

കാറിൽ ഇരിക്കുമ്പോൾ അഭി അനിയോട് ചോദിച്ചു...

""ഇല്ലെടാ... ഇതു കഴിഞ്ഞിട്ട് അവതരിപ്പിക്കാം എന്ന് കരുതി.... """

""അതു എന്തായാലും നന്നായി.... ഇല്ലെങ്കിൽ രണ്ടു വീട്ടുകാരും അറിഞ്ഞു പ്രശ്നം ആയി അവരുടെ കല്യാണം മുടങ്ങിയാലോ.... """

""ഷ്മം.... അതുകൊണ്ടാ പറയാതിരുന്നത്..... """

""അല്ലേടാ....എത്ര മണിക്ക് ആണ് കെട്ട്.... """

""എട്ടുമണിക് ആണെന് തോന്നുന്നു... അതു ഇപ്പോ കഴിഞ്ഞു കാണും എന്ന് തോന്നുന്നു.. ""

അനി അതു പറഞ്ഞപ്പോൾ അഭി അനിയെ നോക്കി ചിരിച്ചു...

അതുകണ്ടപ്പോൾ
""എന്താടാ ഒരു ആക്കിയ ചിരി... ""

എന്ന് അനി ചോദിച്ചു....

""ഒന്നുല്ലടാ ഞാൻ ഒരു കാര്യം ആലോചിച്ചു ചിരിച്ചതാ.... """

""ഉം എന്തു കാര്യം... """

""നിന്റെ സ്ഥാനത്തു വേറെ വല്ലോരും ആയിരുന്നെങ്കിൽ ...പ്രശ്നം ഉണ്ടാക്കി ആ കല്യാണം ഇപ്പോ മുടക്കിയിട്ട് ഉണ്ടായേനെ.... """

അഭി ചെറുചിരിയോടെ പറഞ്ഞു...

""എന്നിട്ട് എന്തുനേടാനാണുഡാ... അവളുടെ കല്യാണം മുടക്കി ഞാൻ നാളെ അവളെ കല്യാണം കഴിച്ചു എന്ന് ഇരിക്കട്ടെ .... അവൾക്കു എന്നെ ഒരു ഭർത്താവായി

കാണാൻ സാധിക്കുമോ ... ഞങ്ങളുടെ ദാമ്പത്യം അത്ര സുഖകരം ആയിരിക്കുമോ..... """

""അതൊക്കെ ശെരിയാ... പക്ഷെ പ്രണയം പാതി വഴിയിൽ മുറിഞ്ഞു പോയവർ പലരും വേറെ വിവാഹം കഴിച്ചു സുഖമായി ജീവിക്കുന്നില്ലേ.??... """

""പിന്നെന്താ ഉണ്ട്.... പക്ഷെ ഇതു അങ്ങനെ അല്ലാല്ലോ അവർ തമ്മിൽ ഒന്നിക്കാനുള്ള വഴി നമ്മളായിട്ട് മുടക്കിയിട്ട് പിന്നെ ഞാൻ അവളെ കെട്ടിയാൽ അതു ഒരു വലിയ തെറ്റല്ലേ..... """

""ഉം... ശെരിയാ.... പക്ഷെ എന്നാലും അവൾ നിന്നെ തേച്ച പോലെ ആയി കാര്യങ്ങൾ..... """

"" ഹേയ് ഇല്ലെടാ.... അവൾ എല്ലാവരെയും പോലെ എന്നെ പറ്റിച്ചില്ലല്ലോ ... എല്ലാം തുറന്നു പറഞ്ഞില്ലേ എന്നോട്..... """

""ഉം... ""

അങ്ങനെ സംസാരിച്ചു കൊണ്ടു അവരുടെ കാർ മുന്നോട്ടു സഞ്ചരിച്ചു കൊണ്ടിരുന്നു...

കുറച്ചു സമയത്തെ യാത്രക്കോടുവിൽ അവർ ആ ക്ഷേത്രത്തിലെത്തിച്ചേർന്നു....

അവിടെ ഉള്ള ആൽമരത്തിനു അടുത്തായി കാർ നിർത്തിയിട്ടു അനിയും അഭിയും കാറിൽ നിന്നും ഇറങ്ങി....

ശനിയാഴ്ച ആയതു കൊണ്ടു സാമാന്യം നല്ല തിരക്കുണ്ട് അമ്പലത്തിൽ....

അനിയും അഭിയും കൂടി അമ്പലത്തിലേക്കുള്ള ചവിട്ടുപടികൾ കയറാൻ തുടങ്ങുന്നതിനു മുൻപ് തന്നെ ... നന്ദനയും സത്യയും വരണമാല്യങ്ങൾ അണിഞ്ഞു കൈകോർത്തു കൊണ്ടു ആ പടികൾ ഇറങ്ങി വരുന്നത് അവർ കണ്ടു.. . അവരുടെ കൂടെ കുറച്ച് ചെക്കൻമാരും പെൺപിള്ളേരും ഉണ്ടായിരുന്നു ... അതു അവരുടെ സുഹൃത്തുക്കളാണെന് അനിക്ക് മനസിലായി....

പടികളിറങ്ങി വരുന്ന സമയത്തു താഴെ നിൽക്കുന്ന അനിയെ കണ്ടപ്പോൾ നന്ദനയും സത്യയും അനിക്കായി ചെറുപുഞ്ചിരി സമ്മാനിച്ചു... അനി തിരിച്ചു അവർക്കും സമ്മാനിച്ചു ഒരു പുഞ്ചിരി.....

അധികം വൈകാതെ അവർ പടികളിറങ്ങി അനിയുടെ അടുത്ത് എത്തി....

""ഹായ് നന്ദന .... ഹായ് സത്യ....എങ്ങനെ ഉണ്ടായിരുന്നു .... എല്ലാം മംഗളംമായില്ലേ.... """"

നവദമ്പതികൾ അനിയുടെ അടുത്ത് എത്തിയപ്പോൾ അനി പുഞ്ചിരിയോടെ പറഞ്ഞു...

""ഇശ്വരന്റെ കൃപയാൽ എല്ലാം മംഗളംമായി അനി ചേട്ടാ..... ""

നന്ദന പറഞ്ഞു...

""അഭി ഇതാണ് സത്യ...""

സത്യയെ കാണിച്ചു കൊണ്ടു അനി അഭിയോട് പറഞ്ഞു..

അതു കേട്ടപ്പോൾ അവർ തമ്മിൽ പരിചയ പെട്ടു....

""നന്ദന വീട്ടിൽ അറിയിച്ചുവോ ഈ കാര്യം ... ""

അനി നന്ദനയോട് ചോദിച്ചു...

""ഇല്ല ചേട്ടാ ഇനി വേണം വിളിച്ചു പറയാൻ.... എന്നിട്ട് വേണം ഞങ്ങൾക്ക് ചെന്നൈയിലേക്ക് ട്രെയിൻ കയറാൻ .... """

""ഉം..അപ്പോ ഇനിയുള്ള ജീവിതം ചെന്നൈയിൽ ആണുലെ .... """

""ഉം .. അതെ ... ഞാൻ ഒരു ഫ്രണ്ടിന്റെ പരിചയം വെച്ച് ഒരു വാടക വീട് റെഡിയാക്കിയിട്ടുണ്ട് അവിടെ.... അവിടെ ചെന്നിട്ട് ഇവൾക്കും കൂടി ഒരു ജോലി ശെരിയായാൽ പിന്നെ സുഖമായി ജീവിക്കാം.... """

സത്യ അനിയോട് പറഞ്ഞു...

""ഉം... എന്നാ പിന്നെ എല്ലാം കഴിഞ്ഞ സ്ഥിതിക്ക് ഞങ്ങൾ ഇറങ്ങട്ടെ.... "'

അനി അവരോടായി പറഞ്ഞു...

""ശെരി ചേട്ടാ .... ഞങ്ങളും ഇപ്പോ തന്നെ പുറപ്പെടും.... ""

സത്യ പറഞ്ഞു...

""ഓഹ്... ഒരു കാര്യം മറന്നു... വൺ മിനിറ്റ്.... ഇപ്പോ വരാം.. ""

അനി പെട്ടന്ന് എന്തോ ഓർത്തപോലെ അതും പറഞ്ഞു കാറിന്റെടുത്തേക്ക് നടന്നു... എന്നിട്ട് കാറിൽ നിന്നും ഒരു ചെറിയ കവർ എടുത്ത് അവരുടെ അടുത്തേക്കായി വന്നു...

""""നവദമ്പതികൾക്കായി ഈ ചേട്ടന്റെ വക ചെറിയൊരു ഉപഹാരം.... '''

അതും പറഞ്ഞു അനി ആ കവർ വധുവരൻമാർക്കായി സമ്മാനിച്ചു...

അവർ ആ കവർ സന്തോഷത്തോടെ സ്വീകരിച്ചു...

""സത്യ അതിൽ ഒരു പോസ്റ്റ് കവർ ഉണ്ട് .... അതു നിങ്ങൾക്ക് വേണ്ടി ഉള്ള ഹണിമൂൺ പാക്കേജ് ആണു കൊടൈക്കനാൽ ഉള്ളത്.... നിങ്ങൾക്ക് സൗകര്യവും ഒഴിവും ഉള്ളപ്പോൾ അതിൽ ഉള്ള നമ്പറിൽ വിളിച്ചു പറഞ്ഞാൽ മതി അവർ നിങ്ങൾക്ക് വേണ്ടി എല്ലാം സെറ്റ് ചെയ്യും.... ""

അനി അവരോടു പറഞ്ഞു...

"താങ്ക്സ് ചേട്ടാ.... ""

അതു പറയുമ്പോൾ സത്യയുടെയും നന്ദനയുടെയും മിഴികളിൽ ചെറിയൊരു നനവ് പടർന്നിരുന്നു....

""""എന്നാ പിന്നെ ഞങ്ങൾ പോണു.... എന്നെങ്കിലും കാണാം എന്ന പ്രതിക്ഷിയോടെ..... വിഷ് യൂ ഹാപ്പി മാരീഡ് ലൈഫ് ...""""

തുളുമ്പുന്ന കണ്ണുകള് കാണാതിരിക്കാന് അനി അവരോടു അതും പറഞ്ഞു തിരിഞ്ഞു കാറിലേക്ക് നടന്നു ...

തിരിച്ചുള്ള യാത്രയിൽ അഭി ആണു കാർ എടുത്തത്....

""ഡാ അവൾ പോയതിൽ നിനക്ക് വിഷമമുണ്ടല്ലേ.... """

ഡ്രൈവിങ്ങിനു ഇടയിൽ അഭി അനിയോട് ചോദിച്ചു...

""എനിക്കോ?? ... ഹേയ് ഇല്ല ""

അനി പറഞ്ഞു...

""പിനെന്തിനാഡാ നിന്റെ കണ്ണുകൾ ഇറാനായത്??.... വിഷമം ഇല്ലാതെ ആണോ??..... നീ എന്നോടും കള്ളം പറയാൻ തുടങ്ങിയല്ലെ??..... ""

അഭിയുടെ വാക്കുകൾ അനിയുടെ നെഞ്ചിൽ പതിച്ചു....

""എടാ അതു.... """

അനി വാക്കുകൾക്കായി പരതി...

""അതു???... """

""നീ പറഞ്ഞത് ശെരി ആടാ.... ചെറിയൊരു വിഷമം ഉണ്ട്.... അമ്മയും അച്ഛനും വിളിച്ചു പറഞ്ഞു കല്യാണം ഉറപ്പിക്കുമ്പോൾ എനിക്ക് കല്യാണത്തിന് ഉള്ള താല്പര്യം ഒന്നും ഉണ്ടായിരുന്നില്ല... പക്ഷെ എൻഗേജ്മെന്റ് കഴിഞ്ഞു കല്യാണത്തിന് അടുക്കുംതോറും ഞാനും ആഗ്രഹിച്ചിരുന്നു ഈ വിവാഹം... നന്ദനയെ ഭാവി വധുവായി കണ്ടു ഇഷ്ടപ്പെട്ടു തുടങ്ങിയിരുന്നു.... """

അനി പറഞ്ഞു നിർത്തി...

""ഡാ നിനക്ക് ഇഷ്ടം ആയിരുന്നു എങ്കിൽ എന്തിനാ അവളെ അവനു വിട്ടു കൊടുത്തത്..... """

"""അതോ .... ഞാൻ അവളെ സ്നേഹിക്കുന്നതിനേക്കാൾ നൂറിരട്ടി അവർ തമ്മിൽ സ്നേഹിക്കുന്നു....
പിന്നെ അവരുടെ പ്രണയം സത്യം ആയതു കൊണ്ടും .... """

""ഉം..ശരി .... പ്രണയത്തിന്റെ കാവൽക്കാരാ... """"

അഭി ചിരിച്ചുകൊണ്ട് അതു പറഞ്ഞപ്പോൾ അനി അവനൊരു പുഞ്ചിരി സമ്മാനിച്ചു.....

""അപ്പൊ എല്ലാം കഴിഞ്ഞു ... ഇനിയിപ്പോ എന്താ അടുത്ത പരിപാടി..... """

അഭി ചോദിച്ചു...

"""ഇനിയല്ലേ പരിപാടിയുടെ ഘോഷയാത്രകൾ.... ""

അനി അതു പറഞ്ഞപ്പോൾ ""എന്താ ""എന്നർത്ഥത്തിൽ അഭി അനിയുടെ മുഖത്തേക്ക് നോക്കി....

""ഡാ ... ഈ കാര്യങ്ങൾ എല്ലാം വീട്ടിൽ അറിയിക്കേണ്ടേ...""

"ഉം.. ""

""പിന്നെ അവരുടെ കുത്തുവാക്കുകൾ അവരുടെ സങ്കടം എല്ലാം കാണണ്ടേ..... """

"ഉം ""

""പിന്നെയും ഉണ്ട് .... പന്തൽ പണിക്കാരെ വിളിക്കണം എല്ലാം അഴിപ്പിക്കണം... പിന്നെ കാറ്ററിംഗ് ക്യാൻസൽ ചെയ്യണം ... പിന്നെ ബസ് കാർ എല്ലാം ബുക്ക് ചെയ്തത് ക്യാൻസൽ ചെയ്യണം.... ഡെക്കറേഷൻ....പിന്നെ കല്യാണം ക്ഷണിച്ച ബന്ധുക്കളെ ഒക്കെ വിളിച്ചു കല്യാണം മുടങ്ങിയ കാര്യം പറയണം ....അങ്ങനെ കുറെ കാര്യങ്ങൾ ചെയ്യാൻ ഉണ്ട്..... """

അനി പറഞ്ഞു നിർത്തി...

"""എന്നാ പിന്നെ പോണ വഴിക്ക് ട്രാവെൽസിലും.. കാറ്ററിങ് സെന്ററിലും കയറി പറഞ്ഞിട്ട് പോകാം .... പിന്നെ പന്തൽ ഡെക്കറേഷൻ ചെയ്യാൻ ഡെക്കറേഷൻക്കാർ ഇന്ന് രാവിലെ വീട്ടിൽ വരാം എന്നല്ലേ പറഞ്ഞത് .... ""

""ഉം അതെ.... ""

""എന്നാ നീ അവരെ വിളിച്ചു പറ വരണ്ട എന്ന്.... """

അഭി അനിയോട് പറഞ്ഞു...

"'ഉം """

അനി ഒന്ന് മൂളിയിട്ട് ഫോൺ എടുത്തു അവരെ വിളിച്ചു പറഞ്ഞു....

""ഡാ അവർ പണി തുടങ്ങിയിരുന്നു... ഞാൻ പറഞ്ഞു എല്ലാം അഴിച്ചോളാൻ.... കല്യാണം മുടങ്ങി എന്ന്... """

ഫോൺ വെച്ച് കഴിഞ്ഞപ്പോൾ അനി പറഞ്ഞു...

""ഉം.. അപ്പോ നമ്മൾ എത്തുമ്പോൾ ഒരുപാട് ചോദ്യങ്ങളുമായി നിന്റെ അച്ഛൻ ഉണ്ടാകും അവിടെ... '"

""ഉം..."""

അനി ഒന്ന് മൂളി...

പിന്നിട് അവർ ട്രാവെൽസിലും കാറ്ററിംഗ് സെന്ററിലും ഒക്കെ കയറി എല്ലാം പറഞ്ഞു റെഡിയാക്കിയിട്ട് നേരെ അവർ അനിയുടെ വീട്ടിലേക്ക് വിട്ടു....

അനിയുടെ വീടിനടുത്തുള്ള പന്തലിനടുത്തായി അഭി കാർ കയറ്റി പാർക്ക് ചെയ്തു.... അനിയും അഭിയും കാറിൽ നിന്നും ഇറങ്ങി ആ പന്തലിന്റെ അകത്തേക്ക് നടന്നു ... അവിടെ പന്തൽ ഡെക്കറേഷൻ പണിക്കർ പന്തൽ അഴിക്കുന്നു..... അവരോടു അനിയുടെ അച്ഛനും മാമ്മൻ മാരും എല്ലാം എന്തൊക്കെ ചോദിക്കുന്നു.... പിന്നെ അമ്മായിമാരും അമ്മയും പിള്ളേർ ഉം എല്ലാം അവരുടെ അടുത്തായി നിൽക്കുന്നു....

അനിയും അഭിയും അവരുടെ അടുത്തേക്ക് നടന്നു വരുന്നത് കണ്ടപ്പോൾ അനിയുടെ അച്ഛൻ അനിയുടെ അടുത്തേക്ക് വേഗം നടന്നടുത്തു....

""എന്താ മോനെ?? ... എന്താ പ്രശ്നം??... നീയെന്തിനാ പന്തൽ അഴിക്കാൻ ഒക്കെ ഇവരോട് പറഞ്ഞെ??..... നീ പറഞ്ഞിട്ടാ അഴിക്കുനത് എന്ന് അവർ പറയുന്നു.... എന്താ മോനെ?? ...... എന്താ പ്രശ്നം??..... """

അനിയുടെ അച്ഛൻ അനിയുടെ അടുത്ത് എത്തിയപാടെ അനിയോട് നിർത്താതെ ചോദിച്ചു....

"'അതു... അച്ഛാ ... ഈ കല്യാണം നടക്കില്ല..... """

അച്ഛന്റെ മുന്നിൽ തലകുനിച്ചു കൊണ്ടു അനി അച്ഛനോട് പറഞ്ഞു.....

"എന്ത്.... ""

അച്ഛൻ ഒന്ന് ഞെട്ടി കൊണ്ടു പറഞ്ഞു....

""കല്യാണം നടക്കില്ല എന്നൊ???.... നീ എന്തൊക്കെ ആണ് മോനെ പറയുന്നത്...ഈ അച്ഛന് ഒന്നും മനസ്സിൽ ആവുന്നില്ല.... """"

അനിയുടെ അച്ഛൻ പറഞ്ഞു...

അതു കേട്ടപ്പോൾ അവിടെ ഉണ്ടായിരുന്നവരുടെ മുഖത്തെല്ലാം ഒരു അന്താളിപ്പ്....

""ഇത്രയും ഒക്കെ കൊണ്ടെത്തിച്ചിട്ട് കല്യാണം നടക്കില്ല എന്നൊ?? ...എന്താ എന്റെ കുട്ടിക്ക് പറ്റിയത്??.... """

അനിയുടെ തോളിൽ പിടിച്ചു കൊണ്ടു അച്ഛൻ ചോദിച്ചു....

""അതു  അച്ഛാ .... നന്ദനയുടെ  കല്യാണം  കഴിഞ്ഞു ...... """

അനിയുടെ വാക്കുകൾ അവിടെ കൂടിനിന്നവരുടെ നെഞ്ചിൽ ആണു കൊണ്ടത്.....

""നടന്നത് എന്താണെന്നു തെളിയിച്ചു പറ.... """

ശെരിക്കും നടന്നത് എന്താണെന്നു അറിയാൻ ആയി എല്ലാവരും അനിയോട് ചോദിച്ചു....

""ഞാൻ പറയാം ... """എന്ന് പറഞ്ഞു അഭി അവരുടെ അടുത്തേക്ക് ചെന്നു.....

അഭി നടന്നത് എല്ലാം അവരോടു വിശദികരിച്ചു പറഞ്ഞു കൊടുത്തു....

അതിനിടയിൽ ആണു അവരുടെ പന്തലിനടുത്തായി ഒരു കാർ വന്നു നിന്നത്......

കാറിന്റെ സൗണ്ട് കേട്ടപ്പോൾ അനിയും എല്ലാവരും കാറിന്റെ ഭാഗത്തേക്ക് നോക്കി....

കാറിന്റെ ഡോർ തുറന്നു നന്ദനയുടെ അച്ഛനും ചെറിയച്ഛനും അവളുടെ രണ്ടുമൂന്നു കസിൻസും കാറിൽ നിന്നും ഇറങ്ങി...

അവർ വേഗത്തിൽ നടന്നു അനിയുടെ അടുത്ത് എത്തി...

""എന്റെ മോൾ എവിടെടാ?? """

എന്ന് ചോദിച്ചുകൊണ്ടു നന്ദന യുടെ അച്ഛൻ അനിയുടെ മുന്നിൽ എത്തി....

അതുകേട്ടപ്പോൾ അനി മൗനം പാലിച്ചു...

""എന്താടാ ഒന്നും മിണ്ടാത്തത്?? ....""

നന്ദനയുടെ അച്ഛൻ അനിയുടെ കോളറിൽ പിടിച്ചു കൊണ്ട് ചോദിച്ചു....

"""നിന്നെ കാണണം എന്ന് പറഞ്ഞാ അവൾ ഇന്ന് കാലത്തു വീട്ടിൽ നിന്നും ഇറങ്ങിയത്....ആ അവൾ എങ്ങനെ ആ തെണ്ടി ചെറുക്കന്റെ കൂടെ പോയത്.... നീയല്ലേ അവരെ സഹായിച്ചത്..... എന്നിട്ടിപ്പോ ഒന്നും അറിയാത്തവനേ പോലെ നിൽക്കുന്നു... ചതിയൻ .... അവർ എവിടേക്കാടാ പോയത്..... പറയെടാ.... കൈയിൽ കിട്ടിയാൽ വെച്ചേക്കില്ല രണ്ടിനേം... """

നന്ദന യുടെ അച്ഛന്റെ ഗാൻഭീരം നിറഞ്ഞ വാക്കുകൾ അവിടെ മുഴങ്ങി കേട്ടു....

""അങ്കിൾ ..... പ്ലീസ് .... വെറുതെ ഒരു സീൻ ഉണ്ടാക്കണ്ടാ..... അവൾക്കു ഒരാളെ

ഇഷ്ടംമാണെന് എന്നോട് പറഞ്ഞു ഞാൻ അതിനു സമ്മതം കൊടുത്തു .... അവർ രണ്ടാളും ഒരു താലിചിരടിൽ ഒന്നായി.... ഇനിയുള്ള കാലം അവർ സുഖമായി ജീവിക്കട്ടെ...""

അനി ശാന്തമായി പറഞ്ഞു...

""എന്റെ മോൾടെ ഇഷ്ടങ്ങൾ നടത്തി കൊടുക്കാൻ നീ ആരാടാ.... """

എന്ന് ചോദിച്ചു കൊണ്ടു നന്ദനയുടെ അച്ഛൻ അനിയെ പുറകോട്ടേക്ക് തള്ളി....

""ദെ അങ്കിൾ അവന്റെ ദേഹത്തു തൊട്ടുള്ള കളിയൊന്നും ഇവിടെ വേണ്ടാ..... ""

അഭി ഇടയിൽ കയറിക്കൊണ്ട് നന്ദനയുടെ അച്ഛനോട് പറഞ്ഞു....

""ദേഹത്തു തൊട്ടാൽ എന്തു ചെയ്യും നീ ""

നന്ദനയുടെ അച്ഛൻ ദേഷ്യത്തിൽ പറഞ്ഞു.... അതിന്റെ ഒപ്പം നന്ദനയുടെ കസിന്സും ചെറിയച്ഛനും അയാളുടെ ഒപ്പം നിന്നു.....

"""അതെ ഞാൻ ഇവിടെ ഉള്ളപ്പോൾ അതൊന്നും നടക്കില്ല...,, അതുകൊണ്ടു.... അതു വിട്ടു പിടി ..."""

അഭി നെഞ്ചും വിരിച്ചു നിന്നു പറഞ്ഞപ്പോൾ അവർ ഒന്ന് പകച്ചു....

"""അതെ കയ്യാങ്കളി ഒക്കെ പിന്നെ ആദ്യം ഞാൻ പറയുന്നതോന്നു ശ്രദ്ധിച്ചു കേൾക്കു എന്നിട്ട് ബാക്കി ...""

അഭി അവരോടായി പറഞ്ഞു....

അവർ ആണെങ്കിൽ "ഉം പറ... ""എന്ന മട്ടിൽ അഭിയെ നോക്കി.

"""അതെ നിങ്ങൾ പറഞ്ഞല്ലോ ഇവൻ ചതിച്ചുനു ....ശെരിക്കും നിങ്ങൾ ഇവനെയല്ലെ ചതിച്ചത്?...വേറൊരുത്തനെ മനസ്സിൽ കൊണ്ടുനടക്കുന്ന പെണ്ണിനെ ഇവന്റെ തലയിൽ കെട്ടി വെക്കാൻ നോക്കിയത് നിങ്ങൾ അല്ലെ???........പിന്നെ തന്റെ മോള് തന്നോട് നേരത്തെ പറഞ്ഞത് അല്ലേ അവൾക്കു ഈ കല്യാണത്തിന് ഇഷ്ടം ആല്ല എന്നും അവൾ വേറെ ഒരാളെ ഇഷ്ടപെടുന്നു എന്നും.... എന്നിട്ടും താങ്കൾ സമ്പത്തിന്റെ മഹിമയിൽ അവരുടെ ഇഷ്ടം നടത്തികൊടുക്കാതെ ആ ചെറുക്കൻ ചെന്നൈയിൽ പോയ സമയത്തു അവളെ ഭീഷണി പെടുത്തി കല്യാണത്തിന് പ്രേരിപ്പിച്ചു.... പിന്നെ ഇല്ലാത്ത ജാതകത്തിന്റെ പേരും പറഞ്ഞു കല്യാണം വേഗത്തിലുമാക്കി.... അവസാനം എന്തായി അവൾ ആ കാമുകന്റെ കൂടെ പോയി..... തന്റെ ഒരു

വാശി കാരണം പെട്ടു പോയത് ഇവന്റെ ഫാമിലി ആണു....."""

അഭി പറഞ്ഞു....

""എന്റെ വാശിയോ .... ഇവൻ അല്ലെ അവരുടെ വിവാഹം നടത്തികൊടുത്തത്.... """

നന്ദനയുടെ അച്ഛൻ പറഞ്ഞു....

""ഓഹ് അതും പറഞ്ഞു ഇവനെ അങ്ങനെ കുറ്റപ്പെടുത്തേണ്ട... നിങ്ങളുടെ മോള് ഇവനെ കണ്ട് അവളുടെ ഇഷ്ടങ്ങൾ പറഞ്ഞപ്പോൾ ..... സ്നേഹത്തിന്റെ വിലയറിയാവുന്ന ഇവൻ അതിനു അവരുടെ കൂടെ നിന്നത് അത്ര വലിയ തെറ്റൊന്നുമായി എനിക്ക് തോന്നിയില്ല..... പിന്നെ ഒരു കാര്യത്തിന് എനിക്ക് ഇവനോട് എതിർപ്പ് ഉണ്ട് .... ഇവൻ അതറിഞ്ഞപ്പോൾ നിങ്ങളെ വന്നു കണ്ട് ചെപ്പ്പക്ക് ഒരെണ്ണം പൊട്ടിക്കാത്തതിൽ..... ""

അഭിപറഞ്ഞുനിർത്തി ...

അതൊക്കെ കേട്ടപ്പോൾ അവരുടെ പത്തി ഒന്ന് താഴ്ന്നു... അഭി പറയുന്നതിലും കുറച്ചു കാര്യം ഉണ്ടെന്നു അവരും മനസ്സിലാക്കി തുടങ്ങി.....

""ഡാ .... മതി ... ""

അനി അഭിയോട് പറഞ്ഞു...

""അങ്കിൾ... അങ്കിളിന്റെ വിഷമം എനിക്ക് മനസ്സിൽ ആകും .... ആകെ ഉണ്ടായിരുന്ന മോള് ഒരു ചെറുക്കന്റെ കൂടെ ഇറങ്ങി പോകുമ്പോൾ ഒരു അച്ഛനു ഉണ്ടാകുന്ന വേദനയുടെ ആഴം ഞങ്ങൾക്ക് മനസിലാകും .... പക്ഷെ അങ്കിളിനു ഈ സിറ്റുവേഷൻ ഒഴിവാക്കാമായിരുന്നു.... അവളുടെ ആഗ്രഹപ്രകാരം അവരെ തമ്മിൽ ഒന്നിപ്പിച്ചിരുന്നുവെങ്കിൽ... സത്യക്ക് ഒരു ജോലി ഇല്ലേ അവളെ പോറ്റാൻ അവനു കഴിവ് ഉണ്ട് അപ്പൊ പിന്നെ അവരുടെ ആഗ്രഹം സാധിച്ചു കൊടുക്കായിരുന്നില്ലേ??..... പിന്നെ സത്യാ സാമ്പത്തികമായി കുറച്ചു പിന്നോക്കംമാണു അതു ഞാൻ സമ്മതിക്കുന്നു പക്ഷെ ഈ സമ്പത്തിൽ ഒന്നും കാര്യം ഇല്ലല്ലോ അങ്കിൾ... ഇന്ന് താഴ്ന്ന നിലയിൽ ജീവിക്കുന്നവനായിരിക്കും നാളെ ഉയരങ്ങൾ കീഴടക്കുന്നത് ....അതിനു ഒരു ചെറിയ ഉദാഹരണം ഈ എന്റെ ജീവിതം തന്നെയാണു അതൊക്കെ അങ്കിളിനു അറിയാവുന്നത് അല്ലെ... പിന്നെ അവരുടെ സ്നേഹം സത്യം ആയിരുന്നു അതുകൊണ്ടാ ഞാൻ അവരുടെ കൂടെ നിന്നത് ..... ഇനിയും ഞാൻ ചെയ്തത് തെറ്റ് ആണെന്ന് തോന്നുകയാണെങ്കിൽ അങ്കിളിനു കലി തീരുന്ന വരെ എന്നെ തല്ലികോള്ളു..... അങ്കിളിനെ ആരും തടയില്ല...... പക്ഷെ എന്റെ വായിൽ നിന്നും അവർ എവിടെ ആണ് ഉള്ളത് എന്നുള്ള ഒരു സൂചന പോലും ലഭിക്കില്ല..... """"

അനി അങ്കിളിനോട് പറഞ്ഞു....

അനിയുടെ സംസാരം കേട്ട അവർക്ക് കുറച്ചൊക്കെ ഉള്ളിൽ തട്ടി......

കുറച്ചു നേരം ആരും ഒന്നും മിണ്ടിയില്ല.....

""മോനെ .... മോൻ പറഞ്ഞത് ഒക്കെ ശെരിയാണു .... ഞങ്ങളുടെ ചെറിയ തെറ്റുകളാണു ഇതു ഇത്രയും വഷളായത്..... മോനെ പോലെ ഉള്ള വിശാലമനസ്കത ഒന്നും ഞങ്ങൾക്കില്ലാതെ പോയി..... നിങ്ങളെ ഒക്കെ ഇതിന്റെ ഇടയിലേക്ക് വലിച്ചിഴച്ചതിനു ഞാൻ ക്ഷമ ചോദിക്കുന്നു..... ""

അനിയുടെ തോളിൽ പിടിച്ചു കൊണ്ടു അങ്കിൾ പറഞ്ഞു...

പിന്നെ അനിയുടെ അച്ഛനോടും എല്ലാവരോടും ക്ഷമ ചോദിച്ചിട്ടു അവർ അവിടെ നിന്നും പിൻവാങ്ങി.....

കല്യാണം മുടങ്ങിയതോടെ അനിയുടെ വീട് ആകെ മൂകമായ അവസ്ഥയിൽ ആയിരുന്നു...

ഒരു മരണവീട്ടിൽ കയറുന്ന പ്രതീതി ആയിരുന്നു അനിക്ക് വീട്ടിൽ കയറുമ്പോൾ

ആ ശനിയാഴ്ച അങ്ങനെ മൂകമായ അവസ്ഥയിൽ ആ വീട് കടന്നു പോയി..... പിറ്റേന്ന് കല്യാണം ക്യാൻസൽ ആയതിനാൽ അനിയുടെ കല്യാണത്തിന് വന്ന ബന്ധുക്കൾ ഒക്കെ ഓരോരുത്തരായി അവരവരുടെ വീട്ടിലേക്ക് മടങ്ങി പോയി .... അവസാനം അനിയുടെ വീട്ടിൽ അച്ഛൻ. അമ്മ, ലെച്ചു, അനിത ചേച്ചി, സജി ചേട്ടൻ , വാസു മാമൻ , ഷീബാന്റിയും പിന്നെ സജി ഏട്ടന്റെ അമ്മ ജാനകിയമ്മയും മാത്രമായി .......

അന്നും വീട്ടിൽ മൂകമായ അവസ്ഥ ആയതിനാൽ അനിക്ക് വട്ടു പിടിക്കുന്ന പോലെ ആയി.... ഉച്ചകഴിഞ്ഞു അഭിയെ കാണാനെന്നും പറഞ്ഞു ഇറങ്ങിയ അനി രാത്രി എട്ടുമണി ഒക്കെ ആയപ്പോഴാണു അഭിയുടെ കൂടെയുള്ള കറക്കമോക്കെ അവസാനിപ്പിച്ചു വീട്ടിൽ തിരിച്ചു വന്നത്....

അപ്പോഴും വീട്ടിലെ സ്ഥിതിയിൽ മാറ്റം ഒന്നുമുണ്ടായില്ല ....

ഓരോരുത്തർ ഓരോ പണികളിൽ ഏർപ്പെട്ടിരിക്കുന്നു .... ആരുടെയും മുഖത്തു സന്തോഷം ഇല്ല ... എല്ലാവരും സന്തോഷത്തോടെ ഇരിക്കണം എന്ന് വിചാരിച്ചു നടക്കുന്ന അനിക്ക് അതൊന്നും കണ്ടു നില്കാൻ സാധിക്കുന്നുണ്ടായില്ല....

അനി ഹാളിൽ നിൽക്കുമ്പോൾ

""ചോറ് എടുക്കട്ടെ """

എന്ന അമ്മയുടെ തളർന്ന മട്ടിലുള്ള ചോദ്യത്തിനു...

"""കുറച്ചു കഴിഞ്ഞു മതി അമ്മേ ""എന്ന് മറുപടി നൽകികൊണ്ടു അനി പടികൾ കയറി അനിയുടെ മുറിയിലേക്ക് പോയി.....

അനി കുറച്ചു നേരം തന്റെ ബെഡിൽ കിടന്നു....

""ഈ കാലത്തു ഒരു കല്യാണം മുടങ്ങിയാൽ കേക്ക് ഒക്കെ മുറിച്ചു ആഘോഷിച്ചു സന്തോഷിക്കുക ആണു പതിവ് എന്നാൽ ഇവിടെ നടക്കുന്നതോ ?? ....വട്ടു പിടിക്കുന്നു ഇവരുടെ ഒക്കെ മൗനവും മുഖത്തെ സന്തോഷമില്ലായ്മയും കണ്ടിട്ട്....... ഇതൊക്കെ താൻ കാരണം ആണെന്ന് ഓർക്കുമ്പോൾ മനസ്സിൽ എന്തൊക്കെ നീറ്റൽ അനുഭവപ്പെടുന്നു ...... ഇവരെയൊക്കെ പഴയ നിലയിലാക്കാൻ ഞാൻ എന്താ ചെയ്യണ്ടേ???.... ഇല്ലേങ്കിൽ തിരിച്ചു പോയാലോ ദുബായിക്ക്??....""""

അനിയുടെ മനസ്സിൽ കുറെ ചോദ്യങ്ങളും ചിന്തകളും ഉടലെടുത്തു......

അനി ഇങ്ങനെ ചിന്തിച്ചു കൊണ്ട് കിടക്കുന്ന സമയത്തു ആണു അനിയുടെ മൊബൈൽ റിങ് ചെയ്തത് ....

അനി ഫോൺ എടുത്തു നോക്കി.... സ്ക്രീനിൽ ഗൾഫ് നമ്പർ കണ്ടപ്പോൾ അനിക്ക് മനസിലായി സെബി ആയിരിക്കും എന്ന്...

അനി ഫോൺ എടുത്തു..

""ഹലോ... """

""ഹലോ ടാ അളിയാ ഇതു ഞാനാ.... """"

"""മനസിലായെടാ ...., """

""ഉം.... ടാ വീട്ടിൽ എങ്ങനെ എല്ലാവരുടെയും മൂഡ് ഓഫ് ഒക്കെ മാറിയോ??.... """

""ഇല്ലെടാ ... ഒരു രക്ഷയും ഇല്ല .... ആകെ മൂഡ് ഓഫ് .... എനിക്ക് വട്ടു പിടിക്കുന്നു ഇവിടത്തെ അവസ്ഥ കണ്ടിട്ട്...... ഞാൻ നാളെ തന്നെ അങ്ങോട്ടേക്ക് ഫ്ലൈറ്റ് കയറിയാലോ എന്നാ ചിന്തിക്കുന്നേ..... """

അനി പറഞ്ഞു....

""ഹേയ് ... നീ അതൊന്നും ഇപ്പൊ ചിന്തിക്കേണ്ട .... നീ ഈ സമയം അവരുടെ അടുത്ത് വേണം .... പെട്ടന്നു നീ ഇങ്ങോട്ടേക്ക് പോന്നാൽ അവർക്ക് വിഷമം ആകും..... "

""ഉം.... "

"""ഡാ.. അവരുടെ മൂഡ് ഓഫ് ഒക്കെ മാറും നീ രണ്ടു ദിവസം കൂടി ക്ഷമിക്കു.... """

സെബി പറഞ്ഞു....

""ഉം ... ക്ഷമിക്കാം അല്ലാതെ ഇപ്പോ എന്താ ചെയ്യാ ഞാൻ... എന്നാലും അച്ഛന്റെയും അമ്മയുടെയും തളർന്ന മട്ടിൽ ഉള്ള പെരുമാറ്റം കാണുമ്പോൾ എനിക്ക് കണ്ടു നിൽക്കാൻ പറ്റുന്നില്ലെടാ...ഒരിക്കൽ എന്റെ വിഷമങ്ങൾ മറന്നു അവരുടെ വിഷമം ഞാൻ ഏറ്റു എടുത്തത് ആണു....അതിൽ പിന്നെ അവർ സന്തോഷിച്ചെ കണ്ടിട്ടൊള്ളൂ...പക്ഷെ ഇപ്പോ വീണ്ടും ........ """

""ഉം.... എനിക്ക് മനസ്സിൽ ആകും നിന്റെ വിഷമം..... """സെബി ഒന്ന് പറഞ്ഞു നിർത്തി പിന്നെ എന്തോ ആലോചിച്ചു വീണ്ടും തുടർന്നു....

""ഡാ ... ഞാൻ ഒരു കാര്യം പറഞ്ഞാൽ നീ അനുസരിക്കുമോ??.."""

""നീയെന്താടാ സെബി അങ്ങനെ ചോദിക്കുന്നേ..... നീ പറയുന്നതൊക്കെ ഞാൻ അനുസരിക്കാറില്ലേ....പിന്നെന്താ.... നീ ധൈര്യംമായി പറഞ്ഞോ.... """

"""ഡാ നീ എല്ലാവരെയും കൂട്ടി ഒരു ഔട്ടിങ്ങിനോക്കെ പോ.... """

""ഔട്ടിങ്ങിനോ??? """

""ഉം അതേടാ... എല്ലാവരെയും കൊണ്ട് ജോളിയായിട്ടു ഒരു രണ്ടുമൂന്നു ദിവസം

എവിടെങ്കിലും കറങ്ങിയിട്ട് വാ...ഈ ചുറ്റുപാടിൽ നിന്നും കുറച്ചു ദിവസം മാറി നിന്നാൽ എല്ലാവരുടെയും മനസ്സ് ഒക്കെ ഒരുവിധം ശെരി ആകും ...നീ ഒന്ന് ശ്രമിച്ചു നോക്ക്.... """

""നീ പറഞ്ഞതിൽ കാര്യം ഉണ്ട്... ഞാൻ ഒന്ന് ചോദിച്ചു നോക്കട്ടെ ... എല്ലാവരും സമ്മതിക്കുമോ എന്ന് അറിയില്ല .... ""

""എല്ലാവരെയും സമ്മതിപ്പിക്കണം എന്നിട്ട് എല്ലാവരെയും കൊണ്ടുപോകണം.... """

""ആഡാ... ഞാൻ നോക്കാം .... പറ്റിയാൽ നാളെ തന്നെ പോകാം.... അഭിയെം വിളിക്കാം.... """

""ശരി ഡാ...""

""എടാ അനുവും കുഞ്ഞിയും .... """

""അവർ ഇവിടെ ഉണ്ട്... ഞാൻ ദെ അനുവിന് കൊടുക്കാം... ""

"ഉം... """

""ഹലോ... അനി... ""

ഫോണിലൂടെ അനുവിന്റെ ശബ്ദം അനിയുടെ കാതിൽ പതിച്ചു...

""ഉം .... സുഖം അല്ലെ അനു.... ""

""അതെ.. അനി... ""

""ഉം.. കുഞ്ഞിനോ...""

"അവൻ സുഖം ആയി ഇരിക്കുന്നുടാ...അവൻ ഇവിടെ കിടന്നു കളിക്കുന്നുണ്ട് .... """

"ഉം.. ""

""അനി.... കഴിഞ്ഞത് കഴിഞ്ഞു .... നീ അതോർത്തു ഇരിക്കാതെ ഇച്ചായൻ

പറഞ്ഞപോലെ എല്ലാവരും ആയി ഒന്ന് കറങ്ങിയിട്ട് വാ.... ""

""ഉം... പോകാം അനു... ""

പിന്നെയും കുറച്ചു നേരം കൂടി അനുവും ആയി അനി സംസാരിച്ചു....

അനുവിന്റെ സംസാരം തീർന്നപ്പോൾ ""ഇച്ചായനു കൊടുക്കാം ""എന്ന് പറഞ്ഞു അനു ഫോൺ സെബിക്ക് കൈമാറി....

""അപ്പോ എല്ലാം പറഞ്ഞപോലെ... നീ അടിച്ചു പൊളിച്ചിട്ട് വാ... ""

സെബി അനിയോട് പറഞ്ഞു...

""എന്നാ ശെരിഡാ ... പിന്നെ വിളിക്കാം... """

എന്ന് പറഞ്ഞു അനി കാൾ കട്ട് ചെയ്യാൻ ഒരുങ്ങിയതും സെബി
""""ഡാ വെക്കല്ലേ.... ഒരു കാര്യം പറയാൻ മറന്നു ..... """ എന്ന് പറഞ്ഞു....

""ആ പറയെടാ... """

""എടാ ഞാൻ നിന്നോട് ചോദിക്കാതെ ഒരു കാര്യം ചെയ്തു...നിനക്ക് ഇഷ്ടം ആവോ എന്ന് അറിയില്ല.... ""

"" നീ വെറുതെ മുഖവര ഇടാതെ കാര്യംമെന്താണെന്നു പറ... """

അനി അഭിയോട് പറഞ്ഞു...

""ആസ്റ്റൺ മാളിൽ ഉള്ള റോയൽ കഫെ ഞാൻ ലീസിനു എടുത്തു.... നമ്മുടെ പുതിയ കഫ്റ്റീരിയ തുടങ്ങാൻ ആയി.... """

"വൗ.... അതു കിടുക്കി അല്ലോ.... ഇതാണോ എനിക്ക് ഇഷ്ടം ആവില്ല എന്ന് നീ പറഞ്ഞത്... ""

""അതുപിന്നെ ഞാൻ കരുതി.... ""

""നീ ഒന്നും കരുതേണ്ട.... നീ ഓരോ കാര്യം ചെയ്യുമ്പോഴും അതു നോക്കീം കണ്ടേ ചെയുകഒള്ളു എന്ന് എനിക്ക് നന്നായി അറിയാം.... ""

""ഉം... """

""അപ്പോ എങ്ങനെയാ ഞാൻ നാളെ തന്നെ പോരട്ടെ അവിടേക്ക്... പുതിയ കഫ്റ്റീരിയ യുടെ ഉൽഘാടനത്തിനു..... """

""ഹേയ് .... നീ ചാടി കയറി ഒന്നും വരണ്ട .... അതിന്റെ ഇന്റീരിയർ വർക്ക്സ് രണ്ടാഴ്ചയിൽ കൂടുതൽ എടുക്കും.....അതു കഴിഞ്ഞേ തുറക്കുക ഒള്ളു .... """

""അല്ലടാ .... നീ ഇതു എല്ലാം കൂടി ഒറ്റക്ക് മാനേജ് ചെയ്യണ്ടേ .... അതാ ഞാൻ അവിടേക്ക് വരാം എന്ന് പറഞ്ഞത്.... ""

""അതു കുഴപ്പം ഇല്ലെടാ .... ഇവിടത്തെ കാര്യങ്ങൾ ഞാൻ നോക്കികൊള്ളാം.....നീ ആദ്യം നാട്ടിലത്തെ കാര്യങ്ങൾ ശെരിയാക്കു... """"

"""ഉം... """

"" അപ്പൊ നീ എല്ലാവരെയും കൊണ്ടു ഒരു കറക്കം ഒക്കെ കറങ്ങിയിട്ട് ഇങ്ങോട്ടേക്ക് വാ ...ഞാൻ അപ്പഴേക്കും ഇവിടത്തെ പരിപാടികൾ റെഡി ആക്കി വെക്കാം ...."""

""ഉം ഓക്കേ ഡാ... """

""എന്നാ ഞാൻ വെക്കട്ടെ ... "'

""ഉം ശെരി ഞാൻ പിന്നെ വിളിക്കാം... """

അതും പറഞ്ഞു അനി ഫോൺ കട്ട് ചെയ്തു....

""ടൂർ പോകാൻ അമ്മയും അച്ഛനും സമ്മതിക്കുമോ ആവോ??? എന്തായാലും ചോദിച്ചു നോക്കാം .... അവരുടെ മനസ്സ് ഒക്കെ ഒന്ന് റീലാക്സ് ആകാൻ ഒരു യാത്ര നല്ലതാ.... """

അനി മനസ്സിൽ പറഞ്ഞു കൊണ്ടു റൂമിൽ നിന്നും പുറത്തേക്കു ഇറങ്ങി ഹാളിലേക്ക് നടന്നു......

ഹാളിൽ ടീവിയുടെ മുന്നിൽ ആയി സോഫയിൽ അച്ഛനും വാസുമാമനും ടീവിയിൽ കണ്ണും നട്ട് ഇരിക്കുന്നു ...കണ്ണ് ടീവിയിൽ ആണെങ്കിലും അവരുടെ മനസ്സ് ഇവിടെ അല്ല എന്ന് അനിക്ക് മനസിലായി.... ലെച്ചു മൊബൈലിൽ എന്തോ കുത്തികളിച്ചുകൊണ്ടിരിക്കുന്നു അവളുടെ അടുത്ത് പ്രിയമോളും... അവരുടെ മുഖം മാത്രമേ കുറച്ചു തെളിച്ചമായി ആ വീട്ടിൽ അനി കണ്ടോള്ളൂ....

അമ്മയും ഷീബാന്റിയും ജാനകി അമ്മയും ഡൈനിങ് ടേബിളിന്റെ അടുത്ത് ഇരുന്നു സംസാരിക്കുന്നു... ഒരു തളർന്ന മട്ടിൽ....

സജി ഏട്ടനേയും അനിത ചേച്ചിയെയും അനി അവിടെ കണ്ടില്ല....

ഹാളിലേക്ക് അനി വരുന്നത് കണ്ടപ്പോൾ അവന്റെ അമ്മ ഭക്ഷണം എടുക്കാൻ ആയി അടുക്കളയിലേക്ക് പോകാൻ തുനിഞ്ഞു....

അതുകണ്ടപ്പോൾ
""അമ്മേ ഒന്ന് നിക്ക് """ അനി പറഞ്ഞു...

""എന്താ മോനെ""" എന്നാ ഭാവത്തിൽ അവന്റെ അമ്മ അവനെ നോക്കി....

""എനിക്ക് എല്ലാവരോടും ആയി ചിലത് പറയാനുണ്ട്.... ""

അനി ഇത്തിരി ശബ്ദത്തിൽ അതു പറഞ്ഞപ്പോൾ അവടെ ഉണ്ടായിരുന്നവരെല്ലാം ""എന്താ കാര്യം എന്ന് അറിയാനായി അവന്റെ മുഖത്തേക്ക് നോക്കി......അപ്പോഴേക്കും ഹാളിലേക്കു അനിതയും സജിയേട്ടനും വന്നു അവരും അനി പറയുന്നത് എന്താണെന്നു അറിയാനായി കാതോർത്തു...

"""ഈ കാലത്തു ഒരു കല്യാണം മുടങ്ങിയാൽ കേക്ക് ഒക്കെ മുറിച്ചു ആഘോഷിച്ചു സന്തോഷിക്കുക ആണു പതിവ് എന്നാൽ ഇവിടെ നടക്കുന്നതോ ??""""ഇങ്ങനെ പോയാൽ ശെരി ആകില്ല ... ഞാൻ സ്വപ്നം കണ്ട വീട് ഇതല്ല.... എന്റെ മനസ്സിൽ ഉള്ള നിങ്ങളുടെ രൂപങ്ങൾ ഇതല്ല.....ഒരു കല്യാണം മുടങ്ങി എന്ന് വെച്ച് എല്ലാവരും ഇങ്ങനെ ഇരുന്നാൽ??..... """

അനി എല്ലാവരുടെയും മുഖത്തു നോക്കി കൊണ്ടു പറഞ്ഞു....

അവന്റെ അമ്മ വേവലാതിയോടെ അവനെ നോക്കി .... എല്ലാവരും അവന്റെ ചോദ്യത്തിന് മൗനം പാലിച്ചു.....

"""നിങ്ങളുടെ ഒക്കെ മൗനവും മുഖത്തെ സന്തോഷമില്ലായ്മയും കാണാൻ എന്നൊക്കൊണ്ട് സാധിക്കുന്നില്ല .... """

അനി ഒന്ന് പറഞ്ഞു നിർത്തിയിട്ടു വീണ്ടും തുടർന്ന്....

""""നിങ്ങളുടെ സന്തോഷം നിറഞ്ഞ മുഖം ആണു എനിക്ക് കാണേണ്ടത് അതുകൊണ്ട് ഞാനൊരു തീരുമാനം എടുത്തു .... ""

അനി പറഞ്ഞു നിർത്തിയപ്പോൾ എല്ലാവരും എന്താണെന്നു അറിയാനായി കാതോർത്തു...

""നമ്മളെല്ലാവരും കൂടി നാളെ ഒരു ഔട്ടിങ് നു പോകുന്നു """""""

അനിയുടെ വാക്കുകൾ കേട്ടിട്ട് ആകെ ലെച്ചുവിന്റെയും പ്രിയമോളുടെയും മുഖത്തു മാത്രമേ ചെറിയൊരു തെളിച്ചം കണ്ടോള്ളൂ.....
ബാക്കി ആർക്കും ഒരു താല്പര്യംമില്ലാത്തതു പോലെ നിൽക്കുന്നു..

""എന്താ ആർക്കും ഒരു താല്പര്യം ഇല്ലാത്ത പോലെ??.... """""

അനിയുടെ ആ ചോദ്യത്തിന് മറുപടി പറഞ്ഞത് അച്ഛനായിരുന്നു...

""ഈ സമയത്തു അതൊക്കെ വേണോ മോനെ..... """

""എന്താ അച്ഛാ ഈ സമയത്തിന് ഒരു കുഴപ്പം.... """

""അതു പിന്നെ എല്ലാവരും ഇങ്ങനെ ഒക്കെ ഇരിക്കുമ്പോൾ..... """""

""ആ അവസ്ഥ ഒന്ന് മാറാൻ വേണ്ടിയല്ലെ ഞാൻ ഈ കാര്യം പറഞ്ഞത്.... """

""എന്നാലും വേണ്ടാ മോനെ ഈ സമയത്തു വേണ്ടാ ... നമുക്ക് പിന്നിട് ഒരിക്കൽ പോകാം .... """"

അച്ഛൻ പറഞ്ഞു...

അച്ഛന്റെ വാക്കുകൾ കേട്ടപ്പോൾ...
""അതെ മോനെ ആ യാത്ര നമുക്ക് പിന്നൊരിക്കൽ നടത്താം """
എന്ന് അമ്മ അനിയോട് പറഞ്ഞു......

അമ്മയുടെയും അച്ഛന്റെയും ഒപ്പീനിയൻ കേട്ടപ്പോൾ ലെച്ചുവിന്റെയും പ്രിയമോളുടെയും മുഖം മങ്ങി..... അവർക്ക് ടൂറ് പോകാൻ താല്പര്യം ഉള്ള പോലെ....

"'അപ്പോ ആർക്കും ഇതിനു താല്പര്യം ഇല്ല.... """

അനി എല്ലാവരോടും ആയി ചോദിച്ചു....

ചിലർക്ക് പോകാൻ പകുതി സമ്മതം ഉള്ളത് പോലെ അമ്മയുടയും അച്ഛന്റെയും താല്പര്യകുറവാണു അവർക്കും വിഷമം .... എന്ന് അവരുടെ മുഖങ്ങളിൽ നിന്നും അനിക്ക് വായിചിടുക്കുവാൻ സാധിച്ചു.....

""""എന്നാ പിന്നെ..... """

അനി പറഞ്ഞു തുടങ്ങിയതും....

സജി ഏട്ടൻ ഇടയിൽ കയറി....

""""അച്ഛാ..... അനി പറയുന്നതിലും കാര്യം ഉണ്ട് ..... കുറച്ചു ദിവസം ഈ അന്തരീക്ഷത്തിൽ നിന്നും എല്ലാവരും ഒന്ന് മാറി നിൽക്കുന്നത് നല്ലതാ ..... """

""അതു വേണോ മോനെ??? """

അച്ഛൻ സജിയോട് ചോദിച്ചു....

അതുകേട്ടപ്പോൾ

""എന്നാ ശെരി... ആർക്കും താല്പര്യം ഇല്ലെങ്കിൽ വേണ്ട ....ഞാൻ ആയിട്ടു ആരേം നിർബന്ധിക്കുന്നില്ല.... ഇവിടെ എന്റെ സന്തോഷത്തിനു അധികം പ്രാധന്യം ഇല്ലാത്ത സ്ഥിതിക്ക് ഞാൻ നാളെ തന്നെ തിരിച്ചു പോകുകയാ....... """""

അനി ചെറിയ വിഷമത്തിൽ പറഞ്ഞു.....

അനിയുടെ ആ ഒറ്റ ഡയലോഗിൽ അച്ഛനും അമ്മയും വീണു.....
അവർ ടൂർ പോകാനായി സമ്മതിക്കുകയും ചെയ്തു....

ടൂർ പോകുന്നുണ്ട് എന്ന് കേട്ടപ്പോൾ ലെച്ചുവിനും അനിതച്ചേച്ചിക്കും പ്രിയമോൾക്കും ആണു ഏറ്റവും അധികം സന്തോഷം ഉണ്ടായത്....

പിറ്റേന്ന് രാവിലെ തന്നെ പോകാം എന്നും പ്ലാൻ ചെയ്തു.....
അഭിയെ വിളിച്ചു അവൻ എല്ലാം പറഞ്ഞു .... അവൻ രാവിലെ എത്താം എന്നും അനിയോട് പറഞ്ഞു....

പിറ്റേന്ന് ഏഴുമണിയോടെ എല്ലാവരും റെഡി ആയി ... ഏതാണ്ട് അതെ സമയത്തു

തന്നെ അഭിയും സ്വപ്ന യും ആദി മോനും വന്നു .... അഭി ഒരു ഓൾട്ടോ കാറും ആയിട്ട് ആയിരുന്നു വന്നത് .... ബാഗും ലഗേജും ഒക്കെ അവർ എല്ലാവരും കൂടി അനിയുടെ കാറിലും അഭിയുടെ കാറിലും ആയി കയറ്റി.... അഭിയുടെ കാറിൽ മുന്നിൽ സ്വപ്നയും ആദിമോനും പിന്നിൽ വാസുമാമനും ഷീബാന്റിയും ജാനകി അമ്മയും കയറി.....

അഭിയുടെ കാറിൽ മുന്പിലെ സീറ്റിൽ ലെച്ചു കയറി ആദ്യം തന്നെ സ്ഥാനം പിടിച്ചു.... പിന്നിൽ അനിത ചേച്ചിയും സജി ഏട്ടനും അച്ഛനും അമ്മയും കയറി....

വീട് ഒക്കെ പൂട്ടി അനി കാറിന്റെ അടുത്തേക്ക് നടന്നു ...

അനി കാറിൽ കയറാൻ ആയി ഡോർ തുറക്കാൻ ഒരുങ്ങവെ തുറന്നു കിടക്കുന്ന ഗേറ്റിനു മുന്നിൽ ആയി ഒരു ഓട്ടോ വന്നു നിന്നു........

ഓട്ടോയുടെ ശബ്ദം കേട്ടപ്പോൾ അനിയുടെ മിഴികൾ ആഭാഗത്തേക്ക് സഞ്ചരിച്ചു ....

അധികം കൈയിറക്കമില്ലാത്ത റോസ് ടോപ്പും അതിനനുയോജ്യമായ തരത്തിലുള്ള ലൈറ്റ് ബ്ലൂ ഡെനിം ജീൻസും ധരിച്ച ഒരു പെൺകുട്ടി അനിക്ക് പുറം തിരിഞ്ഞു നിന്നുകൊണ്ടു ആ ഓട്ടോകാരനു പൈസ കൊടുന്നത് അനിയുടെ മിഴികളിൽ പതിഞ്ഞു....

""ഇതാരാ എന്ന് അനി മനസ്സിലാലോചിച്ചു .....

""ശെരിക്കും കണ്ടു പരിചയമുള്ള രൂപം ""

അനി അവിടേക്ക് തന്നെ നോക്കി നിന്നു...

അനി കാറിൽ കയറാതെ നിൽക്കുന്നത് കണ്ടപ്പോൾ കാറിൽ ഉള്ളവരും അനി നോക്കുന്ന ഭാഗത്തേക്ക് കണ്ണുകൾ പായിച്ചു....

ആ ഓട്ടോകാരനു പൈസ കൊടുത്തു തിരിഞ്ഞയാളുടെ മുഖം കണ്ടപ്പോൾ അനി അറിയാതെതന്നെ അനിയുടെ വായിൽനിന്നും """ദേവു """ എന്ന പേര് പുറത്തേക്കോഴുകി.....

അധികം വട്ടമല്ലാത്ത എന്നാൽ അധികം നീളമല്ലാത്തതുമായ മുഖം ,,, ആ മുഖത്തിനു അനുയോജ്യമായ തരത്തിലുള്ള ചെറു കൺപീലികളോട് കൂടിയ കൺപോളകളുള്ള തവിട്ടു നിറമാർന്ന കൃഷ്ണ മണികൾ അടങ്ങിയ ചെറു നീളത്തിൽ ആരു കണ്ടാലും ഒരു തവണ കൂടി നോക്കി പോകുന്ന മിഴികൾ ...... ആ മിഴികൾക്കു മാറ്റേകുന്ന തരത്തിൽ അധികം കട്ടിയല്ലാതെ എന്നാൽ അധികം നേർത്തതുംമല്ലാത്ത ചെറു നീളത്തിലുള്ള പുരികങ്ങൾ..... ആ പുരികങ്ങൾക്ക് നടുവിൽ ചെറിയൊരു കുത്തിന്റെ രൂപത്തിൽ ഉള്ള കറുത്ത പൊട്ട്.... അതു ആ മുഖത്തിന്റെ മാറ്റ് കൂട്ടുന്നു.... ആ മുഖത്തിനു ഭംഗിയേകുന്ന തരത്തിൽ ചെറു നീളത്തിലുള്ള മൂക്ക്..... അതിന്റെ രണ്ടു സൈഡിലായി നല്ല ഭംഗിയുള്ള കവിൾ തടം.... ചിരിക്കുമ്പോൾ പതിയെ വിടരുന്ന ചെറു ചുണ്ടുകൾ .... കാതുകളിൽ ചെറിയൊരു മുത്ത് പോലുള്ള കമ്മലുകൾ......പാറി

പറന്നു നടക്കുന്ന മുടിയിഴകളെ പിന്നിലേക്ക് ഒതുക്കി കെട്ടി വെച്ചിരിക്കുന്നു അതിനാൽ അവളുടെ നെറ്റി തടം കുറച്ചു വിസ്താരം ഉണ്ടായിരുന്നു....... ഇരുനിറത്തിലും കൂടിയ കളർ അവളുടെ സൗന്ദര്യം എടുത്തു കാട്ടുന്ന തരത്തിലായിരുന്നു...

റോസ് കളർ ടോപ്പിനും അവളുടെ കഴുത്തിനും ഇടയിൽ നേരിയ കനത്തിൽ കഴുത്തിനോട് ചേർന്നു കിടക്കുന്ന സ്വർണചെയിൻ....

എല്ലാത്തിനും പുറമേ അവളുടെ
അഞ്ചര അടി ഉയരവും അധികം വണ്ണം ഇല്ലാത്ത ശരീരപ്രകൃതിയും അവളെ ഒരു സൗന്ദര്യ ശിൽപം ആക്കി....

ഇതായിരുന്നു വാസുമാമന്റെയും ഷീബാന്റിയുടെയും ഒരേഒരു മകൾ ദേവു.....

അനിയുടെ മനസ്സിൽ പതിഞ്ഞ അവളുടെ രൂപം ഇതായിരുന്നുവെങ്കിലും .......

ആ ഓട്ടോകാരന് പൈസ കൊടുത്തു തിരിഞ്ഞു കൈയിൽ ഒരു ചെറിയ ട്രാവൽ ബാഗും പിടിച്ചു ആ വീട്ടുമുറ്റത്തേക്ക് നടന്നു കയറുന്ന ദേവൂന്റെ മുഖത്തു ചെറിയൊരു വിഷാദഭാവം നിഴലിച്ചിരുന്നു..... അതു കൃത്യമായി തന്നെ അനിയുടെ മിഴികളിൽ പതിഞ്ഞു.... അനി അവളെ സസൂഷ്മം നീരിക്ഷിച്ചു....

""അനിയേട്ട... അനിയേട്ട "' എന്ന് വിളിച്ചു കൊണ്ട് തന്റെ പുറകെ നടന്നിരുന്ന ആ പഴയ ദേവു അല്ല ഇപ്പോ തന്റെ മുന്നിൽ ഉള്ളത് ... അവളാകെ മാറി പോയിരിക്കുന്നു .... എന്തൊക്കെ വിഷമങ്ങൾ അവളെ അലട്ടുന്നുണ്ടെന്നു ആ മുഖഭാവത്തിൽ നിന്നും അനിക്ക് മനസിലായി... കുറച്ചു ദിവസങ്ങളായി നിദ്രയിൽ ലയിക്കാതെ ഇരിക്കുന്ന അവളുടെ മിഴികൾ... ചെറുതായി പാറി പറക്കുന്ന മുടിയിഴകൾ...എല്ലാം അനിയുടെ മിഴികളിൽ പതിഞ്ഞു... അവളുടെ ഊർജസ്വലത ഒക്കെ എങ്ങോ മാഞ്ഞു പോയിരിക്കുന്നു.... ""എന്താ ഇവൾക്ക് പറ്റിയത് """
അനി മനസ്സിൽ ചിന്തിച്ചു കൊണ്ട് അവളെ തന്നെ നോക്കി നിന്നു....

ദേവു ആ വീട്ടുമുറ്റത്തേക്ക് നടന്നു കയറുമ്പോൾ ... അവളെ തന്നെ നോക്കി നിൽക്കുന്ന അനിയുടെ രൂപം അവളുടെ മിഴികളിൽ പതിഞ്ഞു.... അനിയെ കണ്ടമാത്രയിൽ വിഷാദഭാവം നിഴലിച്ചിരുന്ന അവളുടെ മുഖത്തു ചെറിയൊരു പുഞ്ചിരി വിടർന്നു.....

ആ പുഞ്ചിരിയുടെ അകമ്പടിയോടെ അവൾ അവന്റെ അടുത്തേക്ക് നടന്നടുത്തു...

ദേവൂനെ കണ്ടതോടെ കാറിൽ കയറിയിരുന്നവർ എല്ലാവരും പുറത്തേക്കു ഇറങ്ങി....

""ആ ഇതാര് ദേവുവോ.... നീ ഒക്കെ ജീവിച്ചിരിപ്പുണ്ടോടി..... കാണാൻ കിട്ടുനില്ലല്ലോ .....ഹോസ്റ്റലിൽ പോയപ്പോൾ ഞങ്ങളെ ഒക്കെ മറന്നല്ലേ... """

ദേവു അനിയുടെ അടുത്ത് എത്തിയപ്പോൾ അനി ദേവുനോട് ചോദിച്ചു......

""അയ്യോ ... അങ്ങനെ ഒന്നും ഇല്ല അനിയേട്ട... ""

"""ഈ തവണ വന്നിട്ട് ഒന്ന് കണ്ടും കൂടി ഇല്ല.... അല്ലെങ്കിൽ ഞാൻ വന്നാൽ എന്റെ പുറകെന്ന് മാറാത്തവളാ ..."""

""സോറി അനിയേട്ട... ക്ലാസ്സ് ഓക്കേ ഉണ്ടായിരുന്നു... അതാ.... """

""ഉം.... എന്ഗേജ്മെന്റിനു നീ എക്സാം ഉണ്ടെന്നു പറഞ്ഞു വന്നില്ല ... അതു ഞാൻ പോട്ടേന് വെച്ചു നീ കല്യാണത്തിന് വരുമല്ലോ എന്ന് കരുതിയിട്ട് ..... എന്നാൽ അപ്പോഴുണ്ട് അവൾക്കു സ്റ്റഡിടൂറ് പോണം എന്ന്..... അന്ന് തന്നെ ഹോസ്റ്റലിൽ വന്നു നിന്നെ പൊക്കണം എന്ന് ഞാൻ കരുതിയതാ... പിന്നെ പഠിപ്പ് എന്നൊരു ഒറ്റകാരണത്താൽ വേണ്ടാന്ന് വെച്ചതാ..... """

""അതു അനിയേട്ട എക്സാമും സ്റ്റഡി ടൂറും ഒക്കെ ഒരുമിച്ചു വന്നപ്പോൾ .... ""

""ഉം .. ശരി .... അല്ല നീ സ്റ്റഡി .......... """

അനി പറയാൻ വന്നതും അനിയുടെ പുറകിൽ ഉണ്ടായിരുന്ന ഷീബാന്റി ""മോളെ .... നീ ഇന്നലെ സ്റ്റഡി ടൂറ് പോകുന്നു എന്ന് പറഞ്ഞിട്ട്..... """ എന്ന് ചോദിച്ചു....

""അതു മാറ്റി വെച്ചു അമ്മേ .... """

"""അപ്പോപിന്നെ ഇന്നലെ തന്നെ ഇങ്ങോട്ടേക്കു പോരാർന്നില്ലേ ?.... ""

"""അതു പിന്നെ കുറച്ചു അസൈൻമെന്റസ് തീർക്കാൻ ഉണ്ടായിരുന്നു അതാ ഇന്നലെ വരാതിരുന്നത്....... അല്ല അമ്മേ ... നിങ്ങൾ എല്ലാവരും കൂടി യാത്രയൊക്കെ ആയി എവിടെക്കാ??? ""

ദേവു ചോദിച്ചു...

"""അതു ദേവൂച്ചി .... അനിയേട്ടന്റെ കല്യാണം മുടങ്ങിയതിന്റെ ചിലവ്.... അനിയേട്ടന്റെ വക ഊട്ടിയിലേക്ക് ഒരു യാത്ര.... """"

ലെച്ചു ചിരിച്ചു കൊണ്ടു പറഞ്ഞു ... അതു കേട്ടപ്പോൾ ചുറ്റുമുണ്ടായിരുന്നവരുടെ മുഖത്തു ചെറിയൊരു ചിരി പടർന്നു....

ദേവു അതു കേട്ടപ്പോൾ ""ശരിയാണോ ""എന്നർത്ഥത്തിൽ അനിയുടെ മുഖത്തേക്ക് മിഴികൾ പായിച്ചു....

അതിനു മറുപടി എന്നോണം ""ആണു ""എന്നർത്ഥത്തിൽ അനി തലയാട്ടി....

""നീ സ്റ്റഡി ടൂർ പോയിട്ടുണ്ടാകും എന്ന് നിന്റെ അമ്മ പറഞ്ഞു ...അതുകൊണ്ടാ നിന്നെ വിളിക്കാതിരുന്നത്... പിന്നെ നിന്റെ ഫോൺ കേടാണ് എന്നും നിന്നെ വിളിച്ചാൽ കിട്ടില്ല എന്നും നിന്റെ അമ്മ പറഞ്ഞിരുന്നു അല്ലെങ്കിൽ ഈ പരിപാടിക്ക് നീയും ഉണ്ടായേനെ .... എന്നാലും എനിക്ക് ഇപ്പോ സന്തോഷം ആയി ....നിന്റെ കുറവ് ഇവിടെ ഉണ്ടായിരുന്നു ഇപ്പോ അതു നികന്നു... """

അനി പറഞ്ഞു...

"""ദേവു മോളും വന്ന സ്ഥിതിക്ക് അധികം താമസിക്കാതെ പോയാലോ """"

അച്ഛൻ എല്ലാവരോടും ആയി ചോദിച്ചു.. ...

""ആ പോവാം ..."""

അനി പറഞ്ഞു...

""ഞാനില്ല അനിയേട്ട..... നിങ്ങൾ എല്ലാവരും പോയിട്ട് വാ...... """

ഓരോരുത്തരായി വണ്ടിയിൽ കയറാൻ ഒരുങ്ങിയപ്പോ ദേവു അനിയോട് പറഞ്ഞു....

""അതെന്താ??? ..... """

അനി ചോദിച്ചു....

""എന്താ മോളെ ... നി വരുന്നില്ലെ??? ""

ഷീബാന്റി അവളോട് ചോദിച്ചു....

""ഞാനില്ല അമ്മേ ... എനിക്ക് വൈകിട്ടു തിരിച്ചു പോണം..... """

ദേവു പറഞ്ഞു....

""ആ അതു കൊള്ളാലോ ..... നിന്നെ ഞാൻ വിട്ടത് തന്നെ .... """

അനി പറഞ്ഞു....

""ഞാനില്ല അനിയേട്ട.... """

'""ഒന്നും പറഞ്ഞാൽ പറ്റില്ല .... നീ വരും... കോളേജിൽ വിളിച്ചു പറഞ്ഞേക്ക് ഒരാഴ്ച്ച ലീവാണെന്നു ....""""

""""അതെ മോളെ നീയും വാ.... """

""വാ ദേവൂച്ചി... ചേച്ചിയും ഉണ്ടെങ്കിൽ നല്ല രസായിരിക്കും.... """

ഷീബാന്റിയും , ലെച്ചുവും എല്ലാവരും അവളോട് പറഞ്ഞു ടൂറിനു വരാൻ....

"ഞാൻ വരുന്നില്ല.....നിങ്ങൾ പോയിട്ട് വാ......പിന്നെ ഞാൻ ഡ്രസ്സ് ഒന്നും കൊണ്ടുവന്നിട്ടുമില്ല .... """

""അപ്പോ ഈ ബാഗിൽ എന്താ?? .... '"

""അതു മുഷിഞ്ഞ ഡ്രെസ്സുകൾ ആണു അനിയേട്ട.... """

എല്ലാവരും അവളെ വിളിച്ചിട്ടും അവൾ അതിൽ തന്നെ ഉറച്ചു നില്കുന്നു.....

""എന്നാ ശെരി .... ഡ്രസ്സ് ഇല്ലാത്ത സ്ഥിതിക്ക് നീ വരണ്ട.....അപ്പോ നീ ഇവിടെ നിന്നോ വീടിനു ഒരു കാവൽ ആയാലോ... """

അനി ചെറു ദേഷ്യത്തിൽ പറഞ്ഞു....

എല്ലാവരുടെയും മുഖത്ത് നിരാശ...

""അല്ല നിങ്ങൾ ഇതു എന്ത് നോക്കി നിൽക്കുകയാണു.... വന്നു വണ്ടിയിൽ കയറു...അവൾക്കു താല്പര്യം ഇല്ലെങ്കിൽ വേണ്ടാ... വരണ്ട.... """

എല്ലാവരും ദേവു വരുമോ എന്ന് അറിയാൻ കാത്ത് നിൽക്കുന്നത് കണ്ടപ്പോൾ അനി അധികം സോഫ്റ്റ് അല്ലാത്ത രീതിയിൽ പറഞ്ഞു.....

അനിയുടെ ദേഷ്യം കണ്ടപ്പോൾ എല്ലാവരും തിരിച്ചു വണ്ടിയിൽ കയറി.....

ലെച്ചുവിനോട് അനി "" കുറച്ചു കഴിഞ്ഞിട്ടു കയറിയമതി "" എന്നാ രീതിയിൽ ആംഗ്യം കാണിച്ചു...... അങ്ങനെ അനിയും ലെച്ചുവും ദേവും ഒഴിച്ച് എല്ലാവരും വണ്ടിയുടെ അകത്തായി...

""എന്നാ ഞങ്ങൾ പോയിട്ട് വരാ,. ദേവു.... """

അവൾ അതിനു മറുപടി എന്നോണം തലയാട്ടി...

അനി കാറിന്റെ അടുത്തേക്ക് നടന്നു..... അതു നോക്കി അവൾ അവിടെ നിന്നു....

കാറിന്റെ അടുത്തേക്ക് നടന്ന അനി പെട്ടന്ന് ആണു

"""അങ്ങനെ ഇപ്പോ നീ ഇവിടെ ഒറ്റക്ക് നിൽക്കേണ്ട """

അതും പറഞ്ഞു ദേവൂന്റെ അടുത്തേക്ക് തിരിഞ്ഞു .....

""നിന്റെയൊരു ബാഗ്.... """

അവളുടെ കൈയിലെ ബാഗ് പിടിച്ചു വാങ്ങിച്ചു സിറ്റൗട്ടിലേക്ക് വലിച്ചെറിഞ്ഞു കൊണ്ടു അനി പറഞ്ഞു ....

അതോടൊപ്പം തന്നെ അനി ദേവുനെ കൈകകൾ കൊണ്ടു അരക്കു താഴെ വട്ടം ചുറ്റി അവളെ പൊക്കിയെടുത്തു .....

അനിയുടെ പ്രവർത്തി അപ്രതീക്ഷിതമായതിന്നാൽ അവൾ ഒന്ന് ഞെട്ടി .....

കുഞ്ഞി കുട്ടികൾ ശരീരത്തോട് ചേർന്നു കിടക്കുന്ന പോലെ ദേവു അനിയുടെ ദേഹത്തോട് ചേർന്നു...

""നിന്നെ കൊണ്ടുപോകാൻ പറ്റുമോ എന്ന് ഞാൻ നോക്കട്ടെ .... """

അനി അതും പറഞ്ഞു കാറിന്റെ അടുത്തേക്ക് നടന്നു .....

എല്ലാവരുടെയും മുഖത്തു സന്തോഷം നിറഞ്ഞു... പുഞ്ചിരികൾ വിടർന്നു.....

ലെച്ചു ""അടിപൊളിയായി ചേട്ടാ "" എന്ന രീതിയിൽ അനി യുടെ മുഖത്ത് നോക്കിയിട്ട് കാറിന്റെ ഫ്രണ്ട് ഡോർ തുറന്നു ....

"""അയ്യേ.... വിട്... അനിയേട്ട..... """"

എന്നൊക്കെ ദേവു പറഞ്ഞെങ്കിലും അതൊന്നും കൂട്ടാക്കാതെ അനി ദേവൂനെ കാറിന്റെ മുൻസീറ്റിൽ പ്രതിഷ്ഠിച്ചു....

""അതെ നിന്റെ വിളവൊന്നും എന്റെ അടുത്ത് നടക്കില്ല... അടങ്ങി ഒതുങ്ങി

ഇരുന്നോണം.... """

അനി അതും പറഞ്ഞു അവളുടെ അടുത്ത് നിന്നും പുറത്തേക്കു ഇറങ്ങി....

ദേവൂന്റെ മുഖത്ത് ചെറിയൊരു ചമ്മൽ ഉണ്ടായിരുന്നു....

""പിന്നെ ഡ്രസ്സ് ......അതോർത്ത് നീ വിഷമിക്കേണ്ട.......അതൊക്കെ നമുക്ക് പോണ വഴി വാങ്ങിക്കാം ... ...... """"

അനി പറഞ്ഞു...

""ലെച്ചു.... നീ വേഗം കയറി ഡോർ അടക്കു... അവൾ ചാടി പോകുന്നതിനു മുന്നേ.... ""

അനി ചിരിച്ചോണ്ട് പറഞ്ഞു....

ലെച്ചു ചിരിച്ചു കൊണ്ട് കാറിൽ കയറി വാതിൽ അടച്ചു.....

""വല്ല കാര്യം ഉണ്ടായിരുന്നുവോ ചേച്ചി..... """

എന്ന ലെച്ചുന്റെ ചോദ്യത്തിന് ചെറിയൊരു നാണത്തിൽ കലർന്ന ചിരി ദേവു സമ്മാനിച്ചു....

അനി വേഗം കാറിൽ കയറി....

മുന്നിൽ ഡ്രൈവിംഗ് സീറ്റിൽ അനിയും ..... തൊട്ടടുത്ത് ഗിയർ ലിവറിന്റെ അടുത്ത് ആയി ദേവുവും അതിനു അപ്പുറമായി ലെച്ചുവും .... അവർക്കു രണ്ടുപേർക്കും അധികം വണ്ണം ഇല്ലാത്തോണ്ട് അവർ അവിടെ അഡ്ജസ്റ്റ് ചെയ്തു....

""അപ്പൊ എങ്ങനെയാ എല്ലാവർക്കും സന്തോഷമായില്ലെ .... എന്നാ പിന്നെ പോയേക്കാം അല്ലെ.... """

എല്ലാവരും പോയേക്കാം എന്നർത്ഥത്തിൽ തലയാട്ടി... ദേവു മാത്രം തലകുനിച്ചു ഇരിക്കുന്നത് അനി കണ്ടു.... അനി അവളെ പൊക്കി എടുത്തതിലുള്ള ചമ്മലായിരുന്നു അവളുടെ മുഖത്തു....

""""അതെ ദേവു സോറിട്ടോ.... """

അവൾക്കു കേൾക്കാൻ മാത്രമുള്ള സൗണ്ടിൽ അവന്റെ അടുത്ത് ഇരിക്കുന്ന അവളോട് അനി പറഞ്ഞു...

""അവൾ എന്താ എന്ന് മനസിലാകാതെ തലയുയർത്തി അനിയുടെ മുഖത്തു നോക്കിയപ്പോൾ അനി ചെറു പുഞ്ചിരി സമ്മാനിച്ചിട്ട് അവളെ നോക്കി ചുമ്മാ എന്ന രീതിയിൽ കണ്ണിറുക്കി....... """

അതു കണ്ടപ്പോൾ അവളുടെ മുഖത്തും ചെറിയൊരു ചമ്മലോട് കൂടിയുള്ള പുഞ്ചിരി വിടർന്നു ....

""അപ്പോ ലെറ്റ് സ്റ്റാർട്ട് അവർ ജേർണി """

അനി അതും പറഞ്ഞു വണ്ടി സ്റ്റാർട്ട് ചെയ്തു പുറത്തേക്കു ഇറക്കി.....

ഒരു മൂളക്കത്തോടെ രണ്ടു കാറുകളും ഊട്ടി ലക്ഷ്യം ആക്കി സഞ്ചരിച്ചു.....

കുറച്ചു ദൂരം പിന്നിട്ട്ട്ടും ദേവൂന്റെ മുഖത്തെ പകപ്പ് വിട്ടുമാറിയിരുന്നില്ല...... ലെച്ചു അവളോട് സംസാരിക്കുന്നുണ്ടെങ്കിലും അവൾ അധികം മിണ്ടാതെ എല്ലാം മൂളി കേൾക്കുകയായിരുന്നു...

പുറകിലുള്ളവരും ഓരോരോ വർത്തമാനങ്ങളിൽ ആയിരുന്നു ... ഡ്രൈവിംഗിനിടയിൽ അനിയും അവരുടെ സംഭാഷണങ്ങളിൽ പങ്കു ചേർന്നു....

അങ്ങനെ പോയികൊണ്ടിരിക്കുമ്പോഴാണു അനി ദേവൂനെ ശ്രദ്ധിക്കുന്നത്....

അവൾ അനിയുടെ ഭാഗത്തേക്ക് അധികം ശ്രദ്ധ കൊടുക്കാതെ ലെച്ചുവിന്റെ സംഭാഷണങ്ങളിൽ കാതോർത്തിരിക്കുകയായിരുന്നു...

അനിയുടെ മിഴികളുമായി അവളുടെ മിഴികൾ ഇടക്ക് ചില സമയങ്ങളിൽ കോർത്തിരുന്നു....എന്നാൽ അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ അനിയെ ശ്രദ്ധിക്കാത്ത മട്ടിൽ അവൾ പെട്ടന്ന് തല വെട്ടിച്ചു തിരിഞ്ഞു ഇരിക്കും....

അങ്ങനെ തിരിഞ്ഞു ഇരിക്കുന്ന സമയങ്ങളിൽ അവളുടെ മുഖത്തു ഉണ്ടാകുന്ന ചെറു ചിരിയും കണ്ണ് വെട്ടിക്കലും,ചെറിയൊരു ചമ്മലുമെല്ലാം അനി ശ്രദ്ധിച്ചു .....

""ശ്ശേ വേണ്ടായിരുന്നു ...അവളെ അങ്ങനെ പൊക്കി എടുക്കണ്ടായിരുന്നു...... താൻ അങ്ങനെ ചെയ്തത് കൊണ്ടാകും അവൾക്കു തന്റെ മുഖത്തു നോക്കാൻ ഒരു മടി.... """

അനിയുടെ മനസ്സ് മന്ത്രിച്ചു......

"""അല്ലാ അതിനെന്താ ഇപ്പോ കുഴപ്പം .... അവളെ ഇതിനുമുൻപും ചെറുപ്പത്തിലും എടുത്തോണ്ട് നടന്നിട്ടുള്ളതല്ലെ താൻ..ലെച്ചുവും അവളും തനിക്കോരുപോലെയല്ലേ ....

""""

അനിയുടെ മനസ്സ് രണ്ടു തരത്തിൽ ചിന്തിച്ചു കൊണ്ടിരുന്നു ....

"" ഉം ആയിരിക്കും .... പക്ഷെ ... അന്ന് തനിക്കു പതിനാലും അവൾക്കു ആറും എന്നാൽ ഇപ്പോ അതല്ല പ്രായം..... """"

""ശെരിയാ അവൾ വളർന്നു വലിയ കുട്ടിയായി .... ഞാനത് ചിന്തിക്കണം ആയിരുന്നു ... പക്ഷെ ആ സമയം മനസ്സിൽ അതൊന്നും അല്ലായിരുന്നു ..... അവളുടെ വിഷാദം നിറഞ്ഞ മുഖം ആയിരുന്നു മനസ്സ് നിറയെ..... അവളെ അങ്ങനെ ഒരു അവസ്ഥയിൽ ഇതിനു മുൻപ് കണ്ടിട്ടുംമില്ല .... അതുകൊണ്ട്
അവളുടെ വിഷമത്തിന്റെ കാരണം അറിയാനും അതു മാറ്റിയെടുക്കാനും അവളെ പഴയ പോലെ ഊർജസ്വലത ഉള്ള ദേവു ആക്കാനും വേണ്ടിയാ അവളെ ഈ യാത്രയിൽ പങ്കു കൊള്ളിച്ചത് ആ സമയം അതിനായി തെരഞ്ഞെടുത്ത മാർഗം ഞാൻ ഓർത്തില്ല.. .... ഇപ്പോ അവൾ ഞാൻ ചെയ്തത് ഏത് രീതിയിൽ എടുത്തിട്ടുണ്ടാകും എന്നും അറിയില്ല .....എന്തായാലും അവിടെ എത്തിയിട്ട് അവളോട് ഒന്ന് സംസാരിക്കണം .... അവൾക്കു എന്ത് വിഷമം ഉണ്ടെങ്കിലും അതു മാറ്റികൊടുക്കണം.....""""

ഡ്രൈവിംഗിൽ ലയിച്ചിരിക്കുന്നുവെങ്കിലും അനിയുടെ മനസ്സിൽ ഈ ചിന്തകൾ അലയടിച്ചുകൊണ്ടിരുന്നു ം ....

പാട്ടുകളും തമാശകളും ഒക്കെ ആയി അവരുടെ കാർ മുന്നോട്ടു സഞ്ചരിച്ചു കൊണ്ടിരുന്നു .....

ആറേഴു മണിക്കൂറിന്റെ യാത്രക്കൊടുവിൽ അവരുടെ കാർ ഹൈറേഞ്ച് കയറി ആ ഊട്ടിപട്ടണത്തിൽ എത്തിച്ചേർന്നു.....

സമയം മൂന്നുമണിയോട് അടുത്തിരുന്നു ...... അവരുടെ വാഹനം ആ ചെറു പട്ടണത്തിന്റെ ഭംഗി ആസ്വദിച്ചു കൊണ്ടു പതിയെ സഞ്ചരിച്ചു കൊണ്ടിരുന്നു....

സീസൺ ന്റെ തുടക്കം ആയിരുന്നു അവിടെ ... അതുകൊണ്ട് അധികം തിരക്കൊന്നും ആ പട്ടണത്തിൽ ഉണ്ടായിരുന്നില്ല ....ആ പട്ടണത്തിലൂടെ അവരുടെ വാഹനം ചെറുമൂളക്കത്തോടെ സഞ്ചരിക്കുമോബോഴാണ് അനിയുടെ മിഴികളിൽ
ഒരു കേരള സ്റ്റൈൽ റെസ്റ്റോറന്റ് പതിയുന്നത്..... അനി കാർ വേഗം അതിനടുത്തായി പാർക്കു ചെയ്തു...

സമയം കുറച്ചു വൈകി എങ്കിലും എല്ലാവരും ഉച്ചഭക്ഷണം കഴിക്കാനായി ആ റെസ്റ്റോറന്റിൽ കയറി.....

ആ റെസ്റ്റോറന്റിൽ നിന്നും ഭക്ഷണമൊക്കെ കഴിച്ചു കഴിഞ്ഞു ഊട്ടിയില്ലേ ആദ്യ സന്ദർശനം എന്ന നിലക്ക് അവർ റോസ് ഗാർഡനിലേക്ക് വണ്ടി വിട്ടു ....

വിവിധയിനം റോസാചെടികളാൽ സമൃദ്ധമായ ആ പൂങ്കാവനത്തിൽ അവർ കുറെ സമയം ചിലവഴിച്ചു...

അവർ അവിടത്തെ കാഴ്ചകൾ എല്ലാം കണ്ടു ഇറങ്ങിയപ്പോൾ നേരം നന്നേ വൈകിയിരുന്നു ... പിന്നിട് അവിടുള്ള കുറച്ചു കടകളിലും മറ്റും കയറി ഇറങ്ങിയപ്പോൾ സമയം ആറരയോട് അടുത്തിരുന്നു....

""""റൂം ഒക്കെ ആയെന്നും റൂമിലേക്ക് പോകാം എന്നും """"

അഭി പറഞ്ഞപ്പോൾ എല്ലാവരും കാറിൽ കയറി....

ടൗണിൽ നിന്നും മൂന്ന് കിലോമീറ്ററിൽ കൂടുതൽ ദൂരം ഉണ്ടായിരുന്നു അവർ ബുക്ക് ചെയ്ത റൂമിനു .... അഭിയുടെ ഒരു സുഹൃത്ത് ആണു അവർക്കു ആയി റൂം റെഡി ആക്കിയിരുന്നത്....

അവരുടെ വാഹനം ആ റൂം ലക്ഷ്യംമാക്കി സഞ്ചരിച്ചുകൊണ്ടിരുന്നു....

ആ റിസോർട്ട് ടൗണിൽ നിന്നും കുറച്ചു ഉള്ളിലായതിനാൽ ചെറിയൊരു ഫോറസ്റ്റിന്റെ പ്രതീതിയുണ്ടായിരുന്നു അവിടേക്കുള്ള വഴിയിൽ....

കുറച്ചു സമയത്തിനുള്ളിൽ ഒരു വലിയ കവാടം കടന്നു അവരുടെ കാറുകൾ ഒരു രണ്ടുനില്ല ബിൽഡിംഗ്നു മുന്നിൽ എത്തിച്ചേർന്നു .....

പൂന്തോട്ടവും നല്ല ഭംഗിയാർന്ന കാർപാർക്കിങ് ഏരിയയുംമോക്കെ ആ ബിൽഡിംഗ്നു ഭംഗി കൂട്ടുന്നു ....

മുന്തിയിനം കാറുകളാൽ നിറഞ്ഞ കിടക്കുന്ന ആ പാർക്കിങ്ന്റെ ഒരു മൂലയിൽ അവരുടെ കാറുകളും പാർക്കു ചെയ്തു....

നല്ല തണുപ്പായിരുന്നതിനാൽ സെക്ടർ ഒക്കെ ധരിച്ചുകൊണ്ടാണ് എല്ലാവരും കാറിൽ നിന്നും ബാഗും സാധങ്ങളും ഒക്കെ എടുത്തു ഇറങ്ങിയത്.....

അഭിക്ക് മുൻപരിചയമുള്ള സ്ഥലമായതിനാൽ അഭിയുടെ പുറകെയാണ് എല്ലാവരും ആ ബിൽഡിംഗിലേക്ക് പ്രവേശിച്ചത് ...

""എന്നാ വാ പോകാം """"

റിസപ്ഷനിൽ നിന്നും കോട്ടേജിന്റെ താക്കോലും വാങ്ങിച്ചുകൊണ്ട് അഭി വന്നു എല്ലാവരോടും ആയി പറഞ്ഞു....

എല്ലാവരും അഭിയുടെ പുറകെ കോട്ടേജിലേക്ക് നടന്നു ...

""ഹലോ.... അനി ചേട്ടൻ.... """

പെട്ടന്നു ആണു അനിയുടെ കാതിൽ ആ വിളി വന്നു പതിച്ചത്...

അനി തിരിഞ്ഞു നോക്കിയപ്പോൾ ദുബായിൽ തന്റെ കോഫി ഷോപ്പിൽ ജോലി ചെയുന്ന നിസാംമിനെയാണ് കണ്ടത്..

""ഹായ് നിസാം ..."""

അതിനു മറുപടി എന്നൊണം നിസാം ചെറു ചിരി സമ്മാനിച്ചു...

""നിങ്ങൾ റൂമിലേക്ക് പൊക്കൊളു ഞാൻ വന്നേക്കാം ....""

അനിയെ കത്ത് നിൽക്കുന്ന വീട്ടുകാരോട് അനി പറഞ്ഞു...

""എടാ കോട്ടേജ് നമ്പർ അഞ്ച് ""

അഭി അനിയോട് പറഞ്ഞു..

അനി """ശരി വന്നേക്കാം "" എന്നരീതിയിൽ തലയാട്ടി.....

അവർ എല്ലാവരും അഭിയുടെ പുറകെ കോട്ടേജിലേക്ക് പോയി...

""നിസാം നീയെന്താ ഇവിടെ.... """

നിസാം അനിയുടെ അടുത്ത് എത്തിയപ്പോൾ അനി നിസാമിനോട് ചോദിച്ചു...

""ഞാൻ ഫ്രണ്ട്സുമായിട്ടു ഒന്ന് കറങ്ങാൻ വന്നതാ ... രണ്ടു ദിവസം കഴിഞ്ഞാൽ ലീവ് തീരില്ലേ അതുകൊണ്ട് ഒരു കറക്കം... ""

""ഉം ... പിന്നെ എന്തൊക്കെയുണ്ട് വീട്ടിൽ എല്ലാവർക്കും സുഖം തന്നെയല്ലേ... ""

""ആ ചേട്ടാ സുഖം തന്നെ.... പിന്നെ ചേട്ടന്റെ കാര്യങ്ങൾ സെബിച്ചായൻ വിളിച്ചപ്പോൾ പറഞ്ഞിരുന്നു.... ""

""ഉം... """

നിസാം കറക്കം കഴിഞ്ഞു റൂം വെക്കറ്റ് ചെയ്തു നാട്ടിലേക്കു തിരിച്ചു പോകുകയായിരുന്നു...

അങ്ങനെ കുറച്ചു നേരം കൂടി അവർ അവിടെ വർത്താനം പറഞ്ഞു നിന്നു ...

അതു കഴിഞ്ഞു നിസാം അനിയോട് യാത്രപറഞ്ഞു ഇറങ്ങി .......

നിസാം പോയപ്പോൾ അനി കോട്ടേജും ലക്ഷ്യമാക്കി നടന്നു....

കുറച്ചു നടത്തത്തിനൊടുവിൽ ചെറിയ വീടിന്റെ മാതൃകയിലുള്ള കോട്ടേജ്കൾ അനിയുടെ മിഴികളിൽ പതിഞ്ഞു....അനി അതിൽ അഞ്ചാം നമ്പർ കോട്ടേജ് തിരഞ്ഞു....

അവസാനം അനിയുടെ മിഴികളിൽ അഞ്ചാം നമ്പർ കോട്ടേജ്ജും തെളിഞ്ഞു ...ആ കോട്ടേജിന്റെ വാതിൽ തുറന്നു കിടക്കുന്നത് കണ്ടപ്പോൾ അനി അകത്തേക്ക് പ്രവേശിച്ചു.... ഒരു ചെറിയ ഹാളും പിന്നെ മൂന്ന് ബെഡ്‌റൂമും ചെറിയൊരു കിച്ചനും അടങ്ങുന്നതായിരുന്നു ആ കോട്ടേജ്...

ഒരു മുറി സജിയേട്ടനും അനിത ചേച്ചിയും കൈയേറി ബാക്കി രണ്ടുമുറികളിൽ ആയി അമ്മയും അച്ഛനും വാസുമാമനും ഷീബാന്റിയും ജാനകിയമ്മയും ഉണ്ടായിരുന്നു .. എല്ലാവരും യാത്രയുടെ ക്ഷീണത്തിലിരിക്കുക ആയിരുന്നു .... ചിലർ ഒന്ന് ഫ്രഷ് ആവാൻ ബാത്‌റൂമിലും ആയിരുന്നു...

അമ്മയും അമ്മായിയും റൂമിൽ ബാഗിൽ നിന്നും ഡ്രസ്സ് ഒക്കെ എടുക്കുന്നത് കണ്ടപ്പോൾ അനി ആ റൂമിലേക്ക് കയറി...... അനിയുടെ പുറകെ അച്ഛനും ആ റൂമിലേക്ക് വന്നാരുന്നു...

"""അമ്മേ അഭി ഒക്കെ എവിടെ ""

അനി റൂമിൽ അമ്മയെ കണ്ടപ്പോൾ ചോദിച്ചു...

""അവർ അപ്പുറത്തെ കോട്ടേജിൽ ഉണ്ട് മോനെ ..... """

അച്ഛനായിരുന്നു അതിനുത്തരം പറഞ്ഞത്.....

""ആ... രണ്ട് കോട്ടേജ് ഉണ്ടല്ലേ """

""ഉം അതേടാ ... അവിടെ രണ്ടു മുറിയൊള്ളു...ഞാൻ പോയി നോക്കിയിരുന്നു.... """

അനിയുടെ ചോദ്യം കേട്ട് മുറിയിലേക്ക് കയറി വന്ന സജിയേട്ടൻ പറഞ്ഞു....

""ഉം... അമ്മാ ... എന്റെ ഡ്രസ്സ് വെച്ചിരിക്കുന്ന ബാഗ് എവിടെയാ ഒന്ന് ഫ്രഷാവാണമായിരുന്നു..... """

""ആ ബാഗ് ലെച്ചുന്റെ അടുത്താ.... ""
അമ്മ പറഞ്ഞു...

""അവൾ എവിടെ.... """

""അവൾ അഭിയുടെ കോട്ടേജിൽ ഉണ്ട്..... """

""ആ എന്നാ ഞാൻ അവിടേക്ക് പോകാം ....ഇവിടെ ബാത്റൂം ഒക്കെ ഫുൾ അല്ലെ .... """

അനി അതും പറഞ്ഞു അവിടേം നിന്നും ഇറങ്ങി... എന്നിട്ട് അഭിയുടെ കോട്ടേജിലേക്ക് പോയി...

അവിടെ വാതിൽ അടഞ്ഞ് കിടക്കുകയായിരുന്നു,അനി വാതിൽ തുറന്നു അകത്തു കയറി .... ആദ്യത്തെ കോട്ടേജ് പോലെ തന്നെ ആയിരുന്നു ഈ കോട്ടേജും പക്ഷെ അവിടെ മൂന്ന് മുറിയാണെങ്കിൽ ഇവിടെ അതു രണ്ടായിരുന്നു ... ആ ഒരു വിത്യാസം മാത്രം രണ്ടു കോട്ടേജുകളും തമ്മിൽ .....

അനി വാതിൽ തുറന്നു ഹാളിലേക്ക് എത്തിയപ്പോൾ ... ഹാളിൽ ആരേം കണ്ടില്ല ... അപ്പോ ആദ്യത്തെ ബെഡ്റൂമിൽ വെളിച്ചം കണ്ടു അതിന്റെ ഡോർ തുറന്നു കിടക്കുന്നത് കണ്ടപ്പോൾ അവിടേക്ക് കയറി .... അവിടെ കട്ടിലിൽ ആദിമോൻ ടീവിയിൽ കണ്ണുംനട്ട് കിടക്കുന്നു....

""ആ ... ആദി കുട്ടാ നീ ടീവി കണ്ടു കിടക്കുകയാണോ.... അച്ഛൻ എവിടെടാ... """

""അച്ഛൻ പുറത്തേക്കു പോയി മാമ... ""

""അമ്മയോ???""

"അമ്മ ദേ.... """

അവൻ ടീവിയിൽ നിന്നും കണ്ണെടുക്കാതെ ബാത്രൂമിന്റെ ഭാഗത്തേക്ക് ചൂണ്ടികാണിച്ചു....

""ആ ....ലെച്ചുചേച്ചി എവിടെ.... """

""അപ്പുറത്ത് ഉണ്ട് മാമ.... ""

""ഒക്കെ ... എന്നാ മോൻ ഇവിടെ ഇരുന്നു ടീവി കാണു... മാമൻ അപ്പുറത്തേക്ക് പോയിട്ട് വരാം.... """

അനി ആ റൂമിൽ നിന്നും ഇറങ്ങി അടുത്തുള്ള റൂമിലേക്ക് പോയി ...

അവിടെ ചെന്നപ്പോൾ റൂമിൽ ആരെയും കാണാനില്ല .... എന്നാൽ ബാത്റൂമിൽ ലൈറ്റും വെള്ളം വീഴുന്ന സൗണ്ടും കേൾക്കുന്നു...

""ലെച്ചു ഫ്രഷ് ആവുകയായിരിക്കും ""

എന്ന് മനസ്സിൽ പറഞ്ഞിട്ട് അനി ആ റൂമിൽ തന്റെ ഡ്രസ്സ് വെച്ചിരിക്കുന്ന ബാഗ് തിരഞ്ഞു.....

അവിടെ ഉണ്ടായിരുന്ന ഷെൽഫിലും മറ്റും നോക്കിയിട്ട് ബാഗൊന്നും കണ്ടില്ല ..

"""ഇവൾ എവിടെ കൊണ്ടുവെച്ചവൊ ഈ ബാഗൊക്കെ """

അനി അവിടെ ഓക്കേ നോക്കിയിട്ടും ബാഗ് കണ്ടില്ല ....

ലെച്ചുവിനോട് ചോദിച്ചു നോക്കാം എന്ന് കരുതി അനി ബാത്രൂമിന്റെ വാതിൽക്കലിലേക്ക് നടന്നു....

"""ഡും ഡും """

അനി വാതിലിൽ ചെറുതായി മുട്ടിയിട്ട്...

""ലെച്ചു ...... നീ കൊണ്ടുവന്ന ബാഗ് എവിടെയാ വെച്ചേക്കുന്നേ ""

എന്ന് ചോദിച്ചു....

അതിനു പ്രതികരണം ഒന്നും അകത്തു നിന്നും അനി കേട്ടില്ല .... പൈപ്പിൽ നിന്നും വെള്ളം വീഴുന്ന സൗണ്ട് മാത്രം......

""ലെച്ചു.. ""

എന്ന് അനി ഇത്തിരി ഉറക്കെ വിളിച്ചിട്ട് കതകിൽ മുട്ടാനായി കൈയോങ്ങി... പക്ഷെ അതു പാതി വഴിയിൽ വായുവിൽ നിചലമായി....
അനിയുടെ മുന്നിൽ ആ കതക് തുറക്കപ്പെട്ടപ്പോൾ ..... ഒരു ചെറു പുഞ്ചിരിയോടെ ജലകണങ്ങളാൽ തിളങ്ങുന്ന മുഖവുമായി ദേവു അനിയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു....

""ആ നീയായിരുന്നോ... """

കൈ താഴ്ത്തികൊണ്ട് അനി പറഞ്ഞു....

""ഉം... ഞാനൊന്നു മുഖമൊക്കെ കഴുകാൻ.... എന്താ അനിയേട്ടാ എന്തിനാ വിളിച്ചത് .... ""

""ലെച്ചു എവിടെ??.. ദേവു """

""ലെച്ചു ... അഭിയേട്ടന്റെ കൂടെ കാറിന്റെ അടുത്തേക്ക് പോയി....ഏതോ കവർ എടുക്കാനുണ്ടെന്നു പറഞ്ഞ് ....""

""ഉം... ""

""എന്താ അനിയേട്ട ലെച്ചുനെ അന്വേഷിച്ചത്.... """

""അതു ... എന്റെ ഡ്രസ്സ് ഒക്കെ എവിടെയാ വെച്ചിരിക്കുന്നത് എന്ന് ചോദിക്കാൻ ആയിരുന്നു...ഞാൻ നോക്കിയിട്ട് കണ്ടില്ല ..... ആ കുഴപ്പമില്ല അവളിപ്പോ വരുമല്ലോ.... ""

അനി പറഞ്ഞു...

""ആ ... ഡ്രസ്സ് ഞാനെടുത്തു തരാം അനിയേട്ടാ..... """

ദേവു അതും പറഞ്ഞു മുറിയിലെകട്ടിലിന്റെ അടുത്തേക്ക് നടന്നു ....

കട്ടിലിന്റെ മുകളിൽ കിടന്നിരുന്ന ഒരു ടർക്കി എടുത്തു കൈയും മുഖവും തുടച്ചതിനു ശേഷം അവൾ കട്ടിലിന്റെ സൈഡിലേക്ക് കിടക്കുന്ന വിരി കട്ടിലിന്റെ മുകളിലേക്ക് എടുത്തിട്ടട്ട് കട്ടിലിന്റെ അടിയിൽ വെച്ചിട്ടുള്ള ബാഗ് എടുത്തു കട്ടിലിന്റെ മുകളിൽ വെച്ചു.....

""ആ .. ഇതു ഇവിടെ ആയിരുന്നുവോ... """

""ഉം... ലെച്ചു വെച്ചിട്ട് പോയതാ ഏട്ടാ... """

""ഉം... ""

അനി മൂളിയിട്ട് ആ ബാഗിൽ നിന്നും തനിക്കു മാറാൻ ആയി ഒരു ബനിയൻ ക്ലോത്ത് പാന്റും ഒരു ഫുൾകൈ ടീഷർട്ടും എടുത്തു....

""ദേവു... എന്നാ ഞാൻ അപ്പുറത്തേക്ക് ചെല്ലട്ടെ... ഒന്ന് ഫ്രഷ് ആവണം.. ""

അനി അതു പറഞ്ഞപ്പോൾ ദേവു അനിയുടെ കൈകളിലേക്ക് അവളുടെ കൈയിൽ ഉണ്ടായിരുന്ന ടർക്കി കൊടുത്തു....

""അനിയേട്ടൻ അപ്പുറത്തേക്ക് പോകുകയാണോ ..... ""

""ഉം ""

""അനിയേട്ടാ ഇവിടെ ബാത്രൂം ഒഴിഞ്ഞു കിടക്കുകയല്ലേ ഇവിടെ കുളിക്കാല്ലോ അനിയേട്ടന്ന് ....അപ്പുറത്ത് തിരക്കല്ലേ.... """

""ഉം .. അപ്പോ ദേവു കുളിക്കുന്നില്ലേ??? ..... """

അവൾ അതിനു മൗനം പാലിച്ചു ....

അപ്പോഴാണ് അനി ഓർത്തത്

""അയ്യോ.... ഇവൾക്ക് ഡ്രസ്സ് ഒന്നും എടുത്തു കൊടുത്തില്ലല്ലോ.... """ എന്ന്

""ശ്ശേ.... ദേവു... നീ ഒന്ന് ഓർമിപ്പിക്കണ്ടേ...... ഞാൻ ആ കാര്യം വിട്ടു പോയി...... """

അനി തലയിൽ കൈവെച്ചു കൊണ്ടു പറഞ്ഞു.....

""അതുപിന്നെ ....അനിയേട്ടൻ.... ""

അവൾ എന്തോ പറയാൻ വന്നിട്ട് പാതിവഴിയിൽ നിർത്തി...

""ഉം ... ദേവു രണ്ടു മിനിറ്റ് ഞാൻ ഒന്ന് കുളിച്ചേച്ചും വരാം .... എന്നിട്ട് നമുക്ക് പുറത്തു പോയി നിനക്കുള്ള ഡ്രസ്സ് എടുക്കാം ... ""

അവൾ അതിനു മറുപടി എന്നോണം ചെറുതായി തലയാട്ടി...

അനി വേഗം തന്നെ കുളിച്ചു.... അതുകഴിഞ്ഞു ഇട്ടുകൊണ്ടുവന്ന ജീൻസും ബാഗിൽ നിന്നും എടുത്ത ഫുൾ കൈ ബനിയനും ധരിച്ചു ബാത്‌റൂമിൽ നിന്നും ഇറങ്ങി വന്നു....

""ആ നീ വന്നോ?? ""

കട്ടിലിൽ കിടന്നു കൊണ്ടു ടീവി കാണുന്ന ലെച്ചുവിനെ കണ്ടപ്പോൾ അനി ചോദിച്ചു...

ലെച്ചുവിന് അടുത്തായി ബെഡിൽ ഭിത്തിയിൽ ചാരി ദേവുവും ഇരിപ്പുണ്ടായിരുന്നു...

""ഉം ""

ലെച്ചു ഒന്ന് മൂളി....

""ലെച്ചു ... നമുക്ക് ഒന്ന് പുറത്തേക്കു പോകാം.... """

""പുറത്തേക്കോ ?? എന്തിനാ ഏട്ടാ """

""ദേവൂന് ഡ്രസ്സ് വാങ്ങാൻ ... കൂടെ ടൗണിൽ ഒരു കറക്കവും .... ""

""അയ്യോ ... ഞാനൊന്നും ഇല്ല ഈ തണുപ്പത് പുറത്തിറങ്ങി നടക്കാൻ.....ചേട്ടനും ചേച്ചിയും പോയാൽ മതി.... """

ലെച്ചു താല്പര്യം ഇല്ലാത്ത മട്ടിൽ പറഞ്ഞു.....

""എടി അധികം തണുപ്പൊന്നും ഇല്ല നീ വാ """

അനി അവളോട് പറഞ്ഞു ....

അവൾ വരാൻ കൂട്ടാക്കിയില്ല ... പിന്നെ അനി അധികം അവളെ നിർബന്ധിക്കാനും മുതിർന്നില്ല..... ദേവുവും ആയി ഒന്ന് ഒറ്റക്ക് സംസാരിക്കണം എന്ന് അനി നേരത്തെ മനസ്സിൽ വിചാരിച്ചിരുന്നു അതിനു പറ്റിയ സന്ദർഭമാണ് ഇതെന്ന് അവനു തോന്നി....

""എന്നാ ദേവു നമ്മുക്ക് പോയിട്ട് വരാം .... """

അനി അതു പറഞ്ഞപ്പോൾ ദേവുവും അനിയോടൊപ്പം ഇറങ്ങി....

കാറിനടുത്തേക്ക് പോകുന്ന വഴിയിൽ അനി അടുത്ത കോട്ടേജിൽ കയറി ദേവൂനേം കൊണ്ടു പുറത്തേക്കു പോകുന്ന കാര്യം അച്ഛനോട് പറഞ്ഞു....

അങ്ങനെ അനിയുടെ കൂടെ ദേവുവും ടൗണിലേക്ക് യാത്രയായി....

അങ്ങനെ കോടമഞ്ഞിന്റെ കുളിർമയോടെ അനിയുടെ കാർ ആ ടൗണിലേക്ക് സഞ്ചരിച്ചു.... ടൌൺ എത്തുന്നതിനു ഒരു കിലോമീറ്റർ മുൻപ് അനി തന്റെ കാർ റോഡിനു സൈഡിലായി ഒതുക്കി.....

കാർ നിന്നത് കണ്ടപ്പോൾ ""എന്താ അനിയേട്ട ""എന്നരീതിയിൽ ദേവു അനിയുടെ മിഴകളിലേക്ക് നോക്കി...

""ദേവു ഇതിനു മുൻപ് ഊട്ടിയിൽ വന്നിട്ടുണ്ടോ??? ""

""ഇല്ല അനിയേട്ട ... ഇതു ആദ്യമാ...""

""എന്നാ വാ .... നമ്മുക്ക് ഒന്ന് നടക്കാം.... """

അനി അതു പറഞ്ഞു കാറിന്റെ ഡോർ തുറന്നു പുറത്തു ഇറങ്ങി അവളും കാറിൽ നിന്നും ഇറങ്ങി....

അനി കാറിൽ നിന്നും കമ്പിക്കുട്ടൻ.നെറ്റ് ഒരു ബ്രൗൺ കളർ ജാക്കറ്റ് എടുത്തു ബനിയനു മുകളിൽ കൂടി ധരിച്ചു....

അനി ദേവുനേം കൂട്ടി ആ വഴിയരികിലൂടെ നടന്നു....

""ദേവു... നിന്റെ ക്ലാസ്സ് ഒക്കെ എങ്ങനെ പോകുന്നു.... """

അനി വർത്തമാനത്തിനു തുടക്കം കുറിച്ചു....

""കുഴപ്പമില്ലാതെ പോകുന്നു അനിയേട്ട.... """

""""ഉം.... """

"".. നല്ല തണുപ്പ് ഉണ്ടല്ലേ ദേവു.... ""

""ഉം..... """

അവൾ ചെറുതായി മൂളി...

കാറിൽ നിന്നും ഇറങ്ങിയപ്പോൾ മുതൽ കൈകെട്ടിയുള്ള ദേവൂന്റെ നടപ്പ് കണ്ടപ്പോൾ അനിക്ക് മനസിലായി അവളുടെ ആ ടോപ്പിനുള്ളിലൂടെ അവളുടെ ശരീരത്തിലേക്ക് തണുപ്പ് അരിച്ചിറങ്ങുന്നുണ്ടെന്നു .... പോരാത്തതിന് കൈയിറക്കം കുറഞ്ഞ ഒരു ടോപ്പും ആയിരുന്നു അതു ....

അനി വേഗംതന്നെ ബനിയനു മുകളിൽ കൂടി ധരിച്ചിരുന്ന ആ ജാക്കറ്റ് ഊരി ഒരു പുതപ്പ് പുതക്കുന്ന ലാഘവത്തോടെ അവളെ പുറകിൽ കൂടി ആ ജാക്കറ്റ് ധരിപ്പിച്ചു.....

ചെറു നാണത്തിൽ കുതിർന്നൊരു പുഞ്ചിരിയും തണുപ്പിൽ നിന്നും ചെറിയൊരു ആശ്വാസം കിട്ടിയതിന്റെ നിർവൃതിയും ദേവൂന്റെ മുഖത്തു ആ സമയം അനിക്ക് കാണാൻ സാധിച്ചു...

""""അപ്പോ അനിയേട്ടന്??? .... """"

""ദേവു ധരിച്ചോളൂ..എനിക്ക് കുഴപ്പം ഇല്ല... """
എന്നരീതിയിൽ അനി തലയാട്ടി....

അവർ പിന്നെയും ആ കോടമഞ്ഞിന്റെ കുളിർമയിൽ ലയിച്ചു ആ ടൗണിന്റെ ഭംഗിയും ആസ്വദിച്ചു നടന്നു ...

ആസ്വദിച്ചു നടക്കുനുണ്ടെങ്കിലും അനിയുടെ മനസ് അവിടെയൊന്നും അല്ലാർന്നു....

ഇവിടേക്ക് പോരുമ്പോൾ ദേവുനോട് എന്തൊക്കെ ചോദിക്കണം... എന്തൊക്കെ പറയണം എന്ന് മനസ്സിൽ കരുതിയിരുന്നു .... അവളുടെ വിഷമം എന്താണെങ്കിലും മാറ്റി കൊടുക്കണം എന്നൊക്കെ കരുതിയിരുന്നു .... പക്ഷെ എന്തോ അവളോട് എങ്ങനെ തുടങ്ങണം എന്ത് ചോദിക്കണം എന്നൊക്കെ അറിയാതെയായി.....

അവളോട് എങ്ങനെ ചോദിക്കും എന്ന് തലപുണ്ണാക്കി ആലോചിച്ചുകൊണ്ടിരിക്കുബോഴണ് അനിയുടെ മുന്നിൽ ഒരു റെഡിമെയ്ഡ് ഷോപ്പ് പതിഞ്ഞത്....

""ആദ്യം അവൾക്കു വേണ്ടത് വാങ്ങിച്ചു കൊടുക്കാം അതുകഴിഞ്ഞു സംസാരിക്കാം "" എന്ന് മനസ്സിൽ വിചാരിച്ചിട്ട് അനി ദേവുനേം കൂട്ടി ആ കടയിലേക്ക് കയറി....

എന്തോ ആ കടയിൽ അധികം ആളുകൾ ഒന്നും ഉണ്ടായില്ല..

അനി വന്ന കാര്യം അവരോടു പറഞ്ഞപ്പോൾ അനിയെം ദേവുനേം കൂട്ടി അവിടത്തെ സെയിൽസിൽ നിൽക്കുന്ന ചേച്ചി ലേഡീസ് സെക്ഷനിലേക്ക് നടന്നു .....

""മേഡത്തിന് ഏത് മോഡലാണ് താല്പര്യം """ എന്ന് ചോദിച്ചുകൊണ്ട് അവർ ഓരോ മോഡൽ കാണിക്കാൻ തുടങ്ങി...

ഒരു അഞ്ചാറു ടൈപ്പ് ജീൻസും ടോപ്പും .. പിന്നെ ചുരിദാർ അനാർക്കലി.... പിന്നെ പലതരം ടോപ് സ്കേർട് ഒക്കെ മുന്നിൽ ഉള്ള ടേബിളിൽ ആ ചേച്ചി നിരത്തി വെച്ചു......

ഡ്രസ്സ് നോക്കുനിടയിൽ അനിക്ക് ഒരു കാൾ വന്നു.....
ദേവൂനോട് അതിൽ നിന്നും ഏത് വേണമെങ്കിലും സെലക്ട് ചെയ്തോളാൻ പറഞ്ഞിട്ട് അനി ആ കാൾ അറ്റൻഡ് ചെയ്യാനായി അവിടെനിന്നും കുറച്ചു മാറി നിന്നു....

കാൾ ചെയ്തു കഴിഞ്ഞു അനി തിരിച്ചെത്തിയെപ്പോൾ ദേവൂനേം ആ ചേച്ചിയേം ആ സെക്ഷനിൽ കണ്ടില്ല .....അനി കുറച്ചു മാറി നോക്കിയപ്പോൾ അവളും ചേച്ചിയും ആ ബില്ലിംഗ് കൌണ്ടറിനടുത് നിൽക്കുന്നു....

""ആ ഇത്ര വേഗം എടുത്തു കഴിഞ്ഞോ?? ""

അനി അതു പറഞ്ഞുകൊണ്ട് ദേവൂന്റെ അടുത്തേക്ക് വന്നു....

""ഇതെന്താ ദേവു....... """

പാക്കിങ് ചെയ്യാൻ കൊണ്ടുവെച്ച ട്രെയിൽ ഒരു ജോഡി ഡ്രസ്സ് മാത്രം കണ്ടപ്പോൾ അനി ദേവൂനോട് ചോദിച്ചു.....

""നീയെന്താ ഇനിയുള്ള രണ്ടു ദിവസം ഇതു മാത്രമാണോ ഇടുന്നത്... രണ്ടു മൂന്ന് ജോഡി നിന്നോട് വാങ്ങാൻ പറഞ്ഞിട്ട്???.. """

""അതു അനിയേട്ട.... """

""സാറേ ഞാനും മേഡത്തിനോട് പറഞ്ഞതാ .... ഇഷ്ടമുള്ളത് എടുക്കാൻ .... മേഡത്തിന് ഈ ഒരെണ്ണം മതി എന്ന്.... """

അവരുടെ സംഭാഷണം കണ്ടപ്പോൾ കടയിലെ ചേച്ചി അനിയോട് പറഞ്ഞു....

""ഉം.... നീഇങ്ങോട്ട് വന്നേ ദേവു... ""

അനി അതും പറഞ്ഞു ദേവൂന്റെ കൈയിൽ പിടിച്ചു ദേവൂനേം കൊണ്ടു ഡ്രസിങ്

സെക്ഷനിലേക്ക് നടന്നു....

അവരുടെ പുറകെ അവിടത്തെ ചേച്ചിയും ആ സെക്ഷനിലക്ക് ചെന്നു ....

ആ ചേച്ചി എടുത്തിട്ടിരിക്കുന്നതിൽ നല്ലത് നോക്കി അനി അവൾക്കു വേണ്ടി സെലക്ട് ചെയ്തു ...അളവ് ഒകെ കറക്റ്റ് ആണോനറിയാൻ അവൻ സെലക്ട് ചെയ്ത ഡ്രസ്സ് എല്ലാം അവളെ കൊണ്ടു ഇട്ടുനോക്കിപ്പിച്ചു ....

അങ്ങനെ അവൾക്കു അഞ്ചാറു ജോഡി ഡ്രസ്സ് അവിടെനിന്നും എടുത്തു....

കടയിലെ ചേച്ചിക്കും സന്തോഷം ആയി ....

""ഇന്നാ സാർ ബില്ല്.... ""

കടയിലെ ചേച്ചി ബില്ല് അനിക്ക് നേരെ നീട്ടി ....

അനി അതു വാങ്ങിച്ചു നോക്കിയിട്ട് .... ബില്ല് അടക്കാനായി പേഴ്സ് പുറകിലെ പോക്കറ്റിൽ നിന്നും എടുത്തു പക്ഷെ അനിയുടെ കൈയിൽ നിന്നും വഴുതി പേഴ്സ് നിലത്തു വീണു അനി വേഗം അതു എടുക്കാനായി കുനിഞ്ഞപ്പോഴേയ്ക്കും ദേവു അതു എടുത്തു അനിയുടെ കൈയിൽ കൊടുത്തു....

""സാർ ഭാഗ്യമുള്ളവൻ ആണുട്ടോ """

ബില്ല് അടക്കുമ്പോൾ കടയിലെ ചേച്ചി അനിയോട് പറഞ്ഞു...

ആ സമയം ദേവു കുറച്ചു മാറി ഡിസ്‌പ്ലേയിൽ കണ്ണുനട്ട് നിൽക്കുക ആയിരുന്നു....

""അതെന്താ ചേച്ചി....""

അനി മനസിലാകാതെ ചോദിച്ചു...

""അല്ല... ഇതുപോലൊരു മിസ്സിസ്നെ കിട്ടിയതിൽ.... വേറെ വല്ല പെണ്ണുങ്ങളും ആയിരുന്നേൽ ഇഷ്ടമുള്ളത് വാങ്ങിച്ചോളാൻ എങ്ങാനും ഭർത്താവ് പറയുനത് കേട്ടാൽ ചിലപ്പോൾ ആ കടതന്നെ വാങ്ങിച്ചാനെ.... ഇതു അങ്ങനെ അല്ലല്ലോ സർ എത്ര നിർബന്ധിച്ചിട്ടും സാറിന്റെ പൈസ കളയണ്ട എന്ന് കരുതി വാങ്ങാതെ നിൽക്കുന്നു..... ഇതുപോലൊരു പെണ്ണിനെ കിട്ടിയതിൽ സാർ ഭാഗ്യവാനാണ്..... """

അവർ നിഷ്കളങ്കമായ മുഖത്തോടെ അനിയോട് പറഞ്ഞു....

അതു കേട്ടപ്പോൾ അനി ചെറുതായി പുഞ്ചിരിച്ചു.....

""എന്താ സാറെ ഒരു ആക്കിയ ചിരി... ""

""ഒന്നുമില്ല ചേച്ചി..... അങ്ങളെയും പെങ്ങളെയും കണ്ടിട്ട് ഭാര്യഭർത്താക്കന്മാർ ആണെന്ന് തെറ്റുധരിച്ചത് ഓർത്തു ചിരിച്ചു പോയതാ.... """"

അനി ചെറിയ പുഞ്ചരിയോടെ പറയഞ്ഞപ്പോൾ അവർ ""അയ്യോ ""എന്ന് പറഞ്ഞു തലയിൽ കൈ വെച്ചുപോയി....

""സോറി സാറെ ... ഞാൻ ആളറിയാതെ..... പെട്ടന്നു കണ്ടപ്പോൾ അങ്ങനെ തോന്നി അതുകൊണ്ടാ ... സോറി സാറെ... """

""അതു സാരമില്ല ചേച്ചി ... അറിയാത്തത് കൊണ്ടല്ലേ .... """

അനി അവരെ സമാധാനിപ്പിച്ചു....

പക്ഷെ എന്നിട്ടും അവരുടെ മുഖത്തു ചമ്മൽ വിട്ടുമാറിയില്ല....

ബില്ല് ഒക്കെ സെറ്റിൽ ചെയ്തു സാധനങ്ങളും വാങ്ങിച്ചു അവർ ആ കടയിൽ നിന്നും ഇറങ്ങി.....

വീണ്ടും അവർ ആ ടൗണിലൂടെ ടൗണിന്റെ ഭംഗി ആസ്വദിച്ചു കൊണ്ടു നടന്നു നീങ്ങി.....

""ഇതൊന്നും വേണ്ടായിരുന്നു...ഞാൻ ഹോസ്റ്റലിൽ തന്നെ നിന്നാമതിയായിരുന്നു .. ""

നടത്തത്തിനിടയിൽ ദേവു പറഞ്ഞു..

""ങ്ങേ എന്ത്... ??? ""

""ഞാൻ കാരണം അനിയേട്ടന്റെ കുറെ പൈസ പോയില്ലേ...ഡ്രെസ്സ് ഒക്കെ വാങ്ങിച്ചു ..... """

""ഓഹ് .. അതാണല്ലെ നീ ആദ്യം ഒരു ജോഡി ഡ്രെസ്സിൽ ഒതുക്കിയത്...... അപ്പൊ നീ എന്നെ ഒരു അന്യൻ ആയിട്ടാണല്ലേ കാണുന്നത് ....."""

അനി പറഞ്ഞു നിർത്തി....

""അയ്യോ അങ്ങനെയല്ല ഞാൻ ഉദേശിച്ചത്..... വെറുതെ അധിക ചിലവല്ലെ ഇതൊക്കെ... അതാ ഞാൻ ഉദ്ദേശിച്ചത്.... ""

"""അതെ നിനക്ക് കുറച്ചു ഡ്രസ്സ് എടുത്തു തന്നു എന്ന് കരുതി എന്റെ കുടുംബം പട്ടിണി ആവാത്തതൊന്നുമില്ല......"""

""അല്ല അനിയേട്ട..... ഞാൻ അതൊന്നും ഉദ്ദേശിച്ചില്ല ......""

""ഉം .. പിന്നെ എന്താ ഉദ്ദേശിച്ചേ .. ""

""അതുപിന്നെ അനിയേട്ട..... അച്ഛന് ജോലിക്ക് പോകാൻ പറ്റാതെ ആയേപ്പിന്നെ അനിയേട്ടന്റെ ചിലവിൽ അല്ലെ ഞങ്ങൾ കഴിയുന്നത്...... പിന്നെ എന്റെ പഠിപ്പിന്റെ കാര്യവും അനിയേട്ടനാണ് നോക്കുന്നുന്നത് ..... അത്രേം ഒക്കെ ചെയുന്ന അനിയേട്ടനെ വീണ്ടും ബുദ്ധിമുട്ടിക്കുന്നത് ശെരി അല്ലല്ലോ..... ""

ദേവു പറഞ്ഞുനിർത്തി....

""ഓഹ് അപ്പോ ഇതൊക്കെകൊണ്ടാണല്ലേ നീ നിന്റെ ഫോൺ കളഞ്ഞുപോയതു ഒക്കെ എന്നെ അറിയിക്കാതിരുന്നത്... """

""അതു .... പിന്നെ അനിയേട്ട.... ""

""ഉം ... പറഞ്ഞു ബുദ്ധിമുട്ടേണ്ട ..... അതെ നിങ്ങളുടെ എല്ലാവരുടെയും സന്തോഷത്തിനു വേണ്ടിയാ ഞാൻ അക്കരെ പോയി കിടക്കുന്നതു.. വർഷത്തിൽ ഇടക്ക് ഒക്കെ വരുന്നതും ഇതുപോലുള്ള കൊച്ചു കൊച്ചു സന്തോഷങ്ങൾക്ക് വേണ്ടിയാ ...... അതിനു പൈസയുടെ കാര്യം ഞാൻ നോക്കാറില്ല..... എന്റെ കൂടെയുള്ളവർ എക്കാലവും സന്തോഷത്തോടെ ഇരിക്കണം അവർക്ക് ഒരു കുറവും വരുത്തരുത് ..... ഇതാണ് എന്റെ ആഗ്രഹം..... അപ്പോ പറഞ്ഞു വന്നത് എന്താണെന്നു വെച്ചാൽ നിനക്ക് എന്താ വേണ്ടത് എങ്കിലും എന്നോട് ധൈര്യമായി ചോദിക്കുക അതിനൊരു മടിയും വിചാരിക്കേണ്ട.. മനസ്സിലായോ എന്റെ ദേവൂട്ടിക്ക്...... """"

അനി അവളോട് പറഞ്ഞു.....

""ഉം ... അനിയേട്ടാ.... ""

അവൾ ഒന്ന് മൂളികൊണ്ട് പറഞ്ഞു....

""ഓഹ് ... പിന്നെ ദേവു .... ഞാൻ നിന്നോട് ഒരു കാര്യം ചോദിക്കാനിരിക്കുകയായിരുന്നു..... """

അനി അതു പറഞ്ഞപ്പോൾ"" എന്താ അനിയേട്ടാ """എന്ന ഭാവത്തിൽ ദേവു അനിയുടെ മിഴികളിലേക്ക് നോക്കി...

""നമുക്ക് കുറച്ചു നേരം അവിടെ ഇരുന്നാല്ലോ?? ..... """

കുറച്ച് അപ്പുറത്ത് ഒരു ചെറിയ തടാകത്തിനു സൈഡിലായി കുറച്ചു ഇരിപ്പിടങ്ങൾ കണ്ടപ്പോൾ അനി അവളോട് പറഞ്ഞു....

""മ്മ്""

അവൾ അതിനു സമ്മതമെന്ന നിലയിൽ മൂളിയപ്പോൾ അനി അവളേം കൂട്ടി അവിടേക്ക് നടന്നു ... എന്നിട്ട് അവിടെയുള്ള ഇരിപ്പിടത്തിൽ രണ്ടുപേരും ഇരുന്നു.....

അവിടെ ഇരിക്കുമ്പോൾ...
""ആ . ... എന്താ അനിയേട്ടാ നേരത്തെ പറയാൻ വന്നത് """എന്നരീതിയിൽ ദേവു അനിയുടെ മുഖത്തേക്ക് കണ്ണ് പായിച്ചു....

""ദേവു... ഞാൻ ഞാൻ ഒരു കാര്യം ചോദിച്ചാൽ സത്യം പറയുമോ???... """

""അതെന്താ അനിയേട്ട അങ്ങനെ ചോദിച്ചേ??? ""

""എനിക്ക് ഒരു കാര്യം അറിയാനായിരുന്നു .... """

""അനിയേട്ടൻ ചോദിച്ചോള്ളൂ.... അനിയേട്ടന്റെ മുഖത്തു നോക്കി ദേവു ഒരിക്കലും കള്ളം പറയില്ല... ""

""ഉം.... അതെ ദേവു എന്താ നിനക്ക് പറ്റിയെ ... ""

""എന്താ അനിയേട്ടാ.... """

""""നീ ഇങ്ങനെ ഒന്നുമല്ലായിരുന്നല്ലോ നേരത്തെ .... എന്തുപറ്റി ദേവു.. നിന്റെ മനസ്സിൽ എന്തോ ദുഃഖം നിറഞ്ഞിരിക്കുന്നതായി എനിക്ക് ഫീൽ ചെയുന്നു എന്താ അതിന്റെ കാരണം .... """

അനിയുടെ ചോദ്യം ആദ്യം അവളിൽ ഒരു ഞെട്ടൽ സൃഷ്ടിച്ചു...

""എന്താ അനിയേട്ട ... അനിയേട്ടൻ എന്തൊക്കെയാ ഈ പറയുന്നേ ....എനിക്ക് എന്ത് ദുഃഖം.... എനിക്ക് ഒന്നും മനസിലാകുന്നില്ല.... ""

അവൾ ഞെട്ടൽ പുറത്തു കാണിക്കാതെ അനിയോട് പറഞ്ഞു...

""ദേവു നീ ഒഴിഞ്ഞു മാറാൻ നോക്കേണ്ട .... നിന്നെ ഞാൻ ഇന്ന് ഇന്നലെയും അല്ല കാണാൻ തുടങ്ങിയത് അതു ഓർമ്മവേണം.... നിന്റെ ഉള്ളിൽ എന്തോക്കെ പ്രശ്നങ്ങൾ നിറഞ്ഞ് നിൽക്കുന്നുണ്ട് അതു നിന്റെ മുഖത്തു നിന്നും വ്യക്തമാണ്.... ""

""എനിക്ക് ഒരു പ്രശ്നങ്ങളും ഇല്ല അനിയേട്ടാ ... അനിയേട്ടന് തോന്നുന്നതാ..... """

""ഉം.. അതെ എന്റെ തോന്നലുകൾ ആണ്.... ചിലപ്പോൾ അതൊക്കെ ശെരിയാകാറുണ്ട്..... ഒന്നിലെങ്കിൽ നിന്റെ കോളേജിൽ എന്തെങ്കിലും പ്രശ്നം അല്ലെങ്കിൽ നന്ദന യെ പോലെ ചിലത് നീയും മറച്ചു വെക്കുന്നു..... കോളേജിലെ പ്രേമം പോലുള്ളത്.... """

""""ഹേയ് ഇല്ല അനിയേട്ടാ ... അനിയേട്ടൻ കരുതുന്ന പോലെ കോളേജിലുള്ള അഫയർ ഒന്നും എനിക്ക് ഇല്ല.... """

ദേവു അങ്ങനെ പറഞ്ഞപ്പോൾ ""ഉം ശെരി.... ""എന്ന് മൂളികൊണ്ട് അനി ഇരുന്നു....

കുറച്ചു സമയം അവർ രണ്ടുപേരും ഒന്നും മിണ്ടിയില്ല .....

""എന്താ ചിരിക്കുന്നേ.... ""

അനിയുടെ നേർത്ത പുഞ്ചിരി കണ്ടപ്പോൾ ദേവു ചോദിച്ചു...

""ഹേയ് ഒന്നുമില്ല ... ഓരോന്ന് ഓർത്തു ചിരിച്ചു പോയതാ.... ""

അതു കേട്ടപ്പോൾ അവൾ ""എന്താണ് ""എന്നർത്ഥത്തിൽ അനിയുടെ മുഖത്ത് നോക്കി...

""ഒന്നുമില്ലെടി.... നീ ആദ്യം പറഞ്ഞു അനിയേട്ടന്റെ മുഖത്തു നോക്കി കള്ളം പറയില്ല എന്ന് ... എന്നിട്ട് കുറച്ചു കഴിഞ്ഞപ്പോൾ പറഞ്ഞതോ??""

അനി ചെറു ചിരിയോടെ പറഞ്ഞു....

""അനിയേട്ടാ ഞാൻ പറഞ്ഞത് സത്യമാ എനിക്ക് കോളേജിൽ അഫയറും പ്രശ്നങ്ങളും ഇല്ല ... എന്നെ വിശ്വസിക്കു.....""

""ഉം ഇപ്പോ വിശ്വസിക്കുന്നു.... പക്ഷെ നിന്റെ ഈ മാറ്റത്തിന്റെ കാരണം ഞാൻ എന്നെങ്കിലും കണ്ടുപിടിക്കും.... ""

അനി പറഞ്ഞു ....

അതു കേട്ടപ്പോൾ ദേവൂന്റെ മുഖം വാടി.....

അനി അതു ശ്രദ്ധിച്ചു.....

അധികം ചോദിച്ചു അവളെ വേദനിപ്പിക്കുന്നത് ശെരിയല്ല എന്ന് അനിക്ക് തോന്നി അതുകൊണ്ട് അനി പിന്നിട് അതിനെ കുറിച്ച് ഒന്നും ചോദിച്ചില്ല....

കുറച്ചു നേരം അവരുടെ ഇടയിൽ മൗനം തളംകെട്ടി കിടന്നു.... അതിനു വിരാമം ഇട്ടുകൊണ്ട് ""ദേവു നമ്മുക്കൊരു മസാലദോശ കാച്ചിയാലോ....?? """എന്ന് എതിർവശത്തെ കടയിലേക്ക് നോക്കികൊണ്ട് അനി ചോദിച്ചു...

അവൾ സമ്മതമെന്ന നിലയിൽ തലയാട്ടി...

പിന്നിട് അവർ ആ കടയിൽ നിന്നും ഭക്ഷണം കഴിച്ചു ... കുറച്ചു ചോക്ലേറ്റും കുറച്ചു സ്നാക്സും വാങ്ങിച്ചു ആ ടൗണിലൂടെ ടൗണിന്റെ രാത്രിസൗന്ദര്യം ആസ്വദിച്ചു കാറിന്റെ അടുത്തേക്ക് നടന്നുനീങ്ങി....

""""നല്ല ഭംഗിയുണ്ടല്ലേ അനിയേട്ട ഈ സ്ഥലങ്ങളൊക്കെ കാണാൻ ..... """""

അവരുടെ മൗനത്തിനു വിരാമം ഇട്ടുകൊണ്ട് ദേവു ചോദിച്ചു....

""ഉം .... രാത്രിയുടെ സൗന്ദര്യമാസ്വദിക്കാൻ പറ്റിയ ഏറ്റവും നല്ല സമയമാ ഇതു...."""

""ഉം... അനിയേട്ടൻ മുൻപ് വന്നിട്ടുണ്ടോ ഇവിടെ ?? ""

""ഉം... ഒരിക്കൽ .... ഒരു കോളേജ്ടൂറിൽ .... """

കോളേജിന്റെ കാര്യം പറഞ്ഞപ്പോഴാണു അനിയുടെ മനസ്സിൽ താരയും ഒത്തുള്ള പഴയ സുവർണ്ണ നിമിഷങ്ങൾ കടന്നു വന്നത് ....

പ്രണയജോഡികൾ ആയിരിക്കെ കോളേജിൽ നിന്നും ഊട്ടിക്ക് ടൂറ് പോയതും..... താരയുടെ കൂടെ ഇവിടെ ഉള്ള സ്ഥലങ്ങൾ മുഴുവൻ മിഴികൾ കൊണ്ടു ആസ്വദിച്ചതും.... സന്ധ്യ കഴിഞ്ഞു താരയുടെ കൈയും പിടിച്ചു ഈ ടൗണിലൂടെ സഞ്ചരിച്ച സുവർണ്ണ നിമിഷങ്ങളും അവനെ തേടി എത്തി.... താരയുടെ ഓർമ്മകൾ വീണ്ടും അവന്റെ ഉള്ളിൽ ഒരു നീറ്റൽ ആയി മാറി
അതോടെ അനിയുടെ നടത്തം ഇത്തിരി സ്ലോ ആയി....

ദേവു അതു ശ്രദ്ധിക്കുകയും ചെയ്തു.....

""""അനിയേട്ട ... """

അവൾ നടത്തം സ്ലോ ആക്കി അനിയെ വിളിച്ചു...

""""ഉം """

അനി ചെറുതായി മൂളി...

""അനിയേട്ടാ... ഞാനൊരു കാര്യം ചോദിച്ചാൽ ദേഷ്യപെടുമോ?.... """

""അതെന്താ ദേവു അങ്ങനെ ചോദിച്ചേ ... ദേവൂന് എന്തും എന്നോട് ധൈര്യം ആയി ചോദിക്കാം..... """

""ഉം..... അനിയേട്ടാ....ഏട്ടൻ ആരെങ്കിലുനെ മിസ്സ് ചെയ്യുന്നുണ്ടോ??? """

ദേവു അനിയോട് ചോദിച്ചു....

അതു കേട്ടപ്പോൾ അനി ഒന്ന് നിന്നു ..... ദേവുവും അവന്റെ ഒപ്പം നിന്നു....

""ഞാൻ ചോദിച്ചത് തെറ്റായോ ഏട്ട""

അനിയുടെ നിൽപ്പ് കണ്ടപ്പോൾ ദേവു ചെറിയ പരിഭ്രമത്തോടെ ചോദിച്ചു....

""ഹേയ് ഇല്ല ദേവു.... ദേവു പറഞ്ഞത് ശെരിയാ ഞാൻ ഇപ്പോ ഒരാളെ മിസ്സ് ചെയുന്നു.... """

അനി പറഞ്ഞു...

""താരേച്ചിയെ ആയിരിക്കുമല്ലേ.... ""

ദേവു പറഞ്ഞു...

""ഉം.... """

അനി പതിഞ്ഞ ശബ്ദത്തിൽ മൂളി...

""എന്താ അനിയേട്ടാ നിങ്ങൾ തമ്മിൽ പിരിയാനുള്ള കാരണം ...... ""

""അതൊക്കെ വലിയ കഥയാണ് ദേവു..... """

""എനിക്ക് കുറച്ചൊക്കെ അറിയാം അനിത ചേച്ചി പറഞ്ഞിട്ടുണ്ട്....""

""ഉം .... ""

""ഞാൻ ഇവിടെ ഇല്ലാത്ത സമയത്തു ആണല്ലേ അതൊക്കെ നടന്നത് .... ""

""ഉം ... അതെ ... നി ആ സമയം കോയമ്പത്തൂരിൽ ആയിരുന്നില്ലേ... വാസു മാമന് അവിടെആയിരുന്നില്ലേ ജോലി.....""

""ഉം അതെ ... കുറച്ചു വർഷം ഞങ്ങൾ അവിടെ ആയിരുന്നില്ലേ .... അച്ഛന് ആക്സിഡന്റ് പറ്റിയതിനു ശേഷം പണി എടുക്കാൻ പറ്റാണ്ട് വന്നപ്പോൾ അല്ലെ ഞങ്ങൾ ഇവിടേക്ക് തിരിച്ചു വന്നത്.... ആ സമയം അനിയേട്ടൻ ദുബായിൽ പോയിരുന്നു..... """

ദേവു പറഞ്ഞുനിർത്തി...

""ഉം.. അതെ.... """

""അനിയേട്ടാ ഇപ്പോ താരേച്ചി എവിടെയാ?? പിരിഞ്ഞതിന് ശേഷം വീണ്ടും കണ്ടിരുന്നോ ചേട്ടൻ ചേച്ചിയെ..... """"

""ഇല്ല ദേവു ..... അവസാനം ആയി കണ്ടത് ആ നശിച്ച ദിവസത്തിൽ ആയിരുന്നു ... പിന്നിട് ഞാൻ അവളെ കണ്ടിട്ടില്ല.... കാണാൻ ഒന്നുരണ്ടു വട്ടം ശ്രമിച്ചു എങ്കിലും നടന്നില്ല .... പിന്നിട് അവർ അമേരിക്കയിലേക്ക് പോയെന്നും...അവളുടെ കല്യാണം കഴിഞ്ഞെന്നും അവൾക്കൊരു സുന്ദരി കുട്ടി പിറന്നെന്നും അവിടെ സെറ്റിൽ ആയെന്നും അറിയാൻ കഴിഞ്ഞു .... കുറച്ചു മാസം മുൻപ് അവൾ നാട്ടിൽ വന്നിരുന്നു ... അഭിയും ആയി അവൾ സംസാരിച്ചിരുന്നു.....എന്നെ കുറിച്ചു അവനോട് അനേഷിച്ചിരിന്നു അവൾ ""

""ഉം... വർഷങ്ങൾ കുറച്ചായിട്ടും അനിയേട്ടനെ ചേച്ചി മറന്നിട്ടില്ലല്ലേ... ""

""ഉം...അങ്ങനെ മറക്കാൻ പറ്റുമോ ദേവു ഞങ്ങൾക്ക് തമ്മിൽ ,,,,,ഒരിക്കലും മറക്കാൻ സാധിക്കില്ല.... ഞങ്ങളുടെ ഹൃദയമിടിപ്പ് നിലക്കുന്നതുവരെ ഞങ്ങളുടെ ഹൃദയത്തിന്റെ ഒരു കോണിൽ ഒരു സുഖമുള്ള വേദനയായി നിറഞ്ഞു നിൽക്കും ഞങ്ങളുടെ ആ പ്രണയനിമിഷങ്ങൾ..... ""

അതു പറഞ്ഞപ്പോൾ അനിയുടെ മിഴികളിൽ ജാലകണികകൾ രൂപപ്പെട്ടു അനിയുടെ വാക്കുകൾ ഇടറിയിരുന്നു ..... അതൊക്കെ ദേവൂന്റെ മിഴികളിൽ പതിഞ്ഞു ....

ദേവൂന് താരയെ കുറിച്ചു അധികം ഒന്നും അറിയില്ലായിരുന്നു... അവരുടെ പ്രണയം എങ്ങനെ ആയിരുന്നുവെന്നും .... എങ്ങനെ പരിചയപെട്ടുവെന്നും ... എങ്ങനെ പിരിഞ്ഞുവെന്നും... അതുകൊണ്ട് തന്നെ അതൊക്കെ അറിയാനൊരു ആകാംഷ അവളിൽ നിറഞ്ഞുനിന്നിരുന്നു..... എന്നാൽ അനിയുടെ സങ്കടം നിറഞ്ഞ മിഴികൾ കണ്ടപ്പോൾ
അതേപ്പറ്റി ഒന്നും ചോദിച്ചിക്കാൻ അവൾക്കു മനസ്സുവന്നില്ല .....

അനിക്കാണെങ്കിൽ താരയുടെ ഓർമ്മകൾ വേട്ടയാടാൻ തുടങ്ങിയതോടെ അവനും അവളോട് പിന്നെ ഒന്നും പറഞ്ഞില്ല......

അതോടെ അവർ തമ്മിൽ സംസാരം നിന്നു .. അവരുടെ ഇടയിൽ മൗനം തളംകെട്ടി കിടന്നു.....

അവർ രണ്ടുപേരും പതിയെ നടന്നു കാറിന്റെ അടുത്തെത്തി......

കാറെടുത്തു കുറച്ചു ദൂരം പിന്നിട്ടപ്പോൾ....

""ദേവു... """

അനിയുടെ മനസ് ഒന്ന് നോർമൽ ആയപ്പോൾ അനി ദേവുനെ വിളിച്ചു ....

""എന്താ അനിയേട്ട "" എന്നർത്ഥത്തിൽ അവൾ അവന്റെ മുഖത്തേക്ക് നോക്കി

""എന്റെ കാര്യങ്ങൾ പറഞ്ഞു ഞാൻ ദേവൂനെ ബോറടിപ്പിച്ചോ??.... """

""ഹേയ് ഇല്ല അനിയേട്ടാ.... ""

""ഉം... """

""ദേവൂന് അറിയണോ ഞങ്ങളുടേ പ്രണയത്തെ കുറിച്ചു..... """

കുറച്ചു കഴിഞ്ഞപ്പോൾ അനി ചോദിച്ചു...

അതു കേട്ടപ്പോൾ അവളുടെ മുഖം വിടർന്നു .... അവൾ കേൾക്കാനായി കൊതിച്ച കാര്യം അറിയണോ എന്ന് ഏട്ടൻ തന്നോട് ചോദിച്ചിരിക്കുന്നു ... അവൾക്കു സന്തോഷം മറിച്ചു വെക്കാൻ ആയില്ല....

അവൾ ""വേണം ""എന്നർത്ഥത്തിൽ സന്തോഷത്തോടെ തലയാട്ടി....

അവൾ അനിയുടെ പ്രണയജീവിതം അറിയാനായി കാതോർത്തു....

""ദേവുന്നു .... കഥ കേൾക്കാൻ ഭയങ്കര ഇഷ്ടമാണല്ലെ..... ""

അനിയുടെ വാക്കുകൾ കേൾക്കാനായി ഒരു കേൾവിക്കാരിയെ പോലെ കാതോർത്തിരുന്ന ദേവുനോട് അനി ചോദിച്ചു....

""കഥകൾ കേൾക്കാൻ ആർക്കാ ഇഷ്ടമല്ലാത്തത് അനിയേട്ടാ.... പ്രത്യേകിച്ചു പ്രണയം നിറഞ്ഞ ജീവിതകഥയാവുമ്പോൾ """

ദേവു പറഞ്ഞു.....

""ഹഹ... എന്നാലേ എന്റെ മോളു അതിനായി കാതോർത്തിരിക്കേണ്ട....""

അനി ഒരു ചെറുചിരിയോടെ പറഞ്ഞു.....

""ങ്ങേ...എന്താ അനിയേട്ടാ ""

""ദേ നമ്മുടെ കോട്ടേജ് എത്തി ... """

അനി ചെറുചിരിയോടെ പറഞ്ഞു....

ദേവു നോക്കുമ്പോൾ അവരുടെ കാർ ആ കോട്ടേജിന്റെ പാർക്കിങ്ങിൽ എത്തിച്ചേർന്നിരുന്നു......

കഥ കേൾക്കാൻ പറ്റാത്തതിൽ അവളുടെ മുഖത്തു നിരാശ പ്രത്യേക്ഷപ്പെട്ടു....

""ദേവു.... നീ വിഷമിക്കേണ്ട കഥ കേൾക്കാൻ നമ്മുടെ മുന്നിൽ സമയം ഒരുപാടില്ലെ..... """

അവളുടെ നിരാശ കലർന്ന മുഖം കണ്ടപ്പോൾ അനി പറഞ്ഞു....

""മ്മ് ""

അവൾ ചെറുതായി മൂളിയിട്ട് കാറിൽ നിന്നും ഇറങ്ങി ........

പിന്നിട് അവർ കോട്ടേജിലേക്ക് നടന്നു....

ഭക്ഷണം ഒക്കെ കഴിച്ചു കഴിഞ്ഞു എല്ലാവരും കൂടി വർത്തമാനമൊക്കെ പറഞ്ഞിരുന്നു ..... പിന്നെ ഓരോരുത്തർക്കായി ഉറക്കം വരാൻ തുടങ്ങിയപ്പോൾ ഒരോരുത്തരായി അവരവരുടെ റൂമിൽ കയറി കൂടി...

അഭിയുടെ കോട്ടേജിന്റെ ഹാളിൽ ഒരു സിംഗിൾ ബെഡ് എടുത്തിട്ടിട്ടു അതിൽ കിടക്കാൻ ആയിരുന്നു അനി തീരുമാനിച്ചത്.... ആ കോട്ടേജിൽ രണ്ടു റൂം ഉണ്ടായിരുന്നുള്ളു ഒന്നിൽ അഭിയും ഫാമിലിയും ഒന്നിൽ ലെച്ചുവും ദേവുവും ആയിരുന്നു....

അനി സോഫയിൽ തലയിണ ചാരി താഴത്തു ഇട്ടിരിക്കുന്ന ബെഡിൽ ഇരുന്നു മടിയിൽ ലാപ് വെച്ചു അതിൽ സിനിമ കാണുക ആയിരുന്നു.....

ഒരു നിഴൽ തന്റെ അടുത്തേക്ക് നടന്നടുക്കുന്നത് കണ്ടപ്പോൾ അനി ലാപ്പിൽ നിന്നും കണ്ണുകൾ എടുത്തു സൈഡിലേക്ക് നോക്കി.....

""ആ.... ദേവു.. നീ ഉറങ്ങില്ലേ.... """

റൂമിലേക്ക് ഉറങ്ങാൻ പോയ ദേവു അവിടെ നിൽക്കുന്നത് കണ്ടപ്പോൾ അനി ചോദിച്ചു...

അനി വാങ്ങിച്ചു കൊടുത്ത നൈറ്റ് പാന്റും അയഞ്ഞു കിടക്കുന്ന ഷർട്ടും ആയിരുന്നു അവൾ ധരിച്ചിരുന്നത്....

""ഉറക്കം വന്നില്ല അനിയേട്ടാ..അല്ല അനിയേട്ടൻ എന്താ ഉറങ്ങാഞ്ഞെ?? """

""എനിക്കും ഉറക്കം വന്നില്ല...അതുകൊണ്ട് ഒരു സിനിമ കണ്ടു കളയാം എന്ന് കരുതി ... """

""ഞാനും കിടന്നതാ .... എന്തോ ഉറക്കം വരാതെ വന്നപ്പോൾ ഇവിടെ ലൈറ്റ് കിടക്കുന്നത് കണ്ടു .... ഇനി അനിയേട്ടൻ ലൈറ്റ് ഓഫാക്കാൻ മറന്നത് ആണെന്ന് കരുതി അതു ഓഫ് ചെയ്യാൻ വന്നതാ .... അപ്പോഴാ അനിയേട്ടൻ ഇവിടെ ഇരിക്കുനത് കണ്ടത്.... """

""മ്മ്.... ലെച്ചു വോ... ""

""അവൾ ഉറങ്ങി.... ""

""ഉം... അവൾക്കു ബെഡ് കണ്ടാൽ മതി .... പിന്നെ അവളെ നോക്കേണ്ട...... """

അനി ചെറുചിരിയോടെ പറഞ്ഞു....
അനിയുടെ ചിരിയിൽ ദേവുവും പങ്കുചേർന്നു....

""എന്തായാലും ഉറക്കം വരുന്നില്ല ... നീയിവിടെ ഇരി.....നമുക്ക് കുറച്ച് നേരം സിനിമ കണ്ടു കളയാം... ""

അനിയുടെ വാക്ക് കേൾക്കാൻ കൊതിച്ച പോലെ അവൾ വേഗം തന്നെ അനിയുടെ അടുത്തായി അനി ഇരിക്കുനത് പോലെ ഇരുന്നു....

അനി ലാപിന്റെ ഒരു ഇയർ ഫോൺ അവളുടെ ചെവിയിൽ പിടിപ്പിച്ചു....

അങ്ങനെ അവർ രണ്ടു പേരും ഇരുന്നു ആ മൂവി കണ്ടു തീർത്തു.....

""എന്താ ഡി സിനിമകഴിഞ്ഞപ്പോൾ ഒരു വിഷമം മുഖത്തു.... ""

""അതു .... അവരെ തമ്മിൽ ഒന്നിപ്പിക്കാമായിരുന്നു.... ഇതു ആകെ ശോകമയം ആയി..... """"

നായികനായകൻ ഒരിക്കലും ഒന്നാവാതെ പിരിയുന്നത് ആയിരുന്നു ആ സിനിമയുടെ ക്ലൈമാക്സിൽ..... അതിനെക്കുറിച്ച് ആയിരുന്നു ദേവു പറഞ്ഞതു.....

""അതിനു നീയെന്തിനാ വിഷമിക്കുനെ... അതു സിനിമയല്ലെടി .... ""

""സിനിമയാണു.... എന്നാലും..... """

""ഉം.... ""

""അല്ല.... അനിയേട്ടന് വിഷമം ഒന്നും തോന്നിയില്ലേ..... """

ദേവു പറഞ്ഞത് കേട്ടപ്പോൾ അനി ചെറിയൊരു പുഞ്ചിരി ചുണ്ടിൽ വിടർത്തി

കൊണ്ടുപറഞ്ഞു .... ""ആകെ മൊത്തം നനഞ്ഞവന് എന്ത് കുളിര്...... """"

അതു കേട്ടപ്പോൾ ദേവു ചെറു പുഞ്ചിരി അനിക്കായി സമ്മാനിച്ചു...

""അനിയേട്ടാ... പറഞ്ഞില്ല....""

അതു കേട്ടപ്പോൾ ""ങ്ഹേ എന്ത് ""എന്നരീതിയിൽ ദേവൂന്റെ മുഖത്തേക്ക് അനി കണ്ണുകൾ പായിച്ചു...

""അനിയേട്ടന്റെ ജീവിതയാത്ര എന്നോട് പറയാം എന്ന് പറഞ്ഞിട്ട്.... ""

""ഓഹ് അതൊ....ഇപ്പോ വേണോ ദേവു.... """

"ഉം.. """"""

""എന്നാ ശെരി .... ഈ ലാപ് പിടിച്ചോ.... ""

എന്ന് പറഞ്ഞു അവളുടെ മടിയിൽ അനിയുടെ ലാപ് വെച്ചു കൊടുത്തു.....

അവൾ "എന്താ ""എന്നർത്ഥത്തിൽ അനിയെ നോക്കി....

അനി ചെറു പുഞ്ചിരിയോടെ അവളോട് അതിലെ ഒരു ഫോൾഡർ തുറക്കാൻ പറഞ്ഞു.....

അവൾ അതു തുറന്നു ...

""മിഴിയറിയാതെ"""

ആ ഫോൾഡർ ഓപ്പൺ ആയപ്പോൾ ആദ്യം കണ്ട ഹെഡിങ് ദേവു പോലുമറിയാതെ ദേവൂന്റെ ചുണ്ടുകളിൽ മന്ത്രിച്ചു ഒപ്പം അവൾ അനിയുടെ മുഖത്തേക്ക് കണ്ണുകൾ പായിച്ചു .....

""ദേവു നിനക്ക് താരയെ കുറിച്ചറിയെണ്ടതെല്ലാം അതിൽ ഉണ്ട്..... """

അനി ദേവുനോട് പറഞ്ഞു..

അതു കേട്ടപ്പോൾ അവൾ അതിൽ കണ്ണുനട്ട് ഇരുന്നു.....

അവൾ വായന തുടങ്ങി എന്ന് കണ്ടപ്പോൾ അനി തലയണ ഇറക്കി വെച്ചു അവളിരിക്കുന്നതിനു സൈഡിലായി ചെരിഞ്ഞു കിടന്നു.... കുറച്ചു നേരം അവൾ വായിക്കുന്നത് നോക്കി കിടന്നെങ്കിലും ഉറക്കം അനിയുടെ മിഴികളെ ബാധിച്ചപ്പോൾ അനിയുടെ മിഴികൾ അടഞ്ഞു.....

കുറച്ചു നേരം കഴിഞ്ഞപ്പോൾ എന്തോ വെള്ളത്തിന്റെ അംശം മുഖത്തു പതിച്ചപ്പോൾ
അനിയുടെ ഉറക്കം പാതിയിൽ മുറിഞ്ഞു.....

അനി കണ്ണുകൾ തുറന്നു മുഖം കൈകൊണ്ടു തുടച്ചു എന്നിട്ട് സൈഡിലേക്ക് നോക്കി.....

ജാലകണികകളാൽ നിറഞ്ഞ മിഴികളുമായി ലാപ്പിലേക്ക് കണ്ണും നട്ട് ഇരിക്കുന്ന ദേവൂനെ അവൻ കണ്ടു....

"ദേവൂന്റെ മിഴിയിൽ നിന്നും ഉതിർന്നു വീണ കണ്ണീർ ആയിരുന്നു അനിയുടെ മുഖത്തു പതിച്ചത്.... """

കുറച്ചു നേരം അനി അവളുടേ നിറഞ്ഞമിഴികളുള്ള മുഖത്തേക്ക് നോക്കി കിടന്നു ....

""എന്താ കഴിഞ്ഞോ.... ""

വായന നിർത്തി ലാപ് അടച്ചുവെച്ചത് കണ്ടപ്പോൾ അനി അവളോട് ചോദിച്ചു....

"ഉം... ""

അവളുടെ മൂളലിൽ ഊർജം കുറവായിരുന്നു....

""എങ്ങനെയുണ്ട്.... ""

അനി ചോദിച്ചു...

അതിനു അവൾ കണ്ണീരിൽ കുതിർന്നൊരു പുഞ്ചിരി നൽകി കൊണ്ടു അനിയോട്

ചോദിച്ചു...

""അപ്പോ ഈ ബ്ലോഗിൽ എഴുതുന്ന അനിൽ .... ഏട്ടനായിരുന്നുലെ.... ""

""ഉം .. അതെ....നീ ഇതിനു മുൻപ് വായിച്ചിട്ടുണ്ടോ എന്റെ കഥകൾ .... ""

""ഉം ... ഏട്ടന്റെ ആദ്യ കഥ വായിച്ചിരുന്നു .... """

""ഉം.... ഇതു ഫുൾ ആയിട്ടില്ല ... നന്ദനയുമായുള്ള എൻഗേജ്മെന്റ് വരെയൊള്ളു..... ""

""ഉം അതു കഴിഞ്ഞല്ലേ പ്രശ്നങ്ങൾ ഉണ്ടായത് ..... ""

""ഉം .. അതെ...ഞാൻ കല്യാണം വരെ എഴുതി കഥയാക്കി ഇടാം എന്ന് കരുതിയതാ പക്ഷെ വിധി എല്ലാം മാറ്റിമറിച്ചു... ഇനി ഇതു പൂർത്തിയാക്കാൻ കഴിയില്ല.... ""

അനി നിരാശനിറഞ്ഞ സ്വരത്തിൽ പറഞ്ഞു....

""ഉം.... ഏട്ടാ ...ഏട്ടൻ നിരാശപെടേണ്ട ഏട്ടന് ഇതു പൂർത്തിയാക്കാനുള്ള അവസരം ദൈവം കൊണ്ടുത്തരും.... """

അവൾ അനിയോട് പറഞ്ഞു....

അതിനൊരു പുഞ്ചിരി അനി അവൾക്കായി സമ്മാനിച്ചു............

അങ്ങനെ ഊട്ടിയിലും മറ്റുമായി അവർ രണ്ടുമൂന്നുദിവസം കറങ്ങിയിട്ട് തിരിച്ചു നാട്ടിലേക്കു പോന്നു.........

ഊട്ടിയിൽ നിന്നും അനിയും കുടുംബവും തിരിച്ചു വീട്ടിൽ എത്തിയിട്ട് ഒരാഴ്ചയാകുന്നു.....

സന്ധ്യ സമയം അന്നൊരു ശനിയാഴ്ച ആയിരുന്നു....

വാസു മാമന്റെ വീട്ടിൽ നിലം പണി നടക്കുന്ന കാരണം വാസുമാമ്മനും ഷീബാന്റിയും അനിയുടെ വീട്ടിൽ ആയിരുന്നു..... ദേവു സൺഡേ കോളേജിന് ലീവ് ആയതോണ്ട് നേരെ അനിയുടെ വീട്ടിലേക്ക് പോന്നു....

അനി വെറുതെ മുറിയിൽ കിടക്കുമ്പോൾ ആണ് അനിയുടെ അച്ഛനും അമ്മയും അനിയുടെ മുറിയിലേക്ക് വന്നത്....

"" ഉറങ്ങുകയായിരുന്നോ...??മോൻ... ""

അനിയുടെ അച്ഛൻ അനി കിടക്കുന്നത് കണ്ടപ്പോൾ ചോദിച്ചു....

""ഇല്ലാ അച്ഛാ ഞാൻ ചുമ്മാ കിടന്നതാ... ""

അപ്പോഴേക്കും അനിയുടെ അമ്മ വന്നു അനിയുടെ തലഭാഗത്തായി വന്നിരുന്നു ..... അമ്മ അടുത്തുവന്നിരിന്നപ്പോൾ അനി തല അമ്മയുടെ മടിയിൽ വെച്ചു കിടന്നു ... അച്ഛൻ വന്നു അനിയുടെ സൈഡിലായി ഇരുന്നു.....

""എന്താ രണ്ടാളും കൂടെ .... എന്നോട് കാര്യമായി എന്തോ പറയാനുള്ളത് പോലെ..... """

അച്ഛന്റെയും അമ്മയുടെയും മുഖം കണ്ടപ്പോൾ അനി ചോദിച്ചു...

"ഉം... ഒരു കാര്യം ഉണ്ട്.... """

അനിയുടെ അച്ഛൻ പറഞ്ഞു.....

""എന്നാ പറ... ഞാൻ കേൾക്കട്ടെ... """

അനി അതു പറഞ്ഞപ്പോൾ അച്ഛനും അമ്മയും മുഖത്തോട് മുഖനോക്കി ....""നീ പറ ""എന്ന് അച്ഛനും ""ഏട്ടൻ പറ ""എന്ന് അമ്മയും.. രണ്ടുപേരും അങ്ങോട്ടും ഇങ്ങോട്ടും കണ്ണ്കാണിക്കുന്നു....

""ഇതെന്താ ഇതു.... ആരെങ്കിലും ഒന്ന് പറ.... ""

അവരുടെ കോപ്രായങ്ങൾ കണ്ടപ്പോൾ അനി പറഞ്ഞു ...

""മോനെ... നീ എപ്പോഴാ തിരിച്ചു പോകുന്നെ??.... ""

അനിയുടെ തലയിൽ തലോടി കൊണ്ടു അമ്മ ചോദിച്ചു...

""എന്താ അമ്മേ... ""

""ഹേയ് അറിയാൻ വേണ്ടിയാ.... ""

""ചിലപ്പോൾ അടുത്തഴ്ച പോകേണ്ടി വരും .... അവിടത്തെ പുതിയ ഷോപ്പിന്റെ ഉൽഘാടനം അടുത്താഴ്ച ആണ് .... """

അനി പറഞ്ഞു...

""ഈ പ്രാവിശ്യം മോന് സങ്കടം ആയല്ലേ... എന്തൊക്കെ പ്രതിഷിച്ചാ എന്റെ കുട്ടി വന്നത് എന്നിട്ട് കിട്ടിയത് സങ്കടം ... ""

""അമ്മ എന്താ പറഞ്ഞു വരുന്നേ....എനിക്ക് ഒന്നും മനസിലായില്ല.... """

""അതല്ല... കല്യാണം മുടങ്ങിയതിനെ പറ്റിയ ഞാൻ പറഞ്ഞെ.... നീ ഒത്തിരി ആശിച്ചത് അല്ലെ.... ഞങ്ങൾ കുറച്ചുകൂടി അന്വേഷിചിരുന്നുവെങ്കിൽ ഇങ്ങനെ ഒന്നും ഉണ്ടാവില്ലായിരുന്നുലെ.... ""

""ഹേയ് അങ്ങനെ ഒന്നും ഇല്ല അമ്മേ .... അതൊക്കെ നമ്മുടെ ജീവിതത്തിൽ പറഞ്ഞിട്ടുള്ളതായിരിക്കും അല്ലാതെ അമ്മയുടെയും അച്ഛന്റെയും തെറ്റൊന്നുമല്ല.... പിന്നെ അതൊക്കെ കഴിഞ്ഞില്ലേ ഇനി അതിനെ പറ്റിയോനും ചിന്തിച്ചു അമ്മയും അച്ഛനും വിഷമിക്കേണ്ട...... """

അനി പറഞ്ഞു...

""അതൊന്നുമില്ല .... മോൻ അന്ന് പറഞ്ഞപ്പോൾ മുതൽ ഞങ്ങൾ അതൊക്കെ മറന്നു..... """

""അപ്പോ പിന്നെ ഇപ്പോ എന്താ പ്രശ്നം..... """

""പ്രശ്നം ഒന്നുമില്ല .... ""

""പിന്നെ?? ... ""

""അതു പിന്നെ .. ഞങ്ങൾക്ക് ഒരു കാര്യം നിന്നോട് പറയാനുണ്ട്... ഈ അവസരത്തിൽ നിന്നോട് പറയുന്നത് ശെരിയാണോ എന്നറിയില്ല നിനക്ക് ഇഷ്ടപ്പെടുമോ എന്നും അറിയില്ല... """

അമ്മ പറഞ്ഞു...

""അതെ എന്താണെങ്കിലും എന്നോട് പറ....ഇങ്ങനെ മുഖവുര ഇടാതെ.... ""

""ഞാൻ പറയാം മോനെ.... ""

അച്ഛൻ അതു പറഞ്ഞപ്പോൾ അനി എന്താണെന്നറിയാൻ അച്ഛന്റെ മുഖത്തേക്ക് നോക്കി....

""അതുപിന്നെ നിനക്കൊരു കല്യാണലോചന വന്നിട്ടുണ്ട്... "

""കല്യാണലോചനായോ???...""

അനി ചോദിച്ചു...

""ഉം... ""

""ഇപ്പോ അതൊക്കെ വേണോ അച്ഛാ....... ""

""ഇപ്പോ വേണമെന്നല്ല ... നിനക്ക് താല്പര്യം ഉണ്ടെങ്കിൽ ഉറപ്പിച്ചിടാം .... കല്യാണം അടുത്ത വരവിനു മതി... """

"'ഒരെണ്ണത്തിന്റെ ക്ഷീണം മാറിയിട്ടില്ല അപ്പോഴാ അടുത്തത്..... പിന്നെ നോക്കാം അച്ഛാ ..... """

""നിന്നെ നിർബന്ധിക്കുന്നില്ല എന്നാലും ഞങ്ങളുടെ കടമ ഞങ്ങൾ ചെയെണ്ടേ...... ""

""ഉം... അച്ഛന് അറിയുന്ന കൂട്ടർ ആണോ.... """

""ഉം ... അതെ മോനെ വിശ്വസിക്കാം ...നന്ദനയുടെ വിട്ടുകാരെ പോലെ ചതിക്കില്ല... """

""വീട്ടുകാരെ മാത്രം നോക്കിയിട്ട് കാര്യം ഇല്ല അച്ഛാ .... ഇപ്പോഴത്തെ പിള്ളേരുടെ മനസിലിരുപ്പ് അവർക്ക് അറിയില്ലല്ലോ.... അതുകൊണ്ട് നല്ലോണം അന്വേഷിച്ചിട്ടു മതി.... ""

""ഉം.... അതൊക്കെ കുഴപ്പമില്ലെടാ... നിനക്ക് താല്പര്യം ഉണ്ടോ എന്ന് അറിയാന വന്നത്..... """

""എനിക്ക് കുഴപ്പമില്ല .... പക്ഷെ നല്ലോണം അന്വേഷിച്ചിട്ടൊക്കെ മതി ധൃതി പിടിക്കേണ്ട......അല്ല ... ഇതു എവിടെ ഉള്ള കൂട്ടരാ അച്ഛാ .... """

അനി ചോദിച്ചു...

""നമ്മുക്ക് വേണ്ടപ്പെട്ടവർ തന്നെയാണു .... """

""നമുക്ക് വേണ്ടപെട്ടവരോ??? """

""ഉം.... നമ്മുടെ വാസൂന്റെയും ഷീബയുടെയും മോള് .... """

അച്ഛൻ പറഞ്ഞു...

""ങ്ങേ...അവളോ?? """
അതു കേട്ടപ്പോൾ അനി ഞെട്ടിപോയി....

""ആ അതെ ... നമ്മുടെ ദേവുമോള്... ""

""ഹേയ് ഇതു ശെരിയാകില്ല .... അച്ഛൻ എന്തൊക്കെയാ പറയുന്നത് .... ദേവൂനെ എനിക്ക് വേണ്ടി ആലോചിച്ചു എന്നൊ?.... """

അനി ചോദിച്ചു...

""അതേടാ...ഞങ്ങൾ വാസുവും ആയി സംസാരിച്ചു .... അവർക്കും ഇതിൽ താല്പര്യം ഉണ്ട് .... അവർ മുൻപ് വിചാരിച്ചിരുന്നതാ ഈ ബന്ധം .... പിന്നെ പറഞ്ഞില്ലെന്നേ

ഒള്ളു..... """"

അച്ഛൻ പറഞ്ഞു....

""ഹേയ് ഇതൊന്നും ശെരിയാകില്ല... ദേവുനെ ഞാൻ ഒരിക്കലും അങ്ങനെ കണ്ടിട്ടില്ല....""""

""ദേവു നല്ല കുട്ടിയല്ലേടാ....നമ്മുക്ക് അറിയുന്ന കുട്ടി.....നന്ദനയുടെ ആലോചനയിൽ സംഭവിച്ചത് ഇതിൽ എന്തായാലും ഉണ്ടാകില്ല.... പിന്നെ പോരാഞ്ഞ് നീ അവളുടെ മുറച്ചെറുക്കനും.... """

""""അതൊക്കെ ശെരിയായിരിക്കാം അവൾ എന്റെ മുറപ്പെണ്ണ് ഒക്കെ ആണ് പക്ഷെ ഞങ്ങൾ തമ്മിൽ അങ്ങനെ ഒരു ബന്ധം ഇണ്ടെന്നു ഇന്നേ വരെ തോന്നിയിട്ടില്ല അവളും ലെച്ചുവും എനിക്ക് ഒരുപോലെയല്ലേ .... അവൾക്കും അങ്ങനെ തന്നെയാണ് എന്നാണ് എന്റെ വിശ്വാസം ... ""

""മോന് താല്പര്യം ഇല്ലെങ്കിൽ വേണ്ടാ ... ഞങ്ങളുടേ ആഗ്രഹം പറഞ്ഞെന്നെ ഒള്ളു.... ""

അച്ഛൻ നിരാശയുടെ സ്വരത്തിൽ പറഞ്ഞു...

"'അച്ഛാ... ഞാൻ ഇതുവരെയും അങ്ങനെ ചിന്തിച്ചിട്ടുകൂടിയില്ല അതുകൊണ്ടാ..... """

""ഉം.. എനിക്ക് മനസിലാകും """

അച്ഛൻ പറഞ്ഞു...

കുറച്ചു നേരത്തെക്ക് ആരും ഒന്നും മിണ്ടിയില്ല....

""അല്ല അച്ഛാ... നിങ്ങൾ ഈ കാര്യം അവളോട് സംസാരിച്ചാ...... """

അനി വീണ്ടും സംസാരത്തിനു തുടക്കമിട്ടു...

""ഉം... ""

""എന്നിട്ട് അവൾ എന്ത് പറഞ്ഞു??.... """

""അവൾ ഒന്നും പറഞ്ഞില്ല....പക്ഷെ അവളുടെ അമ്മയും അച്ഛനും പറയുന്നത് എന്താണെങ്കിലും അവൾ അനുസരിക്കും.... അതിപ്പോ നിന്നെ കെട്ടാൻ പറഞ്ഞാലും അവൾ അതു സന്തോഷത്തോടെ സ്വീകരിക്കും ....പക്ഷെ അതല്ല നമുക്ക് വേണ്ടത് നിങ്ങൾ തമ്മിൽ താല്പര്യം ഉണ്ടെങ്കിൽ അല്ലെ കാര്യമൊള്ളൂ... അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ നിങ്ങൾ തമ്മിൽ ഇതേ കുറിച്ചൊന്നു സംസാരിക്കു എന്നിട്ട് തീരുമാനം എടുക്കു... ""

അച്ഛൻ പറഞ്ഞു നിർത്തി...
അമ്മയും അനിയോട് പറഞ്ഞു ഒന്ന് അവളോട് ഇതേപ്പറ്റി സംസാരിക്കാൻ .... അവൾ മരുമകളായി വരുന്നതിൽ വളരെ അധികം സന്തോഷം ഉണ്ടെന്നു അമ്മയുടെ മുഖത്തു നിന്നും അനി വായിച്ചെടുത്തു...

അവസാനം ""അമ്മയുടെയും അച്ഛന്റെയും ആഗ്രഹം അല്ലെ ഞാൻ സംസാരിക്കാം "" എന്ന് അവർക്ക് അനി വാക്ക് കൊടുത്തു.....

""വീട്ടിൽ വെച്ചു സംസാരിക്കാൻ ബുദ്ധിമുട്ട് ആണെങ്കിൽ പുറത്തു എവിടെയെങ്കിലും പോയി സംസാരിച്ചോളാൻ ""അച്ഛൻ അനിയോട് പറഞ്ഞു....

അങ്ങനെ പിറ്റേന്ന് അനി ദേവൂനേം കൂട്ടി അടുത്തുള്ള അമ്പലത്തിൽ പോകാനായി തീരുമാനിച്ചു.....

അച്ഛനമ്മമാർ പറഞ്ഞ കാര്യം മനസ്സിൽ കിടക്കുന്നതുകൊണ്ടാകണം ദേവു അനിക്കും അനി ദേവൂനും അധികം മുഖം കൊടുക്കാതെയാണ് തലേന്ന് കഴിച്ചു കൂട്ടിയത്....

രാവിലെ തന്നെ അനി ഒരു ലൈറ്റ് യെല്ലോ ഷർട്ടും അതിനു മാച്ച് ആയാ കരയുള്ള വെള്ളമുണ്ടും ധരിച്ചു പുറത്തേക്കു ഇറങ്ങി....

അനി ദേവൂനെ കാത്തു കുറച്ചു നേരം സീറ്റ് ഔട്ടിൽ നിന്നു....

""മോൻ ഇതുവരെ പോയില്ലേ??.... ""

സിറ്റൗട്ടിൽ നിൽക്കുന്ന അനിയെ കണ്ടപ്പോൾ വാസുമാമ്മൻ അനിയോട് ചോദിച്ചു....

""ദേവു റെഡി ആവുന്നോള്ളൂ.... മാമ... ""

അനി അതു പറഞ്ഞപ്പോഴേക്കും അകത്തുനിന്നും സെറ്റുസാരിയുടെ വശ്യമനോഹാരിതയുമായി ഒരു മാലാഖയെ പോലെ അവൾ കടന്നു വന്നു ....

ആദ്യമായി ദേവു സാരി ഉടുതുകണ്ടപ്പോൾ അനി ഒരു നിമിഷം നിഛലം ആയി...

""ഇതെന്താ നീ സാരിയിൽ ""എന്ന് ചോദിക്കാൻ അനി കരുതിയെങ്കിലും... എന്തോ ഒന്ന് അവനെ അതിൽ നിന്നും പിന്തിരിപ്പിച്ചു ...

എന്തോ അനിക്ക് അവളുടെ മിഴികളിലേക്ക് നോക്കാനേ സാധിച്ചില്ല .... ഇത്രയും നാൾ ഇല്ലാത്തൊരു ആന്തൽ അവന്റെ ഉള്ളിൽ ....."""" എന്താ അനി എന്താ തനിക്കു പറ്റിയെ ""അനിയുടെ മനസ്സ് അനിയോട് ചോദിച്ചു.....

""ഹേയ് അച്ഛനമ്മമാർ പറഞ്ഞകാര്യം മനസ്സിൽ കിടക്കുന്നതുകൊണ്ടാകും അവളെ കാണുമ്പോൾ ഒരു മനപ്രയാസം ഒക്കെ തനിക്കു തോന്നുന്നത് """"""ഉം ആയിരിക്കും """

"അവൾക്കു ഒരിക്കലും അച്ഛനമ്മമാർ പറഞ്ഞ രീതിയിൽ തന്നെ കാണാൻ സാധിക്കില്ല പിന്നെ തനിക്കും അവളെ അങ്ങനെ കാണാൻ സാധിക്കില്ല ... പക്ഷെ ഈ യാത്ര അനിവാര്യമാണ് അച്ഛനമ്മമാരെ ബോധിപ്പിക്കാൻ അവർ ഒരു ആഗ്രഹം പറഞ്ഞിട്ട് ശ്രമിച്ചില്ല എന്ന് അറിയിക്കാൻ.....

""എന്നാ പോയിട്ട് വരു മക്കളെ ""എന്ന വാസുമാമന്റെ ശബ്ദമാണ് അനിയെ ചിന്തകളിൽ നിന്നും തിരികെ കൊണ്ടുവന്നത്...

അനി നോക്കുമ്പോൾ അനിയുടെ അടുത്തായി അനിയുടെ വിളിക്കായി കാതോർത്തു തലകുമ്പിട്ടു നിൽക്കുന്ന ദേവൂനെ ആണ് കണ്ടത് .....

"""പോകാം ""

എന്ന് പറഞ്ഞു അനി കാറിന്റെ അടുത്തേക്ക് നടന്നു ... പുറകെ അനിയെ അനുഗമിച്ചുകൊണ്ട് അവളും....

വീട്ടിൽ നിന്നും ക്ഷേത്ര നട എത്തുന്നത് വരെ അവർ തമ്മിൽ ഒന്നും സംസാരിച്ചില്ല .... ഇത്രയും നാളില്ലാത്ത മൗനം അവരുടെ ഇടയിൽ ....

ക്ഷേത്ര ദർശനം കഴിഞ്ഞു "അമ്പലകുളത്തിന്റെ അടുത്തേക്ക് ""അനി പോകാം എന്ന് പറഞ്ഞപ്പോൾ അനിയുടെ പുറകെ അവളും നടന്നു....

""വെള്ള ആമ്പൽ പൂക്കളാൽ സമൃതമായ ആ കുളത്തിന്റെ കല്പടവിൽ

അവരിരുവരും ഇരുന്നു.... ""

""ദേവു.... ""

കുറച്ചു സമയത്തെ മൗനത്തിന് വിരാമം ഇട്ടുകൊണ്ട് അനി അവളെ വിളിച്ചു.... അതിനു ""മ്മ്.... ""എന്ന മൂളലിലൂടെ അവൾ അവന്റെ വിളികേട്ടതായി അവനെ അറിയിച്ചു...

""ദേവു നീ അറിഞ്ഞില്ലേ.... വീട്ടിൽ നമ്മൾ തമ്മിലുള്ള കല്യാണക്കാര്യം ആലോചിക്കുന്നത്..... ""

""ഉം.... ""

അവളുടെ നേർത്ത ഒരു മൂളൽ ....

""ഇവർക്ക് ഒക്കെ എന്താ പറ്റിയെ എന്ന് എനിക്ക് മനസിലാകുന്നില്ല ദേവു.... നമ്മളെ തമ്മിൽ അങ്ങനെ ഒക്കെ കാണാൻ അവർക്ക് എങ്ങനെ സാധിച്ചു എന്നും.... ""

""മ്മ്... ""

അതിനും അവൾ മൂളി...

""നിന്റെ മനപ്രയാസം എനിക്ക് മനസിലാകും ദേവു.... നിനക്ക് ഒരിക്കലും എന്നെ അങ്ങനെ കാണാൻ സാധിക്കില്ല എന്നും എനിക്കറിയാം ..... ഞാനും ഇതു ഒരിക്കലും പ്രതിഷിച്ചിട്ടുണ്ടായിരുന്നില്ല..... എനിക്ക് നീയും ലെച്ചുവും ഒരുപോലെ അല്ലെ ..... """

അതിനു മറുപടി ഒന്നും അവളിൽ നിന്നും ഉണ്ടായില്ല അവൾ വെറെതോ ലോകത്താണെന്നു അനിക്ക് തോന്നി.....

""ദേവു നമ്മുക്ക് നമ്മുടെ അച്ഛനമ്മമാരെ ധിക്കരിക്കാൻ സാധിക്കില്ല അവരുടെ ഈ ആഗ്രഹം സാധിച്ചു കൊടുക്കാനും സാധിക്കില്ല ..... അതുകൊണ്ട് നമുക്ക് രണ്ടുപേർക്കും ഒരുമിച്ചു ഇതിനു താല്പര്യം ഇല്ല എന്ന് പറയാം അപ്പോ അവർ ഇതിൽ നിന്നും പിന്മാറും ...... ""

അനി അതു പറഞ്ഞിട്ടും അവൾ ഒന്നും മിണ്ടിയില്ല....

""ദേവു...  ""

എന്ന് വിളിച്ചുകൊണ്ടു അവൻ അവളുടെ തോളിൽ തട്ടിയപ്പോൾ അവൾ ""എന്താ അനിയേട്ടാ """
എന്നൊരു ഞെട്ടലോടെ പറഞ്ഞു.....

""ആഹാ നീ ഇതു എന്ത് ആലോചിച്ചോണ്ട് ഇരിക്കുകയാ.... ഞാൻ പറഞ്ഞത് വല്ലതും കെട്ടായിരുന്നുവോ ??"""

""ഉം...  ""

അവൾ പതിയെ തലകുലുക്കി....

""അപ്പോ നമ്മുക്ക് അങ്ങനെ ചെയ്യാം.... നമുക്ക് ഇതിൽ താല്പര്യം ഇല്ല എന്നു അവരെ അറിയിക്കാം .... """

""ഉം..."""

അവൾ നേർത്ത ശബ്ദത്തിൽ മൂളി...

""എന്നാ വാ നമുക്ക് പോകാം... """

അതും പറഞ്ഞു അവർ അവിടെ നിന്നും ഇറങ്ങി ....

വീട്ടിൽ എത്തി അനി തന്നെ വീട്ടുകാരെ അറിയിച്ചു.... ""അവർക്കു രണ്ടുപേർക്കും താല്പര്യം ഇല്ല എന്ന്... ""അതു കേട്ടപ്പോൾ എല്ലാവരുടെയും മുഖത്തു നിരാശ നിഴലിച്ചു അനി അതു കാര്യം ആക്കിയില്ല.....

അന്ന് വൈകിട്ടു ദേവു തിരിച്ചു ഹോസ്റ്റലിലേക്കും പോയി.....

പിന്നിടുള്ള രണ്ടുമൂന്നു ദിവസങ്ങൾ വലിയ കുഴപ്പങ്ങൾ ഇല്ലാതെ അനിയുടെ ജീവിതം കടന്നുപോയി.....

പെട്ടന്ന് ആണ് അനിക്ക് സെബിയുടെ എമർജൻസി കാൾ വരുന്നത് എത്രയും പെട്ടന്നു തിരിച്ചു ചെല്ലാൻ പറഞ്ഞുകൊണ്ട് ...... പുതിയ കഫെയുടെ പേപ്പർവർക്കിന് അനിയുടെ സാനിധ്യവും ആവിശ്യമാണെന്ന് പറഞ്ഞുകൊണ്ട്......

അനി വേഗം തന്നെ ഫ്ലൈറ്റ് ടിക്കറ്റ് ഒക്കെ ബുക്ക് ചെയ്തു ... പോകുന്ന കാര്യം എല്ലാവരെയും അറിയിച്ചു.....

അന്നൊരു വ്യാഴാഴ്ചയായിരുന്നു...

അന്ന് വൈകിട്ടത്തേക്ക് ആയിരുന്നു ഫ്ലൈറ്റ് ....

അനി ഉച്ചയൂണ് ഒക്കെ കഴിഞ്ഞു ഇരിക്കുമ്പോൾ ആണ്....

ദേവു ആ വീട്ടിലേക്ക് കടന്നു വരുന്നത്.....

""ആ നീ വന്നോ... """

അനി ദേവൂനെ കണ്ടമാത്രയിൽ ചോദിച്ചു....

""ഉം.... """

""ഞാൻ വിളിച്ചപ്പോൾ നീ വരില്ല എന്നാണല്ലോ പറഞ്ഞത് എന്നിട്ട് എന്തുപറ്റി..... """

അതിനവൾ മറുപടി ഒന്നും പറഞ്ഞില്ല""മുഖത്തു ചെറിയൊരു ചിരി വിടർത്തികൊണ്ട് അവൾ അകത്തേ റൂമിലേക്ക് കടന്നു """.... അന്ന് ഊട്ടിയിൽ പോകാൻ വന്നപ്പോപ്പോൾ ഉണ്ടായിരുന്ന അതെ അവസ്ഥ തന്നെ അവൾക്കു ഇപ്പോഴും.....

""ഇതെന്താ ഇവൾക്ക് പറ്റിയെ... """

അനിയുടെ മനസ്സ് മന്ത്രിച്ചു....

""ഹോസ്റ്റലിൽ പോയി തിരിച്ചുവരുമ്പോൾ ആണല്ലോ ഈ മാറ്റം .... """

അനി ചിന്തിച്ചു.....

പിന്നിട് അനി യാത്രക്ക് ഉള്ള ഒരുക്കങ്ങൾ ഒക്കെ പെട്ടന്ന് തന്നെ തീർത്തിട്ട് എല്ലാവരോടും യാത്രപറഞ്ഞു ഇറങ്ങി......

""ഹേയ് ഒരു കാര്യം മറന്നു.... """

കാറിൽ കയറാൻ തുടങ്ങവേ അനി പറഞ്ഞു ....

കാറിൽ കയറാതെ നിൽക്കുന്ന അനിയെ എല്ലാവരും നോക്കി ...

അനിയുടെ മിഴികൾ ചുറ്റുമുള്ളവരിൽ പതിച്ചു അവൻ ഒരാളെ മാത്രം ആ കൂട്ടത്തിൽ കണ്ടില്ല.....

""ദേവു എവിടെ.... """

അപ്പോഴാണ് എല്ലാവരും അവളെ പറ്റി ചിന്തിക്കുന്നത്.....

""അവൾ എവിടെ എന്ന"" എക്സ്പ്രെഷനിൽ എല്ലാവരും ചുറ്റും നോക്കി....

""ചേച്ചി തലവേദന എന്ന് പറഞ്ഞു റൂമിൽ ഇരിക്കുന്നുണ്ടായിരുന്നു.... """

ലെച്ചു പറഞ്ഞത് കേട്ടപ്പോൾ ...

"""ഞാനിപ്പോ വരാം... "" എന്ന് പറഞ്ഞു അനി വീട്ടിലേക്ക് തിരിച്ചു കയറി........

അനി വേഗം അവളുടെ റൂമിലേക്ക് ചെന്നു.....

പക്ഷെ അവളെ അനിക്ക് അവിടെ കണ്ടെത്താൻ ആയില്ല....

""അവളെവിടെ പോയി... ""

ആ വീടുമൊത്തം നൊക്കിയിട്ടു അനി അവളെ കണ്ടില്ല....

അവസാനം അടുക്കള ഭാഗത്തെ ജനലിൽ കൂടി അപ്പുറത്തെ ചെറിയ വിറകുപുറയുടെ മുകളിലേക്കുള്ള ഗോവണിയിൽ തലകുമ്പിട്ടിരിക്കുന്ന ദേവൂന്റെ രൂപം അനിയുടെ മിഴികളിൽ പതിഞ്ഞു... """

അനി അടുക്കള വാതിൽ വഴി അവളിരിക്കുന്നിടത്ത്തിലേക്ക് ചെന്നു.....

""ഇതെന്താ ദേവു ഇവിടെ ഇരിക്കുന്നേ.... """

അനിയുടെ ശബ്ദതരംഗങ്ങൾ അവളുടെ കാതിൽ പതിച്ചപ്പോൾ അവൾ തലയുയർത്തി അനിയെ നോക്കി....

ഒരു പാവാടയും ഷർട്ടും ആയിരുന്നു അവളുടെ വേഷം....

""ഇതെന്താ ദേവു.... """

അവളുടെ കലങ്ങി മറിഞ്ഞ മിഴികളും വാടിത്തളർന്ന മുഖവും കണ്ടപ്പോൾ അനി ചോദിച്ചു....

""നിനക്ക് എന്തുപറ്റിയെടി.... ""

""അനിയേട്ടൻ പോയില്ലേ..... """

അവൾ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു...

""ഞാൻ പോണതും വരുന്നതും അവിടെ നിൽക്കട്ടെ.... എന്താ ഇതിന്റെയൊക്കെ അർത്ഥം ... നിനക്ക് എന്താ പറ്റിയെ....നീയെന്താ എന്നെ യാത്രയാക്കാൻ വരാഞ്ഞേ... """

അനി അവളുടെ മുന്നിൽ കുനിഞ്ഞു അവളുടെ മുഖം പിടിച്ചുയർത്തി കൊണ്ടു ചോദിച്ചു....

""അതു .... അനിയേട്ടാ ...ചെറിയൊരു തലവേദന.... """

""ഉം.... ചെറിയ തലവേദനക്കു ആണോ കണ്ണുകൾ ഒക്കെ ഇങ്ങനെ ഇരിക്കുന്നേ.... """

""അതുപിന്നെ.... """

അവൾ അത്രേം പറഞ്ഞു നിർത്തി....

""നിനക്ക് എന്താ പറ്റിയെ ദേവു.... ഹോസ്റ്റലിൽ നിന്നു വന്നപ്പോൾ മുതൽ ഞാൻ ശ്രദ്ധിക്കുന്നതാ.... എന്തോ നിനക്ക് പറ്റിയിട്ടുണ്ട്.... """

""ഒന്നുമില്ല അനിയേട്ടാ.... """

""ഇതിനു മുൻപും ഞാൻ നിന്നോട് ചോദിച്ചപ്പോൾ നീ ഒഴിഞ്ഞു മാറി ഇനിയും

നീ ഒഴിഞ്ഞു മാറാൻ നോക്കുകയാണോ.... """

""ഇല്ല അനിയേട്ടാ എനിക്കൊന്നും ഇല്ല ... ഇതു ആ തലവേദനയുടെയാ ഇടക്ക് ഉണ്ടാവാറുള്ളതാ..... """

""നീ വീണ്ടും എന്നെ സമാധാനിപ്പിക്കാൻ ഓരോരോ കള്ളങ്ങൾ പറയുന്നു...."""

""ഇല്ല അനിയേട്ടാ... ഞാൻ സത്യമാ പറഞ്ഞെ..... """

""ഉം ശെരി ഞാൻ നിന്നെ വിശ്വസിക്കുന്നു... പക്ഷെ ഞാൻ നിന്നെ മുഴുവനും ആയി വിശ്വസിച്ചിട്ടില്ല ,...നിനക്ക് എന്നോട് പറയാൻ ബുദ്ധിമുട്ട് ഉള്ള കാര്യമായിരിക്കും അതു.... അതായിരിക്കും നീ പറയാത്തത് എന്നും ഞാൻ കരുതുന്നു........ ഇനി ഒരു തവണ കൂടി നിന്നെ ഈ കോലത്തിൽ കണ്ടാൽ എന്റെ പെരുമാറ്റം ഇതായിരിക്കില്ല ..... """"

അനി ഇത്തിരി കടുത്ത സ്വരത്തിൽ പറഞ്ഞു....

""മ്മ് ""

അതിനൊരു മൂളൽ അവളിൽ നിന്നും വന്നു...

"""എന്നാ നീ എഴുന്നേറ്റേ... """

അതും പറഞ്ഞു അവൻ അവളുടെ തോളിൽ പിടിച്ചു അവളെ ഉയർത്തി....

"""ഇന്നാ ദേവു """

അനി അതും പറഞ്ഞു അവളുടെ കൈകളിലേക്ക് ഒരു ഫോൺ വെച്ചു കൊടുത്തു....

""അതെ ഇത് ഞാൻ ഉപയോഗിച്ചിരുന്നതാ ഇത്തിരി പഴയതാ.... കുറച്ചു നാൾ ഇതുവെച്ചു അഡ്ജസ്റ്റ് ചെയ്യു.....ഞാൻ അവിടെ ചെന്നിട്ടു പുതിയത് ഒരെണ്ണം കൊടുത്തു അയക്കാം..... ഇനി നിന്റെ അമ്മക്ക് മോൾടെ ശംബ്ദം കേൾക്കാതെ ഉറങ്ങാൻ പറ്റിയില്ല എന്ന് കേൾക്കരുത്..... """

അവൻ കൊടുത്ത ഫോൺ കണ്ണീരിൽ കുതിർന്ന ചെറു പുഞ്ചിരിയോടെ സ്വീകരിച്ചു....

""എന്നാ പിന്നെ ഞാൻ ഇറങ്ങട്ടെ ദേവൂ.... ""

""ഉം... """

അവളിൽ നിന്നും നേർത്ത ഒരു മൂളൽ കേട്ടു....

""പിന്നെ എന്തെങ്കിലും വിഷമം ഉണ്ടെങ്കിൽ ആരെങ്കിലിനോട് തുറന്നു പറയണം .... വെറുതെ അച്ഛനെയും അമ്മയെയും വിഷമിപ്പിക്കരുത്..... പിന്നെ ഇനിയും ഈ കണ്ണുകൾ ഇറാനായി കാണാൻ ഇടയാകരുത്..... """

അവളുടെ മുഖത്ത് ഒഴുകിയിറങ്ങിക്കുന്ന കണ്ണീർ തുളികൾ തുടച്ചു മാറ്റി കൊണ്ടു അനി പറഞ്ഞു....

""അപ്പോ ശെരി... അടുത്ത വരവിനു പാക്കലാം ..... """

അനി അതു പറഞ്ഞു തിരിയാൻ തുടങ്ങിയതും.... ഒരു പൊട്ടിക്കരച്ചിലോടോ ദേവു അനിയെ വട്ടം കെട്ടിപിടിച്ചു...

അനി അതിൽ ഒന്നും മനസിലാകാതെ സ്തംഭനായി നിന്നു.....

ദേവു അനിയെ മുറുക്കെ പുണർന്നു കൊണ്ടു അനിയുടെ നെഞ്ചിൽ മുഖം അമർത്തി തേങ്ങി കൊണ്ടിരുന്നു....

അവളുടെ മനസ്സിൽ എന്തോ വലിയൊരു മനപ്രയാസം കിടക്കുന്നുണ്ട് അതു ഇങ്ങനെ കരഞ്ഞു തീരുന്നു എങ്കിൽ തീരട്ടെ എന്ന് അനി കരുതി.....

""ദേവു ... മോളെ ... എന്താ നിനക്ക് പറ്റിയെ .... ഈ ഏട്ടനോട് പറ ""

അവളുടെ പുറത്തു തലോടി അവളെ സമാധാനിപ്പിച്ചുകൊണ്ട് അനി പറഞ്ഞു....

അതോടെ അവളുടെ തേങ്ങലിൽ കുറച്ചു കുറവ് വന്നു....

""എന്താ എന്റെ ദേവൂട്ടി ക്ക് പറ്റിയത് ""

അവളുടെ മുഖം അവന്റെ നെഞ്ചിൽ നിന്നും അടർത്തി മാറ്റി കൊണ്ടു അവൻ ചോദിച്ചു....

""ഇല്ല.... ഇനിയും എന്റെ അനിയേട്ടനെ.... വഞ്ചിക്കാൻ..... അല്ല.... എന്നെ

വഞ്ചിക്കാൻ ... എനിക്ക് ആവില്ല .... ഇനിയും കള്ളങ്ങൾ അനിയേട്ടന്റെ മുന്നിൽ അവതരിപ്പിക്കാൻ എനിക്കാവില്ല ..... ""

അവൾ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു.....

"""ദേവു നിന്റെ വിഷമം എന്താണെങ്കിലും എന്നോടാ പറ.. എന്നൊക്കൊണ്ട് പരിഹരിക്കാൻ പറ്റുന്നതാണെങ്കിൽ നമ്മുക്ക് പരിഹരിക്കാം..... """"

ഒന്നിലെങ്കിൽ പ്രേമം അല്ലെങ്കിൽ വേറെ വല്ല ഇഷ്യുസ്... അങ്ങനെ എന്തോ അവൾക്കു കാര്യമായി സംഭവിച്ചുണ്ടെന്നു മനസിലായ അനി അവളോട് പറഞ്ഞു ....

"'ശെരിയാ എനിക്ക് എല്ലാം പറയണം എന്റെ അനിയേട്ടനോട്... ഇനിയും വെച്ചു താമസിക്കാൻ പാടില്ല .... ഇനിയും ഞാൻ അതു ഏട്ടനോട് പറയാതിരുന്നാൽ ഈ ജീവിതത്തിൽ ഞാൻ എന്നോട് തന്നെ ചെയ്യുന്ന ഏറ്റവും വലിയ തെറ്റായിരിക്കും..... """

ദേവു പറഞ്ഞു നിർത്തി....

അനി അവളുടെ മിഴികളിൽ തന്നെ നോക്കി നിന്നു... അവൾക്കു പറയാനുള്ള ആത്മവിശ്വാസം കൊടുത്തുകൊണ്ട്....

""അനിയേട്ടൻ പറഞ്ഞിട്ടില്ലേ എന്നെയും ലെച്ചുവിനെയും ഒരുപോലെയാ കാണുന്നേ എന്ന് ..... എന്നെ ഒരു അനിയത്തിയായിട്ടാണ് കാണുന്നത് എന്ന്.... """

""മ്മ്.... """

""എന്നാൽ ഏട്ടാ... ഞാൻ ഏട്ടനെ എന്റെ ആങ്ങളയായി കണ്ടിട്ടില്ല.... കാണുവാൻ എനിക്ക് സാധിക്കുകയും ഇല്ല... """

ദേവു അതു പറഞ്ഞപ്പോൾ അനി എന്താണെന്നു മനസിലാകാതെ അവളെ നോക്കി .....

""അതെ ഏട്ടാ ..... ഈ ജീവിതയാത്രയിൽ .... ഏട്ടനോടൊപ്പം ഏട്ടന്റെ തണലിന്റെ കീഴിൽ .... ഏട്ടന്റെ സുഖദുഃഖങ്ങളിൽ പങ്കുചേർന്നു... ഏട്ടന്റെ കൂടെ ഏട്ടന്റെ ജീവിതസഖിയായി ഈ ജീവിതകാലം മുഴുവൻ കഴിയാൻ ആഗ്രഹിക്കുന്ന എനിക്ക്

എങ്ങനെയാ ഏട്ടാ.... ഏട്ടനെ എന്റെ ആങ്ങള ആയി കാണാൻ സാധിക്കുന്നേ??...... എനിക്കെന്നല്ല ഏതൊരു പെണ്ണിനും അതു സാധിക്കില്ല ..... """

അതു കേട്ടപ്പോൾ അനി ഞെട്ടി കൊണ്ടു പുറകോട്ടു നീങ്ങി.... ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു കാര്യം കേട്ടത് പോലെ.....

""ഹേയ്.... എന്താ... എന്താ.. ദേവു... പറഞ്ഞത്..... """

അനി യുടെ വാക്കുകൾ ഇടറി...

""അതെ ഏട്ടാ .... ഞാൻ പറഞ്ഞത് സത്യമാ ...... ഈ ദേവു.... ദേവൂന്റെ ജീവനേക്കാൾ ഏറെ ഈ ഏട്ടനെ സ്നേഹിക്കുന്നു...... ""

ദേവു അതും പറഞ്ഞു അനിയുടെ നെഞ്ചിലേക്ക് ചാരി അനിയെ കെട്ടിപിടിച്ചു....

""ഹേയ് എന്താ ദേവു മോളെ.... നീയിത് എന്തൊക്കെയാ പറയുന്നെ... നമ്മൾ തമ്മിൽ അങ്ങനെ ഒക്കെ.... """

അവളെ നെഞ്ചിൽ നിന്നും അടർത്തിമാറ്റിക്കൊണ്ട് അനി ചോദിച്ചു....

""എനിക്ക് അറിയില്ല ഏട്ടാ.... ചെറുപ്പത്തിൽ മനസ്സിൽ തോന്നിയൊരു ഇഷ്ടം ഞാൻ അറിയാതെ തന്നെ എന്റെ മനസ്സിൽ വളർന്നു പന്തലിച്ചു ..... ഓരോ തവണ ഏട്ടനെ കാണുമ്പോഴും ഏട്ടന്റെ സാനിധ്യം അറിയുമ്പോഴും അതു നൂറിരട്ടിയായി വർധിച്ചിട്ടേയൊള്ളു..... ഏട്ടനോട് എന്റെ ഇഷ്ടം തുറന്നു പറയാനായി ഞാൻ ഒരുപാട് വട്ടം ശ്രമിച്ചതാ ..... പക്ഷെ എന്തുകൊണ്ടോ എനിക്ക് അതിനു സാധിച്ചില്ല..... ഏട്ടൻ ഏത് രീതിയിൽ എടുക്കും?? .... ഒരു പ്രണയിനിയെ നഷ്ടപെട്ട ഏട്ടന് എന്നെ ഇഷ്ടമാവുമോ??.... അങ്ങെനെയുള്ള കുറെ ഏറെ ചിന്തകൾഎന്നെ അതിൽ നിന്നുംമെല്ലാം പിൻവലിച്ചു ..... അവസാനം എന്തുവരട്ടെ ഏട്ടന് എന്നെ ഇഷ്ടമായാലും ഇല്ലെങ്കിലും ഏട്ടനോട് എന്റെ ഇഷ്ടം തുറന്നു പറയണം എന്ന് കരുതിയിരിക്കുമ്പോഴാണ് ഞാൻ അറിയുന്നത് ഏട്ടന്റെ വിവാഹം ഉറപ്പിച്ചകാര്യം..... അതോടെ ഞാൻ ആകെ തകർന്നുപോയി..... ഏട്ടൻ വേറൊരാളുടെ കഴുത്തിൽ താലികെട്ടുന്നത് കാണാൻ എനിക്ക് ത്രാണി ഇല്ലാത്തത് കൊണ്ടു ഓരോരോ കള്ളങ്ങൾ പറഞ്ഞു എൻഗേജ്മെന്റിൽ നിന്നും വിവാഹദിനത്തിൽ നിന്നും ഞാൻ ഒഴിഞ്ഞു മാറി....അവസാനം ഏട്ടന്റെ വിവാഹം മുടങ്ങിയപ്പോൾ ഒരു തവണ കൂടി ഏട്ടനെ കിട്ടാനുള്ള അവസരം എനിക്ക് കിട്ടി എന്ന് അറിഞ്ഞപ്പോഴും എനിക്ക് സന്തോഷിക്കാനുള്ള വക ആയിട്ട് കൂടി ഞാൻ സന്തോഷിച്ചില്ല .... സന്തോഷത്തേക്കാൾ ഏറെ എന്നെ ദുഃഖം ആണ് ബാധിച്ചത് ഏട്ടന്റെ മനസ് വേദനിച്ചു കാണുമല്ലോ എന്നോർത്ത്....ഏട്ടനെ ആ അവസ്ഥയിൽ കാണാൻ സാധിക്കാഞ്ഞിട്ടും..... ഞാൻ അന്ന് രാവിലെ ഏട്ടന്റെ വീട്ടിലേക്ക് പുറപ്പെട്ടു ഏട്ടന്റെ തകർച്ച കണ്ടു ആസ്വദിക്കാനല്ല ഏട്ടന്റെ വിഷമങ്ങൾ പങ്കുവെച്ചു ഏട്ടന് ഒരു ആശ്വാസമാകാൻ... അന്ന് ഊട്ടിയിൽ

വെച്ചു ഏട്ടൻ എന്റെ വിഷമങ്ങളല്ലേ കുറിച്ചുഅന്വേഷിച്ചപ്പോൾ ഞാൻ ഏട്ടനോട് ഒന്നുമില്ല എന്നുപറഞ്ഞു ഒഴിഞ്ഞു മാറി.... പിന്നിട് നമ്മുടെ കല്യാണകാര്യം വീട്ടുകാർ തമ്മിൽ ആലോചിച്ചപ്പോൾ ഞാൻ കുറെയേറെ സന്തോഷിച്ചു.... ദൈവം എന്റെ ആഗ്രഹം സാധിച്ചു തന്നല്ലോ എന്നോർത്ത് പക്ഷെ ക്ഷേത്രകുളത്തിനടുത് വെച്ചു ""ലെച്ചുവിനെ പോലെയാണ് എന്നേം കാണുന്നത് ""എന്ന ഏട്ടന്റെ വാക്കുകൾ എന്നെ തകർത്തു അന്ന് എനിക്ക് എന്താ പറയേണ്ടത് എന്ന് അറിയാതെ ഞാൻ ഏട്ടൻ പറഞ്ഞതിനെല്ലാം മൂളികേട്ടു.... പിന്നിട് ഞാൻ ആകെ വിഷമത്തിലായിരുന്നു... അങ്ങനെ ഇരിക്കുമ്പോൾ ആണ് ഏട്ടൻ തിരിച്ചു പോകുക ആണെന്നുള്ള വാർത്ത കേൾക്കുന്നത് ആദ്യം വരണ്ട ഏട്ടനെ കാണണ്ട എന്നൊക്കെ കരുതി പക്ഷെ എനിക്ക് ഈ മുഖം കാണാതിരിക്കാൻ സാധിക്കില്ല......അങ്ങനെ ഇവിടെ വന്നപ്പോൾ ഏട്ടൻ തിരിച്ചു പോകുകയാണെന്നുള്ള ദുഃഖം എന്നെ വേട്ടയാടി എന്നെ ഇവിടെ കൊണ്ടെത്തിച്ചു .....
""

ദേവു പറഞ്ഞു നിർത്തി....

എല്ലാം കേട്ടുകഴിഞ്ഞ അനി എന്ത് പറയണം എന്തുചെയ്യണം എന്ന് അറിയാതെ കുഴഞ്ഞു.....

""ഏട്ടാ..... ഏട്ടന്റെ അവസ്ഥ എനിക്ക് മനസിലാകും ... ഏട്ടന് ഇതു ഉൾകൊള്ളാൻ സാധിക്കില്ല എന്നും .... പക്ഷെ എന്നോട് ഏട്ടൻ മറക്കാൻ മാത്രം പറയരുത്... അത്രക്കും മനസ്സിൽ ഉറച്ചുപോയി ഈ രൂപം .... ഇനി ആ സ്ഥാനത്തു വേറൊരാളെ കാണാൻ എന്നെക്കൊണ്ടാവില്ല...... """"

കണ്ണീരിൽ കുതിർന്ന ദേവൂന്റെ വാക്കുകൾ ക്ക് എന്ത് മറുപടി പറയും എന്ന് അറിയാതെ അനി പകച്ചു നിന്നു.....

""ദേവു ..... നിന്റെ സ്നേഹം ഞാൻ മനസിലാക്കുന്നു.... പക്ഷെ?? ....എനിക്ക് അറിയില്ല നിന്നോട് എന്ത് പറയണം എന്ന് നിന്നെ എനിക്ക് അങ്ങനെ കാണാൻ സാധിക്കുമോ....നീ കരുതുന്നപോലെ എനിക്ക് നിന്നെ സ്നേഹിക്കാൻ കഴിയുമോ എന്നൊനും എനിക്കറിയില്ല..ഞാൻ എന്താ ചെയേണ്ടത് പോലും എനിക്കറിയില്ല ഒന്ന് മാത്രം എനിക്കറിയാം നീ എന്നെ ജീവനു തുല്യം സ്നേഹിക്കുന്നുണ്ടെന്നു.....പക്ഷെ എനിക്ക് അതു ഉൾകൊള്ളാൻ കുറച്ചു സമയം വേണം...... """

അനി പറഞ്ഞു നിർത്തി......

""മതിയേട്ടാ .... എനിക്ക് ഇതു മതി ..... ഏട്ടന് വേണ്ടി ഈ ജീവിതകാലം മുഴുവൻ കാത്തിരിക്കാൻ ഈ ദേവു ഒരുക്കമാ......."""

നിറഞ്ഞ മിഴികളാൽ നിൽക്കുന്ന അവൾ ചെറു പുഞ്ചിരിയോടെ പറഞ്ഞു....

അനിക്ക് പിന്നെ അവിടെ അധികം നേരം നിൽക്കാൻ സാധിച്ചില്ല....

ദേവൂന്റെ മിഴികളിൽ നിറഞ്ഞു നിൽക്കുന്ന പ്രണയം നേരിടാനാകാതെ ""പോയിട്ട് വരാം ""
എന്ന് മാത്രം പറഞ്ഞുകൊണ്ട് അനി അവിടെനിന്നും തിരിഞ്ഞു നടന്നു .....

ആരോടും യാത്ര പറയാൻ പോലും സാധിക്കാത്ത മനസുമായി അനി ആ കാറിൽ കയറി.... കാർ അനിയെം വഹിച്ചു എയർപോർട്ടിൽ എത്തി ..... എയർപോർട്ടിൽ നിന്നും ഫ്ലൈറ്റ് കയറി നേരെ ദുബായിക്ക്..... എല്ലാം യാന്ത്രികമായി നടന്നു ..... ആ യാത്രയിൽ ഉടനീളം അനി ദേവു പറഞ്ഞകാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു...... അന്നേരത്ത് അവളോട് കുറച്ചു ടൈം ചോദിച്ചുവെങ്കിലും അനിക്ക് ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞിരുന്നില്ല .....

എയർപോർട്ടിൽ നിന്നും അനി സെബിയുടെ കൂടെ കാറിൽ നേരെ അനിയുടെ റൂമിലേക്ക് .... അനിയുടെ മൂഡ്ഓഫ് കണ്ടത്തൊണ്ട് സെബി അധികം അവനോട് ചികഞ്ഞു ചോദിക്കാതെ അവനെ റൂമിലാക്കി തിരിച്ചു പോയി....

പിറ്റേന്ന് മുതൽ അനി ബിസിനസും മറ്റും നോക്കുന്നതിന്റെ തിരക്കിൽ ആയിരുന്നു....പുതിയ കടയുടെ ഉൽഘാടനവും മറ്റുമായി അങ്ങനെ രണ്ടുമാസത്തോളം കടന്നുപോയി....

""ഡാ നമ്മുക്കൊന്ന് പുറത്തു പോയല്ലോ..... """

അനി ഓഫീസ് മുറിയിൽ ഇരിക്കുമ്പോൾ സെബി അവനോട് ചോദിച്ചു....

എല്ലാ ഷോപ്പുകളുടെയും കണക്കുകളും മറ്റും നോക്കാനായി ഒരു ചെറിയ ഓഫീസ് മുറി അനിക്കും സെബിനുമായി ഉണ്ട്...

""ഞാനില്ലെടാ ... നീ പോയിട്ട് വാ... ""

അനി താല്പര്യം ഇല്ലാത്ത മട്ടിൽ പറഞ്ഞു....

""ഒറ്റക്ക് പോകാനാണെങ്കിൽ നിന്നെ വിളിക്കേണ്ട കാര്യം ഉണ്ടോ.... ഇതു നിനക്കും കൂടി വേണ്ടിയുള്ള യാത്രയാണ്....""

""എനിക്ക് വേണ്ടിയോ??? ""

""ആ അതെ.... എത്രനാളെന്നു വെച്ചാ നി ഇങ്ങനെ ഒതുങ്ങി കൂടി ഇരിക്കാൻ പോണേ ..... ഈ തവണ വന്നത് മുതൽ ഞാൻ ശ്രദ്ധിക്കുന്നതാ നിന്നെ .... പഴയ ഒരു ഉഷാർ നിനക്ക് ഇല്ല .... ബിസിനസിൽ അധികം ശ്രദ്ധയില്ല.... അധികം ആരോടും വർത്തമാനം ഇല്ല ... എന്തോ നീ ആകെ മാറിയിരിക്കുന്നു....പിന്നെ നിന്റെ അമ്മ

ഇന്നലെ എന്നെ വിളിച്ചിരുന്നു .... നി ഇപ്പോ അധികം നാട്ടിലേക്കു വിളിക്കാറില്ല എന്ന് പറഞ്ഞു...... എന്താടാ നിനക്ക് പറ്റിയെ....?? ""

""ഹേയ് എനിക്ക് ഒന്നുമില്ലെടാ... """

""അങ്ങനെ പറഞ്ഞു ഒഴിഞ്ഞു മാറാൻ നോക്കേണ്ട... നിന്റെ മനസിനെ അലട്ടുന്ന എന്തോ പ്രശ്നം നിൻറെ ഉള്ളിൽ ഉണ്ട്.... ""
ഞാൻ കുറച്ചു നാളായി വിചാരിക്കുന്നു ഇതിനെ കുറിച്ചു ചോദിക്കണം എന്നു. ... പക്ഷെ ഷോപ്പിന്റെ പ്രശ്നങ്ങൾ തിരക്ക് ഒക്കെ ആയിരിക്കുന്നത് കൊണ്ടു ഞാൻ ചോദിച്ചില്ലനെ ഒള്ളു... പതിയെ നി പഴയ രീതിയിൽ ആകുമെന്നും ഞാൻ കരുതിയിരുന്നു .... പക്ഷെ നിനക്ക് മാറ്റം ഒന്നും കാണാതെ വന്നപ്പോൾ എനിക്ക് ഒരു കാര്യം മനസിലായി എന്തോ ഒരു വലിയ പ്രശ്നം നിന്റെ മനസിനെ അലട്ടുന്നുണ്ടെന്നു.....നിനക്ക് അതു എന്നോട് പറയാൻ പറ്റുന്നത് ആണെങ്കിൽ പറ........ """"""

"അങ്ങനെ ഒക്കെ ചോദിച്ചാൽ ..... നിന്നോട് ഞാൻ ഇതുവരെയും ഒന്നും മറച്ചുവെച്ചിട്ടില്ലല്ലോ.... """

"ഇല്ല....."""

""""നീ പറഞ്ഞത് ഒക്കെ ശെരിയാ എന്റെ മനസ്സിൽ ഒരു ഉത്തരം കിട്ടാത്ത ചോദ്യം കിടന്നുമറിയുനുണ്ട്..."""

""എന്നാ പറയെടാ ... എനെകൊണ്ട് പറ്റുന്നത് ആണെങ്കിൽ ഞാൻ പരിഹരിക്കാം.. """"""

""ഉം.. പറയാം... ""

അനി അതും പറഞ്ഞു .... നാട്ടിൽ പോയിട്ട് ഉണ്ടായ എല്ലാകാര്യങ്ങളും സെബിയോട് പറഞ്ഞു......

എല്ലാം കെട്ടുകഴിഞ്ഞപ്പോൾ....
""എടാ.... മരത്തലയാ .... ഇതിനാണോ നീ ഇങ്ങനെ വിഷമിച്ചു ഇരുന്നത്..... നിന്നെ ... ഞാൻ.... """

സെബി ചെറു ദേഷ്യത്തോടെ പറഞ്ഞു....

""എടാ അതു പിന്നെ ഒരിക്കലും പ്രതിഷിക്കാത്ത അല്ല... ഒരിക്കലും ഞാൻ ആ രീതിയിൽ കാണാത്ത ഒരാൾ വന്നു എന്നെ ജീവനു തുല്യം സ്നേഹിക്കുന്നു എന്നൊക്കെ പറഞ്ഞാൽ ...... """

"""അങ്ങനെ പറഞ്ഞാൽ നീ ആ സ്നേഹം സ്വീകരിക്കണം.... """

""നീ ഇതു എന്തൊക്കെയാ പറയുന്നേ... . ഞാൻ എങ്ങനെയാ അവളെ ആ രീതിയിൽ..... """

""അതിനെന്താ.... അവളെ ആ രീതിയിൽ കണ്ടാൽ ..... അവൾ നിന്റെ സ്വന്തം പെങ്ങളൊന്നും അല്ലല്ലോ നിന്റെ മുറപ്പെണ്ണ് അല്ലെ .... അപ്പോ പിന്നെ ആ സ്നേഹം സ്വീകരിക്കുന്നതിൽ ഒരു തെറ്റുമില്ല..... """

സെബി പറഞ്ഞു....

""അതൊക്കെ ശെരിയാ... എന്നാലും... ""

""ഒരു എന്നാലും ഇല്ല .... നീ പറഞ്ഞത് വെച്ചു നോക്കുമ്പോൾ അവളുടെ ഇഷ്ടം ജനുവിൻ ആണ് .... അപ്പോ എന്താ പ്രശ്നം....ഡാ ഈ കാലത്ത് ഇങ്ങനെ സ്നേഹിക്കുന്നവരെ കിട്ടാൻ വളരെ പാട .... ഈ ലോകത്തിൽ കുറച്ച് പേർക്കേ ഈ ഭാഗ്യം കൈവരുകയൊള്ളു അതു തട്ടിക്കളയാതെ മാറോടു ചേർത്ത് പിടിക്കാൻ നോക്കു... പിന്നെ നീ എപ്പോഴും പറയാറില്ലേ നമ്മളെ ഇഷ്ടപ്പെടുന്നവർക്ക് വേണ്ടി ജീവിക്കാൻ അവർക്ക് വേണ്ടി അവരുടെ ഇഷ്ടങ്ങൾ സാധിച്ചു കൊടുത്തു കൊണ്ടു ജീവിക്കാൻ അപ്പൊ പിന്നെ ആ കോച്ചിന്റെ ആഗ്രഹം ഒന്നും സാധിച്ചു കൊടുത്താൽ നിനക്ക് എന്താ ...""

""എടാ ... അതു പിന്നെ എനിക്ക് അറിയില്ല എന്താ ചെയേണ്ടത് എന്ന് ...... """

"അല്ല ഞാൻ ഒരു കാര്യം ചോദിക്കട്ടെ???"""

""ഉം... ചോദിക്കു""എന്ന രീതിയിൽ അനി സെബിയുടെ മുഖത്തേക്ക് നോക്കി....

""നിനക്ക് അവളെ ഇഷ്ടം ആണോ?? """

""അങ്ങനെ ചോദിച്ചാൽ....നല്ല സ്വഭാവം ... നല്ല പെരുമാറ്റം ഞങ്ങളുടെ വീട്ടിലെ

ഏറ്റവും അടക്കം ഒതുക്കം ഉള്ള കുട്ടി... എല്ലാവരുടെയും പൊന്നോമന... എല്ലാംകൊണ്ടും നല്ലൊരു സ്വഭാവ സർട്ടിഫിക്കറ്റ് ഉടമ.... അവളെ ആർക്കും ഇഷ്ടവും....അങ്ങനെ നോക്കുമ്പോൾ എനിക്ക് അവളോട് ഇഷ്ടക്കുറവ് ഒന്നുമില്ല ... """

""ഹഹ അപ്പോ നിനക്ക് ഇഷ്ടക്കുറവ് ഒന്നും ഇല്ല...""

""ഇല്ലാ ""എന്നർത്ഥത്തിൽ അനി തലയാട്ടി...

""ഓഹോ... അപ്പോ നിന്റെ പ്രശ്നം ചെറുപ്പം മുതൽ അവളെ ആ രീതിയിൽ കണ്ടില്ല എന്നുള്ളതാണ്... അതൊന്നു മാറ്റിയാൽ പോരേ .... ""

""അതെങ്ങനെ?? .... """

""അതെ ആദ്യം നീ അവളെ പെങ്ങൾ എന്ന രീതിയിൽ കാണാതെ ഫ്രണ്ട് ആയിട്ട് കണ്ടു നോക്ക്.... അതു കഴിഞ്ഞു അവളോട് നീ ചങ്ങാത്തം ഉണ്ടാക്കണം അതു പഴയ അവളുടെ ആങ്ങള എന്ന രീതിയിൽ അല്ല അവളുടെ ആത്മാർത്ഥ സുഹൃത്ത് എന്നരീതിയിൽ അങ്ങനെ നിങ്ങളുടെ സൗഹൃദം വളരണം അതോടെ നിന്റെ മനസിലെ പെങ്ങൾ എന്ന സ്ഥാനത്തുള്ള അവളുടെ ചിത്രം മാറിമറയണം .....കുറച്ചു നാൾ അങ്ങനെ പോകുമ്പോൾ നിനക്കും തോന്നിത്തുടങ്ങും വെറും ഒരു ഫ്രണ്ട് ആയിട്ട് മാത്രം അവളെ കാണാൻ സാധിക്കില്ല എന്നു .... കാരണം അവൾക്കു നിന്നോടുള്ള ഇഷ്ടവും നിനക്ക് അവളോടുള്ള ചെറിയ ഇഷ്ടവും നിന്നെ മാറ്റിമറിക്കും... അങ്ങനെ ഒരു ഘട്ടത്തിൽ നീ അവളെ പ്രൊപ്പോസ് ചെയ്യണം ......"""

സെബി പറഞ്ഞു നിർത്തി....

""എന്നിട്ട്??? ""

"""എന്നിട്ട് എന്താ ...... നിന്റെ അവളുടെയും സംസാരം പോലെ ഇരിക്കും നിങ്ങളുടെ ഭാവി കാര്യങ്ങൾ .... എനിക്ക് ഉറപ്പുണ്ട് നീയും അവളും ഒന്നാകും എന്നു ....."""

""ഇതൊക്കെ പറയാൻ എളുപ്പമാ ... എങ്ങനെ നടക്കുമോ ആവോ... ""

""നടക്കും .... നീ ഇന്ന് തന്നെ അവളെ വിളിക്കു . ബാക്കി ഒക്കെ വരുന്നിടത് വെച്ചു കാണാം.... മിക്കവാറും അവൾ നിന്റെ വിളിക്കായി കാതോർത്തിരിക്കുകയാവും... """

സെബി പറഞ്ഞു....

അതിനൊരു ചെറുപുഞ്ചിരി അനി സെബിക്കായി സമ്മാനിച്ചു.....

സെബിയുടെ വാക്കുകൾ എല്ലാം അവനെ മറ്റൊരു തരത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചു .... അവൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ഒന്നു ശ്രമിച്ചുനോക്കാൻ അവൻ തീരുമാനിച്ചു..... """

അങ്ങനെ സെബിനുമൊത്ത് ഒരു ചെറിയ കറക്കം ഒക്കെ കഴിഞ്ഞു അനി റൂമിൽ എത്തി...

വെറുതെ ഓരോന്ന് ചിന്തിച്ചു കിടക്കുമ്പോൾ ആണ് അനിക്ക് സെബി പറഞ്ഞ കാര്യങ്ങൾ മനസിലേക്ക് എത്തിയത്....

""അവൻ പറഞ്ഞപോലെ ഒന്നു വിളിച്ചു നോക്കിയാലോ അവളെ"""....അല്ല എന്തും പറഞ്ഞു വിളിക്കും ...... ഒരു കാരണം ഇല്ലാതെ എങ്ങനെ വിളിക്കും..... അവളോട് എന്ത് സംസാരിക്കും..... """

അനിയുടെ ചിന്തകൾ കാടുകയറി...

""എന്തായാലും വിളിച്ചു നോക്കാം .... ബാക്കി ഒക്കെ സെബി പറഞ്ഞപോലെ വരുന്നിടത്ത് വെച്ചു കാണാം.... """

അവസാനം അനി തീരുമാനത്തിൽ എത്തി....

അനി ഫോണെടുത്തു അവളുടെ നമ്പർ ഡയൽ ചെയ്തു....

രണ്ടു മൂന്ന് ബെല്ലിനോടുവിൽ ഫോൺ കണക്ട് ആയി.....

""ഹലോ.... ""

അങ്ങെ തലക്കിൽ നിന്നും ദേവൂന്റെ മനോഹരമായ നാദം അനിയുടെ കാതുകളിൽ അലയടിച്ചപ്പോൾ ഒരു കുളിർമഴ കൊള്ളുന്ന അനുഭൂതി അനിയുടെ ശരീരത്തിൽ അനുഭവപെട്ടു....
ആ ഒരു ഹലോ വിളിയിൽ അനി സംസാരിക്കാൻ തന്നെ മറന്നു പോയി.....

ഫോണിന്റെ ഇങ്ങെ തലക്കിൽ നിന്നും ഒന്നും കേൾക്കാതെ വന്നപ്പോൾ ദേവു ""ഹലോ ഇതാരാ.... """എന്നു ചോദിച്ചു...

""ഹലോ... ദേവു ... ഇതു ഞാനാ അനി.... ""

അതുകേട്ടപ്പോളുള്ള അവളുടെ ഞെട്ടൽ അനിയുടെ കാതുകളിൽ പതിച്ചു....

""അനിയേട്ടൻ..... """

അവളുടെ സന്തോഷത്തിൽ കുതിർന്ന നാദം അനിയുടെ കാതുകളിൽ അലയടിച്ചു ..

""ഉം... അനി ആണ്.... """

""ഏട്ടൻ ... ഇപ്പോ... എവിടെയാ.... ""

സന്തോഷം കൊണ്ട് അവളുടെ വാക്കുകളിൽ വിക്കൽ ഉണ്ടായിരുന്നു.....

""ഞാൻ ഇപ്പോ റൂമിലാ.... പിന്നെ എന്തൊക്കെയുണ്ട് ദേവു അവിടെ വിശേഷങ്ങൾ...."""

""എല്ലാവരും സുഖമായിരിക്കുന്നു ഏട്ടാ.... """

""ഉം... പിന്നെ നീ ഇപ്പോ വീട്ടിൽ ആണോ.... """

,""അല്ല ഏട്ടാ .... ഹോസ്റ്റലിലാ....ഈ ആഴ്ച പോയില്ല.... കുറച്ചു അസൈൻമെന്റ്സ് തീർക്കാൻ ഉണ്ട് .... അതിന്റെ പുറകില.... ""

""""ഉം.. കഴിഞ്ഞോ അസൈന്മെന്റ്സ്... """

""ഇല്ല... എഴുതിക്കൊണ്ടിരിക്കുന്നൊള്ളു.... ""

""അയ്യോ ... എന്നാ പിന്നെ ഞാൻ പിന്നെ വിളിക്കാം .... നിന്റെ എഴുത്ത് നടക്കട്ടെ... """

""അതുകൊഴപ്പം ഇല്ല ഏട്ടാ ... ഏട്ടൻ പറഞ്ഞോളൂ... ""

""ഹേയ് .... പ്രത്യേകിച്ചു ഒന്നും പറയാൻ ഇല്ല ... ഞാൻ ചുമ്മാ നിന്റെ നമ്പർ കണ്ടപ്പൊ വിളിച്ചു എന്നെ ഒള്ളു..... """

""ഉം.... ""

""എന്നാ ശെരി ദേവു .... നിന്റെ വർക്ക് നടക്കട്ടെ .... ഞാൻ പിന്നെ വിളിക്കാം .... """

എന്നു പറഞ്ഞു അനി ഫോൺ കട്ട് ചെയ്തു.....

എന്തൊക്കെ സംസാരിക്കണം എന്നു അനി മനസ്സിൽ കരുതി എങ്കിലും സംസാരിക്കാൻ അനിക്ക് സാധിച്ചില്ല.... പിന്നെ അനി വിളിക്കാൻ നിന്നില്ല .... അലെങ്കിലും എന്തും പറഞ്ഞു വിളിക്കും .... എന്തെങ്കിലും കാരണം മില്ലാതെ അവളെ എങ്ങനെ വിളിക്കും .... പിന്നിട് രണ്ടുമൂന്നു ദിവസം കഴിഞ്ഞാണ് അനി അവളെ വിളിച്ചത് ..... നേരെത്തെ വിളിച്ചതിനെക്കാളും കുറച്ചു കൂടി സംഭാഷണങ്ങൾ അതിൽ കൂടി .... പിന്നെ പിന്നെ ഇടക്ക് ഇടക്ക് സമയം കിട്ടുമ്പോൾ അനി അവളെ വിളിച്ചു തുടങ്ങി.... എന്തോ അവളുടെ ശബ്ദം അനിക്ക് പ്രിയപ്പെട്ടത് ആയി കൊണ്ടിരുന്നു.....

അനി അവളെ ഒരു സുഹൃത്തിനെ പോലെ കണ്ടുതുടങ്ങി... അതോടെ അനിയുടെയും ദേവൂന്റെയും ഇടയിൽ അനി സങ്കൽപ്പിച്ചു വെച്ചിരുന്ന അനിയുടെ ചിന്താഗതികൾ കൊണ്ടുണ്ടാക്കിയ ഭിത്തി അലിഞ്ഞു ഇല്ലാതെ ആയി....

അതോടെ ഒരു ഭയവുമില്ലാതെ അവര്ത്തമ്മിൽ സംഭാഷണങ്ങൾ മുറക്ക് നടന്നു കൊണ്ടിരുന്നു....

ദേവൂന് എന്തു സംശയം വന്നാലും ഒരു ഒപിന്യൻ അറിയാൻ അനിയുടെ പക്കൽ അവൾ പ്രത്യക്ഷപെട്ടുതുടങ്ങി.....

ആ സൗഹൃദം ആറേഴുമാസം നീണ്ടുനിന്നു .... അത്രയും നാളത്തെ അവരുടെ സംഭാഷണം മൂലം അനിക്ക് അവളുടെ ശബ്ദം കേൾക്കാതിരിക്കാൻ കഴിയാതെ ആയി..... അവൾക്കു അനിയോട് ഉള്ള പോലെ അനിക്കും അവളോട് എന്തോ ഒരിഷ്ടം തോന്നി തുടങ്ങിയിരുന്നു..... അനി പക്ഷെ അവളോട് അതേപ്പറ്റി പറഞ്ഞതുമില്ല ..... അവൾ ഈ ഏഴ് മാസം ആയിട്ടും അനിയോട് അതേപ്പറ്റി ചോദിച്ചിട്ടുമില്ല....

""എന്നാൽ അനിയുടെ വായിൽ നിന്നും അതു കേൾക്കാൻ അവൾ കൊതിച്ചു കൊണ്ടിരുന്നു...... അതിനായുള്ള അവളുടെ കാത്തിരിപ്പു നീണ്ടു കൊണ്ടിരുന്നു.... """

അങ്ങനെ ഒരു ശനിയാഴ്ച വൈകിട്ടു.....

ഒരു ദൂരയാത്ര കഴിഞ്ഞു വന്ന അനി ഫ്രഷ് ആയിട്ട് തന്റെ റൂമിൽ

ഇരിക്കുമ്പോൾ.....

""ഒരാഴ്ചയായി അവളെ വിളിച്ചിട്ട്.... """

ദേവൂന്റെ നമ്പർ ഡയൽ ചെയുന്നതിനിടയിൽ അനി ആരോടെന്നില്ലാതെ പറഞ്ഞു....

""അവളോട് സൗഹൃദത്തിൽ ആയതിൽ പിന്നെ ഇതു ആദ്യമായാണ് താൻ അവളോട് ഒരാഴ്ച മിണ്ടാതിരിക്കുന്നത്... അല്ല ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യം ഇല്ല ...ഒരു ഒറ്റപെട്ടു കിടക്കുന്ന ദ്വീപ് സമുച്ചയത്തിൽ സിഗ്നൽ കിട്ടാത്ത ഇടത്ത് ഫ്രണ്ട്സ് ന്റെ ഒപ്പം യാത്ര പോയാൽ പിന്നെ എങ്ങനെ വിളിക്കാനാണ് അവളെ... ഒരാഴ്ച ട്രിപ്പ് കഴിഞ്ഞു ഇന്ന് ഉച്ചക്ക് ആണ് താൻ തിരിച്ചു എത്തിയത് ..... ഇടക്ക് സിഗ്നൽ വരുമ്പോൾ അവളുടെ അനേകം മിസ്സ് കാൾ അലേർട്ട് കാണുകയെന്നല്ലാതെ തിരിച്ചു വിളിക്കാൻ പറ്റാറുണ്ടായില്ല ..... """

"""മിക്കവാറും അവൾ ഇന്ന് തന്നോട് ദേഷ്യത്തിൽ ആയിരിക്കും..... ഒന്നാമത് ട്രിപ്പ് പോണ കാര്യം മുൻകൂട്ടി പറഞ്ഞിരുന്നില്ല ...... അല്ല തനിക്കും അറിയില്ലായിരുന്നു എവിടെക്ക് ആണ് പോകുന്നേ എന്നു .... പെട്ടന്നു ഒരു ദിവസം വൈകിട്ടു ആണ് സെബി പറയുന്നേ ട്രിപ്പിന്റെ കാര്യം ....ചെറിയൊരു താല്പര്യകുറവ് ഉണ്ടായിരുന്നുവെങ്കിലും അവന്റെ ഇഷ്ടങ്ങൾക്കു എതിർ നിൽക്കാൻ കഴിയാത്തോണ്ടു കൂടെ പോയി.... പോകുന്ന വഴിക്ക് ആണ് അവളെ മെസ്സേജ് അയച്ചു അറിയിച്ചത് ട്രിപ്പിന്റെ കാര്യം .... അതേപ്പിനെ വിളിക്കാൻ ഒന്നും പറ്റിയിരുന്നില്ല.... """

""ഇന്ന് അതിനു അവൾ ചൂടിലായിരിക്കും എന്നു അറിഞ്ഞോണ്ട് തന്നെയാ അവൻ അവളെ വിളിച്ചത്.... """

"ആ തിരിച്ചു എത്തിയോ ..... """

ചീത്തവിളി പ്രതീക്ഷിച്ച അവനെ തേടി എത്തിയത് .... സൗമ്യമായ നേർത്ത അവളുടെ ശബ്ദം ആണ്...

""ഉം.. കുറച്ചു മുൻപ് എത്തിയൊള്ളു.... അവിടെ റേഞ്ച് ഒന്നും ഉണ്ടായില്ല അതാ വിളിക്കാൻ പറ്റാതിരുന്നത്...... """

""ഉം..... എങ്ങനെ ഉണ്ടായിരുന്നു യാത്ര.... ""

""സുഖമായിരുന്നു..... പിന്നെ നിന്റെ വിശേഷങ്ങൾ പറ....ഒരാഴ്ചത്തെ കാര്യങ്ങൾ അറിയാനുണ്ട് ..... പിന്നെ നീ ഇപ്പോ ഹോസ്റ്റലിൽ ലോ അതോ വീട്ടിലോ.... """"

""ഞാനിപ്പോ അനിയേട്ടന്റെ വീട്ടിലാ....നാളെ ചെറിയൊരു ഫങ്ക്ഷന് നടക്കുന്നുണ്ട്..... """

""ഫങ്ക്ഷനോ??...എവിടെ??.... """

""അനിയേട്ടന്റെ വീട്ടിൽ തന്നെ.... """

""ങ്ഹേ ... എന്റെ വീട്ടിലോ.... """

""ഉം .... ""

""അതേതാ ഞാൻ അറിയാതെ എന്റെ വീട്ടിൽ ഒരു ഫങ്ക്ഷൻ..... ഒരാഴ്ച മാറിനിന്നപ്പോൾ എന്താ സംഭവിച്ചത്...... പറ ദേവു.... ""

""വലിയ ഫങ്ക്ഷൻ ഒന്നും അല്ല ... ഒരു ചെറുത്..... ""

""നീ കാര്യം തെളിയിച്ചുപറ ദേവു.... """

""ഞാൻ ദേ അച്ഛന്റെ കൈയിൽ കൊടുക്കാം .... അച്ഛൻ പറയും.... """

അനി എന്താണെന്നു അറിയാൻ കാതോർത്തിരുന്നു.....

""ആ.. മോളെ... """

""ദേ അനിയേട്ടനാ ... ഫോണിൽ... """

""ആ... ""

"ഫോണിലൂടെ വ്യക്തമാകാത്ത ചില ശബ്ദങ്ങൾ അനി കേട്ടു....

""ആ മോനെ അനി.... """

""ആ വാസുമാമ.... """

""നിന്നെ വിളിക്കാൻ കുറെ ശ്രമിച്ചു കിട്ടിയില്ല .....അപ്പോ ദേവുമോള് പറഞ്ഞു നീയൊരു ടൂറിൽ ആണ് വിളിച്ചാൽ കിട്ടില്ല എന്നു ...... """

""അതെ മാമ ... ഞാനിപ്പോ തിരിച്ചു എത്തിയത് ഒള്ളു.... """

""ഉം... നിന്നോട് ചോദിക്കാതെ ഞങ്ങൾ ഒരു തീരുമാനം എടുത്തു...... നിനക്ക് വിരോധം ഒന്നും തോന്നരുത്..... """

""എന്താ മാമ അങ്ങനെ ഒക്കെ പറയുന്നേ ... മാമൻ കാര്യം എന്താണ് എന്നു വെച്ചാൽ പറ.... ""

""അതു മോനെ... ദേവൂന് ഒരു ആലോചന വന്നു .... ഞങ്ങൾ അതു നടത്തികൊടുക്കാം എന്നു തീരുമാനിച്ചു..... നാളെ അവിടെന്നു കുറച്ചു ആളുകൾ വരുന്നുണ്ട് ... ചെറിയൊരു ഒറപ്പിക്കൽ പോലെ"""

മാമന്റെ വാക്കുകൾ അനിയുടെ നെഞ്ചിൽ ആണ് പതിച്ചത്..... അവളെ ഇഷ്ടപ്പെട്ടു തുടങ്ങിയതെ ഒള്ളു ....

അനി കുറച്ചു നേരം ഒന്നും മിണ്ടിയില്ല...

""മോനെ വിളിച്ചിട്ട് കിട്ടാത്തൊണ്ട അറിയിക്കാൻ പറ്റഞ്ഞെ...മോന് ഒന്നും തോന്നരുത്... """

അനിയുടെ മൗനം കണ്ടപ്പോൾ മാമൻ പറഞ്ഞു....

""ഉം.. മാമ ... എനിക്ക് കുഴപ്പമില്ല .... എവിടെ ഉള്ള കൂട്ടരാ മാമ ..... ""

അനി ദുഃഖം പുറത്തുകാണിക്കാതെ ചോദിച്ചു.....

""അതു നീ പറഞ്ഞാൽ അറിയുമായിരിക്കും..... നമ്മുടെ കുഞ്ഞുമണി ചെറിയമ്മയുടെ മോന്റെ മോൻ സിദ്ധാർഥ്..... """

""ആ അറിയും..... സൗദിയിൽ ജോലിയുള്ള സിദ്ധാർഥ് അല്ലെ..... ""

""ഉം അതെ....അവൻ ഇപ്പോ നാട്ടിൽ ഉണ്ട് ... കഴിഞ്ഞാഴ്ച വന്നു കണ്ടിട്ട് പോയി ..... അവർക്കു താല്പര്യം ഉണ്ട് .... അവനു ലീവു കുറവായൊണ്ട് അടുത്ത ആഴ്ച എല്ലാവരും ആയി വരാം എന്നു പറഞ്ഞു... നല്ല കൂട്ടരായൊണ്ട് ഞങ്ങൾ സമ്മതിച്ചു....

പിന്നെ ഞങ്ങളുടെ അവിടെ അടുക്കള പൊളിച്ചു പണിയുനത് കൊണ്ടു അവരോടു നിന്റെ വീട്ടിലേക്ക് വരാൻ ആണ് പറഞ്ഞിരിക്കുന്നത്... """

""ഉം....ദേവു എന്തു പറഞ്ഞു .... അവൾക്കു ഇഷ്ടായോ... """

""അവൾക്കു ഇഷ്ടക്കുറവൊന്നുമില്ല.... അവൾ എന്റെ മോളല്ലേ ... ഞാൻ പറയുന്നതിന് അപ്പുറം അവൾ പോവില്ലല്ലോ.... """

അതും കൂടി കേട്ടതോടെ അനി ആകെ തളർന്ന മട്ടിൽ ആയി.....

""ഉം... """

""പിന്നെ മോനെ.... അവർ എത്രയാ ചോദിക്കുന്നേ എന്നൊന്നും അറിയില്ല ... മാമനെ കൊണ്ടു കൂട്ടാൻ പറ്റുന്നത് കൂട്ടാം .... ബാക്കി മോൻ ശെരിയാക്കണോട്ടോ... അല്ല മോനോട് അതു പറയേണ്ട കാര്യമില്ലന്നു അറിയാം മോൻ നോക്കിം കണ്ടും ചെയ്യുമെന്ന് അറിയാം എന്നാലും ഒന്ന് പറഞ്ഞേനെ ഒള്ളു..... ""

""അതോർത്തു മാമൻ വിഷമിക്കേണ്ട..... """

""ഉം.... എന്നാ ശെരി ഞാൻ മോൾക്ക് കൊടുക്കാം..... """

""മ്മ് .... ""

ഫോൺ കാതിൽ വെച്ചിട്ട് അവന്റെ ശബ്ദം കേൾക്കാതെ ആയപ്പോൾ അവൾ മൂളി...

""മ്മ്... """

എന്താ അവളോട് ചോദിക്കേണ്ടണ്ടത് എന്താ പറയേണ്ടത് എന്നു അറിയാതെ അവൻ തളർന്നിരുന്നു.....

""എന്നാ ഫോൺ വെക്കട്ടെ ഏട്ടാ... """

അനിയുടെ സൗണ്ട് ഒന്നും കേൾക്കാതെ ആയപ്പോൾ ദേവു ചോദിച്ചു....

""മ്മ്... ""

അതിനു അവൻ ഒന്ന് മൂളി.....

ആ വാർത്ത കേട്ടതോടെ അനി ആകെ വിഷമത്തിലായി.... എന്തു ചെയ്യണം എന്നു അറിയാത്ത അവസ്ഥ..... അനിയുടെ കൈയും കാലുകളും തളർന്നു..... അവൾ ദേവു..... തന്റെ കൈയെത്തും ദൂരത്തുനിന്നും അകന്നു പോകുന്നതായി അവൻ അറിഞ്ഞു......

ഇതേ സമയം അനിയുടെ വീട്ടിൽ ......

""ഇഷ്ടമാണെന്നു ഒന്ന് പറഞ്ഞൂടെ..... കാത്തിരിക്കുകയല്ലേ ഈ ഞാൻ..... എന്റെ കല്യാണം ഉറപ്പിക്കാൻ പോകുന്നു എന്നറിഞ്ഞിട്ടും എന്തിനാ എന്നോട് ഈ മൗനം ..... ഇഷ്ടമാണെന്നു ഒരു വാക്ക്.....അതു പറഞ്ഞുകൂടേ....ഇപ്പോഴും എന്നെ ഒരു സുഹൃത്ത് ആയിട്ടു മാത്രമാണോ കാണുന്നത്..... എന്റെ ഇഷ്ടം ഞാൻ ഒരിക്കൽ പറഞ്ഞതല്ലേ .... പിന്നിട് പലവട്ടം എന്റെ ഇഷ്ടം പറയാതെ ഞാൻ പറഞ്ഞില്ലേ .... ""ഡി പെണ്ണെ എനിക്ക് നിന്നെ ഇഷ്ടമാണ് ""എന്നുള്ള ഏട്ടന്റെ ഒരു വാക്ക് ... അതു മതി അച്ഛന്റെ മുന്നിൽ എനിക്ക് ഈ വിവാഹത്തിന് താല്പര്യം ഇല്ല എന്നു അറിയിക്കാൻ...... """"എല്ലാം അറിയുന്ന ആളല്ലേ മനുഷ്യമനസുകൾ കൊണ്ടു രചന എഴുതുന്ന ആളല്ലേ ... എന്താ എന്റെ ഈ കൊച്ചു മനസ്സ് മാത്രം കാണാതെ പോയത്....... """"

മൊബൈലിലെ സ്ക്രീനിൽ തെളിഞ്ഞിരിക്കുന്ന അനിയും അവളും കൂടി ഒരുമിച്ചു നിൽക്കുന്ന ഫോട്ടോയിൽ അനിയുടെ പുഞ്ചിരിക്കുന്ന മുഖത്തു നോക്കി കൊണ്ട് ദേവു നിറമിഴികളോടെ പറഞ്ഞു.......

പിറ്റേന്ന് രാവിലെ......

""ദേവൂ ച്ചി.... ദേവുച്ചി..... എഴുന്നേൽക്കു......""

ലെച്ചുവിന്റെ കാതടപ്പിക്കുന്ന ശബ്ദം കേട്ടപ്പോൾ ദേവു പതിയെ കണ്ണുകൾ തുറന്നു.....

""എന്തൊരുറക്കമാ .... ""

എന്നു പറഞ്ഞുകൊണ്ട് ലെച്ചു ദേവൂന്റെ കട്ടിലിൽ കയറി ദേവൂന്റെ അരികിൽ ആയി ഇരുന്നു.....

""ആ .... ഇതു കഴിഞ്ഞില്ലേ..... """

ദേവൂന്റെ മിഴികളിൽ നിന്നും അടർന്നു വീഴുന്ന മിഴിനീർതുളികളെ കണ്ടപ്പോൾ ലെച്ചു ചോദിച്ചു....

""ആ ... എങ്ങനെ കഴിയാനാ അല്ലെ .... ചേട്ടന്റെ ഫോട്ടയും നോക്കി കിടന്നാൽ പിന്നെ എങ്ങനെ ഇതു നിൽക്കും അല്ലെ.... """"

ദേവൂന്റെ അടുത്ത് കിടക്കുന്ന മൊബൈൽ സ്ക്രീനിൽ തെളിഞ്ഞിരിക്കുന്ന അനിയുടെ പിക്ചർ നോക്കി കൊണ്ട് ലെച്ചു പറഞ്ഞു.....

ലെച്ചു പറഞ്ഞത് കേട്ടപ്പോൾ കണ്ണുകൾ തുടച്ചു കൊണ്ടു ... മുഖത്തൊരു പുഞ്ചിരി വരുത്താൻ അവൾ ശ്രമിച്ചു....

""അതെ ഞാൻ ഇന്നലെ പറഞ്ഞത് ഒക്കെ മറന്നുപോയോ.... ""

ലെച്ചു അതുപറഞ്ഞപ്പോൾ
"""ഇല്ല ""എന്നർത്ഥത്തിൽ അവൾ തലയാട്ടി.....

""ചേച്ചി .... പേടിക്കേണ്ട..... ഞാൻ ചേട്ടനോട് സംസാരിക്കാം ..... എല്ലാം ശെരിയാകും..."""

അതിനൊരു കണ്ണീരിൽ കുതിർന്ന പുഞ്ചിരി സമ്മാനിച്ചു അവൾ ...

""ചേച്ചി ഇങ്ങട് എഴുന്നേറ്റെ....എന്നിട്ട് കുളിച്ചു റെഡി ആവു... അവർ ഒക്കെ ഇപ്പോ വരും ഈ സുന്ദരിയെ കാണാൻ .... ""

"""ഞാനില്ല ലെച്ചു .... എനിക്ക് വയ്യ .... ഒരു പാവയെ പോലെ അണിഞ്ഞൊരുങ്ങി അവരുടെ മുന്നിൽ പോയി നിക്കാൻ.... """"

""ചേച്ചി ..... പ്ലീസ് ചേച്ചി.... അച്ഛനും അമ്മയും എന്തു കരുതും .... അവരെ വിഷമിപ്പിക്കേണ്ട .... അല്ലെങ്കിലും ഇതു കല്യാണം ഒന്നും അല്ലല്ലോ ... ഇനിയും നമ്മുടെ മുന്നിൽ സമയം കിടക്കുന്നുണ്ടല്ലോ....എല്ലാം നമുക്ക് ശെരിയാക്കാം.... """

ലെച്ചു പറഞ്ഞു നിർത്തി..

""അരികിൽ നിന്നാലും അറിയുവനാവുമോ സ്നേഹം.......

വെറുതെ ഒരുവാക്കിൻ പറയുവാനാവുമോ............. """

ദേവൂന്റെ മൊബൈൽ ശബ്ദിച്ചു....

ദേവുവും ലെച്ചുവും അനിയുടെ പിക് സ്ക്രീനിൽ തെളിയുന്നതും അനിഏട്ടൻ .... കാളിങ് .... എന്നു ...

ലെച്ചു ""ഫോൺ എടുക്കു ദേവൂ ച്ചി ""എന്നർത്ഥത്തിൽ ദേവൂനെ നോക്കി....

ദേവു ഫോൺ എടുത്തു കാതിൽ വെച്ചു ....

""എന്റെ പൊന്നൂസ് എഴുന്നേറ്റോ.... """

കാതിൽ വെച്ച ഉടനെ അനി ചോദിച്ചു....

""ഉം.... """

അവൾ ഉഷാറില്ലാത്ത മട്ടിൽ മൂളി...

""അതെ എന്നാൽ വേഗം കുളിച്ചു റെഡിയായി നല്ല ഉടുപ്പ് ഒക്കെ ഇട്ടു നല്ല സ്റ്റൈലിൽ നല്ലകുട്ടിയായി ഹാളിലേക്ക് ചെല്ല് ... നിന്നെ കാത്ത് നിനക്കായി ഒരു ഗുഡ് ന്യൂസ് താഴെ ഉണ്ട്..... """

അനി അത്രയും പറഞ്ഞു ഫോൺ കട്ട് ചെയ്തു.....

""എന്താ ചേച്ചി .... എന്താ ഏട്ടൻ പറഞ്ഞെ... """

ഫോൺ വെച്ചു കഴിഞ്ഞപ്പോൾ ലെച്ചു ചോദിച്ചു....

""ഹേയ് ഒന്നുല്ല..... ഞാനിപ്പോ വരാം എന്നു പറഞ്ഞു .... """

ദേവു വേഗം തന്നെ കട്ടിലിൽ നിന്നും ഇറങ്ങി മുറിയിൽ നിന്നും പുറത്തേക്കു നടന്നു ..... നടന്നു എന്നു പറയാൻ പറ്റില്ല ചെറിയൊരു ഓട്ടം ... അതു ചെന്നു അവസാനിച്ചത് ഹാളിൽ ആയിരുന്നു..... അവളുടെ മനസ്സ് മുഴുവൻ അനി പറഞ്ഞവാക്കുകൾ ആയിരുന്നു.... അവൾ ആ ഹാളിൽ കണ്ണുകൾ കൊണ്ടു പരതി.....

""പക്ഷെ അവൾ പ്രതീക്ഷിച്ചതു ഒന്നും അവിടെ കണ്ടില്ല...."""

അവൾ കരുതിയിരുന്നത് അനി ഒരു സർപ്രൈസ് പോലെ അവളെ കാണാൻ ഹാളിൽ വന്നിട്ടുണ്ടാകും എന്നാണ് .... പക്ഷെ ഹാളിൽ സോഫയിൽ വർത്തമാനം പറഞ്ഞിരിക്കുന്ന തന്റെ അച്ഛനെയും അനിയുടെ അച്ഛനെയും മാത്രമേ അവൾക്കു കാണാൻ സാധിച്ചൊള്ളു......

അവളുടെ മുഖത്തു നിരാശ നിഴലിച്ചു അവളുടെ മനസ്സ് തളർന്നു പോയി .....

""ആ ... മോള്... ഇതുവരെ റെഡിയായില്ലേ.... ""

ദേവൂനെ കണ്ടപ്പോൾ അച്ഛൻ ചോദിച്ചു....

അതിനു മറുപടി നൽകാതെ അവൾ തിരിച്ചു റൂമിലേക്ക് പോയി ... നേരെ കട്ടിലിലേക്ക് കമഴ്ന്നു കിടന്നു ..... മനസിലെ വിഷമം അവളുടെ മിഴികൾക്കൂടി പുറത്തുവരാൻ തുടങ്ങി....

""എന്താ ചേച്ചി.... എന്തുപറ്റി.... ""

ദേവു കമഴ്ന്നു കിടന്നു തേങ്ങി കരയുനത് കണ്ടപ്പോൾ ലെച്ചു ദേവൂനെ കുലിക്കി വിളിച്ചുകൊണ്ടു ചോദിച്ചു ....

""എന്നെ വെറുതെ പറ്റിക്കുകയാ.... ഞാൻ പൊട്ടി ആണല്ലോ .... പറയുന്നത് കേൾക്കുമ്പോൾ തന്നെ വിശ്വസിക്കാൻ .... എന്നെ എല്ലാവർക്കും പറ്റിക്കാമല്ലോ.... """

ദേവു പതം പെറുക്കി പറഞ്ഞു...

""ചേച്ചി ഇതു എന്തൊക്കെയാ പറയുന്നേ ... ആര് ആരെ പറ്റിച്ചു എന്നാ..... """

അതു കേട്ടപ്പോൾ ദേവു ലെച്ചുവിനോട് അനി പറഞ്ഞ കാര്യം പറഞ്ഞു...

""ഓഹ്.. അതാണോ.... ചേച്ചി ഇത്ര പൊട്ടി ആയി പോയല്ലോ .... ദുബായിൽ കിടക്കുന്ന അനിയേട്ടൻ ഇപ്പോ ഇവിടെ എങ്ങനെ വരാനാ.... """

""അപ്പൊ പിന്നെ അനിയേട്ടൻ പറഞ്ഞത്.... ""

""കുന്തം..... എന്റെ ചേച്ചി ..... ചേച്ചിയുടെ ഉള്ളിൽ അനിയേട്ടൻ മാത്രം ഒള്ളു അതാ ഇങ്ങനെ ഒക്കെ തോന്നുന്നേ..... ശെരിക്കും അനിയേട്ടൻ പറഞ്ഞത് എന്താണെന്നു

റീവൈൻഡ് ചെയ്തു നോക്ക് അപ്പോ മനസിലാകും കാര്യം .... അനിയേട്ടൻ പറഞ്ഞത് ചേച്ചി നല്ല കുട്ടിയായി കുളിച്ചൊരുങ്ങി താഴേക്കു ചെന്നാൽ ഒരു ഗുഡ് ന്യൂസ് കേൾക്കും എന്നല്ലേ ..... ഇതു കേട്ടപാതി കേൾക്കാത്ത പാതി ഓടി പോയേക്കുന്നു അനിയേട്ടനെ കാണാൻ ... എന്നിട്ട് കണ്ടില്ല എന്നു പറഞ്ഞു കരയുന്നു..... """

ലെച്ചു പറഞ്ഞു....

അതു കേട്ടപ്പോൾ ആണ് ദേവൂന് ബോധം വന്നത് .... അവൾ വേഗം തന്നെ കുളിച്ചു ഒരുങ്ങാനായി കട്ടിലിൽ നിന്നും എഴുനേറ്റു....

കുറച്ചു സമയത്തിന് ശേഷം ദേവു അനി പറഞ്ഞത് പോലെ കുളിച്ചു റെഡി ആയി .... അനിക്ക് ഇഷ്ടമായ ദാവണിയും ഉടുത്തു ഹാളിലെലേക്ക് ചെന്നു....

വളരെയേറെ സന്തോഷത്തോടെ നല്ല ഉത്സാഹത്തിൽ ഹാളിലേക്ക് എത്തിയ ദേവു ഹാളിലെ അവസ്ഥ കണ്ടു ഒന്ന് പരുങ്ങി......

അച്ഛനും മാമനും അമ്മയും അമ്മായിയും നിന്നു ഉറക്കെ സംസാരിക്കുന്നു.....അവരുടെ അടുത്തായി ലെച്ചുവും ഉണ്ട് അവൾ തല കുമ്പിട്ടു നിൽക്കുന്നു... അവളോടും അവർ എന്തൊക്കെ ചോദിക്കുന്നു... എല്ലാവരുടെയും മുഖത്തു ദേഷ്യം കലർന്നൊരു ഭാവം ...

""ആ വന്നോ ഒരുമ്പെട്ടോള്.... ""

ദേവുനെ കണ്ടപ്പോൾ അവളുടെ അച്ഛൻ ദേഷ്യത്തോടെ അവളെ നോക്കി പറഞ്ഞു....

ആദ്യമായി അച്ഛന്റെ പക്കൽ നിന്നും ആ വാക്കുകൾ കേട്ട ദേവു ഒരു നിമിഷം പകച്ചുപോയി.....

"നിനക്ക് എന്തിന്റെ കേടാണെടി .... ഞങ്ങളെ ഒക്കെ ഇങ്ങനെ വഞ്ചിക്കാൻ നിനക്ക് എങ്ങനെ മനസ്സ് വന്നു.... """

വീണ്ടും അച്ഛന്റെ ഭാഗത്തു നിന്നും അങ്ങനെ കേട്ടപ്പോൾ ദേവു ശെരിക്കും വിഷമിച്ചു .... അവൾ എന്താ കാര്യം എന്നു അറിയാതെ കുഴഞ്ഞു.... കാര്യം എന്താണെന്നു അറിയാൻ അവൾ അമ്മയുടെയും അമ്മായിയുടെയും മുഖത്തേക്ക് നോക്കിയപ്പോൾ അവരുടെ ദഹിപ്പിക്കുന്ന രീതിയിൽ ഉള്ള നോട്ടം അവളെ ആകെ പേടിപെടുത്തി ..... ലെച്ചുവിന്റെ തല കുമ്പിട്ടുള്ള നിൽപ്പ് കണ്ടപ്പോൾ അവൾക്കു മനസിലായി എന്തോ വലിയ കാര്യം സംഭവിച്ചിട്ടുണ്ടെന്ന്......

അച്ഛൻ തന്നെ ചീത്ത പറഞ്ഞതിലുള്ള കാര്യം എന്താണെന്നു അറിയാതെ അവൾ വിഷമിച്ചു .... അവളുടെ കണ്ണുകൾ ഇറാനായി....

""അച്ഛാ.... എന്താ കാര്യം ..... """

വാക്കുകൾ ഇടറി കൊണ്ടു അവൾ ചോദിച്ചു.....

""ഓഹ് കാര്യം എന്താണെന്നു അറിയില്ലെടി.... """

""ഇല്ല അച്ഛാ .... എനിക്ക് ഒന്നും അറിയില്ല .... അച്ഛൻ എന്തിനാ എന്നോട് ദേഷ്യപെടുന്നേ .... ഞാൻ എന്ത് തെറ്റ് ചെയ്തു... """

""ഓഹ് .... ഒന്നും അറിയില്ല..... ""

അതുകേട്ടപ്പോൾ അവൾ തല കുമ്പിട്ടു.....

""ആരാടി .... നിന്റെ അനിയേട്ടൻ .... """

ആ ചോദ്യം മനസിലാവാതെ ദേവു നിന്നു....

""ചോദിച്ചത് കേട്ടില്ലേ നീ..... ആരാ.. നിനക്ക് അനി എന്നു.... """

അവളുടെ അടുത്തേക്ക് നടന്നടുത്തുകൊണ്ടു അവളുടെ അച്ഛൻ ചോദിച്ചു....

""അതു.... അനിയേട്ടൻ..... """

അവൾ വിക്കി വിക്കി പറഞ്ഞു....

""ഉം... ബാക്കി പോരട്ടെ... അനിയേട്ടൻ......."""

അവൾ മൗനം പാലിച്ചു....

""നിന്റെ കല്യാണം മുടക്കാൻ മാത്രം അനിയും നീയും തമ്മിൽ എന്താ എന്നാ ചോദിച്ചേ..... """

"ങ്ങേ.... ""

അവൾ ഒന്ന് ഞെട്ടി....

""കല്യാണം... ??? """

അവൾ ചോദിച്ചു....

""അതെ അവൻ നിന്റെ കല്യാണം മുടക്കി ..... പറയെടി ...... അവൻ എന്തിനാ നിന്റെ കല്യാണം മുടക്കിയേ???....... """"

""പറയ് നീ... """"

അവളെ തല്ലാൻ കൈയോങ്ങി കൊണ്ടു അച്ഛൻ ചോദിച്ചു.....

""വാസു മതി.. അവളെ വിട്.... ""

അനിയുടെ അച്ഛൻ പറഞ്ഞു....

""ഏട്ടൻ ഇതിൽ ഇടപെടേണ്ട .... അവളു പറയട്ടെ.... """

ദേവൂന്റെ അച്ഛൻ പറഞ്ഞു....

""ഉം ... പറയ്... ""

""എനിക്ക് ഇഷ്ടമാ അനിയേട്ടനെ.... """

തല്ലു പ്രതീക്ഷിച്ചുകൊണ്ടു നിറഞ്ഞമിഴികൾ ഇറുക്കി അടച്ചു കൊണ്ടു അവൾ പറഞ്ഞു.....

കുറച്ചു നേരമായിട്ടും അച്ഛന്റെ ഭാഗത്തു നിന്നും ഒന്നും കിട്ടാത്തത് കൊണ്ടും ശബ്ദം ഒന്നും കേൾക്കാത്തത് കൊണ്ടും അവൾ പേടിച്ചു പേടിച്ചു പതിയെ മിഴികൾ തുറന്നു.....

പാതി തുറന്ന മിഴിയിലൂടെ തന്റെ മുന്നിൽ നിറപുഞ്ചരിയോടെ അച്ഛൻ നിൽക്കുന്നത് കണ്ടപ്പോൾ ..... ദേവു ചുറ്റുപാടും ഒന്നും മനസിലാകാതെ കണ്ണുകൾ പായിച്ചു ....

നേരത്തെ എല്ലാവരുടെയും മുഖത്തുണ്ടായിരുന്ന ദേഷ്യം ഭാവം എങ്ങോ മറഞ്ഞിരിക്കുന്നു.....
പകരം എല്ലാവരും തന്നെ നോക്കി നിറ പുഞ്ചരിയോടെ നിൽക്കുന്നതായാണു അവൾ കണ്ടത് .....

അവൾ ഒന്നും മനസിലാകാതെ അച്ഛന്റെ മുഖത്തേക്ക് നോക്കി....

""ഇങ്ങു അടുത്തേക്ക് വാ മോളു.... ""

എന്നാ രീതിയിൽ അവളുടെ അച്ഛൻ കൈ കാണിച്ചു....

അവൾ അച്ഛന്റെ അടുത്തേക്ക് ചെന്നു ....

""എന്റെ കുട്ടി പേടിച്ചു പോയോ....അച്ഛൻ ഒരു തമാശ കാണിച്ചതല്ലേ ... മോളുടെ മനസ്സ് അറിയാൻ.... """

അവളുടെ ഇരുതോളിലും പിടിച്ചുകൊണ്ടു അച്ഛൻ പറഞ്ഞു .....

അവൾ നിറമിഴികളോടെ അച്ഛന്റെ മുഖത്തേക്ക് നോക്കി....

""മോൾക്ക് ഇങ്ങനെ ഒരു ഇഷ്ടം ഉണ്ടായിരുന്നുവെങ്കിൽ നേരത്തെ പറയണ്ടേ....മോളും അനിയും ഒന്നിക്കുന്നത് കാണാനായി ഒരുപാട് ആഗ്രഹിച്ചിരുന്ന വ്യക്തികളിൽ ഒരാൾ അല്ലെ ഞാൻ ..... """"

അതു കേട്ടപ്പോൾ അവൾ സന്തോഷത്തോടെ അച്ഛന്റെ മുഖത്തേക്ക് നോക്കി....

""നീ മാത്രമല്ല ഞങ്ങളും.... ""

എന്നു പറഞ്ഞു അനിയുടെ അച്ഛനും ബാക്കി ഉള്ളവരും അവളുടെ അടുത്തേക്ക്

വന്നു ...

എല്ലാവരുടെയും മുഖത്തെ സന്തോഷം കണ്ടപ്പോൾ ദേവൂന് ആശ്വാസമായി....

""അച്ഛാ.... ""

""എന്താമോളെ.... ""

അവളുടെ തലയിൽ തലോടിക്കൊണ്ട് വാസു ചോദിച്ചു....

""എനിക്ക് അനിയേട്ടനെ ഇഷ്ടംമാണെന്ന് അച്ഛനെങ്ങനെ മനസിലായി...... അച്ഛൻ അനിയേട്ടനെ വിളിച്ചിരുന്നോ.... അതോ അനിയേട്ടൻ എന്നെ ഇഷ്ടമാണെന്നു അച്ഛനോട് പറഞ്ഞുവോ..... """

അവൾ ചോദിച്ചപ്പോൾ ""ഇല്ല ""എന്നർത്ഥത്തിൽ അച്ഛൻ തലയാട്ടി....

""പിന്നെ?? "

""സിദ്ധാർഥ് വിളിച്ചു പറഞ്ഞു... """

""സിദ്ധാർഥട്ടനോ....??? ""

""ഉം അതെ .... ""

"അതെങ്ങനെ ""എന്നർത്ഥത്തിൽ അവൾ നോക്കി....

""അതു നിന്റെ ഏട്ടൻ ഒരു പണി ഒപ്പിച്ചു.... അവൻ സിദ്ധാർഥിനോട് വിളിച്ചു പറഞ്ഞു .... ""അവന്റെ പെണ്ണിനെ കെട്ടാനായിട്ട് അവന്റെ വീട്ടിലേക്ക് വരണ്ട """ എന്നു """സിദ്ധാർഥ് ഞങ്ങളെ വിളിച്ചു ചോദിച്ചു.... അനിയേട്ടനും ദേവുവും ഇഷ്ടത്തിൽ ആണെങ്കിൽ ഒന്ന് പറയണ്ടേ എന്നു..... """

ഇതു കേട്ട് എല്ലാവരും ചർച്ച ചെയ്തോണ്ട് ഇരിക്കുമ്പോൾ ആണ് നിന്റെ മനസുക്ഷിപ്പുകാരിയെ ഞങ്ങളുടെ കൈയിൽ കിട്ടുന്നത് .... അവൾ എല്ലാം ഞങ്ങളോട് പറഞ്ഞു ..... നിന്റെ ഇഷ്ടവും അവന്റെ മൗനവും ... നി കരഞ്ഞതും എല്ലാം...... ""

ലെച്ചുവിനെ നോക്കി കൊണ്ടു അച്ഛൻ പറഞ്ഞു....

ദേവു അതു കേട്ടപ്പോൾ ലെച്ചുവിനെ നോക്കി ....

അവൾ എല്ലാം ഒക്കെ ആയില്ലേ എന്ന രീതിയിൽ ദേവൂന്റെ നേരെ കൈകാണിച്ചു....

കുറച്ചു നേരത്തെ മൗനത്തിനൊടുവിൽ

"""മോളെ മോൾക്ക് വിഷമം ഒന്നുംമില്ലല്ലോ ... അച്ഛൻ നേരെത്തെ അങ്ങനെ സംസാരിച്ചതിൽ.... """

ദേവൂന്റെ അച്ഛൻ ദേവുനോട് ചോദിച്ചു....

""ഇല്ല അച്ഛാ.... """

""ഉം... നീയും അവനും അന്ന് കല്യാണത്തിന് താല്പര്യമില്ല എന്നുപറഞ്ഞ് ഞങ്ങളെ വിഷമിപ്പിച്ചില്ലേ അതിനു പകരം ആയി കൂട്ടിക്കോ ഇതു... """

""അതിനവൾ ഒരു പുഞ്ചിരി അച്ഛനു സമ്മാനിച്ചു.... """

""ഇനി അവനും കൊടുക്കാനുണ്ട് .... ഇങ്ങു വരട്ടെ അവൻ.... """

അതിനും അവൾ നിറപുഞ്ചിരി നൽകി....

"""വാസു....രണ്ടു ചീത്ത പറയണം എന്നു വിചാരിച്ചതാ..... അതിനവൻ ഫോൺ എടുത്തിട്ട് വേണ്ടേ എന്നാലല്ലേ പറയാൻ പറ്റു....."""

അനിയുടെ അച്ഛൻ പറഞ്ഞു...

"""ശെരിയാ...നമ്മൾ ഈ കാര്യം അറിഞ്ഞപ്പോൾ തൊട്ടു വിളിക്കുനതാ ഫോൺ എടുക്കുന്നെ ഇല്ല അവൻ..... """

ദേവൂന്റെ അച്ഛൻ പറഞ്ഞു...

""നമ്മൾ എന്തു പറയും എന്നു കരുതിയിട്ട് ആകും.... """

""ഉം...ആയിരിക്കും.... ""

""അല്ല ... ദേവു മോളു ഒന്ന് വിളിച്ചു നോക്ക് .... നിന്റെ നമ്പർ കണ്ടാൽ അവൻ

എടുക്കും .... പിന്നെ നി വിളിക്കുമ്പോൾ ഞങ്ങൾ സമ്മതിച്ച കാര്യം ഒന്നും പറയണ്ട .... ""ഇവിടെ ആകെ പ്രശ്നം ആണ് .... ""അനിയേട്ടൻ അച്ഛനെ വിളിച്ചു ഒന്ന് സംസാരിക്കു...."" എന്നു പറഞ്ഞാൽ മതി .. ബാക്കി ഞങ്ങൾ നോക്കിക്കൊള്ളാം... ""

അനിയുടെ അച്ഛൻ പറഞ്ഞു....

""മ്മ്... """

അവളതിന് ഒന്ന് മൂളിയിട്ട് തലയാട്ടി....

സംസാരങ്ങൾ ഒക്കെ കഴിഞ്ഞു ... അനിയെ വിളിക്കാനായി ദേവു ഫോണും എടുത്തു റൂമിൽ കട്ടിലിൽ കിടക്കുകയായിരുന്നു..... കുറെ നേരം വിളിച്ചിട്ടും അനി ഫോൺ എടുക്കുന്നുണ്ടായില്ല.... അങ്ങനെ ഇരിക്കുമ്പോൾ....

""എന്താ ഏട്ടാ ... എടുക്കാത്തെ.... തിരക്കിൽ ആണോ എന്റെ പൊന്ന്..... ആയിരിക്കും ..... അല്ലെങ്കിൽ എന്റെ നമ്പർ കണ്ടാൽ എടുക്കാതിരിക്കില്ലല്ലോ...... എന്നാലും ഇത്രയും വലിയ ഗുഡ് ന്യൂസ് ഞാൻ പ്രതീക്ഷിച്ചില്ലാട്ടോ..... വളരെ സന്തോഷം ഉണ്ട് ഏട്ടാ.... ഈ ഒരു നിമിഷത്തിനായി കാത്തിരിക്കാൻ തുടങ്ങിയിട്ട് ഒത്തിരി വർഷങ്ങളായി.... ഇനി ഒരു ആഗ്രഹം കൂടി ഉണ്ട് ..... എന്റെ മുഖത്തു നോക്കി """എന്റെ പെണ്ണേ "" ഒന്ന് വിളിക്കണം...... ഏട്ടന്റെ വായിൽ നിന്നും അതു കേൾക്കാൻ പ്രത്യേക സുഖമാ......വിളിക്കില്ലേ എന്റെ ചക്കര..... വിളിക്കോ ..... ഉം ആ ചിരിക്കണ്ടാൽ അറിയാം വിളിക്കും എന്നു ....... """"""

അതും പറഞ്ഞവൾ മൊബൈൽ സ്ക്രീനിൽ തെളിഞ്ഞിരിക്കുന്ന അനിയുടെ ഫോട്ടോയിൽ അവളുടെ ചെഞ്ചുണ്ടുകൾ കൊണ്ടു മുത്തം ഇട്ടു......

""ആ ഫോണിന്റെ സ്ക്രീൻ ചീത്തയാക്കുമല്ലോ..... """

ലെച്ചുവിന്റെ ശബ്ദം കേട്ടപ്പോൾ ദേവു തിരിഞ്ഞു നോക്കി....

കട്ടിലിനു അടുത്തായി ലെച്ചു നിൽക്കുന്നു....

ലെച്ചുവിനെ കണ്ടപ്പോൾ ദേവൂന്റെ മുഖം നാണത്താൽ കുളിച്ചു....

""ഇപ്പോഴും ഈ ഫോട്ടോയിൽ മുത്തികൊണ്ടിരിക്കുകയാണോ,, ഏട്ടനെ വിളിച്ചില്ലേ.???..... """"""

"'ഇല്ല ലെച്ചു.... ഏട്ടൻ എടുക്കുന്നില്ല ... തിരക്കിൽ ആണെന്ന് തോന്നുന്നു.... """

""തിരക്കിൽ ഒന്നും ആവില്ല ... പേടിച്ചു ഇരിക്കുക ആയിരിക്കും.... ""

""ഹേയ് പേടിച്ചിരിക്കുക ഒന്നും അല്ലായിരിക്കും .... ഷോപ്പിന്റെ തിരക്കിൽ ആയിരിക്കും.... ""

""ഉവ്വേ .... ഇത്രേം കോലാഹലങ്ങൾ ഉണ്ടാക്കിയിട്ട് .... ഇന്നു ചേട്ടൻ ഷോപ്പിൽ പോകുമെന്ന് തോന്നുന്നുണ്ടോ .... പേടിച്ചു റൂമിൽ ഇരിക്കുന്നുണ്ടാകും..... പേടിത്തൊണ്ടൻ...... """

""എന്റെ ഏട്ടൻ പേടിത്തൊണ്ടൻ ഒന്നും അല്ല ... ""

ദേവു ചെറു ദേഷ്യത്തിൽ പറഞ്ഞു....

""ഓഹ് ... കാമുകനെ കുറിച്ചു പറഞ്ഞപ്പോൾ കാമുകി ക്ക് നൊന്തു..... """

ലെച്ചു ചെറു ചിരിയോടെ പറഞ്ഞു.....

""ഒന്ന് പോടീ.... ""

ദേവു ചെറു ചിരിയോടെ ലെച്ചുനോട് പറഞ്ഞു....

""ഓഹ് ഞാൻ പോയേക്കാമെ... അതെ ഫോണിൽ മുത്തം ഇട്ടു കളിക്കാതെ താഴേക്കു വാ .... """

അതിനു ഉത്തരം എന്നനിലയിൽ ദേവു തലയാട്ടിയപ്പോൾ.... ലെച്ചു താഴേക്കു പോയി.....

പിന്നിട് രണ്ടുമൂന്നു വട്ടം കൂടി അവൾ അവനെ വിളിച്ചു നോക്കി .... പക്ഷെ എടുക്കാതെ വന്നപ്പോൾ നിരാശ തോന്നി ....
കുറച്ചു നേരം കൂടി അനിയുടെ ഫോട്ടോ നോക്കി അവൾ ആ കട്ടിലിൽ കിടന്നു ......

""ചേച്ചി...... ""

എന്നുള്ള ലെച്ചുന്റെ പതിഞ്ഞ വിളിയാണ് അവളെ ആ ഫോട്ടോയിൽ നിന്നും കണ്ണെടുക്കാൻ പ്രേരിപ്പിച്ചത് ....

അവൾ അവിടെ കിടന്നോണ്ട് ""എന്താ ലെച്ചു ""എന്നർത്ഥത്തിൽ തല തിരിച്ചു നോക്കി....

നിറഞ്ഞു തുളുമ്പുന്ന മിഴികളോടെയും തളർന്നമുഖഭാവത്തോടെയും എന്തോ പ്രധാന കാര്യം പറയാനെന്ന പോലെ സ്റ്റെയർ ഓടി കയറിയതിന്റെ കിതപ്പ് പോലും വിട്ടുമാറാതെ നിൽക്കുന്ന ലെച്ചുവിനെയാണു വാതിൽക്കലിൽ ദേവു കണ്ടത്....

ലെച്ചുവിന്റെ മുഖത്തെ വിഷാദഭാവം ദേവൂനെ ഭയപ്പെടുത്തി .... എന്തോ അനർത്ഥം സംഭവിച്ചുണ്ടെന്നു അവൾ തിരിച്ചറിഞ്ഞു.....

ദേവു വേഗം തന്നെ കട്ടിലിൽ നിന്നും എഴുനേറ്റു ലെച്ചു വിന്റെ അടുത്തേക്ക് ചെന്നു.....

""എന്താ ലെച്ചു .. എന്തുപറ്റി.... """

""അതു..... ചേച്ചി..... """

അവളുടെ വാക്കുകൾ മുറിഞ്ഞു പോയി....

""എന്താടി ... എന്താ കാര്യം എന്നു പറ ..... """

""അതു.... ചേച്ചി .... ചേച്ചി താഴേക്കു വാ..... """

വിക്കുന്ന വാക്കുകളോടെ ലെച്ചു അതു പറഞ്ഞപ്പോൾ ... എന്തോ സീരിയസ് പ്രശ്നമുണ്ടെന്നു ദേവൂന് മനസിലായി .... അവൾ പിന്നേം ഒന്നും ചോദിക്കാൻ നിന്നില്ല .... ലെച്ചുനേം കൂട്ടി താഴേക്കു ചെന്നു .....

താഴേക്കു ചെന്നപ്പോൾ അച്ഛനും മാമനും അമ്മയും അമ്മായിയും നില്കുന്നത് ദേവു കണ്ടു .....

എല്ലാവരും വിഷമം നിറഞ്ഞ മുഖത്തോടെ നിൽക്കുന്നു .... കുറച്ചു മുൻപ് താൻ സന്തോഷത്തോടെ നിൽക്കുന്നത് കമ്പിക്കുട്ടൻ.നെറ്റ് കണ്ട അവരെ അല്ല ഇപ്പോ അവിടെ നിൽക്കുന്നത് കണ്ടത് ....

""എന്നാ പോവാം .... """

അഭിയേട്ടന്റെ വാക്കുകൾ കേട്ടപ്പോൾ ദേവു അവിടേക്കു നോക്കി .....

അഭിയേട്ടന്റെ മുഖവും എല്ലാവരുടെയും പോലെ തന്നെ .... ഞാനറിയാത്ത എന്തോ ഇവിടെ സംഭവിച്ചു .... ദേവു അഭിയുടെ മുഖം കണ്ടപ്പോൾ ഊഹിച്ചു...

"""ലെച്ചു എന്താടി കാര്യം.... """

ദേവു വീണ്ടും ചോദിച്ചു...

അതിനു ലെച്ചു മൗനം പാലിച്ചു....

""എന്താ അച്ഛാ ... എന്താ ഇവിടെ നടക്കുന്നത് .... """

ദേവു സഹികെട്ടപ്പോൾ ചോദിച്ചു പൊയി....

"ഒന്നുമില്ല മോളെ .... നമുക്ക് ഒരിടം വരെ പോകാം .... ""

എന്നു മാത്രം പറഞ്ഞുകൊണ്ടു ദേവൂന്റെ കൈയിൽ പിടിച്ചു അച്ഛൻ കാറിന്റെ അടുത്തേക്ക് നടന്നു .... എല്ലാവരും കാറിൽ കയറി കഴിഞ്ഞപ്പോൾ ... അഭി കാർ സ്റ്റാർട്ട് ചെയ്തു പുറത്തേക്കു ഇറക്കി....

"എല്ലാവരുടെയും മുഖത്തു ദുഃഖം മാത്രം .... അതിന്റെ കാരണമെന്തെനും എവിടെക്കാ പോകുന്നേ എന്നൊന്നും അറിയാതെ മനസിലാവാതെ ദേവു കാറിൽ ഇരുന്നു....."""

""എല്ലാവരുടെയും വിഷാദ ഭാവം കണ്ടപ്പോൾ ദേവു പിന്നെ ഒന്നും ചോദിച്ചില്ല ..... """

കാർ മുന്നോട്ടു സഞ്ചരിച്ചുകൊണ്ടിരുന്നു....

""ഇടക്ക് കാര്യമെന്തെന്നു അറിയാനായി അടുത്തിരിക്കുന്ന ലെച്ചുവിന്റെ മുഖത്തു ദേവു നോക്കി .... അപ്പോ ലെച്ചു നിറഞ്ഞ മിഴികളോടെ ഒന്നുമില്ല എന്നു കാണിച്ചു... ദേവൂന്റെ കൈയിൽ മുറുക്കി പിടിച്ചു..... തന്റെ കൈയിൽ അമർന്നിരിക്കുന്ന അവളുടെ കൈക്ക് ചെറിയൊരു വിറയൽ ഉള്ള പോലെ ദേവൂന് തോന്നി....

കാർ അതിവേഗം പാഞ്ഞു കൊണ്ടിരിന്നു....

കുറച്ചു നേരം കഴിഞ്ഞപ്പോൾ ലെഫ്റ്റ് സൈഡിൽ ഒരു വലിയ കവാടത്തിനുള്ളിലേക്ക് കാർ കടന്നു..പിന്നെ അവിടെ ഉള്ള പാർക്കിങ്ങിൽ കാർ നിർത്തി .... അവിടെ കവാടത്തിനു മുന്നിൽ മെഡിക്കൽ സെന്റർ എന്നു ആർച്ചു പോലെ എഴുതി വെച്ചിരുന്നതു കണ്ടപ്പോൾ ദേവൂന്റെ മനസ്സിൽ ഭയം കയറി കൂടി .... ആരാ ഹോസ്പിറ്റലിൽ ... ആർക്കാ എന്താ സംഭവിച്ചത് എന്നു അറിയാതെ .... ദേവു എല്ലാവരുടെയും ഒപ്പം കാറിൽ നിന്നും ഇറങ്ങി ...

""ആരാ ഹോസ്പിറ്റലിൽ,,ആർക്കാ എന്താ പറ്റിയെ .... ""

ദേവു എല്ലാവരോടും ആയി ചോദിച്ചു....

""ആർക്കും ഒന്നും പറ്റിയിട്ടില്ല മോളെ ""

അനിയുടെ അച്ഛൻ തളർന്ന മട്ടിൽ പറഞ്ഞു...

""പിന്നെന്താ മാമ .... ഇവിടെ... """

""അതൊന്നുമില്ല മോളെ .. മോളു വാ... ""

ദേവൂന്റെ കൈയും പിടിച്ചു ദേവൂനേം കൂട്ടി അനിയുടെ അച്ഛൻ ആ ഹോസ്പിറ്റൽ കെട്ടിടത്തിലേല്ക് കടന്നു.... എല്ലാവരും അവരെ അനുഗമിച്ചു നടന്നു ....അഭി എല്ലാവർക്കും വഴികാട്ടി എന്നോണം മുന്നിൽ കയറി നടന്നു.... ആരുമൊന്നും മിണ്ടാതെ എന്തോ ശോകമായ അവസ്ഥയോടെ ലിഫ്റ്റിൽ കയറി.... നാലാം നിലയിൽ എത്തിയതോടെ ലിഫ്റ്റിന്റെ വാതിലുകൾ ചലിച്ചു ...... ..പിന്നിടുള്ള വരാന്തയിൽ കൂടി വീണ്ടും കുറച്ചു ദൂരം പിന്നിട്ടപ്പോൾ ദേവൂന്റെ മുന്നിൽ ഒരു വാതിലുകൾ പ്രത്യക്ഷപെട്ടു.....

അതിൽ

""ഓപ്പറേഷൻ തീയേറ്റർ ""

എന്നു രേഖപ്പെടുത്തിയിരുന്നു....

""സിസ്റ്റർ .... മോന് എങ്ങനെ ഉണ്ട്..... ""

ഓപ്പറേഷൻ തിയേറ്ററിൽ നിന്നും ഇറങ്ങി വന്ന ഒരു നേഴ്സ്നോട് അനിയുടെ അച്ഛൻ ചോദിച്ചു...

പെട്ടന്ന് ആ ചോദ്യം മനസിലാകാതെ സിസ്റ്റർ നിന്നപ്പോൾ ""അനിയുടെ അച്ഛൻ ആണ് """

എന്നു അഭി പറഞ്ഞു....

""ഞങ്ങൾക്ക് ഒന്ന് കാണാൻ പറ്റുമോ.... ""

അനിയുടെ അച്ഛൻ ചോദിച്ചു...

"ഇപ്പോ കാണാൻ പറ്റില്ല... ഓപ്പറേഷൻ നടന്നു കൊണ്ടിരിക്കുകയാണ്... """

എന്നും പറഞ്ഞുകൊണ്ടു സിസ്റ്റർ നടന്നു പോയി

ഇതൊക്കെ കേട്ട് സ്തഭതയായി നിൽക്കുകയായിരുന്നു ദേവു...

ഇത്രയുംനേരം അവൾ കരുതിയിരുന്നത് അവർക്ക് വേണ്ടപ്പെട്ട ആരെങ്കിലും ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണെന്നുനാണ് എന്നാൽ ആ പേഷ്യന്റ് തന്റെ പ്രാണൻ ആണെന്നു അറിഞ്ഞപ്പോൾ അവളുടെ ഹൃദയതാളം ഒരുനിമിഷം നിശ്ചലമായി....

""അച്ഛാ ...... അനിയേട്ടൻ..... ഏട്ടന് ... എന്തുപറ്റി...... """

നിറഞ്ഞ മിഴികളൊടെ ഇടറുന്ന സ്വരത്തിൽ തന്റെ കൈ പിടിച്ചിരിക്കുന്ന അനിയുടെ അച്ഛനോട് അവൾ ചോദിച്ചു ....

അപ്പഴാണ് അഭിയും അച്ഛനും അടുത്ത് നിൽക്കുന്ന ദേവൂനെ നോക്കുന്നത് ....

""അച്ഛാ .. പറ.... അനിയേട്ടനു എന്തുപറ്റി.... """

അവൾ വീണ്ടും ചോദിച്ചു....

""അതു മോളെ നീ പേടിക്കണ പോലെ ഒന്നുമില്ല എയർപോർട്ടിൽ നിന്നും പോരുന്ന വഴിക്ക് ചെറിയൊരു ആക്സിഡന്റ്... അത്രേയുള്ളൂ ........ """

അവളുടെ നിറഞ്ഞ മിഴികളും പേടിച്ച മുഖഭാവവും കണ്ടപ്പോൾഅവളെ സാന്ത്വനപെടുത്തി കൊണ്ടു അനിയുടെ അച്ഛൻ പറഞ്ഞു...

ആക്സിഡന്റ്ന്റെ തീവ്രതയും വ്യപ്തിയും ഒന്നും മനസിലായില്ലെങ്കിലും അനി ആക്സിഡന്റ് മൂലം ഓപ്പറേഷൻ തിയേറ്റർ ഉള്ളിൽ ആണെന്നു അറിഞ്ഞപ്പോൾ അവളുടെ ഉള്ളൊന്നു ആളി.... തന്റെ ഏട്ടന് വലിയൊരു ആപത്തു സംഭവിച്ചിരിക്കുന്നു എന്ന ബോധ്യം അവളുടെ മനസിനെ ബാധിച്ചു.... അവളുടെ മനസ്സ് തളർന്നു ഒപ്പം അവളുടെ ശരീരവും.....

അവളുടെ കാലുകൾ നിലത്തുറക്കാതെയായി കണ്ണുകളിൽ ഇരുട്ട് കയറിത്തുടങ്ങിയപ്പോൾ...
അവളറിയാതെ തന്നെ ""ഏട്ടാ "" എന്നു ഉച്ചരിച്ചുകൊണ്ട് ഹോസ്പിറ്റൽ വരാന്തയിലേ ടൈൽസ് പാകിയ തറയിലേക്ക് ശിശിരത്തിൽ വാടിയ ഇലകൾ സാവധാനത്തിൽ കൊഴിഞ്ഞു വീഴുന്ന പോലെ അവളും കൊഴിഞ്ഞു വീണു.......

മുഖത്തു വെള്ളത്തുള്ളികൾ പതിച്ചപ്പോഴാണ് ... ദേവു മിഴികൾ തുറക്കുന്നത്....

കണ്ണുകൾ തുറന്ന അവൾ തന്റെ മുന്നിൽ വെള്ളത്തുള്ളികൾ കുടയുന്ന അഭിയേട്ടനെ യും അച്ഛനമ്മമാരെയും ഭാഗികമായി ദർശിച്ചു ... ഒപ്പം ചുറ്റും മോളെ മോളെ എന്നുള്ള വിളികളും അവളുടേ കാതുകളിൽ മുഴങ്ങികേട്ടു...

അവൾ കണ്ണുകൾ അടച്ചു തുറന്നു .... അപ്പോഴാണ് അവൾക്കു പരിസരബോധവും

താൻ എവിടെയാണെന്നും ഉള്ള തിരിച്ചറിവ് ഉണ്ടാകുന്നത്....

അനിയുടെ അമ്മയുടെ മടിയിൽ ചാരി കിടന്നു കൊണ്ടു അവൾ ചുറ്റുപാടും വീക്ഷിച്ചു....
 അവളുടെ ചുറ്റും നിൽക്കുന്ന അച്ഛനമ്മമാരുടെ മുഖത്തേക്ക് അവൾ നോക്കി ദുഃഖം മുഖമായ ... അവരുടെ മുഖത്തു ചെറിയൊരു പ്രസന്നത അവൾ കണ്ടു ""മോളെ... മോളെ ""എന്നുള്ള വിളിക്കളും അവൾ കേട്ടു....

""ഏട്ടൻ.... ""

അവൾ ഇടറിയ ശബ്ദത്തിൽ ചോദിച്ചു....

""മോളെ ... പേടിക്കാനൊന്നും മില്ല അവനൊന്നും സംഭവിച്ചിട്ടില്ല .... മോളു ധൈര്യമായിരിക്കു..... """

അനിയുടെ അച്ഛന്റെ ആശ്വാസവാക്കുകൾ ഒന്നും അവളുടെ മനസിനെ സാന്ത്വനപെടുത്താൻ കഴിഞ്ഞില്ല...

""ഇല്ലാ ... അച്ഛൻ ... നുണ പറയുകയാ ... അനിയേട്ടന് എന്തോ ഉണ്ട് .... ചെറിയൊരു ആക്സിഡന്റ് നു എന്തിനാ ഓപ്പറേഷൻ ഒക്കെ.... """

അവൾ തേങ്ങി കൊണ്ട് ചോദിച്ചു ....

അനിയുടെ അച്ഛനു മറുപടി ഉണ്ടായിരുന്നില്ല .....

കാലത്ത് ദേവുവും അനിയും ഇഷ്ടമാണെന്നു അറിഞ്ഞു വളരെ സന്തോഷത്തിൽ നിൽക്കുയായിരുന്നു അദ്ദേഹം .....എന്നാൽ എയർപോർട്ടിൽ നിന്നും വീട്ടിലേക്ക് വരുന്ന വഴി അനിസഞ്ചരിച്ച കാർ ആക്സിഡന്റ് സംഭവിച്ചു എന്നും അനി ഹോസ്പിറ്റലിൽ ആണെന്നും അഭി മുഖേന അറിഞ്ഞപ്പോൾ അദ്ദേഹം തളർന്നുപോയിരുന്നു.....""അച്ഛാ.. അച്ഛൻ തളർന്നാൽ ഇവിടെ ഉള്ള എല്ലാവരും തളരും "" എന്നുള്ള അഭിയുടെ വാക്കുകൾ ആണ് അദ്ദേഹത്തിനെ ഇവിടം വരെ എത്തിച്ചത് എന്നാൽ ഇപ്പോ അനി അകത്തു മരണത്തോട് മല്ലിടുന്നു എന്ന ആ വാർത്തെയെക്കാൾ വളരെ അധികം ആ അച്ഛനെ തളർത്തിയത് ദേവൂന്റെ ചോദ്യവും അവളുടെ മുഖവും ആണ്....

"മോളെ.... അവനു ഒന്നും ഇല്ല ... ഈ അമ്മയല്ലേ പറയുന്നത് ... അവനു ഒന്നുമില്ല......... ""

ദേവൂനെ ചേർത്തു പിടിച്ചു കൊണ്ട് ഇടറിയ ശബ്ദത്തിൽ ....മിഴികളിൽ നിന്നും ഒഴുകിയിറങ്ങിയ കണ്ണീർ തുടച്ചു കൊണ്ടു അനിയുടെ അമ്മ പറഞ്ഞു...

ലെച്ചുവും അമ്മമാരും കൂടി ഒരുവിധം അവളെ സമാധാനിപ്പിച്ചു അവളെ അവിടെ ഉള്ള ബെഞ്ചിൽ ഇരുത്തി ....

അനിയുടെ അമ്മയുടെ മേൽ ചാരി അവൾ ആ ബെഞ്ചിൽ ഇരുന്നു....

പിന്നിട് ആരുമൊന്നും മിണ്ടിയില്ല അനിയുടെ കണ്ടിഷനെ കുറിച്ചും ആർക്കും അറിയുകയും ഇല്ല..

എല്ലാം ഈ ഓപ്പറേഷൻ കഴിഞ്ഞാലേ പറയാൻ പറ്റു എന്നു നേഴ്സ് മുഖാന്തരം അവർ അറിഞ്ഞു ...അതുംകൂടി അറിഞ്ഞതോടെ കുറെ നേരമ്മായിട്ടുള്ള അവളുടെ തേങ്ങലുകൾ നിലച്ചു ... എന്നാൽ അവളുടെ മിഴിയിതളുകളിൽ നിന്നും ധാര ധാരയായുള്ള കണ്ണീർ പ്രവാഹം നിലച്ചിരുന്നില്ല....

ആകെ ശോകമായ അന്തരീഷം ....

എല്ലാവർക്കും ധൈര്യം പകർന്നു കൊണ്ടു അഭി അവിടെ നിന്നു....

ദേവൂന്റെ അവസ്ഥ കണ്ടു അനിയുടെ അച്ഛൻ തളർന്നു പോയിരുന്നു.....ദേവൂന്റെ അച്ഛൻ അദ്ദേഹത്തെ സമാധാനിപ്പിക്കാനായി അദ്ദേഹത്തിന്റെ അടുത്ത് തന്നെ ഉണ്ടായിരുന്നു....

എന്നാൽ മുന്നിൽ തളർന്നിരിക്കുന്ന ദേവൂന്റെ മുഖം കാണും തോറും അദ്ദേഹത്തിന്റെ മനസ്സ് തളർന്നു കൊണ്ടിരുന്നു

""അനിയെ പ്രാണനായി കരുതുന്ന അവളുടെ സങ്കടം കണ്ടുനിൽക്കാനുള്ള ശക്തിയില്ലാതെ വന്നപ്പോൾ അദ്ദേഹം അവിടെ നിന്നും മാറി വരാന്തയിൽ ഒരു ഓരത്തു പോയി നിന്നു .... ""

ശസ്ത്രക്രിയ കഴിയാൻ മണിക്കൂറുകൾ പിന്നിട്ടു.....

ഓപ്പറേഷൻ തീയേറ്ററിന്റെ ചില്ലിട്ട ഡോർ പതിയെ തുറന്നുകൊണ്ടു ഭൂമിയിലെ മാലാഖമാരിൽ ഒരാൾ ചോദിച്ചു....

""അനിയുടെ ബൈ സ്റ്റാൻഡർ ""

അതു കേട്ടപ്പോൾ അഭി വേഗം തന്നെ ആ നേഴ്സിന്റെ അടുത്തേക്ക് ചെന്നു....

""അനിയുടെ ഓപ്പറേഷൻ കഴിഞ്ഞു ...""

ആ നേഴ്സ് പറഞ്ഞു ..

""എങ്ങനെ ഉണ്ട് അവനു... ""

അഭി ചോദിച്ചു....

""പേടിക്കാൻ ഒന്നുമില്ല ....""

അതു കേട്ടപ്പോൾ എല്ലാവരും ഇത്രയും നേരം അടക്കി പിടിച്ച ഭയം ഒരു നിശ്വാസത്തിലൂടെ പുറത്തേക്ക് ഒഴുകി.... ചെറിയൊരു ആശ്വാസം എല്ലാവർക്കും കിട്ടി....

""ഒന്ന് കാണാൻ പറ്റുമോ ഞങ്ങൾക്ക് അവനെ ... ""

""ഇപ്പോ കാണാൻ പറ്റില്ല ,,, പേഷ്യന്റ് നു ബോധം തെളിഞ്ഞിട്ടില്ല.. പിന്നെ വിശദമായി പേഷ്യന്റിന്റെ നിലയെ കുറിച്ചു സംസാരിക്കാൻ ഡോക്ടർ നിങ്ങളോട് ഡോക്ടറുടെ ക്യാബിനിലേക്ക് ചെല്ലാൻ പറഞ്ഞു.... """

""ശരി .. സിസ്റ്റർ... """

ഡോക്ടറെ കാണാനായി അഭിയും അനിയുടെ അച്ഛനും പോയി.....

ഡോക്റുടെ മുറിയിൽ കയറി ... ഡോക്ടറുടെ നിർദ്ദേശപ്രകാരം ഡോക്ടറുടെ മുന്നിലുള്ള കസേരയിൽ അവർ ഇരുവരും ഇരുന്നു...

അഭിയും അച്ഛനും ഡോക്ടറോട് അനിയുടെ നിലയെ പറ്റി ചോദിച്ചു...

""പുറമെ പേഷ്യന്റിനു വലിയ പരിക്കുകൾ ഒന്നും ഇല്ല .... വലതു കാലിന്റെ എല്ലിന് ചെറിയൊരു പൊട്ടൽ പിന്നെ ഇടതു കൈയുടെ എല്ലിനൊരു സ്ക്രാച്ച്... പിന്നെ ആക്സിഡന്റിൽ കാറിൽ നിന്നും ഡോർ തുറന്നു തെറിച്ചു വീണതിന്റെ ആകാം ദേഹത്തു അവിടെ ഇവിടെ ആയി പോറലുകൾ .... ഇതൊക്കെ ആഴ്ചകൾ കൊണ്ട് പരിഹരിക്കാൻ കഴിയും.... പക്ഷെ??? കാറിൽ നിന്നും തെറിച്ചു വീണപ്പോൾ സംഭവിച്ചതാണോ കാറിൽ തന്നെ വെച്ചാണോ എന്നറിയില്ല അനിയുടെ തല ശക്തിയായി എന്തിലോ തട്ടിയിട്ടുണ്ട്....തലയിൽ ചെറിയൊരു പൊട്ടലും ഉണ്ട്..... ""

ഡോക്ടർ ഒന്ന് പറഞ്ഞു നിർത്തി...എന്നിട്ട് വീണ്ടും തുടർന്ന്...

""നിങ്ങളോട് തുറന്നു പറയുന്നതിൽ ഒന്നും കരുതരുത് .... നിങ്ങൾ അറിഞ്ഞിരിക്കണം അതാ... ആ പൊട്ടൽ നമുക്ക് നിസാരമാക്കി തള്ളി കളയാൻ പറ്റില്ല .... ആ പൊട്ടലിന്റെ ആഘാതത്തിൽ അനിയുടെ തലച്ചോറിലേക്ക് വരുന്ന മെയിൻ രക്തകുഴലിന് ക്ഷതം സംഭവിച്ചിട്ടുണ്ട്.... """

അതു കേട്ടപ്പോൾ അവർ ഒന്ന് ഞെട്ടി.....

""ഡോക്ടർ........അതി.... """

അനിയുടെ അച്ഛന്റെ വാക്കുകൾ ഇടറിയിരുന്നു വാക്കുകൾ മുഴുവനാക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല....

""നിങ്ങൾ പേടിക്കേണ്ട .... ഇപ്പൊ കുഴപ്പമില്ല... ഓപ്പറേഷൻ ചെയ്തു അതു നേരെ ആക്കിയിട്ടുണ്ട് ... ""

അതു കേട്ടപ്പോൾ അവർക്ക് സമാധാനമായി....

""അപ്പോ ഇനി വേറെ പ്രശ്നങ്ങൾ ഒന്നും ഇല്ലല്ലേ ഡോക്ടർ .... """

അഭി ചോദിച്ചു...

""അതിലേക്ക് ആണ് ഞാൻ പറഞ്ഞു വരുന്നത്.... ഇപ്പോ വേറെ കുഴപ്പം ഒന്നും ഇല്ല പെഷ്യേന്റിനു ... പക്ഷെ .... രണ്ടു കാര്യങ്ങൾ ഉണ്ട് .... ഒന്നാമത്തേത് ....അടുത്ത ഇരുപത്തി നാലുമണിക്കൂറുകൾക്ക് ഉള്ളിൽ പെഷ്യേന്റിനു രക്തസമ്മർദം ഉണ്ടായാൽ ആ ക്ഷതം സംഭവിച്ച രക്തക്കുഴലുകൾക്കു ഒരു പക്ഷെ താങ്ങാൻ പറ്റിയെന്നു വരില്ല അങ്ങനെ വന്നാൽ ആ രക്തകുഴൽ പോട്ടാനുള്ള സാധ്യത ഏറെ ആണ്... അങ്ങനെ പൊട്ടിയാൽ പെഷ്യേന്റിന്റെ നില കൂടുതൽ വഷളാകും... അതു അഗാധമായ കോമയിലേക്കും വഴിയൊരുക്കും ചിലപോൾ നമുക്ക് പെഷ്യേന്റിനെ തിരിച്ചു കിട്ടിയെന്നും വരില്ല... ""

ഡോക്ടർ പറഞ്ഞത് കേട്ടപ്പോൾ അവർ ഒന്ന് ഭയപ്പെട്ടു ..

"'ഡോക്ടർ ... അപ്പോ .. അനി.... """
അഭിയുടെ വാക്കുകൾ ഇടാറി...

"'നിങ്ങൾ ഭയപ്പെടാതെ ഇരിക്കു...അങ്ങനെ സംഭവികാതിരിക്കാൻ നമ്മുക്ക് പാർത്ഥിക്കാം... ""

ഡോക്ടർ പറഞ്ഞു.....

""പിന്നെ രണ്ടാമത്തെ കാര്യം.... അതുപിന്നെ അനിക്ക് ബോധം വീണാൽ മാത്രമേ അറിയുള്ളു.... ""

""അതെന്താ ഡോക്ടർ... ""

എന്നരീതിയിൽ അവർ രണ്ടുപേരും ഡോക്ടറുടെ മുഖത്തേക്ക് നോക്കി...

"'ബോധം വിട്ടു എഴുനേൽക്കുന്ന അനിക്ക് ... നിങ്ങളെ എല്ലാവരെയും തിരിച്ചറിയാൻ സാധിക്കുമോ എന്നു ഉറപ്പില്ല... പഴയ ഓർമ്മകൾ അവനു കൂട്ടായി ഉണ്ടാകാൻ സാധ്യത ഇല്ല ..... അവന്റെ മെമ്മറി ലോസ് ആകാനും സാധ്യത ഉണ്ട്.... ""

""അതു കുഴപ്പമില്ല ഡോക്ടർ ... അവൻ ഞങ്ങളെ ആരെയും തിരിച്ചു അറിഞ്ഞില്ലെങ്കിലും കുഴപ്പമില്ല ..... അവനെ ജീവനോടെ കണ്ടാൽ മതി.....

കണ്ണീരിൽ കുതിർന്ന മിഴികളോടെ അനിയുടെ അച്ഛൻ പറഞ്ഞു....

""അച്ഛാ ... അച്ഛനെ വിഷമിപ്പിക്കാൻ പറഞ്ഞതല്ല....അച്ഛന്റെ വിഷമം എനിക്ക് മനസിലാകും .... എന്നാലും നിങ്ങൾ ഇതു അറിഞ്ഞിരിക്കണം ... എന്തും നേരിടാൻ തയാറായിട്ടുള്ള മനസുമായി നിങ്ങൾ ഇരിക്കണം അതിനു വേണ്ടിയാ ഞാൻ നിങ്ങളോട് ഇതൊക്കെ തുറന്നു സംസാരിച്ചേ.... """

ഡോക്ടർ പറഞ്ഞു....

""ഉം... ശരി ഡോക്ടർ.... """

അനിയുടെ അച്ഛൻ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു...

""ഞങ്ങൾക്ക് ഒന്ന് അവനെ കാണാൻ പറ്റുമോ ഡോക്ടർ.... """

""ഇപ്പോ പറ്റില്ല... ബോധം വരട്ടെ ഞാൻ അതിനുള്ള അവസരം ഉണ്ടാക്കാം... ഒക്കെ... """

അങ്ങനെ കുറച്ചു നേരം ഡോക്ടറുമായി സംസാരിച്ചു ഡോക്ടറുടെ ക്യാബിനിൽ നിന്നും അഭിയും അച്ഛനും ഇറങ്ങി... ഡോക്ടർ പറഞ്ഞ കാര്യങ്ങൾ അവരുടെ കണ്ണുകളെ ഇറനാക്കിയിരുന്നു......

""അച്ഛാ .... ദേ എല്ലാവരും ഇങ്ങോട്ട് നോക്കുന്നു ... ആ കണ്ണുകൾ തുടക്കു.... ഇനി അവരെ കൂടി വിഷമിപ്പിക്കാതെ..... അച്ഛൻ തളരല്ലേ.... അച്ഛൻ തളർന്നാൽ അവരും തളരും...... ആ കണ്ണുകൾ തുടക്കു അച്ഛാ.... """

ക്യാബിനിൽ നിന്നും ഇറങ്ങി ഓപ്പറേഷൻ തിയേറ്ററിന്റെ അടുത്തേക്ക് വരാന്തയിലൂടെ നടക്കുമ്പോൾ അഭി അച്ഛനോട് പറഞ്ഞു....

""ഡോക്ടർ പറഞ്ഞത് ഒന്നും അവരോടു പറയേണ്ട... അച്ഛാ.... """

"""ഉം... ""

അവർ രണ്ടുപേരും ഒഴുകി വന്ന കണ്ണീർ തുടച്ചു മാറ്റി കൊണ്ടു ഓപ്പറേഷൻ തീയേറ്ററിന്റ മുന്നിലേക് നടന്നടത്തു....

""എന്തു പറഞ്ഞു ഡോക്ടർ... "

അവരെ കണ്ടപ്പോൾ ദേവൂന്റെ അച്ഛൻ ചോദിച്ചു....

""ഹേയ് അവനു കുഴപ്പമൊന്നുമില്ല .... കാലിനു ചെറിയൊരു പൊട്ടൽ പിന്നെ കൈക്കും ... അത്രേം ഒള്ളു.... """

അതു കേട്ടപ്പോൾ എല്ലാവർക്കും സന്തോഷമായി... അനി ക്ക് സീരിയസ് ആയിട്ട് ഒന്നും മില്ലല്ലോ.... എന്നോർത്ത്....

""അവനെ ഒന്ന് കാണാൻ പറ്റുമോ.. ഏട്ടാ... ""

അനിയുടെ അമ്മ ചോദിച്ചു...

"ഉം... ബോധം വന്നാൽ ഉടനെ കാണിക്കാം എന്നു ഡോക്ടർ പറഞ്ഞിട്ടുണ്ട്.... ഇപ്പോ മരുന്നിന്റെ എഫക്റ്റിൽ മയക്കത്തിൽ ആണ് അവൻ .... """"

എല്ലാവരുടെയും മുഖത്തു സന്തോഷം നിഴലിച്ചു....

""ഞാൻ പറഞ്ഞില്ലേ മോളെ ... അവനൊന്നുമില്ലന്നു.... ""

ഇതൊക്കെ കേട്ടുകൊണ്ട് തോളിൽ ചാരി തളർന്നു കിടക്കുന്ന ദേവുനോട് അനിയുടെ അമ്മ പറഞ്ഞു...

അതു കേട്ടപ്പോൾ സന്തോഷം കൊണ്ടു അവൾ പുഞ്ചിരിക്കാൻ ശ്രമിച്ചു എങ്കിലും കരഞ്ഞു വടി തളർന്ന അവളുടെ ശരീരം അതിനു വഴങ്ങിയില്ല....

""എന്ന ഞാനിപ്പോ വരാം...കുറച്ചു മരുന്നുകൾ വാങ്ങിക്കാൻ ഉണ്ട് ""

അതൊക്കെ കണ്ടു അവിടെ നിൽക്കാൻ സാധിക്കാതെ വന്നപ്പോൾ അഭി അതും പറഞ്ഞു അവിടെന്നു മാറി....

കുറച്ചു കഴിഞ്ഞപ്പോൾ സജിയും അനിതയും ആ ഹോസ്പിറ്റലിലേക്ക് വന്നു....

സജി അനിയുടെ വിവരങ്ങൾ അവരിൽ നിന്നും അറിഞ്ഞു...

സജി അഭിയെ കുറിച്ചു ചോദിച്ചപോൾ ... താഴേക്കു മരുന്ന് വാങ്ങിക്കാൻ പോയന്ന് കേട്ട് സജിയും താഴേക്കു അവനെ അന്വേഷിച്ചു ഇറങ്ങി....

താഴേക്കു ഇറങ്ങുന്നിടയിൽ ഒരു ബാൽക്കണി പോലെയുള്ള ഭാഗത്തു പുറത്തേക്കു നോക്കി നിൽക്കുന്ന അഭിയെ സജി കണ്ടു....

""ആ നീ ഇവിടെ നിൽക്കുക ആയിരുന്നോ..... ""

സജി അഭിയുടെ പുറത്തു കൈവെച്ചു കൊണ്ട് പറഞ്ഞു...

""എന്താടാ ഇതു... ""

സജിയുടെ ശബ്ദം കേട്ട് തിരഞ്ഞ അനിയുടെ കണ്ണീർ ഒലിക്കുന്ന മുഖം കണ്ടു സജി ചോദിച്ചു....

"ആ സജിയേട്ടനോ.... """

അവൻ കണ്ണുകളിൽ നിന്നും ഒഴുകിയ കണ്ണീർ തുള്ളികൾ തുടച്ചുകൊണ്ട് പറഞ്ഞു...

""എന്താടാ ഇതു... അവനു കൊഴപ്പമൊന്നുമില്ലല്ലോ ... പിന്നെന്താ..... """

""കൊഴപ്പം ഒന്നുമില്ല സജിയേട്ടാ... ""

""പിനെന്താടാ നിന്റെ കണ്ണുകൾ ഇങ്ങനെ നിറഞ്ഞിരിക്കുന്നത്.... ""

""അതുപിന്നെ ഞാൻ പഴയ കാര്യങ്ങൾ ഓക്കേ ചിന്തിച്ചു നിന്നതാ... """

"'ഡാ അനിക്ക് ... പ്രത്യേകിച്ചു എന്തേലും..... നീയും അച്ഛനും ആണ് ഡോക്ടറേ കാണാൻ കയറിയത് എന്നു അറിഞ്ഞു... ഡോക്ടർ വല്ലതും പറഞ്ഞോ..നിന്റെ മുഖം കണ്ടിട്ട് എന്തോ പന്തികേട് പോലെ .... പറയെടാ .... എന്തെങ്കിലും കുഴപ്പം ഉണ്ടോ.....

"""

""ഇല്ല സജിയേട്ടാ.... "

""നീ എന്തോ ഒളിക്കുന്നു...പറയെടാ എന്താ കാര്യം എന്നു... """

അഭിയുടെ പരുങ്ങൽ കണ്ടപ്പോൾ സജി ചോദിച്ചു...

സജിയുടെ കുത്തി കുത്തിയുള്ള ചോദ്യങ്ങൾക്കു അവസാനം അഭിക്ക് എല്ലാം പറയേണ്ടി വന്നു ഡോക്ടർ പറഞ്ഞകാര്യങ്ങൾ മുഴുവൻ.....

എല്ലാം കെട്ടുകഴിഞ്ഞു കുറച്ചു നേരം സജി മിണ്ടിയില്ല....

""ദേവൂനെ കാണാൻ ആയിരിക്കുമല്ലേ അവൻ ആരോടും പറയാതെ അവിടെനിന്നും നാട്ടിലേക്ക് പോന്നത് .... """

""ഉം... സജിയേട്ടാ.... സജിയേട്ടൻ കണ്ടോ അവളെ.... ""

"ഉം..കണ്ടു....പാവം ആകെ വിഷമിച്ചു ഇരിക്കുകയാ.... """

""ഉം... ആ വിഷമം കണ്ടുനിൽക്കാൻ സാധിക്കാത്തത് കൊണ്ട ഞാൻ ഇങ്ങോട്ട് പോന്നത്.... """

""ഉം... """

""എന്നാലും അവനു എന്നെ വിളിച്ചു പറയാമായിരുന്നു.... ഞാൻ ഒരു പോറൽ പോലും ഏൽപ്പിക്കാതെ കൊണ്ടുവരില്ലെയിരുന്നുവോ.... ""

അഭി സങ്കടത്തോടെ പറഞ്ഞു....

""""ഉം.... """

സജി അതിനു ഉത്തരം എന്നനിലയിൽ ഒന്ന് മൂളി....

""നീ സെബിയെ അറിയിച്ചോ.... """

""ഉം... അവൻ വിളിച്ചിരുന്നു എന്നെ ... അനിയെ വിളിച്ചിട്ട് കിട്ടുന്നില്ല ... അവൻ നാട്ടിൽ എത്തിയൊ ... എന്നു ചോദിച്ചു.... അപ്പോ ഞാൻ പറഞ്ഞു അവനോട് നടന്ന കാര്യങ്ങൾ..... """

""ഉം എന്നിട്ട്.... """

""അവൻ പോന്നിട്ടുണ്ട്..... ഉച്ച കഴിഞ്ഞു എത്തും.... """"

""""ഉം.... ""

അങ്ങനെ വീണ്ടും മണിക്കൂറുകൾ താണ്ടി ..... സെബിയും ആ ഹോസ്പിറ്റലിൽ എത്തിച്ചേർന്നു.... പിന്നെ അനിയുടെ കാര്യം അറിഞ്ഞു അനിയുടെ അടുത്ത ബന്ധുക്കളും.... എല്ലാവരെയും കൊണ്ടു ആ ഹോസ്പിറ്റൽ വരാന്ത നിറഞ്ഞു.... ഇതിനോടകം അനിയെ ഐസിയുവിലേക്ക് മാറ്റിയിരുന്നു...

പിന്നിട് രാത്രി ഒൻപത് മണി ഒക്കെ ആയപ്പോൾ ..... ഒരു സന്തോഷവാർത്തയും ആയി ആ ഭൂമിയിലെ മാലാഖമാരിൽ ഒരു മാലാഖ ഐസിയുവിന്റെ വാതിലുകൾ തുറന്നു പുറത്തു എത്തികൊണ്ട് ""അനിക്ക് ബോധം തെളിഞ്ഞിട്ടുണ്ടെന്നു"""" പറഞ്ഞു .....

അതു കേട്ടപ്പോൾ എല്ലാവർക്കും സന്തോഷമായി....

പിന്നിട് ഡോക്ടറും വന്നു പറഞ്ഞു അനിക്ക് കുഴപ്പം ഒന്നും ഇല്ല...നമ്മൾ പേടിച്ച പോലെ ഓർമ്മക്ക് തകരാർ ഒന്നും ഇല്ല എന്നു....പിന്നെ ഒരാൾക്ക് കയറി കാണാം പക്ഷെ അധികം സംസാരിക്കരുത് എന്നു പറഞ്ഞു ഡോക്ടർ അവരോടു ......

അനിയെ നേരിൽ കാണാൻ എല്ലാവർക്കും ആഗ്രഹം ഉണ്ടായിരുന്നു.....

എല്ലാവരും അനിയുടെ അമ്മയോട് അകത്തേക്ക് കയറി അനിയെ കണ്ടോള്ളാൻ പറഞ്ഞു....

പക്ഷെ അനിയുടെ അമ്മ """ഞാനല്ല അവനെ കാണേണ്ടത് ... എന്നയല്ല അവൻ കാണേണ്ടത് .... അവന്റെ ജീവൻ ഇവിടെ ഇപ്പോ നിലനിൽക്കുന്നുണ്ടെങ്കിൽ അതു ഒരാളുടെ മനസുരുകിയുള്ള പാർത്ഥനയുടെ ഫലമാണ്.... """

അതും പറഞ്ഞു അനിയുടെ അമ്മ ദേവൂന്റെ മുഖം തന്റെ തോളിൽ നിന്നും

അടർത്തി....

""മോളെ... ചെല്ല് ...""

അവളുടെ മുഖത്തു നോക്കി അനിയുടെ അമ്മ പറഞ്ഞു...

എല്ലാവരും ""ചെല്ലു... ദേവു ... ""

എന്നരീതിയിൽ അവളെ നോക്കി....

അവളെ അമ്മ ബെഞ്ചിൽ നിന്നും എഴുന്നേൽപ്പിച്ചു ... തളർന്ന പദങ്ങളോടെ അമ്മയുടെ തോളിൽ ചാരി അവളാ ആ ഐസിയുവിന്റെ വാതിലിന്റെ അടുത്തേക്ക് നടന്നു....

വാതിലുകൾ തുറന്നു സിസ്റ്ററിന്റെ സഹായത്തോടെ അവൾ .... കർട്ടനുകൾ കൊണ്ടു മറച്ച ഐസിയുവിന്റെ ഉള്ളിൽ എത്തിച്ചേർന്നു...

""ഒരു കർട്ടൻ മറച്ച മുറിയെ ചൂണ്ടി അകത്തേക്ക് കടന്നോളാൻ ... ആ സിസ്റ്റർ പറഞ്ഞപ്പോൾ .... അവൾ വെച്ചുവെച്ചു അവിടേക്കു നടന്നു....

കർട്ടനുകൾ പതിയെ വകഞ്ഞു മാറ്റി അവൾ അകത്തേക്ക് പ്രവേശിച്ചു .... അകത്തു കുറെ ഇലക്ട്രോണിക്ക് ഉപകരണങ്ങൾക്ക് നടുവിലായി... ബെഡിൽ .... തലയിൽ ഒരു വലിയ കെട്ടും .... ദേഹത്തു നെഞ്ച് വരെ മൂടിയ നിലയിൽ പുതപ്പും പുതച്ചു കിടക്കുന്ന അനിയെ അവൾ കണ്ടു....

ആ കാഴ്ച അവളുടെ മനസ്സിൽ താങ്ങാവുന്നതിലും അപ്പുറം ആയിരുന്നു അവളുടെ കണ്ണുകളിൽ നിന്നും കണ്ണീർ ധാരയായി ഒഴുകി...

""പേഷ്യന്റിനു വിഷമം തോന്നുന്നത് ഒന്നും പറയരുത് ... അധികം സംസാരിക്കരുത്.... ""

അകത്തേക്ക് കയറ്റി വിടുമ്പോൾ ആ നേഴ്സ് പറഞ്ഞ കാര്യം അവളുടെ മനസിലേക്ക് ഓടി എത്തി.....

അവൾ വേഗം തന്നെ മുഖം കൈകൊണ്ടു തുടച്ചു .... എന്നിട്ട് അനിയുടെ അടുത്തേക്ക് നടന്നടുത്തു...

അവൾ അടുത്ത് എത്തിയപ്പോൾ അനി മയക്കത്തിൽ ആയിരുന്നു....

അനിയുടെ മുഖത്തേക്ക് കുറെ നേരം നോക്കി നിന്നിട്ട് അവൾ പിന്നെ പ്ലാസ്റ്റർ ഇട്ട അനിയുടെ ഇടതു കൈയിലേക്കും കാലിലേക്കും നോക്കി....

പെട്ടന്ന് ആണ് ബെഡിനടുത് അനിയുടെ വലതുകയ്യിനടുത്തായി ഉള്ള തന്റെ കൈയിൽ ഒരു സ്പർശനം അറിയുന്നത്... ദേവു പെട്ടന്ന് തിരിഞ്ഞു അനിയുടെ നേരെ നോക്കി .....

""കണ്ണുകൾ തുറന്നു തന്നെ തന്നെ നോക്കികൊണ്ടു കിടക്കുന്ന അനിയെ ആണ് അവൾ കണ്ടത്... ""

""അനിയുടെ മുഖം കണ്ടപ്പോൾ അവളറിയാതെ അവളുടെ കണ്ണുകൾ നിറഞ്ഞു... ""

അതു കണ്ടപ്പോൾ ""എനിക്ക് ഒന്നുമില്ല എന്ന രീതിയിൽ .... ""അനി മിഴികൾ അടച്ചുകാണിച്ചു....

അതു കണ്ടപ്പോൾ അവൾ മിഴികളിൽ നിന്നും ഒഴുകിവന്ന കണ്ണീർ തുടച്ചുമാറ്റികൊണ്ടു അനിയുടെ വിറക്കുന്ന വിരലുകൾ ഉള്ള ആ കൈപ്പത്തിയിൽ അവളുടെ കൈപ്പത്തി കൊണ്ടു മുറുകെ പിടിച്ചു....

""ദേ.... വു........ """"

അനി വായ തുറന്നു അവളോട് എന്തോ കഷ്ടപ്പെട്ട് പറയാൻ പാട് പെടുന്നത് കണ്ടപ്പോൾ .... അവനെ അവൾ വിലക്കി .... ""ഇപ്പോ ഒന്നും പറയണ്ട ഏട്ടാ.... ""എന്നരീതിയിൽ അവൾ അവനെ നോക്കി.... അവരുടെ മിഴികൾ പരസ്പരം സംസാരിച്ചു.....

കുറച്ചു നേരം അവൾ അവന്റെ കൈയിൽ പിടിച്ചു കൊണ്ടു അവന്റെ മുഖത്തു നോക്കി നിന്നു ... അവൻ ചെറുപുഞ്ചിരി തൂകി കൊണ്ടു അവളെ നോക്കി കിടന്നു ..... കുറച്ചു കഴിഞ്ഞപ്പോൾ അവന്റെ മുഖമോക്കെ വലിഞ്ഞു മുറുകുന്നു ... അവന്റെ മുഖത്തെ ചിരി മാഞ്ഞു പോകുന്നു .... അവളുടെ കൈയിൽ അവന്റെ കൈ മുറുകുന്നതായി ഫീൽ ചെയ്തു അവൾക്കു ....അനി വേദനകൊണ്ട് പുളയുന്നത് പോലെ ദേവൂന് തോന്നി... അവളുടെ ഉള്ളിൽ ഭയം നിഴലിച്ചു.....

""ഏട്ടാ... ഏട്ടാ.... ""

പേടിച്ച ശബ്ദത്തിൽ അവൾ അവനെ വിളിച്ചു .... അവൾ കരച്ചിലിന്റെ വക്കിൽ എത്തി....

അവന്റെ കണ്ണുകൾ മേലോട്ട് ആയി അവൻ ബെഡിൽ കിടന്നു തുള്ളി വിറച്ചു...

അവളുടെ ശബ്ദം കേട്ടു നേഴ്സ് ഓടിയെത്തി....

പിന്നിട് എല്ലാം പെട്ടന്നു ആയിരുന്നു ..... ഡോക്ടർ ഒക്കെ ഓടി വന്നു.... അവനെ പരിശോധിക്കുകയും..... നേഴ്സുമാരോട് എന്തൊക്കെ പറയുകയും ചെയുന്നത് അവൾ കണ്ടു .... എല്ലാം നിർവികാരതയോടെ നോക്കി നിൽക്കാനേ അവൾക്കു കഴിഞ്ഞോള്ളൂ.......

അവളെ അവിടെന്നു നേഴ്സുമാർ പുറത്തേക്കു പോകാൻ ആവിശ്യപെട്ടപ്പോൾ ....

അവളുടെ കൈയിൽ മുറുകെ പിടിച്ചിരിക്കുന്ന അവന്റെ കൈ അവൾ പതിയെ അടർത്തി മാറ്റി ...... ഒരു തൂവൽ കൊഴിയുന്ന ലാഘവത്തോടെ അവന്റെ കൈ ആ കിടക്കയിൽ വന്നു പതിച്ചു.....

തന്റെ പ്രാണനാഥന്റെ വലിഞ്ഞു മുറുകിയ മുഖവും ഉറഞ്ഞു തുള്ളുന്ന ശരീരവും കണ്ടു നിൽക്കാൻ കഴിയാതെവന്നപ്പോൾ അവൾ കരഞ്ഞു കൊണ്ടു ആ മുറി വിട്ടു പുറത്തേക്കു ഓടി...............

-----------------------------------------

ഒരു വർഷത്തിന് ശേഷം ഒരു സായാഹ്നം......

""ഹലോ അഭി ... എവിടെയാ.???... """

""ഞാൻ ഇവിടെ അടുത്ത് തന്നെയുണ്ട്..... ഞാൻ കണ്ടു നിന്നെ .... """

എന്നു പറഞ്ഞു അഭി ഫോൺ കട്ട് ചെയ്തു ....

കുറച്ചു നിമിഷത്തിനുള്ളിൽ
എയർപോർട്ടിന്റെ പുതിയ ടെർമിലിന്റെ എൻട്രൻസിന് മുന്നിൽ നിൽക്കുന്ന താരയുടെ അടുത്തായി
ഒരു റെഡ് സ്വിഫ്റ്റ് വന്നു നിന്നു...

""ഹായ് താര.... """

എന്നു പറഞ്ഞുകൊണ്ട് അതിൽ നിന്നും അഭി ഇറങ്ങി വന്നു.....

കുറെ നാൾക്കു ശേഷം അഭിയെ കണ്ട സന്തോഷത്തിൽ താര അഭിയെ ആലിംഗനം ചെയ്തു....

""എന്താടി...എങ്ങനെയുണ്ട് അമേരിക്കൻ ജീവിതം സുഖമാണോ നിനക്ക്... ""

""അതേടാ... നിനക്ക് എങ്ങനെ?? ,,, സ്വപ്ന ഒക്കെ എന്തു പറയുന്നു?? .... """

""എല്ലാവരും നന്നായിട്ട് ഇരിക്കുന്നു ,,, ആ കുഞ്ഞു താരയും ഉണ്ടോ.... """

അപ്പോഴാണ് താരയുടെ അടുത്തായി ഏഴെട്ട് വയസ് പ്രായം തോന്നിക്കുന്ന താരയുടെ മോള് നിൽക്കുന്നത് അഭി കണ്ടത്....

""ഇഷ മോളെ ഇതാണ് ... അഭി അങ്കിൾ... അമ്മ പറയാറില്ലേ അമ്മയുടെ പഴയ ഫ്രണ്ട്സ്നേ കുറിച്ചു... അവരിൽ ഒരു അങ്കിൾ ആണ് ഇതു .... ""

താര മോളോടായി പറഞ്ഞു...

""ഹായ് അങ്കിൾ.... ""

ഇഷ മോൾ അഭിയുടെ നേരെ ഷേക്ക് ഹാൻഡ് കാണിച്ചു കൊണ്ട് പറഞ്ഞു...

""ഹായ് മോളു ""എന്നു പറഞ്ഞു അഭി അവളുടെ ഷേക്ക്ഹാൻഡ് സ്വികരിച്ചു....

""ഹസ് വന്നില്ലെ.... ""

""ഇല്ല ഏട്ടന് ... ബിസിനസ് ടൂർ ഉണ്ട് അതുകൊണ്ട് വരാൻ പറ്റിയില്ല.... ""

""എന്ന ശെരി വന്നു കാറിൽ കയറു... നിന്റെ വരവും കാത്ത് കുറച്ചു പേര് നിൽക്കുന്നുണ്ട് """

അഭി അതു പറഞ്ഞു താരയുടെ ബാഗ് എടുത്തു പുറകിലെ സീറ്റിൽ വെച്ചു....

താര മുൻസീറ്റിൽ കയറി...താരയുടെ മടിയിലായി ഇഷമോളും ഇരുന്നു...

അഭി കാർ എയർപോർട്ട് കോമ്പൗണ്ടിൽ നിന്നും പുറത്തേക്കു പായിച്ചു.....

""നിനക്ക് കുറച്ചു നേരത്തെ വരായിരുന്നു.. ഇപ്പോ എല്ലാം കഴിഞ്ഞിട്ടുണ്ടാകും.... ""

അഭി കാർ ഓടിക്കുന്നതിനിടയിൽ പറഞ്ഞു....

""ഞാൻ പോഗ്രാംമിനായി വന്നതല്ലലോ... നിങ്ങളെ ഒക്കെ ഒന്നു കാണണം ... അത്രേം വിചാരിച്ചോള്ളൂ.... """"

""നീ കുറച്ചു ദിവസം ഉണ്ടാവില്ലേ ഇവിടെ.... ""

""ഇല്ലെടാ ...ഞാൻ ഇന്ന് തന്നെ മടങ്ങും... ""

""അതെന്താ.... """

""മുംബൈക്ക് കണക്ട്ടേഡ് ഫ്ലൈറ്റ്നു ടിക്കറ്റ് ബുക്ക് ചെയ്തിട്ടുണ്ട്... ഇന്ന് രാത്രി

അങ്ങോട്ടേക്ക് പോകണം ... അവിടെ ഏട്ടന്റെ ചേച്ചിയുടേ വീടുണ്ട് അവിടേക്ക് പോകണം.. .. """

""അപ്പോ നീ കുറച്ചു സമയമേ ഇവിടെ ഉണ്ടാവുകയുള്ളു..... """

""ഉം... """

അങ്ങനെ വിശേഷങ്ങൾ പങ്കുവെച്ചു അവരുടെ കാർ മുന്നോട്ടു സഞ്ചരിച്ചു....

കുറച്ചു സമയത്തെ ഡ്രൈവിങിനൊടുവിൽ അവരുടെ കാർ ഒരു ഫൈവ് സ്റ്റാർ ഹോട്ടലിനു മുന്നിൽ എത്തിപ്പെട്ടു ....

അഭി കാർ പാർക്കിൽ പ്ലസിൽ കയറ്റി നിർത്തി....

അഭി കാറിൽ നിന്നും ഇറങ്ങി കൂടെ
താരയും ഇഷമോളും ഇറങ്ങി...

അഭിയുടെ പുറകിലായി താരയും മോളും നടന്നു...

ആ ഹോട്ടലിനു സൈഡിലായുള്ള വഴിയിലൂടെ അവർ നടന്നുനീങ്ങി .... അവസാനം ഹോട്ടലിനു പുറകിലുള്ള ഒരു വലിയ പുൽമൈതാനം അവരുടെ മുന്നിൽ പ്രത്യക്ഷപെട്ടു....

അവിടെ ആ മൈതാനത്തിനു നടുക്ക് ആയി ഒരു ചെറിയ സ്റ്റേജ് അതു മനോഹരമായി അലങ്കരിച്ചിരിക്കുന്നു പിന്നെ കുറെ കസേരകളും ടേബിളുകളും .... ഒരു മാരേജ് റിസപ്ഷൻ കഴിഞ്ഞ ഒരു പ്രതീതി ....

കുറച്ചു പേര് അവിടെയിവിടെയായി കൂട്ടം കൂടി വർത്തമാനത്തിൽ ഏർപ്പെട്ടിരിക്കുന്നു....

പുൽ മൈതാനത്തേക്ക് താര കാൽ എടുത്തു വെക്കാൻ തുടങ്ങുമ്പോൾ ""ഡി...""എന്നു വിളിച്ചു കൊണ്ട് സ്വപ്ന അവളുടെ അടുത്തേക്ക് നടന്നു വന്നു.....

സ്വപ്നയെ കണ്ട സന്തോഷത്തിൽ താര സ്വപ്നയെ ആലിംഗനം ചെയ്തു ....

രണ്ടുപേർക്കും സന്തോഷം അടക്കാനായില്ല ..... സന്തോഷം കൊണ്ട് അവരുടെ മിഴികൾ നിറഞ്ഞു......

ആലിംഗനത്തിൽ നിന്നും വിട്ടുമാറിയ അവർ പരസ്പരം വിശേഷങ്ങൾ പങ്കുവെച്ചു....

""നീ നോക്കുന്ന വ്യക്തി അവിടെ ഇല്ല.... """

ഇടവിട്ട് ആ സ്റ്റേജിനടുത്തേക്കും പിന്നെ ചുറ്റുമുള്ളവരിലേക്കും താര കണ്ണുകൾ പായിച്ചപ്പോൾ സ്വപ്ന ചെറു ചിരിയോടെ താരയോട് പറഞ്ഞു....

അതു കേട്ടപ്പോൾ ചെറു ചിരി സ്വപ്നക്കായി താര സമ്മാനിച്ചു...

""വാ .... ഞാൻ കാണിച്ചു തരാം... ""

അതും പറഞ്ഞു സ്വപ്ന താരയുടെ കൈയും പിടിച്ചു ആ സ്റ്റേജിനടുത്തേക്ക് നടന്നു.....

""അനിൽ വെഡ്സ് ദേവു """

സ്റ്റേജിൽ എഴുതിയ പേരുകൾ താരയുടേ മിഴികളിൽ പതിഞ്ഞു....

സ്വപ്ന താരയേം കൊണ്ട് സ്റ്റേജിനു സൈഡിലൂടെ പുഴയോരത്തേക്ക് നടന്നു....

ആ ഹോട്ടലിനു പുറകിലായി ഒരു ചെറിയ പുഴ ഒഴുകുന്നുണ്ട്....

പുഴയോട് ചേർന്നു പുഴയുടെ ഭംഗി ആസ്വദിക്കാനായി വ്യൂ പോയിന്റ് പോലെ ചെറിയ ചെറിയ ഓട് പതിപ്പിച്ച ഓപ്പൺ കെട്ടിടങ്ങൾ ഉണ്ട് .... അതിന്റെ അടുത്തേക്ക് സ്വപ്ന താരയെ കൊണ്ടുപോയി....

""ഉം ചെന്നോളൂ.... ""

സ്വപ്ന അതിൽ ഒരു കെട്ടിടത്തിന്റെ ചവിട്ട് പടിയിലേക്ക് ചൂണ്ടി കാണിച്ചു കൊണ്ട് പറഞ്ഞു...

താര അതു കേട്ടപ്പോൾ ഇഷ മോളെയും കൂട്ടി ആ പടികൾ കയറി.... മുകളിൽ എത്തി...

ചെറിയ പ്രകാശം പരത്തുന്ന ബൾബുകൾ കൊണ്ട് മനോഹരം ആയിരുന്നു അവിടം..... ആ വെളിച്ചത്തിൽ ശാന്തമായി ഒഴുകുന്ന പുഴയും.... അങ്ങെ തീരത്തെ മനോഹരമായ കാഴ്ചകളും താരയുടെ മിഴികളിൽ പതിഞ്ഞു....

പിന്നെ തന്റെ നേരെ പുറം തിരിഞ്ഞു പുഴയുടെ ഭംഗി ആസ്വദിച്ചു നിൽക്കുന്ന നവദമ്പതികളെയും താരയുടെ മിഴികൾ ഒപ്പിയെടുത്തു....

""ഹലോ.... എനിക്ക് അങ്ങോട്ട് വരുമല്ലോ അല്ലെ.... """

താര പുറം തിരിഞ്ഞു നിൽക്കുന്ന നവദമ്പതികളെ നോക്കി പറഞ്ഞു....

താരയുടെ ശബ്ദം അവരുടെ കാതുകളിൽ പതിച്ചപ്പോൾ അവർ തിരിഞ്ഞു നോക്കി....

കുറെ വർഷങ്ങൾക്കു ശേഷം താരയെ കണ്ട അനിയുടെ ശരീരം ഒരു നിമിഷം സന്തോഷം കൊണ്ട് നിശ്ചലമായി.... താരക്കും അതുപോലെ തന്നെ ക്രീം കളർ പാർട്ടി വെയർ ധരിച്ചു നിൽക്കുന അനിയെ കണ്ടപ്പോൾ അവളും ഒരു നിമിഷം നിന്നുപോയി....

അവളുടെ നീല മിഴികളിലേക്ക് നോക്കി കുറച്ചു നേരം അനി നിന്നു...

പഴയ കൂട്ടുകാരിയെ കണ്ടതിലുള്ള സന്തോഷം അവന്റെ മുഖത്തു നിഴലിച്ചു.... അവളുടെ മുഖവും പ്രകാശപൂരിതമായിരുന്നു.... അനിയുടെ ചുണ്ടുകളിൽ പുഞ്ചിരി വിടർന്നു..... ഒപ്പം താരയുടെയും....

""താരേച്ചി .... ""

താരയെ കണ്ടപ്പോൾ ദേവു അറിയാതെ പറഞ്ഞുപോയി...

ദേവൂന്റെ ശബ്ദം ആണ് താരയെ ദേവൂന്റെ അടുത്തേക്ക് മിഴികൾ പായിക്കാൻ പ്രേരിപ്പിച്ചത്....

ക്രീം കളർ ഫ്ലോറൽ പ്രിന്റഡ് പാർട്ടിവെയർ ഗൗണിലുള്ള ദേവൂന്റെ സൗന്ദര്യം താരയുടെ മിഴികളിൽ പതിച്ചു....

താര ചെറുപുഞ്ചിരി അവൾക്കായി സമ്മാനിച്ചു ... അവൾ തിരിച്ചു താരക്കും സമ്മാനിച്ചു ചെറുപുഞ്ചിരി....

താര അവരുടെ അടുത്തേക്ക് നടന്നടുത്തു.....

""വിഷ് യു എ ഹാപ്പി മാരീഡ് ലൈഫ് """

താര അവരുടെ അടുത്ത് എത്തിയപാടെ താര കൈയിൽ കരുതിയിരുന്ന ഗിഫ്റ്റ് അവരുടെ രണ്ടുപേരുടെയും കൈകളിലേക്ക് നൽകി...

അവർ അതു സന്തോഷത്തോടെ സ്വീകരിച്ചു...

""താര ഇതാണ് ദേവു.... """

ദേവൂനെ താരക്ക് പരിചയപ്പെടുത്തി കൊടുത്തു അനി....

""ഉം .. മനസിലായി....""
എന്നർത്ഥത്തിൽ താര പുഞ്ചിരിച്ചു...

"'യാത്രയൊക്കെ എങ്ങനെ ഉണ്ടായിരുന്നു ചേച്ചി .... """

ദേവു ചോദിച്ചു...

""സുഖമായിരുന്നു... """

""ഹായ് മോളു... അങ്കിളിനെ അറിയുമോ.... """

ഇഷമോളെ കണ്ടപ്പോൾ അനി ചോദിച്ചു...

""അനി അങ്കിൾ അല്ലെ... ""

അതുകേട്ടപ്പോൾ എങ്ങനെ മനസിലായി എന്നർത്ഥത്തിൽ അവൻ ആ കുഞ്ഞു മുഖത്തേക്ക് നോക്കി....

""അങ്കിളിന്റെ ഫോട്ടോ അമ്മയുടെ പഴയ ആൽബത്തിൽ കണ്ടിട്ടുണ്ട്... """

നിഷ്കളങ്കമായ ചിരിയോടെ അവൾ പറഞ്ഞു...

അതിനൊരു പുഞ്ചിരി ആ കുഞ്ഞിനായി അനി സമ്മാനിച്ചു...

""എന്താ ചേച്ചി മോളുടെ പേര് ""

ദേവു ഇഷമോളെ നോക്കി കൊണ്ട് ചോദിച്ചു...

""ഇഷ """

""ഹായ് നല്ല പേര്..... ഇഷകുട്ടിക്ക് .. ഈ ആന്റിയെ മനസ്സിലായോ.... ""

ദേവു ഇഷയുടെ അടുത്തേക്ക് കുനിഞ്ഞു നിന്നു അവളുടെ കുഞ്ഞു കൈയിൽ പിടിച്ചുകൊണ്ടു ചോദിച്ചു....

""ഉം .. മനസിലായി..."""

എന്ന രീതിയിൽ തലയാട്ടി ...

""എന്ന പറ ആരാ... ""

ദേവു ചോദിച്ചു

""അനി അങ്കിളിന്റെ .... """

""അനി അങ്കിളിന്റെ??? ""

""അങ്കിളിന്റെ ഭാര്യ.... '"

""കൊള്ളാലോ ... സുന്ദരി കുട്ടി കണ്ടു പിടിച്ചല്ലോ .... """

ഇഷയുടെ കവിളിൽ തലോടി കൊണ്ട് ദേവു പറഞ്ഞു....

""ആന്റി മോൾക്ക് ഒരു കൂട്ടം കാണിച്ചു തരട്ടെ.... ""

"ഉം... ""
എന്നു തലയാട്ടി ഇഷ....

""ചേച്ചി ഞാൻ ഇവളെ അപ്പുറത്തേക്ക് കൊണ്ടോയിക്കോട്ടെ ..... """എന്നരീതിയിൽ ദേവു താരയുടെ മുഖത്തേക്ക് നോക്കി ...

താര അതിനു സമ്മതം അറിയിച്ചു...

ദേവു ഇഷമോളെയും കൂട്ടി അവിടെന്നും മാറി....

അവിടെ ഇപ്പോൾ അനിയും താരയും മാത്രമായി..... ദേവു പോയതോടെ അവരുടെ ഇടയിൽ മൗനം തളംകെട്ടി...... എന്തൊക്കെ ചോദിക്കണം പറയണം എന്നുണ്ട് രണ്ടുപേർക്കും പക്ഷെ തുടങ്ങാൻ പറ്റുന്നില്ല....

""ഫങ്ക്ഷൻ ഒക്കെ കഴിഞ്ഞല്ലേ... ""

മൗനത്തിനു വിരാമമിട്ടുകൊണ്ട് താര ചോദിച്ചു...

"ഉം ... കഴിഞ്ഞു... """

""നീ വരുമെന്നു ഞാൻ കരുതിയില്ല.... """"

""വരാൻ പറ്റുമെന്നു ഞാനും കരുതിയത് അല്ല പിന്നെ എന്തോ കാണണം എന്നു തോന്നി.... '"

""ഉം.... ""

പിന്നെയും മൗനം.....

""എങ്ങനെ ... നിനക്ക് സുഖമല്ലേ ... വാവേ....."" അയ്യോ സോറി താര .... വിളിച്ചു ശീലിച്ചത് അതാ സോറി മാറ്റികൊള്ളാം... """

""മാറ്റാനൊന്നും നിക്കണ്ട ചേട്ടായി....ചേട്ടായിയുടെ വായിൽ നിന്നും അങ്ങനെ കേൾക്കാൻ ആണ് എനിക്കിഷ്ടം....... പിന്നെ സുഖം... ചേട്ടായിക്കോ?? """

""ഉം... എനിക്കും സുഖം.... """

പിന്നെയും മൗനം.....

""ഒരു തരത്തിൽ നമ്മൾ പിരിഞ്ഞത് എത്രയോ നന്നായി അല്ലെ ""

പുഴയുടേ സൗന്ദര്യം ആസ്വദിച്ചു നിൽക്കുന്നിടയിൽ താര പറഞ്ഞു...

അതു കേട്ടപ്പോൾ എന്താ എന്നർത്ഥത്തിൽ അനി അവളുടെ മുഖത്തേക്ക് നോക്കി...

""ഹേയ് .. ഒന്നുല്ല ... അനിയേട്ടൻ ഭാഗ്യവാനാ....""

""എന്താ വാവേ അങ്ങനെ പറഞ്ഞെ..... """

""അതുപിന്നെ ... ദേവൂനെ പോലെ സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഒരു പെൺകുട്ടിയെ കിട്ടിയതിൽ '"

അതിനൊരു പുഞ്ചിരി അവൻ സമ്മാനിച്ചു....

""അവൾ ഒരു പാവമാ... സ്നേഹിക്കാൻ മാത്രം അറിയുള്ളു.... ഇന്നിപ്പോ ഞാൻ ഇവിടെ ഇങ്ങനെ നിൽക്കുന്നത്തിന്റെ മുഴുവൻ ക്രെഡിറ്റും അവൾക്കുള്ളതാ.... അവൾ ഇല്ലെങ്കിൽ ഈ അനിയില്ല... ഒരിക്കൽ മരണത്തിന്റെ മുന്നിൽ നിന്നും എന്നെ തിരിച്ചു കൊണ്ടുവന്നത് അവളുടെ കളങ്കമില്ലാത്ത സ്നേഹമാണ് അവളുടെ പാർത്ഥനയാണ് .... """

അനി പറഞ്ഞു നിർത്തി

അവൾ എല്ലാം ഒരു പുഞ്ചരിയോടെ കേട്ട് നിന്നു....

""ചേട്ടായി..... """

അവൾ വിദൂരതയിലേക്ക് നോക്കി കൊണ്ട് അനിയെ വിളിച്ചു..

""മ്മ്... """

""ഈ ലോകത്തിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന വ്യക്തി ആരാണെന്നു ഈ നിമിഷം ആരെങ്കിലും എന്നോട് ചോദിച്ചാൽ ..... ഞാൻ ഒട്ടും അമാന്തം ഇല്ലാതെ പറയും ... അതു ഞാൻ തന്നെയാണെന്നു......അത്രക്കും സന്തോഷം ആണ് ഞാനിപ്പോൾ അനുഭവിക്കുന്നത്....... """"

താര അതു പറഞ്ഞപ്പോൾ ചെറു ചിരിയോടെ അനി അവളുടെ മുഖത്തേക്ക് നോക്കി...

""ഒരിക്കൽ നമ്മൾ സ്വന്തം എന്നു കരുതി സ്നേഹത്തോടെ പരിചരിച്ചു പൊന്നു പോലെ കൊണ്ടു നടന്ന ഒരു കളിപ്പാട്ടം... അല്ല നമ്മൾ ഇഷ്ടപെടുന്ന എന്തും ആയികോട്ടെ അതു നമുക്ക് ഒരിക്കലും കിട്ടില്ലാത്ത നിലയിൽ നമ്മുടെ അടുത്ത് നിന്നും നഷ്ടപ്പെടുന്നു....അപ്പോഴുണ്ടാകുന്ന വേദന നമ്മുടെ മനസ്സിനെ ആഴത്തിൽ ബാധിക്കും.... എന്നാൽ കുറെ നാൾക്കു ശേഷം നമുക്ക് നഷ്ടപെട്ടത് വേറൊരു ആളുടെ അടുത്ത് കാണുന്നു ... അയാൾ നമ്മൾ നോക്കിയതിനെക്കാളും ഒരുപടി മുന്നിൽ അതിനെ സ്നേഹത്തോടെ പരിചരിക്കുന്നു അല്ല നമ്മുക്ക് സാധികാത്ത രീതിയിൽ അതിനെ പരിചരിക്കുന്നു.... നമ്മുടെ കൈയിൽ അതു ഉണ്ടായേക്കാളും സുരക്ഷിതത്വം അയാളുടെ കൈയിൽ അതു ഇരിക്കുമ്പോൾ ഉണ്ടെന്നു അറിയുന്നു ..... ഇതിൽ പരം സന്തോഷം വേറെ എന്തുണ്ട്..... """

താര പറഞ്ഞു നിർത്തി....

അതിനു മറുപടി പറയാൻ അനിക്ക് സാധിച്ചില്ല...... അനിയുടെ മിഴികൾ ഈറനായി....

പിന്നെയും കുറച്ചു നേരം അവർ എന്തൊക്കെ സംസാരിച്ചു ....

""അമ്മേ... ദേ ആന്റി തന്നതാ...""

കഴുത്തിൽ കിടക്കുന്ന സ്വർണ്ണമാല കാണിച്ചു കൊണ്ട് ഇഷമോൾ വന്നു...

""ഇതിപ്പോഴും ... """

ആ മാല കണ്ടപ്പോൾ താര അനിയുടെയും ദേവുവിന്റെയും മുഖത്തു നോക്കി...

അതിനൊരു പുഞ്ചിരി അവർ അവൾക്കു സമ്മാനിച്ചു....

""ഉം... കൊടുക്കാൻ മനസ്സ് വന്നില്ല....അതുകൊണ്ട് സൂക്ഷിച്ചു വെച്ചു എന്നെങ്കിലും

ഉടമസ്ഥനെ കാണുമ്പോൾ ഏല്പിക്കാം എന്നു കരുതി... """

അനി പറഞ്ഞു....

അതിനു ഒരു പുഞ്ചിരി താര അവർക്കു സമ്മാനിച്ചു....

അപ്പോഴേക്കും അഭിയും സ്വപ്നയും അവിടേക്ക് വന്നു ....

""എന്ന പിന്നെ ഞാൻ ഇറങ്ങട്ടെ .... ""

കുറച്ചു നേരം എല്ലാവരും ആയി സംസാരിച്ചിട്ട്.... താര പറഞ്ഞു....

അവർ എല്ലാവരും കൂടി സന്തോഷത്തോടെ അവളെ കാറിൽ കയറ്റി യാത്രയാക്കി.....

താര പോയതിനു ശേഷം അനി വീണ്ടും ആ പുഴയോരത്ത് നിൽക്കുകയായിരുന്നു... അപ്പൊ

""എന്താ ഒരു വലിയ ആലോചന... ""

ദേവു അനിയുടെ പുറകിൽ വന്നുകൊണ്ട് അനിയോട് ചോദിച്ചു......

ദേവൂന്റെ ശബ്ദം അനിയുടെ കാതുകളിൽ അലയടിച്ചപ്പോൾ അനി തിരിഞ്ഞു...

ദേവൂനെ കണ്ടപ്പോൾ അവന്റെ മുഖം പ്രകാശപൂരിതമായി....

""എന്താ ഒരു വിഷമം പോലെ...പഴയ കാമുകി പോയതിലുള്ള ദുഃഖം ആണോ... പുറകെ പോകാൻ തോന്നുന്നുണ്ടോ... """

ചെറു ചിരിയോടെ അവൾ അതു ചോദിച്ചപ്പോൾ അനി ""എന്താ എന്റെ ദുഃഖം മാറ്റി തരോ.... """എന്നു ചോദിച്ചു ദേവൂനെ വട്ടം പിടിച്ചു അവളെ അവന്റെ ശരീരത്തോട് ചേർത്തു..... എന്നിട്ടവളുടെ മുഖത്തേക്ക് നോക്കി ....

അവളുടെ മുഖം നാണത്താൽ കുളിച്ചു.....

""എന്റെ ആഗ്രഹം സാധിച്ചു തരോ എന്റെ സഹധർമിണി..... ""

അവളുടെ മിഴികളിലേക്ക് നോക്കി അനി ചോദിച്ചു അനിയുടെ പ്രണയപര്യവേശമായ നോട്ടം സഹിക്ക്യാവയ്യാതെ അവൾ മുഖം തിരിച്ചു....

""""പറയു.... ഈ ഏട്ടന്റെ ആഗ്രഹം സാധിച്ചു തരുമോ.... താരയുടെ കൂടെ പോകാൻ എന്നെ അനുവദിക്കുമോ.... """

""ഏട്ടന് അങ്ങനെ ഒരു ആഗ്രഹം ഉണ്ടെങ്കിൽ ... ഈ ദേവു ഒരിക്കലും എതിര് നിൽക്കില്ല.....ഏട്ടനു പോകണമെങ്കിൽ പോകാം... """

ദേവു പറഞ്ഞു..... ഒപ്പം അവളുടെ കണ്ണുകൾ ഈറനായി...

""എന്തു പറഞ്ഞെടി .... പോകണമെങ്കിൽ പോകാം എന്നോ? ...നിന്നെ ഞാൻ... ""

അതും പറഞ്ഞു അവൻ അവളുടെ കവിളിൽ പതിയെ കടിച്ചു....

""അഹ്... ""
അവളിൽ നിന്നും വേദനയുടെ നാദം പുറത്തുവന്നു.....

""അതെ അങ്ങനെ നിന്നെ ഇട്ടിട്ടു പോകാനാണല്ലോ ഞാൻ നിന്നെ സ്വന്തമാക്കിയത്...ഇനി ഇങ്ങനെ എങ്ങാനും പറഞ്ഞാൽ കൊന്നു കുഴിച്ചു മൂടും ഞാൻ ... """
അനി ചെറു ദേഷ്യത്തിൽ പറഞ്ഞു...

""അതു ഏട്ടന്റെ ആഗ്രഹം..എന്നു പറഞ്ഞപ്പോൾ..... """

ദേവു വിറക്കുന്ന സ്വരത്തിൽ പറഞ്ഞു....

"ആഗ്രഹം ... മണ്ണാകട്ട..... അതെ ഇനി ഈ ശരീരം അഗ്നിക്ക് ഇരയാകുന്നത് വരെ ഒരാൾക്ക് മാത്രമേ ഈ ഹൃദയത്തിൽ സ്ഥാനം ഒള്ളു ......അതു ഈ നിൽക്കുന്ന എന്റെ പെണ്ണിനാണ്...... """

അനിയുടെ വാക്കുകൾ കേട്ടപ്പോൾ സന്തോഷതോടെ അവൾ നിറമിഴികളോടെ അനിയുടെ നെഞ്ചിലേക്ക് ചാഞ്ഞു.....

"""മിഴിനീർതുള്ളിപെയ്തിറങ്ങിയ മിഴിയിതളുകളെ നിൻ ജീവനുകൾ എന്റേതാകുന്നു.... ഇനിയുള്ള നാളുകൾ നിന്റെ സംരക്ഷണത്തിന്റെ കാവൽ പട്ടികയിൽ എന്റെ ജീവന്റെ തണലും.......... """"

അവളെ മാറോടണച്ചു കൊണ്ടു അനി മനസ്സിൽ അവന്റെ കൃതിയുടെ അവസാന വരികൾ കുറിച്ചു......

=========== **ശുഭം** ============

(എല്ലാവരോടും ക്ഷമ ചോദിക്കുന്നു .... ഈ കഥ ഇത്രയുംഅധികം വൈകിപ്പിച്ചതിൽ .... ഞാൻ മനഃപൂർവം അല്ല എന്തോ എഴുതാൻ ഇപ്പോ സാധിക്കുന്നില്ല വരികൾ കിട്ടാതെ വരുന്നു ജീവനില്ലാത്ത പോലെ തോനുന്നു.... അങ്ങനെ കുറേ കാര്യങ്ങൾ ....

ഒരു മാസത്തിൽ കൂടുതലായി ഞാൻ ഈ കമ്പിക്കുട്ടൻ.നെറ്റ് പാർട്ട് എഴുതാൻ തുടങ്ങിയിട്ട് .... ഇടക്ക് ഇടക്ക് ഓരോ പാരഗ്രഫ് എഴുതുന്നത് കൊണ്ട് എനിക്ക് ഈ ഭാഗം വായിച്ചപ്പോൾ ഒരു ഫ്ലോ ഇല്ലാത്ത പോലെ തോന്നി..... എന്നാലും ഇതിൽ കൂടുതലൊന്നും എനിക്ക് എഴുതാൻ സാധിക്കാത്തത് കൊണ്ട് ഞാൻ ഇതു ഇവിടം നിർത്തുന്നു....പിന്നെ ഈ ഭാഗം എല്ലാവർക്കും ഇഷ്ടമാകും എന്നുള്ള ചെറിയ വിശ്വാസത്തിൽ പോസ്റ്റ് ചെയ്യാനും കൊടുക്കുന്നു....

ഇഷ്ടമായാലും ഇല്ലെങ്കിലും അഭിപ്രായം രേഖപ്പെടുത്തണം.....

ഇത്രയും നാൾ എന്നെ പ്രോത്സാഹിപ്പിച്ച എല്ലാവർക്കും .... എന്റെ സുഹൃത്തുക്കൾക്കും ... ഡോക്ടർ ക്കും ... എല്ലാവർക്കും ഒരായിരം നന്ദി അർപ്പിച്ചു കൊണ്ട് ഇനി എന്നെങ്കിലും എവിടെങ്കിലും വെച്ചു കാണാം എന്ന വിശ്വാസത്തിൽ സന്തോഷതോടെ ഞാൻ നിർത്തുന്നു ..... )

സസ്നേഹം
അഖിൽ...